**KOTTAYAM PUBLIC LIBRARY**

Call No M 900 Acc. No 81826

Author നാരായണ മേനോൻ പി.

Title റോമ ചരിത്രം.

**BOOK To READER**

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

**CALLING URGENT ATTENTION**

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1145

# റോം ജനിക്കുന്നു

KOTTAYAM PUBLIC LIBRARY
81426
KOTTAYAM.
THE KOTTAYAM PUBLIC LIBRARY
KOTTAYAM.
3246
7091

ഗ്രന്ഥകര്‍ത്താ:

പി. അപ്പുക്കുട്ടമേനോന്‍, ബി. ഏ. എല്‍. ടി.

പ്രസാധകന്മാര്‍:

പി. കെ. ബ്രദേര്‍സ്, കോഴിക്കോട്.

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

ല: മൂന്നുറപ്പിക]

First Edition: 1960
Copies: 1000
Copy right to:
Publishers

Printed at

THE NORMAN PRINTING BUREAU, CALICUT.

# ഉള്ളടക്കം


| | | ഭാഗം. |
|---|---|---|
| 1. | മരക്കുതിര | 1 |
| 2. | സ്വപ്നവും ഫലവും | 10 |
| 3. | ഏനിയാസ് ട്രോയ് വിടുന്നു | 21 |
| 4. | ക്ര്യൂസായുടെ ദുർവ്വിധി | 25 |
| 5. | ഇററലിയെക്കുറിച്ചുള്ള പ്രഥമ പ്രസ്താവം | 28 |
| 6. | ഹാർപ്പികളുടെ നാട് | 33 |
| 7. | പഴയ ബന്ധുക്കൾ | 37 |
| 8. | ബഹളത്തെത്തുടർന്നു ശാന്തി | 42 |
| 9. | ഡീഡോവിൻെറ പ്രേമം | 51 |
| 10. | ദുഷ്പ്രവാദം | 67 |
| 11. | പ്രേമനൈരാശ്യം | 73 |
| 12. | ഡീഡോ മരിക്കുന്നു | 84 |
| 13 | സ്ത്രീകളുടെ പ്രതിഷേധപ്രകടനം | 93 |
| 14. | സിബിൽ | 106 |
| 15. | പാതാളം | 113 |
| 16. | മൺമറഞ്ഞവരെക്കാണുന്നു | 119 |
| 17. | ഇററലി കണ്ടെത്തി | 132 |
| 18. | പ്രഥമ ദൌത്യം | 136 |
| 19. | ലേററിൻ കൈകേയി | 141 |
| 20. | സമരാരംഭം | 145 |
| 21. | ഏവാണ്ടർ | 152 |

| | | |
|---|---|---|
| 22. | നൌകകരം — ജലകന്യകകരം | 163 |
| 23. | ആപ്തമിത്രങ്ങരം | 169 |
| 24. | രണകോലാഹലം | 176 |
| 25. | ദേവസഭ | 180 |
| 26. | പല്ലാസ് മരിക്കുന്നു | 187 |
| 27. | ശത്രുവിൻെറ പ്രഥമ പരാജയം | 193 |
| 28. | മെസ്സെൻഷ്യസ് മരിക്കുന്നു | 195 |
| 29. | അച്ഛനും മകനും | 199 |
| 30. | സന്ധിനിർദ്ദേശം | 219 |
| 31. | സന്ധിലംഘനം | 227 |
| 32. | ടേണസ് ഹതനായി | 236 |

# മരക്കുതിര

"ഇവനിവടെ വരുവതിനുമെന്തൊരു കാരണം
ചോദിച്ചു നീ യറിഞ്ഞെന്നോടു ചൊല്ലെടോ"

ട്രോയ് നഗരത്തിൽ രാവിൻെറ കരിനിഴൽ വീണിരിക്കുന്നു; ഒരു ദശാബ്ദത്തോളം നീണ്ടുനിന്ന രണകോലാഹലത്തിനുശേഷം ഉണ്ടായ ആദ്യത്തെ പ്രശാന്തനിശീഥിനിയാണിതു്. പട്ടണത്തെ വളഞ്ഞു് അന്നേവരെ ഗതാഗതം മുടക്കി പൊരുതിയിരുന്ന യവനസൈന്യം ജയാശ കൈവെടിഞ്ഞു് നാട്ടിലേക്കു് കപ്പൽ കയറിയിരിക്കയാണു്. ഭാരമേറിയ മരക്കലങ്ങൾ സമുദ്രത്തിൽ നീങ്ങിപ്പോയ്ക്കഴിഞ്ഞിരിക്കുന്നു. യുദ്ധഗത്തിൽനിന്നും, കലാപങ്ങൾക്കിടയിലുണ്ടാവുന്ന ബന്തോവസ്തു്ബുദ്ധിമുട്ടുകളിൽ നിന്നും ട്രോജന്മാർക്കു ഒരു വിധത്തിൽ മോചനം സിദ്ധിച്ചിരിക്കയാകുന്നു. അവർ സന്തോഷകോലാഹലങ്ങളിലും ആഘോഷങ്ങളിലും ആസായാഹ്നം കഴിച്ചുകൂട്ടി; ഭിത്തികളിന്മേൽ കാവലാളികൾ നീണ്ടുനിവന്നു കിടക്കുന്നു; പ്രാകാരപ്രവേശനദ്വാരങ്ങളിലെ കാവൽക്കാരും അനായാസം

കിടക്കുകയാണ്. ചിലർ കുടിയിൽ മുഴുകിക്കഴിഞ്ഞിട്ടുണ്ട്; പക്ഷെ എല്ലാവരും ഉറക്കമാണ്.

ആ ദീർഘകാലയുദ്ധത്തിന്റെ ഏകചിഹ്നം നഗരത്തിന്റെ നടുവിൽ നിൽപുണ്ട്—ഏററവും സുരക്ഷിതമെന്നു കരുതാവുന്ന ഭാഗത്തിൽ പൈൻമരംകൊണ്ട് നിർമ്മിതമായ ഒരു കുതിരയായിരുന്നു അത്. ട്രോജൻകാർ അതിനെ രണക്ഷേത്രത്തിൽവെച്ചു കണ്ടു. യവനർ നാട്ടിലേക്കു കെട്ടുകെട്ടിയെന്നും, അവർ അദൃശ്യരായെന്നും ഉള്ള വാർത്ത നഗരത്തിലേക്കു പരന്നു; ചാരന്മാർ ഈ വർത്തമാനത്തെ ശരിവെച്ചു; അന്നേരം പൌരർ കൂട്ടം കൂട്ടമായി പടിവാതിലുകൾ കടന്നുചെന്ന് ദീർഘകാലത്തെ യുദ്ധത്താൽ രക്തസഞ്ചിതമായ പടക്കളത്തെ ഒന്നു നോക്കി; യവനപാളയത്തെ ഒന്നു നോക്കി; അവർ വിട്ടേച്ചുപോയ കടപ്പുറത്തു നടന്നുനോക്കി. അപ്പോൾ സമുദ്രക്കരയ്ക്കും, കോട്ടയ്ക്കും ഇടയിലായി കണ്ടതാണ് ഈ ഭീമാകാരം. യാതൊരു കാവലേപ്പാടുമില്ലാതെ ഇട്ടെറിഞ്ഞുപോയ ഒരു വസ്തുവായി അതവിടെ നിലകൊള്ളുന്നു. അതിനെപ്പററിയുള്ള പ്രസ്താവങ്ങൾ സ്വല്പം മുമ്പുതന്നെ ട്രോജന്മാർ കേട്ടിരുന്നു. യവനർക്കു മടക്കത്തിൽ അപകടരഹിതമായ ഒരു കടൽയാത്രയുണ്ടാവാൻ ദേവന്മാർക്കു ഉഴിഞ്ഞുവെച്ച ഒരു നേർച്ചയാണെന്നാണവർ കേട്ടതു്. ഇതാ ഇപ്പോൾ അതവരുടെ മുമ്പിൽ നില്ക്കുന്നു. കണ്ണിമക്കാതെ നോക്കിയും, സംസാരിച്ചും, വിസ്മയിച്ചും, പരിഹസിച്ചും, അതിനെ എന്തു ചെയ്യേണമെന്നു പല അഭിപ്രായങ്ങൾ പുറപ്പെടുവിച്ചും അവർ അതിന്നു ചുററും നടന്നു. ട്രോജന്മാരുടെ ജയത്തിന്നു കിട്ടിയ സമ്മാനമെന്നോണം അതിനെ നഗരത്തിലേയ്ക്കു കടത്തിക്കൊണ്ടുപോകണമെന്ന അഭിപ്രായപ്രകടനം ഉണ്ടായി. ജനങ്ങൾ ഇതിനെ ജയ

ഘോഷത്തോടുകൂടി അഭിവാദ്യം ചെയ്തു. മററു ചിലർ വിരോധിച്ചു. എത്ര നിരുപദ്രവമായി തോന്നിയാലും യവനരുടെ സമ്മാനമല്ലെ, അതെപ്പററി സംശയദൃഷ്ട്യാ വീക്ഷിച്ച്, കരുതിവേണം പെരുമാറുവാൻ. അതിനെ കടലിലെറിയുകയോ, ചുട്ടുചാമ്പലാക്കുകയോ വേണമെന്നായി അവർ. അതിനുള്ളിൽ വല്ലതും ഒളിഞ്ഞിരിപ്പുണ്ടോ എന്നറിയാൻ എല്ലാ ഭാഗത്തും കുന്തങ്ങൾ തറച്ചു കയററുകയെങ്കിലും ചെയ്തുനോക്കണം എന്നവർ അഭിപ്രായപ്രകടനം ചെയ്തു.

ഈ രീതിയിൽ അഭിപ്രായം പുറപ്പെടുവിച്ച പഴമക്കാരിൽ പ്രധാനിയായിരുന്നു ലാവൊക്കൂൺ എന്ന പുരോഹിതൻ. പട്ടണമദ്ധ്യത്തിൽവെച്ച്, അതിനെ അങ്ങോട്ടു കൊണ്ടുചെല്ലുവാൻ പൌരർ ഉദ്ദേശിക്കുന്നുണ്ടെന്നു കേട്ടവഴിയെ ഓടിച്ചെന്നു അയാൾ കരുതൽ പറഞ്ഞു: "സൂക്ഷിച്ചു പെരുമാറണം! യവനരെ വിശ്വസിക്കാൻതക്കവണ്ണം അത്ര വിഡ്ഢികളാണോ നിങ്ങൾ? സകല കുതന്ത്രങ്ങളുടേയും സൂത്രങ്ങളുടേയും സ്രഷ്ടാവായ ആ ഒഡീസ്സസ്സിനെ നിങ്ങൾ മറന്നുകഴിഞ്ഞോ? ഈ കുതിരയെസ്സംബന്ധിച്ച് എന്തോ ഒരു അപകടം ഉണ്ട്; ഒന്നുകിൽ അതിൽ ആയുധധാരികളായ പടയാളികൾ ഉണ്ടാവും; അല്ലെങ്കിൽ നമ്മുടെ കോട്ടഭിത്തി തകർക്കാനുള്ള വല്ല യന്ത്രങ്ങളുമുണ്ടാവും; അത് നഗരത്തിനുള്ളിലായിക്കഴിഞ്ഞാൽ നമ്മുടെയെല്ലാം വീടുകളെ ഒററുനോക്കുവാൻ ഒരു ഉപായമാവും—അങ്ങിനെ ഒരു സൂത്രമാണ് അത്. യവനരെ ഒരിക്കലും വിശ്വസിക്കരുത്; അവർ സകലവിധ കാഴ്ചകളും കൊണ്ടുവന്നാലും എനിക്കവരെ പേടിയാണ്."

അങ്ങിനെ സംശയം മൂത്ത് അയാൾ ഒരു ഉറപ്പേറിയ കുന്തം പിടിച്ചെടുത്ത് ഊക്കോടെ ആ ഭീമാകൃതിയിലേക്ക് ആഞ്ഞെറിഞ്ഞു. കുന്തം അതിന്റെ പാൾശ്വത്തിൽ തറച്ച് വിറച്ചു നിലകൊണ്ടു. ആ ആഘാതത്താൽ ആ ഭാഗം മുഴുവൻ വിറച്ചു. കുതിര തന്നെ ഒരു ഞെരക്കം ഉണ്ടാക്കിയപോലെ ഒരു ശബ്ദം ഉടനീളം മാറെറാലികൊണ്ടു. ആ ഒരു നിമിഷത്തേക്കു ജനക്കൂട്ടം നിന്നിമേഷരായി നിലകൊണ്ടു. ട്രോയിയുടെ ഭാഗധേയം ആ അനർഘനിമിഷത്തിൽ തൂങ്ങിനിന്നു. പക്ഷെ ലാവൊക്കൂണിന്റെ പക്ഷത്തിൽ അവരെല്ലാവരും ചേരുന്നതിന്നുമുമ്പ് മറെറാരു അദ്ഭുതസംഭവമുണ്ടായി. അവരുടെ ശ്രദ്ധയെ അതു് അങ്ങോട്ടാകർഷിച്ചു.

പൌരന്മാരാൽ പരീതനായ പ്രിയം രാജാവു് അവിടെയൊരിടത്ത് നിന്നിരുന്നു. അദ്ദേഹത്തിന്നരികിലേക്ക് കർഷകന്മാർ ഒരു യുവാവിനെ വലിച്ചിഴച്ചുകൊണ്ടുവന്നു. അവന്റെ കൈകൾ ഉടലിന്നു പിന്നിലാക്കി പിൻകെട്ടു കെട്ടിയിരുന്നു. ജനാവലിയുടെ കൂക്കിയും, വിളിയും കേട്ട് അയാൾ പതറിച്ചയോടെ നടന്നു. ബന്ധനസ്ഥനാക്കപ്പെട്ട ഒരു യവനഭടനെന്നാണ് അവർ കരുതിയതു്. പക്ഷേ മന്നവന്റെ അരികെ കൊണ്ടുവരപ്പെട്ടപ്പോൾ അയാൾ നിരാശയോടെ പ്രലപിച്ചു, "എന്നാൽ കൂക്കിവിളിച്ചോളൂ! യവനരും ട്രോജന്മാരും എന്നെ ഒരുപോലെ വെറുക്കുന്നു. അയ്യോ! ഇത്ര ഭാഗ്യംകെട്ടവനായിപ്പോയല്ലോ ഞാൻ! "അപ്രതീക്ഷിതമായ ഈ പ്രലപനം ആ കൂക്കിവിളിക്ക് ഒരു വിരാമമിട്ടു. പ്രിയം ഉത്തരവിട്ടതിനാൽ അയാൾ പറഞ്ഞു: "ഞാൻ തീർച്ചയായും ഒരു യവനൻതന്നെ. എന്റെ പേർ സിനോൺ എന്നാണ്. കുലീനകുടുംബങ്ങളിലൊന്നാണ് എന്റേതും: പടത്തലവന്മാ

രിൽ പ്രധാനിയായിരുന്നു ഞാനും. എന്നാൽ ഓഡിസ്സസ്സ് എൻെറ ചാർച്ചക്കാരേയും എന്നേയും വെറുത്തു. അയാളുടെ ദുഷ്പ്രവാദങ്ങൾ ഞങ്ങളെ നശിപ്പിച്ചു. ഞാൻ ഗൂഢാലോചന ചെയ്തു എന്ന കുററം എന്നിൽ ചുമത്തി; അതിന്നായി അയാൾ വളരെക്കാലം ശ്രമിച്ചിരുന്നു. പക്ഷെ അതെല്ലാം എന്തിന്നു പറയണം? നിങ്ങൾ യവനരെയെല്ലാം ഒരുപോലെയാണോ കരുതുന്നത്? വെറും നാമം മാത്രം മതിയോ നിങ്ങൾക്കു വെറുക്കാൻ! എന്നാൽ നിങ്ങൾ എന്നിൽ യഥേഷ്ടം പ്രതികാരം ചെയ്തോളൂ. ഒഡീസ്സസ്സിൻേറയും അഭീഷ്ടം അതായിരുന്നു. അഗമെമ്നോണും ഞാൻ നശിച്ചുകാണാൻ കൊതിച്ചിരുന്നു.''

അത്ഭുതസ്തബ്ധരായ ജനങ്ങൾ അവനോട് കഥ തുടന്നുപറയുവാൻ ആവശ്യപ്പെട്ടു. "എന്തിനാണ് അയാളും യവനമഹാരഥന്മാരും തമ്മിൽ ഇങ്ങനെ പിണങ്ങിയത്''? വിറച്ചുംകൊണ്ടയാൾ അനുസരിച്ചു—അത്ര അധികം നിരാശയുണ്ടായിരുന്നിരിക്കാം അവന്ന്!

''ഞങ്ങളെല്ലാവരും പോകാൻ തെയ്യാറായി. ഈ കുതിരയെ പണിതീർത്തു. കപ്പൽ കയറുവാൻ അനുകൂലമാരുതൻെറ ആഗമനം മാത്രമേ ആവശ്യമായിരുന്നുള്ളൂ. അപ്പോഴേക്കും കടൽ ഉഗ്രമായി ഇരമ്പി. അതിന്മുകളിൽ ഉഗ്രമായ കൊടുങ്കാററടിക്കയായി. അപ്പോളവർ അപ്പോളോവിൻെറ കോമരത്തോട് അരുളപ്പാട് ചോദിച്ചു. ആശാവഹമായ മറുപടിയല്ല കിട്ടിയത്. "അല്ലയോ യവനരെ! ഒരു യവനൻെറ ജീവൻ ഇപ്പോൾ ആഹുതി ചെയ്യണം. മരുത്തുക്കളുടെ കോപശമനത്തിന്നു അവൻെറ രക്തംവേണം.'' ഈ ഭയങ്കരാജ്ഞയാലുള്ള ഭീതി ഞങ്ങളുടെ എല്ലുകളിലേക്കു തുളച്ചുകടന്നു. യവനരുടെ രക്ഷക്കായി

ആർ ആത്മത്യാഗം ചെയ്യും? ഒഡീസസ്സ് കാൽക്കസ്സ് എന്ന പുരോഹിതനെ സേനാമദ്ധ്യത്തിലേക്കു കൊണ്ടുപോന്നു. അവർ അയാളോട്ട് അഭിപ്രായം ചോദിച്ചു. ആരാണ് നരബലിയാവേണ്ടത്? അയാൾ പത്തുദിവസം ഒളിവിൽ കഴിച്ചുകൂട്ടി. അപ്പോൾതന്നെ പലരും എന്നോടു കരുതൽ പറഞ്ഞിരുന്നു. ഒടുവിൽ പടയാളികളെല്ലാം രോഷപൂർവ്വം കലശൽ കൂട്ടിയപ്പോൾ അയാൾ സംസാരിക്കാൻ നിർബ്ബന്ധിതനായി–അപ്പോൾഅയാൾ–മുമ്പെതന്നെ ഒഡീസസ്സുമായി ഒത്തുപറഞ്ഞതുപ്രകാരം—നരബലിക്കു എൻെറ പേർ പറഞ്ഞു. എന്നെ അവർ പിടിച്ചുകെട്ടി. അപ്പവും, അടയും, ഗുരുതിയും തെയ്യാറാക്കി പൂജയ്ക്കുള്ള വട്ടങ്ങൾ മുഴമിച്ചു. എനിക്കു മരിക്കാനുള്ള ദിവസത്തിൻെറ തലേന്ന് രാത്രി ഞാൻ എന്നെ കെട്ടിയ കയറുകൾ .അറുത്ത് ഓടുകയും, കായലോരത്തുള്ള ഒരു ചളിക്കുണ്ടിലിരുന്ന് യവനർ പോകുന്നതുവരെ ഒളിച്ചു കഴിച്ചു കൂട്ടുകയും ചെയ്തു. എനിക്കിനി എൻെറ രാജ്യത്തു പോവാനുള്ള മനക്കരുത്ത് ഇല്ല. എൻെറ മാതാപിതാക്കന്മാരേയും സന്താനങ്ങളേയും കാണാനുള്ള ഭാഗ്യവും ഇല്ല. അവർ ജീവിച്ചിരുപ്പുണ്ടാകയില്ല, കാരണം ഈ പാപികൾ നാട്ടിലെത്തിയ വഴിയെ അവരെ കൊലചെയ്തു കളഞ്ഞിരിക്കും! എൻെറ ഒളിച്ചോട്ടത്തിനുള്ള ശിക്ഷ അവർ അനുഭവിക്കും! എന്നിൽ ദയ ഉണ്ടാകണേ! ഈശ്വരനെ വിചാരിച്ച്; ലോകത്തിലെങ്ങും ആണിവേരായി നില്ക്കുന്ന സത്യത്തേയും വിശ്വാസ്യതയേയും ആദരിച്ച്, എന്നിൽ, ഏററവും ദുരിതമനുഭവിക്കുന്ന എന്നിൽ, ദയവുണ്ടാകണെ!”

രാജാവു് ആജ്ഞാപിച്ചു: “അവനെ മോചിപ്പിക്കുക”. അദ്ദേഹം സിനോണോട്ട് പറഞ്ഞു. “യവനരെ മറ

ന്നേക്ക! ഇപ്പോറം നിങ്ങറം ഞങ്ങളുടെയാണ്. മനസ്സമാധാനത്തോടെയിരിക്ക. എന്നാൽ ആദ്യമായി ഒരു കാര്യം പറയൂ. ഈ ഭീമാകാരം എന്താണ്? ആരാണിതിനെ നിമ്മിച്ചതു്? ഇതൊരു നേച്ച്വസ്തുവാണോ? അതോ യുദ്ധത്തിനുള്ള യന്ത്രമോ? നിങ്ങറംക്കിതിനെപ്പററി വല്ലതും അറിയുമോ? അറിയുമെങ്കിൽ എന്താണതെന്നു പറയൂ.''

ബന്ധനിവിമുക്തമായ ഹസ്തങ്ങളെ അംബരത്തേക്കുയത്തിക്കൊണ്ടു സിനോൺ പറഞ്ഞു: ''കമ്മസാക്ഷികളായ നക്ഷത്രങ്ങളെ! ഞാൻ യാതൊരു യാഗത്തിൽനിന്നു രക്ഷ പ്രാപിക്കാൻ മുതിന്നുവോ, ആ യാഗത്തിലെ ബലിപീഠമേ! അസിലതകളെ! പൂജാപുഷ്പഹാരങ്ങളെ! ഞാൻ യവനരോടു ചെയ്ത പ്രതിജ്ഞ ലംഘിക്കുന്നതിനും സ്വകാര്യങ്ങറം ഇവക്കു പറഞ്ഞുകൊടുക്കുന്നതിനും എനിക്കു സ്വാതന്ത്ര്യം ഉണ്ടെന്നതിന്നു സാക്ഷ്യം വഹിക്കുവിൻ! ഇതു് അഥേനദേവിക്കുള്ള ഒരു നേച്ച്വസ്തുവാണ്. നിങ്ങളുടെ ക്ഷേത്രത്തിൽനിന്നു ആ ദേവിയുടെ പ്രതിമ മോഷ്ടിച്ചുവെന്നും, അതിനാൽ അന്നേവരെ അവരുടെ പക്ഷപാതിയായ ദേവിയെ ദ്വേഷ്യപ്പെടുത്തിയെന്നും നിങ്ങറംക്കു ഓമ്മയുണ്ടല്ലോ—ഈ കുറ്റംകയ്യിന്നു പ്രതിവിധി ചെയ്യുന്നതിന്നു മുമ്പു് അവരെല്ലാം രാജ്യത്തിലേക്കു തിരിച്ചു ചെല്ലണമെന്നു് കാൽക്കസ്സ് പ്രവചിച്ചിരുന്നു; അവിടെച്ചെന്നതിന്നു ശേഷം നവംനവങ്ങളായ യുദ്ധസാമഗ്രികളോടുകൂടി, അവർ തിരിച്ചുവരും. അതുവരെ ഈ പ്രതിമ, രോഷാകുലയായ ദേവിക്കുള്ള നേച്ച്യാണ്. ഒരു നേച്ച്യിലും ഉപരിയായ വസ്തുവാണതു്. ഇത്ര വലുതാക്കി ഉണ്ടാക്കിയതെന്തുകൊണ്ടെന്നോ? നിങ്ങറം കണ്ടുപിടിച്ചു് പട്ടണത്തിന്നുള്ളിൽ കൊണ്ടുപോയി പഴയ പൂജാവിധികറം ചെയ്യാതിരിക്കാനാണ്. നിങ്ങളാ

രെങ്കിലും ഇതിനെ ഉപദ്രവിച്ചുവോ? നിങ്ങളും നിങ്ങളുടെ പട്ടണവും നശിച്ചു വെണ്ണീറാവും. എന്നാൽ ഇതിനെ പട്ടണത്തിന്നകത്തെത്തിച്ചാൽ, ഏഷ്യയുടെ സായുധശക്തി മുഴുവനും യവനക്കെതിരാവുകയും അവരും അവരുടെ സന്താനപരമ്പരകളും എന്നന്നേക്കമായി നശിച്ചുടങ്ങുകയും ചെയ്യും.''

ഇതു കേട്ടിരുന്ന ട്രോജന്മാർ ഇതിലെ സത്യം പാതി കണ്ടു വിശ്വസിച്ചു. എന്നാൽ പെട്ടെന്ന് മഹത്തായതും, വികാരതരളിതമാക്കുന്നതുമായ ഒരു ശകുനം പ്രത്യക്ഷമായി. ലാവൊക്കൂൺ കഠിനമായ പ്രതിഷേധം പ്രകടിപ്പിച്ചതിനുശേഷം നിത്യേനയുള്ള പുരോഹിതവൃത്തി തുടരുവാൻ പോയിരുന്നു. സമുദ്രദേവതയായ നെപ്ട്യൂണിന്റെ പ്രതിഷ്ഠയുള്ള ഒരു ക്ഷേത്രം നഗരത്തിന്നു പുറമേ, സമുദ്രത്തിന്നരികിലായി സ്ഥിതിചെയ്തിരുന്നു. അയാൾ അവിടെ തന്റെ രണ്ടു പുത്രന്മാരൊന്നിച്ചു എന്തോ പ്രവൃത്തിയെടുക്കുകയായിരുന്നു. സിനോൺ പറയുന്ന വാക്കുകൾ പ്രയമും പൌരന്മാരും കേട്ടുകൊണ്ടിരിക്കെ സമുദ്രത്തിൽ ദൂരെനിന്നു രണ്ടു വലിയ ജന്തുക്കൾ കരയ്ക്കുവരുന്നതായി കണ്ടു. അവ രണ്ടു വലിയ കടൽപ്പാമ്പുകളാണെന്നു അനുഭവപ്പെട്ടു. കാളിയനേയും വെല്ലുന്ന കടുംക്രൂരതയുള്ള അവ അനവധി ചുററുകളായി വളഞ്ഞുപുളഞ്ഞു നീന്തിവന്നു. അവ ശോണിതശോണങ്ങളായ സ്കന്ധരോമങ്ങൾ പൊക്കി ചീററിക്കൊണ്ടടുത്തു: അവയുടെ കോപകഷായിതമായ നേത്രങ്ങളിൽനിന്നു തീജ്ജ്വാല വമിച്ചു. ജനങ്ങൾ ചിന്നിച്ചിതറി പലായനം ചെയ്തു. എന്നാൽ പാമ്പുകൾ അവരെ വില വെച്ചില്ല. അവ മണൽപ്പുറപ്പിലൂടെ ഇഴഞ്ഞുചെന്ന് ലാവൊക്കൂൺ ഉള്ള സ്ഥലമെത്തി. അദ്ദേഹത്തേയും, പുത്രന്മാരേയും ചുരുളുകളിൽ

കുടുക്കി വിഴുങ്ങി. ഈ ദാരുണമായ മാരണക്രിയ നടന്ന ശേഷം അവ നഗരത്തിലേക്കു പോകുന്നത് ഭയാക്രാന്തരായ ജനാവലി നോക്കിനിന്നു. അവ അതിന്നകത്തു പ്രവേശിച്ച് അഥേന ദേവിയുടെ ക്ഷേത്രത്തിലേക്കു തിരിച്ചു. ആ ദേവിയുടെ വിഗ്രഹത്തിന്നടിയിൽ അടങ്ങിക്കിടക്കയും ചെയ്തു. ഈ കാഴ്ച പൌരാവലിയുടെ സംശയത്തെ പാടെ വിപാടനം ചെയ്തു. അവർ പരസ്പരം പറഞ്ഞു: "ലാവൊക്കൂൺ കുന്തംകൊണ്ടെറിഞ്ഞതിനാൽ പാപം ചെയ്തിരിക്കുന്നു. ഈ സാഹസകൃത്യത്തിന്നു അയാൾക്കു തക്കതായ പ്രതിഫലം കിട്ടി. നാം വിവേകമുള്ളവരാകുക; നമുക്കതിനെ പ്രാൎത്ഥനയോടും കീൎത്തനങ്ങളോടും കൂടി നഗരത്തിന്നുള്ളിലേ ക്ഷേത്രത്തിലേക്കു കൊണ്ടുചെല്ലുക."

അവർ അങ്ങിനെ ചെയ്തു. പ്രവേശനദ്വാരത്തിലൂടെ കടക്കാത്തതിനാൽ അവർ എല്ലാവരും കൂടി വളരെ പാടുപെട്ടു യന്ത്രങ്ങൾ കൊണ്ടും മറവും പ്രാകാരഭിത്തിയുടെ മുകളിലൂടെ പട്ടണത്തിന്നുള്ളിലാക്കി. അതിനെ നഗരത്തിൻെറ മൎമ്മസ്ഥാനത്താക്കി. പക്ഷെ അങ്ങിനെ ചെയ്യുമ്പോൾ, കൂടെ പോയവരിൽ ഒരാൾ കുതിരയുടെ അകത്തുനിന്ന് കവചങ്ങളുടെ അസ്പഷ്ടമായ കിലുക്കങ്ങൾ നാലു തവണ കേട്ടുവത്രെ.

# സ്വപ്നവും ഫലവും

ശബ്ദം കേട്ടുവെന്നു ഓർമ്മവെച്ചത് ഏനിയാസായിരുന്നു. അയാളും തൻെറ അച്ഛനായ അൻകിസെസ് വഴിക്കു ട്രോയിലെ രാജകുടുംബത്തോടു ബന്ധപ്പെട്ടവനാണ്. അയാളുടെ അമ്മയോ, അഫ്രോഡൈറ്റ് ദേവതയും! ഇങ്ങിനെ മഹൽ പാരമ്പര്യമുള്ള ആ വീരൻ ട്രോജൻ പടയുടെ നട്ടെല്ലും, ട്രോജൻ നേതാക്കന്മാരിൽ ഒരു പ്രമുഖനും ആയിരുന്നു. ഇന്നേവരെ നഗരത്തിന്ന് വീനസ്സിൻെറ അനുഗ്രഹം കിട്ടിയിരുന്നു. വീനസ്സാണ് ഒരു തരത്തിൽ യുദ്ധത്തിന്നു കാരണമെന്നുതന്നെ പറയാം. പുരാതനകാലത്തു രോഷകലഹങ്ങളുടെ ദേവതയായ ആററി, ഈശ്വരന്മാരുടെ മണിമാളികയിൽ ഒരു കനകഫലം എറിഞ്ഞുവത്രെ. അതിന്മേൽ ഏററവും സുന്ദരിയായ ദേവതക്കേടുക്കാം എന്ന വാക്യങ്ങളങ്കിതമായിരുന്നു. ജൂ എന്ന ദേവൻെറ പത്നിയും, സ്വർഗ്ഗറാണിയുമായ ജൂണോവും, ജ്ഞാനദേവതയായ അഥേനയും, പ്രേമസൌന്ദര്യങ്ങളുടെ അ

ധിദേവതയായ വീനസ്സും താന്താങ്ങൾക്കാണ് ആ കനകഫലത്തിന്നധികാരം എന്ന അവകാശവാദം മുഴക്കി. അവക്ക് ഒരു തീപ്പിലെത്താൻ കഴിയാഞ്ഞപ്പോൾ അവർ പ്രിയമിൻെറ ഇളയ പുത്രനായ പാരീസിനെ സമീപിച്ച് വിധി കല്പിക്കാൻ ആവശ്യപ്പെട്ടു. ഓരോ ദേവതയും പാരീസിനോട്ട് ഓരോ തരം സമ്മാനം നല്കാമെന്നു വാഗ്ദത്തം ചെയ്തു. വീനസിൻെറ വാഗ്ദത്തം, താൻ പാരീസിന്ന് ലോകത്തിൽ ഏററവും അധികം സൌന്ദര്യമുള്ള യുവതിയെ വിവാഹം ചെയ്തു കൊടുപ്പിക്കാമെന്നായിരുന്നു. അതിന്നു ശേഷം വീനസ്* പാരീസിന്നു സൌന്ദര്യധാമമായ ഹെലനെ കൊണ്ടുകൊടുത്തു. ഈ സൌന്ദര്യധാമം, യവനരാജാവായ അഗമെമ്നോണിൻെറ സഹോദരനായ മീനിലോസ് മന്നൻെറ രാജ്ഞിയായിരുന്നു. അവൾ ഭത്താവിൻെറ രാജധാനിയിൽ നിന്ന് ദുശ്ശകുനവും കണ്ട് പുറത്തിറങ്ങിയ ശേഷമാണ് യുദ്ധം തുടങ്ങിയത്. പത്തു വഷത്തോളം വീനസ് ട്രോയ് നഗരത്തെ കാത്തു. പക്ഷെ പിന്നീട് ആ ദേവതയ്ക്ക് അതിന്നു സാദ്ധ്യമായില്ല. കാരണം, അവളേക്കാൾ ശക്തിയേറിയ ജൂപിററർ ദേവത ട്രോയ നഗരത്തിന്നു അന്ത്യം വരുമെന്നു പ്രവചിച്ചിരുന്നു. അതിനാൽ വീനസ് കീഴടങ്ങിയെങ്കിലും അവൾ തന്നാലാവുന്ന സഹായം ചെയ്തു. അവൾ തൻെറ മകനായ ഏനിയാസിനെ കാത്തു രക്ഷിക്കയും, അയാൾ മൂലം ഒരു വലിയ സാമ്രാജ്യം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുകയുംചെയ്തു. അതുമൂലം ട്രോയുടെ മഹിമ അനശ്വരമായിത്തീരുമല്ലോ—ആ സാമ്രാജ്യം സ്ഥാപിക്കുവാനുള്ള അടിത്തറ എവിടേയോ വിട്ടുരെ സ്ഥിതി ചെയ്യുന്നു. അതിന്നുള്ള സമയം ഇ

* വീനസ്—അഫ്രോഡൈററ് ഇവർ രണ്ടും ഒന്നാണ്.

നിയും ആയിട്ടില്ല! എന്നാലും അതു നിശ്ചയമായും സംഭവിക്കുവാൻ പോകുന്ന ഒന്നാണ്.

നഗരമദ്ധ്യത്തിൽ ക്ഷേത്രവും പ്രയമിന്റെ മണിമാളികയും സ്ഥിതിചെയ്യുന്നിടത്തുനിന്ന് സ്വല്പം അകലെയാണ് ഏനിയാസ് രാജകുമാരന്റെ മാളിക. അവിടെ അൻകിസെസ് എന്ന അച്ഛനും, ക്രൂസാ എന്നു പേരായ പത്നിയും, അസ്കാനിയെസ് എന്നു നാമമുള്ള പുത്രനും ഉണ്ടായിരുന്നു. അതു് ഉന്നത വൃക്ഷങ്ങളുടെ മദ്ധ്യത്തിലാണ്. നഗരത്തിൽ കുതിരയെ പ്രതിഷ്ഠിച്ച ആ രാത്രി, ട്രോയ് കടൽത്തീരത്തിൽ ശത്രുക്കളുടെ ബാധയൊഴിഞ്ഞിരുന്നആ രാത്രി, ആ മാളികയിലെല്ലാവരും ഗാഢനിദ്രയിലാണ്ടിരുന്നു. ഏനിയാസ് നിദ്രാധീനനായി സ്വപ്നം കാണുകയാണ്. അയാൾ പ്രയമിന്റെ വീരപുത്രനായ ഹെക്ടറെ സ്വപ്നത്തിൽ ദർശിച്ചു. എന്നാൽ രണോചിതമായ വേഷത്തിലല്ല അയാൾ കാണപ്പെട്ടതു്. യവന മഹാരഥനായ അക്കില്ലെസ്സ് അയാളെ വധിച്ച് തന്റെ രഥത്തിനു പിന്നിൽ കെട്ടി വലിച്ചിരുന്ന ആ സമയത്ത് കണ്ടതുപോലെ; കാലുകൾ തുളഞ്ഞു, വീർത്തിട്ടുണ്ട്—ദേഹം പാംസുപങ്കിലവും നിണമയവും ആയിരിക്കുന്നു. കേശമീശകൾ രക്തത്താൽ കട്ടപിടിച്ചിട്ടുണ്ട്. ഭയചകിതനായ ഏനിയാസ് കരഞ്ഞുപറഞ്ഞു: "ഞങ്ങളുടെ സന്തോഷാഭിമാനങ്ങളുടെ മൂർത്തിയായ ആഹോ ഹെക്ടർ! എവിടുന്നാണ്, താങ്കളുടെ ആഗമനം? കാണാൻ കൊതിച്ച്, ഇത്ര കഴിഞ്ഞതിന്നുശേഷം ഇങ്ങിനെ അലങ്കോലത്തിലോ ദർശനം!!" പ്രേതം തേങ്ങുന്ന മാതിരി തോന്നി. ആ തേങ്ങലുകൾക്കിടയിൽ ഹെക്ടറുടെ സ്വരം കേൾക്കായി. "ദേവപുത്ര! ഓടി രക്ഷപ്രാപിക്കുക! വരാൻ പോകുന്ന കൊടുംതീയിൽനിന്ന് രക്ഷയ്ക്കായി പാലായനം

ചെയ്തു. ശത്രുക്കൾ കോട്ടയുടെ ഭിത്തികൾ കൈവശപ്പെടുത്തിയിരിക്കുന്നു. ട്രോയ് നശിക്കാറായിരിക്കുന്നു. കടമയെ ആലോചിച്ചും മാനത്തിന്നു വേണ്ടിയും നീ ആവുന്നത്ര ചെയ്തുകഴിഞ്ഞു. എന്റെ പിതാവിന്റെ പുരിയെ രക്ഷിക്കാൻ സാദ്ധ്യമായിരുന്നെങ്കിൽ ഞാൻ തന്നെ അതു ചെയ്തേനെ! ഇപ്പോൾ നീ അച്ഛനേയും, ഗൃഹദേവതകളുടെ വിഗ്രഹങ്ങളേയുംകൊണ്ടു് ദൂരെ ചെന്നു് ഇതിനെക്കാൾ മഹത്തായ ഒരു നഗരം സ്ഥാപിച്ചാലും." പ്രേതത്തിന്റെ കൈകളിൽ ട്രോയിലെ ഏററവും പുണ്യമായ ക്ഷേത്രത്തിലെ ഗർഭഗൃഹത്തിലെ വെസ്റ്റാ ദേവിയുടെ—ഈ ദേവതയാണ് ഗൃഹങ്ങളുടെ അധീശ ദേവത—പുണ്യവിഗ്രഹവും, അവിടെ രാവുപകൽ ജ്വലിച്ചിരുന്ന അഗ്നിയും ഉണ്ടായിരുന്നു.

ആ നിമിഷത്തിൽ, ആ ശബ്ദമാണ് ആ സ്വപ്നത്തിന്നു കാരണമെന്നോണം ആ മുറിയുടെ പുറത്ത് ദൂരെനിന്നു നടക്കുന്ന യുദ്ധത്തിന്റെ കോലാഹലം കേൾക്കുമാറായി—ആയുധങ്ങളുടെ ഝനഝന നിനദവും, ആർപ്പുവിളികളും ആർത്തനാദങ്ങളും എല്ലാം. ഏനിയാസ് ഉണർന്നു, അതു വാസ്തവമാണെന്നറിഞ്ഞു. അദ്ദേഹം ചാടിയെഴുന്നേററു് മാളികയുടെ വെൺമാടത്തിൽ കയറിനോക്കി. ട്രോജന്മാർ സുഷുപ്തിയിൽ വിലീനരായിരിക്കെ യുദ്ധം പുരിയുടെയുള്ളിലും പുറത്തും ഒരുപോലെ പൊട്ടിപ്പുറപ്പെട്ടിരുന്നു. യവനരുടെ നായകനായ അഗമെമ്നോന്റെ കപ്പലിന്റെ പുരോഭാഗത്തുറപ്പിച്ച വിളക്കിന്റെ വെളിച്ചവും അതിന്റെ കരയണയലും ആരും അത്ര കണ്ടിരുന്നില്ല. സിനോൺ ഇരുട്ടു പടർന്നു പിടിച്ച ആ രാത്രിയിൽ ഗൂഢമായി പുറത്തിറങ്ങി. മരക്കുതിരയുടെ ഗൂഢമായ പൂട്ടുകളെ തുറക്കുന്നതും ആരുമവനെ കണ്ടില്ല. പൊള്ളയായ കുതിരയുടെ ഉടലിൽ

നിന്നു് യോദ്ധാക്കരം ഒരു കയർ താഴത്തേക്കു ഇഴച്ചിട്ടു കയും അവയിലൂടെ വഴുതിയിറങ്ങുകയും ചെയ്തു. ആദ്യം തന്ത്രപടുവായ ഒഡീസസ്സ്, പിന്നെ പ്രതിക്രിയേച്ഛുവായ മിനീലോസ്, വഴിയെ ആ യന്ത്രക്കുതിരയെ നിർമ്മിച്ച എപ്പിയസ്—ഇങ്ങിനെ ഒരാറംകു പിന്നിൽ ഒരാളായി കുറേ രണവീരന്മാർ! അവർ കോട്ടവാതിലുകളിലേക്കു് കുതിച്ചോടി; നിദ്രയിൽനിന്നു കുഷ്ടിച്ചുണന്ന കാവലാളികരം അവരുടെ അസിലതക്കിരയായി. പടിവാതിലുകരം തുറക്കപ്പെട്ടു. പുറമെനിന്നു യവനരുടെ മഹാസേന അണവാതിലൂടെയുള്ള ജലപ്രപാതംപോലെ ഉള്ളിലേക്കു പ്രവഹിച്ചു. ഭയങ്കരമായ കൂട്ടക്കൊലയാരംഭിച്ചു. ശത്രു വീട്ടുതോറും കയറിച്ചെന്നു; വാതിൽ വെട്ടിത്തുറന്നു് അകത്തു കടന്നു. അഹോ! പിന്നെയെന്താണ്? നാശം—കൊല—തീവെയ്പ്പൽ—കൊള്ള ഇവതന്നെ. പട്ടണത്തിലൂടെ ഭയാഗ്നിമരണങ്ങളുടെ കോലാഹലപ്രവാഹം കുതിച്ചൊഴുകി. ആർപ്പുവിളിയും, ആയുധാഘാതബഹളവും മാറെറാലിക്കൊണ്ടു.

ഈ കൊലപാതകചണ്ഡമാരുതനാണ് ഏനിയാസിനെ ഉണർത്തിയതു്. അയാളുടെ വെണ്മാടത്തിന്റെ മുകളിൽനിന്നു് അയാരം മററു വീടുകരം ഒന്നൊന്നായി അഗ്നിക്കിരയാവുന്നതു കണ്ടു. പെട്ടെന്നു യുദ്ധത്തിന്നു പുറപ്പെടാനാണ് അയാരംക്കു് തോന്നിയതു്. ഒരു നിമിഷത്തിൽ അയാരം കവചമണിഞ്ഞു. ആ വേഷത്തിൽ ഓടിച്ചെന്നപ്പോരം അപ്പോളോ ദേവതയുടെ ഒരു പൂജാരിയെക്കണ്ടു. അവനിൽനിന്നു് പട്ടണത്തിലാകമാനം പടന്നു പിടിച്ച കൊള്ളയുടേയും, കൊലയുടേയും ഭയങ്കരവാർത്തയറിഞ്ഞു. കോപം, നിരാശ ഇവകൊണ്ടു് വീർപ്പുമുട്ടി അയാരം ഓടി: നിലാവു വീശിയിരുന്ന ഒരു സ്ഥല

ത്തു് തൻെറ സുഹൃത്തുക്കാം നില്ക്കുന്നതു കണ്ടു് സ്വല്പം നിന്നു. അവരേയും യുദ്ധത്തിന്നു വിളിച്ചു. നിരാശയ്ക്കു ഒരു ഗുണമുണ്ടെന്നും, അതു ആശയെ ഇല്ലായ്മ ചെയ്യുന്നു വെന്നും പറഞ്ഞു. അവർ ഈ രണാഹ്വാനം ചെവിക്കൊണ്ടു് ആവേശംകൊണ്ടു് ഉന്മത്തരായി യുദ്ധത്തിന്നു കൊതിച്ചു കുതിച്ചോടി.

ആദ്യഘട്ടത്തിൽ ഈ ചെറുസംഘത്തിന്നു നല്ല വിജയമുണ്ടായി. അവർ ആർപ്പു വിളിച്ചു തിമർത്തിരുന്ന ഒരു ചെറു യവനസംഘത്തെ ഹ്യതിത്തു തോല്പിച്ചു. അതിലൊരാം അഭിപ്രായപ്പെട്ടതനുസരിച്ചു് അവർ മൃതരായ യവനരുടെ പോർചട്ടയണിഞ്ഞു, ഇങ്ങിനെ വേഷപ്ഛന്നരായി ചുററും സഞ്ചരിച്ചു് അവരുടെ മാരകക്രിയ നടത്തി. പക്ഷേ ക്ഷണത്തിൽ ഈ സൂത്രത്തിന്നൊരു തിരിച്ചടിയുണ്ടായി—എന്തെന്നാൽ അവർ ഒരു വലിയ ക്ഷേത്രത്തിൻെറ മുററത്തു യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോാം, അവരെ മുകളിലുള്ള ട്രോജന്മാർ കണ്ടു. അപ്പോാം അവർ അവരുടെ നേരെ ഈട്ടിയും കുന്തവും എറിഞ്ഞു തുടങ്ങി. യവനരാകട്ടെ, തങ്ങളുടെ വേഷത്തിലുള്ളവർ വിദേശീയ ഭാഷയും ഉച്ചാരണവും ഉപയോഗിക്കുന്നതു കണ്ടു്, സൂത്രമാണെന്നു ധരിച്ചു് തിരിഞ്ഞുനിന്നു് അവരോടു പടവെട്ടി. ഇങ്ങിനെയുള്ള തികഞ്ഞ അരാജകത്വം നീങ്ങി നീങ്ങി പ്രിയമിൻെറ മണിമാളിക വരെയെത്തി. അതിനെ ശത്രുക്കാം നാലുപാടുനിന്നും വളഞ്ഞിരുന്നു. ഏനിയാസും, തൻെറ ചെറുസംഘവും ഒരു സൂത്രവാതിലിലൂടെ ഉള്ളിലേക്കു കടക്കുകയും, യുദ്ധത്തെ ചെറുക്കുന്നവരുടെ സംഘത്തിൽ ചേരുകയും ചെയ്തു.

പക്ഷേ അവരുടെ സഹായം നിഷ്ഫലമായി—യവനർ തേനീച്ചക്കൂട്ടത്തെപ്പോലെ പടിവാതില്ക്കൽ തിങ്ങി

ക്കൂടി. മരിച്ചു വീണവക്കു പകരം പുതിയവർ വന്നുനിന്നു. അവരിൽ പ്രധാനി അക്കില്ലെസ്സിൻെറ പുത്രനായ പിറസ് ആയിരുന്നു. രാത്രിയിലെ ചൂട്ടിൻെറ വെട്ടത്തിൽ, കവചിതഗാത്രനായ അയാൾ വസന്തകാലാരംഭത്തിലാഗതനാകുന്ന ക്രൂരസപ്പംപോലെ മിന്നിത്തിളങ്ങി. ഒടുവിൽ അയാൾക്ക് ആ വാതായനങ്ങൾ വെട്ടിപ്പൊളിക്കുവാൻ സാധിച്ചു. ഇപ്പോൾ എല്ലാ മുറികളിലേക്കും, മണിയറകളിലേക്കും, അന്തഃപുരത്തേക്കുമുള്ള മാഗ്ഗം സുഗമമായി. അകത്തുള്ളവർ, സായുധശത്രു തങ്ങളെ ഭീഷണിപ്പെടുത്തുന്നതു നേരിട്ടു കാണാൻ തുടങ്ങി. മണിമാളിക ആളിക്കത്താൻ തുടങ്ങി. അഗ്നിജ്വാലാവലേപനമേല്ക്കാത്ത സ്ഥലങ്ങളിൽ യവനർ കാട്ടുചെന്നായ്ക്കളെ മാതിരി ആക്രമിക്കുകയും ചെയ്തു. പടുകിഴവനായ പ്രിയം പോലും വിറയ്ക്കുന്ന പാണികളാൽ കവചമണിയുകയും, ശത്രുക്കളുടെ നേരെ വിശേഷഫലമില്ലാതെ ഖഡ്ഗപ്രയോഗം നടത്തുകയും ചെയ്തു. അദ്ദേഹത്തിൻെറ പത്നിയായ ഹെക്യൂബയും കുമാരിമാരും മാളികയുടെ നടുമുററത്തു പോയി—അവിടെ ഗൃഹദേവതമാരുടെ ബലിപീഠത്തിന്നരികെ വളന്നിരുന്ന ഒരു വൃക്ഷത്തിന്നടിയിൽ ശരണം പ്രാപിച്ചു. പ്രിയം കവചമണയുന്നതു കണ്ട ഹെക്യൂബ അയാളുടെ അരികിലേക്കോടി ഇങ്ങിനെ പറഞ്ഞു: "എന്താണ് നിങ്ങളുടെ ഉദ്ദേശ്യം! ഈ അവസരത്തിന്നൊത്തതാണോ നിങ്ങളെപ്പോലെയുള്ളവരുടെ അണിഞ്ഞൊരുങ്ങലും ചെറുക്കലും! എൻെറ പുത്രൻ ഹെക്ടർ ജീവിച്ചിരിപ്പുണ്ടെങ്കിൽ തന്നെ, അവന്നു കൂടി എന്തു ചെയ്യുവാൻ കഴിയും? എൻെറ കൂടെ വരൂ! ബലിപീഠത്തെയോത്തു് അവർ നമ്മെ ഒരുപക്ഷെ വിട്ടേച്ചുവെന്നു വരാം! അല്ലെങ്കിൽ നാം ഒന്നിച്ചു മരിക്കുക." രാജാവ് ഈ പ്രേരണയ്ക്കു ഏതാണ്ട് വശംവദ

KOTTAYAM PUBLIC LIBRARY KOTTAYAM.

നായി. അപ്പോഴെക്കു വരാന്തയിലൂടെ തൻെറ മുറിയേററ പുത്രൻ പൊളിററിസ് ഓടിവരുന്നതു കണ്ടു. പിന്നാലെ പിറസ്സും ഉണ്ട്. ആ മുററത്ത് പിതാവിൻെറ മുമ്പിൽ അയാറം വീണു, അവിടെ മരിച്ചു. ഭയങ്കരമായ ഈ അപകടം മുന്നിൽ തെളിഞ്ഞു കണ്ടിട്ടും പ്രിയമിന്ന് തൻെറ കോപത്തെ അടക്കാൻ കഴിഞ്ഞില്ല. അയാറം പിറസ്സിനോട്ട് വിളിച്ചു പറഞ്ഞു: "അവിടെ ദേവലോകത്തിൽ വല്ല ന്യായദീക്ഷയും ഉണ്ടെങ്കിൽ നിൻെറ ഈ കൃത്യത്തിന്നു ശിക്ഷ കിട്ടാതിരിക്കില്ലെടാ, പാപി! എൻെറ കണ്ണിന്നു മുമ്പാകെ എൻെറ പുത്രനെ കൊല്ലുകയോ? പിതൃതത്തെ ഹത്യയാൽ പങ്കിലമാക്കുക! നീ അക്കില്ലെസ്സിൻെറ പുത്രൻ തന്നെയോ! അക്കില്ലെസ് ഒരിക്കലും അങ്ങിനെ ചെയ്യിരിക്കില്ല! ഞാൻ അദ്ദേഹത്തോട്ട് ഹെക്ടറുടെ പിണത്തിന്നു യാചിച്ചപ്പോറ അദ്ദേഹം എനിക്കതു ദാനം ചെയ്യുയും, എന്നെ ഭദ്രമായി എൻെറ രാജധാനിയിലേക്കു മടക്കി അയക്കുകയും ചെയ്തല്ലോ—"

അയാറം ഒരു കുന്തം ആഞ്ഞെറിഞ്ഞു. അതു പിറസിൻെറ കവചത്തിലേററുവെങ്കിലും അതിനെ തുളച്ചു കടന്നില്ല. "പോ! നീ പോയി അക്കില്ലെസ്സിനോട്ട് ഞാനെത്ര ക്രൂരനാണെന്നും അച്ഛൻെറ അന്തസ്സിന്നു പററാത്ത പുത്രനാണെന്നും പറ. മറക്കരുത്. കെട്ടോ! ഇപ്പോറം ചത്തോ!". അയാറം കമ്പിതഗാത്രനായ ആ ഭൂപതിയെ ബലിപീഠത്തിലേക്കു വലിച്ചിഴച്ചു, അവിടെവെച്ചു കുത്തിക്കൊന്നു. ഏഷ്യാഭൂഖണ്ഡത്തിലെ ഒരു പ്രതാപിയായ മഹാരാജൻെറ, നിരവധി പ്രജകളുടെ അധിപതിയായ ട്രോയ് മന്നൻെറ അന്ത്യം അങ്ങിനെയായിരുന്നു! ഇതാ അയാറം പേരില്ലാത്ത ഒരു പിണമായിക്കിടക്കുന്നു!!

ഏനിയാസ് ഈ കൃത്യം കണ്ടു് അയാറാക്കു വലിയ ഭയപ്പാടുണ്ടായി അന്തർലോചനംകൊണ്ടു് അയാറാം സ്വപിതാവു് ഖഡ്ഗപ്രഹരമേററു കിടക്കുന്നതായിക്കണ്ടു. അയാളുടെ പത്നി പരിത്യക്തയായും, ശിശു വെറും ഭാഗ്യയോഗ്യം പരീക്ഷിക്കാറെന്നപോലെ സവ്വരാലും തള്ളിവിടപ്പെട്ടതായും, തൻെറ ഗൃഹം കൊള്ളചെയ്യപ്പെട്ടതായും കണ്ടു. സുഹൃത്തുക്കളിൽ ആരെല്ലാം ശേഷിപ്പുണ്ടെന്നറിയുവാൻ അയാറാം ചുററുപാടും നോക്കി. ആരും ബാക്കിയില്ല; ചിലർ വാളിന്നിരയായിപ്പോയി; മററു ചിലർ അഗ്നിക്കാഹുതിയായി, ബാക്കിയുള്ളവർ പേടിച്ച് പാലായനം ചെയ്തിരിക്കുന്നു. താൻ ഏകാകിയാണ്. പക്ഷേ ചുററും നോക്കിക്കൊണ്ടു് അയാറാം മടങ്ങിപ്പോകുമ്പോറാം, അഗ്നിജ്വാലകളുടെ സഹായത്താൽ, ഗൃഹലക്ഷ്മി എന്ന പരദേവതയുടെ ബലിപീഠത്തിന്നരികെ, ആ പുണ്യസ്ഥലത്തു് ഒളിഞ്ഞിരിക്കുന്ന ഒരു രൂപത്തെക്കണ്ടു. ആരാണതു്! ഒരിക്കൽ യവനപത്നിയായിരുന്നു്, പിന്നീടു് പേരീസ് രാജകുമാരൻ ഹരിച്ചു കൊണ്ടുപോയ സുന്ദരീരത്നം, ഹെലൻ! ഇരുകക്ഷികളിലും വമ്പിച്ച നാശനഷ്ടങ്ങറാം വലിച്ചു ചേത്തിയവളും ഇരുകക്ഷികളുടേയും ക്രോധാഗ്നിയെ ഭയപ്പെടുന്നവളുമായ ഹെലൻ അവിടെ ബലിപീഠത്തിന്നരികെ അഭയം പ്രാപിച്ചിരിക്കയാണ്. ഏനിയാസിന്നു സീമാതീതമായ കോപം ജ്വലിച്ചു. പ്രതികാരവാഞ്ഛ ആളിക്കത്തി. അയാറാം ആലോചിച്ചു: "ഈ സ്ത്രീ ഭദ്രമായി നാട്ടിലെത്തുകയോ! വീണ്ടും ഒരു കൂട്ടം ട്രോജൻ അടിമപ്പെണ്ണുങ്ങളാൽ ആസേവ്യമാനയായി രാജ്ഞീപദവി അലങ്കരിക്കുന്നതിന് ഇവറാം മടങ്ങിയെത്തുകയോ! പ്രിയം മരിക്കുക! ട്രോയ് കത്തിച്ചാമ്പലാവുക! ട്രോജൻ കടപ്പുറമാകെ രക്തസ്വേദസഞ്ചിതമാവുക! അഹോ! ആലോചിക്ക വയ്യ! ഒരു സ്ത്രീ,

യെ രക്ഷിക്കുന്നതിൽനിന്ന് ഒരു പടയാളിക്ക് വലിയ മാനമൊന്നും കിട്ടാനില്ല. പക്ഷെ ന്യായകൃത്യം ചെയ്തതിനും, ദുഷ്ടതയെ നശിപ്പിച്ചതിന്നും ജനങ്ങൾ എന്നെ പ്രശംസിക്കാതിരിക്കയില്ല. എനിക്കു ആത്മനിർവൃതി നേടാം; കൊല ചെയ്യപ്പെട്ട അനവധി ട്രോജന്മാരുടെ ആത്മാക്കൾക്കു ശാന്തി കിട്ടുകയും ചെയ്യും.''

അയാൾ ഉടനെ ആ കൃത്യം നിർവ്വഹിക്കുമായിരുന്നു. അപ്പോഴേക്കും അവിടെയെല്ലാം അമാനുഷികമായ ഒരു പ്രഭാപൂരം പരന്നു. അതിന്നുള്ളിൽ അയാൾ തൻെറ മാതാവായ വീനസ്സിനെ ദർശിച്ചു. ഇതിന്നു മുമ്പൊരിക്കലും ഇത്രയധികം ദിവ്യപ്രഭ പരത്തുന്ന ഒരു ദേവതയായി അയാൾ ആ ദേവിയെ കണ്ടിട്ടില്ല; ദേവലോകത്തിലുള്ളപോലെയുള്ള ആകൃതിയിലും പ്രകൃതിയിലുമാണവൾ കാണപ്പെട്ടതു്. അവൾ പുത്രൻെറ കൈ പിടിച്ച് പറഞ്ഞു: "മകനെ! എന്താണീ ദ്വേഷ്യം? ഞങ്ങളോടു് കാണിക്കേണ്ട ദയയെവിടെ? നീ പോയി നിൻെറ അച്ഛനെവിടെയെന്നു നോക്കുക. നിൻെറ പത്നിയായ ക്രൂസയും, പുത്രനായ അസ്കാനിയസ്സും ഇപ്പോൾ നിൻേറതു തന്നേയോ എന്നറിയുക. യവനസൈന്യശക്തി മുഴുവനും അവർക്കു ചുററുമായി അണിനിരക്കുകയാണു്. എൻെറ പ്രത്യേക ശ്രദ്ധകൊണ്ടാണ് ഇതേവരെ അവക്ക് തീയിൽനിന്നും വാളിൽനിന്നും ഒരാപത്തും സംഭവിക്കാതിരുന്നതു്. നീ ഇപ്പോൾ ഇത്രയധികം വെറുക്കുന്ന ഹെലൻെറ സുന്ദരവക്ത്രമോ, ആളുകളിത്രയധികം പഴി ചുമത്തുന്ന പേരീസോ അല്ല ഈ വൻശക്തിയെ തകിടം മറിച്ച് ട്രോയ് നഗരത്തെ നശിപ്പിച്ചതു്. അതു് ഈശ്വരേച്ഛയാണു്. അതേ ഈശ്വരേച്ഛ! ഇതാ നോക്കു! ഞാനിപ്പോൾ നിൻെറ അജ്ഞാനാവരണം കണ്ണിൽനിന്നു നീക്കാം. അമ്മയുടെ ആ

ജ്ഞയെ അനുസരിക്കാൻ ഇനി നീ പേടിക്കേണ്ട. എവിടെയാണോ നാശം അധികം, എവിടെയാണോ പൊടിപടലവും പുകയും മേലോട്ടധികം പൊങ്ങുന്നത് അവിടെ നോക്കു! അവിടെ വരുണദേവൻ തൻെറ ത്രിശ്ശൂലംകൊണ്ട് കുത്തിപ്പിളന്ന് നഗരത്തിൻെറ അസ്ഥിവാരത്തെത്തന്നെ മറിക്കുന്നതു നേരിട്ടു കാണാം. എന്തു സമാധാനപ്പെടുത്തിയാലും ശാന്തി കൈക്കൊള്ളാത്ത ജൂണോവിനെ നോക്കുക; അവരം സ്വയം കവചിതഗാത്രയായി പടയാളികളെ പടിയിലൂടെ കടക്കാൻ പ്രേരിക്കുകയും, പടകുകളിൽനിന്ന് ത്വരിതം ഇറങ്ങാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നതു നോക്കു! ട്രോയിലെ ഉത്തുംഗഗോപുരങ്ങളിലേക്ക് അഥേനാദേവി ഇടിമിന്നൽപ്പിണരുകരം വർഷിക്കുന്നതു നോക്കുക. സവ്വശക്തനായ ജൌ തന്നെ യവനക്കു അനുഗ്രഹവും, ഉയിരും, ശക്തിയും, ദാനം ചെയ്യുന്നതു നോക്കുക–വാനവന്മാരെ ട്രോജന്മാക്കെതിരായി അണിനിരക്കാൻ പ്രേരിക്കയാണ് ആ ദേവൻ! മകനെ! നീ പലായനം ചെയ്യു! ഈ യുദ്ധത്തിൽ നിന്നു വിരമിക്കു! നിൻെറ കൂടെ ഞാൻ എപ്പോഴും ഉണ്ടാവും. ഇപ്പോരം ഞാൻ നിന്നെ ഭദ്രമായി താതസവിധത്തിലെത്തിക്കാം.”

KOTTAYAM PUBLIC LIBR…
KOTTAYAM.

# ഏനിയാസ് ട്രോയ് വിടുന്നു

അവർ പറഞ്ഞവസാനിപ്പിച്ചു, അതിന്നു ശേഷം നിശയിലെ കൂരിരുളിലാണ്ടു പോകുകയും ചെയ്തു. എന്നാൽ ഏനിയാസിന്നു ദേവകളുടെ ഭയങ്കരവക്ത്രങ്ങളേയും, ട്രോയ് നഗരത്തിന്നെതിരായി അവർ അണിനിരന്നു നടത്തുന്ന അക്രമങ്ങളേയും, അസ്പഷ്ടമായി കാണാൻ കഴിഞ്ഞു. ഗ്രാമീണർ കോടാലി കൊണ്ടു ആഞ്ഞു വെട്ടുക നിമിത്തം വേരു മുറിഞ്ഞു്, സ്വല്പനേരം കമ്പിച്ച് ഒരു മാമരം വീണു മറിയുന്നതു പോലെ നാശഗർത്തമാകുന്ന അഗ്നികുണ്ഡത്തിലേക്ക് നഗരം ആപതിക്കുന്നു. അവൻ അമ്മയെ അനുസരിച്ചു. അവൻ കുതിച്ചോടി. അവൻ പോയെടത്തെല്ലാം അഗ്നിയും, ശത്രുവും അവനിൽ നിന്നകന്നു.

എല്ലാം കഴിഞ്ഞു് വീട്ടിലെത്തിയപ്പോൾ അച്ഛൻ ഒരിക്കലും ട്രോയ് വിട്ടുപോകാത്ത നിലയാണ് കണ്ടതു്. ഏനിയാസിൻെറ പ്രഥമവും, പ്രധാനവുമായ ചിന്ത പി

താറിന്റെ രക്ഷയായിരുന്നു: എന്നാലിപ്പോ അദ്ദേഹത്തിന്നു ട്രോയ് നശിച്ചശേഷം താൻ ശേഷിക്കുന്നതു് ഇഷ്ടമില്ലെന്നാണു് കണ്ടതു്. അയാം പുത്രനോടു് പൊയ്ക്കൊള്ളാൻ ആജ്ഞാപിച്ചു. മററു പേരേയും കൂട്ടിക്കൊണ്ടു് അയാം പൊയ്ക്കൊട്ടെ—താൻ സ്വന്തം കൈകൊണ്ടു തന്നെ മരിച്ചോളാം. "ജീവിതം തന്നെ എനിക്കൊരു ഭാരമായി ചമഞ്ഞിരിക്കയാണു്. ഞാൻ വീനസ് ദേവിയെ പ്രേമിച്ചിരുന്ന കാലത്തു് ദേവാധിദേവൻ ഒരു മിന്നൽപ്പിണർ കൊണ്ടു് എന്നെ അന്ധനാക്കിയ മുതല്ക്കേ എനിക്കു ജീവിതം വെറുപ്പാണു്." ഏനിയാസ് തക്കിച്ചു നോക്കി; അപേക്ഷിച്ചു. നിഷ്ഫലമായി. ഒടുവിൽ അയാം നിരാശതാഭരിതനായി പറഞ്ഞു: "ഞാനും യുദ്ധത്തിന്നു മടങ്ങിച്ചെന്നു മരിച്ചോളാം. നിങ്ങളുടെ വാശി ഇങ്ങനെയാണല്ലേ? ആയ്ക്കൊള്ളട്ടെ! പ്രയമിനെ കൊന്ന വീറോടെ പിറസ് ഇവിടെ എത്തുന്നതാണു്. പിതാവിന്റെ മുമ്പിൽ വെച്ചു തന്നെ പുത്രനെ കൊന്ന ആ ഘാതകൻ—പിതാവിനെത്തന്നെ ബലിവേദിയിലേക്കു കൊണ്ടുപോയി കൊലചെയ്ത ആ ക്രൂരൻ—അയാം വരും. എന്റെ പടയാളികളെ! യുദ്ധത്തിന്നു കുതിച്ചു ചെല്ലുക. പരാജിതരെ അതാ അവസാനത്തെ വെളിച്ചം വിളിക്കുന്നു. ഏതുതന്നെയായാലും നാം നാം നിഷ്ഫലമായി മരിക്കേണ്ടിവരില്ല."

ക്രൂസാ തന്റെ കുട്ടിയെ പൊക്കിയെടുത്തു് വഴി തടഞ്ഞുനിന്നു. "നിങ്ങം പോകുന്നുണ്ടെങ്കിൽ ഞങ്ങളേയും കൊണ്ടുപോകു! നിങ്ങളുടെ വാളിനെക്കൊണ്ടു് വല്ല ഉപയോഗവും ഉണ്ടെങ്കിൽ അതു് ആദ്യം ഇവിടെയായ്ക്കൊള്ളട്ടെ. ഈ വീട്ടിനെ കാത്തുരക്ഷിക്കുക. ഒരു കാലത്തു് ഭാര്യയെന്നു വിളിച്ചിരുന്ന എന്നേയും, നിങ്ങളുടെ

ഓമനക്കുഞ്ഞിനേയും, നിങ്ങളുടെ പിതാവിനേയും ഏന്തു അനിശ്ചിത ഭാവിയിലേക്കെറിഞ്ഞിട്ടാണ് നിങ്ങറം പോകുന്നത്?"

അവറം വിലപിച്ചുകൊണ്ട് കുഞ്ഞിനെ അവർ രണ്ടുപേക്കും മദ്ധ്യത്തിലായി എടുത്തു പൊക്കിയപ്പോറം പെട്ടെന്നു ആ കുട്ടിയുടെ ശിരസ്സിന്നുപരിയായി ഒരു അഗ്നിമകുടം കാണപ്പെട്ടു. അവൻെറ തലമുടിയുടെ ഉള്ളിൽക്കൂടി നാളമ്പുളക്കിക്കൊണ്ട് അവൻെറ ഫാലഫലകത്തെ അത് തലോടി. അവരെല്ലാം ഭയാധീനരായി. സന്തോഷം നിറഞ്ഞ കണ്ണുകളോടും ആകാശത്തേക്കുയത്തിയ ഹസ്തങ്ങളോടും കൂടെ അങ്കിസെസ് പറഞ്ഞു: "സവ്വശക്തനായ ജൌ! ഞങ്ങളുടെ പ്രാത്ഥന അങ്ങു കേറംക്കുന്നുണ്ടെങ്കിൽ, ഇന്നേവരെ ഞങ്ങറം അങ്ങയെ ഭയഭക്തിയോടെ സേവ ചെയ്തിട്ടുണ്ടെങ്കിൽ, ഈ ശകുനത്തെ ഒന്നു സംശയം തീത്തു തന്നാലും-സ്ഥിരപ്പെടുത്തിയാലും!" അയാറം സംസാരിച്ചു കഴിയുമ്പോഴേക്കും ഒരു ഇടിരടിതം ഉണ്ടായി. ആകാശത്തു നിന്ന് ഒരു ഉൽക്ക കെട്ടിടത്തിൻെറ മേലെക്കൂടെ ബാണം പോലെ പാഞ്ഞു. അതു നിശീഥിനിയെ പിളന്നു ചെന്ന് ഒടുവിൽ ഈഡാപവ്വതത്തിലെ നിബിഡവനങ്ങളിൽ പതിച്ചു. അപ്പോറം ആ ഭയങ്കരശകുനങ്ങളെ അൻകിസെസ് സ്വീകരിച്ച് അനുസരിച്ചു, അയാറം പറഞ്ഞു: "ഞാനിനി താമസിക്കുകയില്ല. എൻെറ നാട്ടിലെ ദൈവതങ്ങളെ! നിങ്ങറം നയിക്കുന്നേടത്തു ഞാൻ ചെല്ലാം. ഈ കുഞ്ഞിനെ മാത്രം രക്ഷിക്കുക. ഈ ശകുനം അങ്ങയിൽ നിന്നായിരുന്നുവല്ലോ—അങ്ങയുടെ രക്ഷയിൻകീഴിൽ ട്രോയ് ഇന്നും ജീവിക്കുന്നു. മകനേ, ഞാൻ വരാം."

ഏനിയാസ് ബദ്ധപ്പെട്ട് യാത്രക്കുള്ള കല്പനകറം പുറപ്പെടുവിച്ചു. നഗരത്തിന്നു പുറത്തുള്ള ഒരു നിർദ്ദിഷ്ട

സ്ഥാനത്തെ ഒരു കുന്നിന്മുകളിലെ ക്ഷേത്രത്തിൽ അവർ ചെന്നു ചേരണമെന്നു പറഞ്ഞു. അവരെല്ലാം വെവ്വേറെ വഴികളിലൂടെ അവിടെ എത്തണം. അങ്കിസെസ്സിനെ താൻ തന്നെ ചുമന്നുകൊണ്ടു ചെല്ലാം. അസ്കാനിയസ് തന്റെ കൈ പിടിച്ച് അരികെ നടന്നോട്ടെ—ക്രൂസാ പിന്നാലേയും. അയാറം യുദ്ധം ചെയ്യുന്നേടത്തുനിന്നു പെട്ടെന്നു മടങ്ങിയതാണെന്നതുകൊണ്ടും, ശുദ്ധികർമ്മങ്ങളാൽ താൻ രക്തത്തിൽ നിന്നു ശുദ്ധമായിട്ടില്ലെന്നതുകൊണ്ടും ഗൃഹത്തിലെ പരദേവതമാരുടെ വിഗ്രഹങ്ങളേയും പൂജാപാത്രങ്ങളേയും, അയാറം അച്ഛന്റെ കയ്യിലേൽപ്പിച്ചു. അങ്ങിനെ തെയ്യാറായി അവൻ യാത്ര പുറപ്പെട്ടു. ഭയങ്കരമായ ആ നിശീഥിനിയെ പിളന്നു സഞ്ചരിച്ചു. താൻ വഹിച്ചിരുന്ന പിതാവിനേയും, തന്റെ അരികിൽ നടന്നിരുന്ന പുത്രനേയും, തന്നെ പിന്തുടന്ന പത്നിയേയും ഓത്തു ആ ഭടനു് ജീവിതത്തിലൊന്നാമത്തെ പ്രാവശ്യം ഭയമുണ്ടായി.

---

No. 11313
KOTTAYAM PUBLIC LIBRARY
KOTTAYAM.
KOTTAYAM PUBLIC LIBRARY
81426
KOTTAYAM.

# ക്രൂസായുടെ ദുർവ്വിധി

അവർ ഏതാണ്ട് നഗരകവാടത്തിൻെറയരികെയായപ്പോഴേക്ക് ചില പാദവിന്യാസങ്ങളുടെ ശബ്ദങ്ങറം കേട്ടു ഞെട്ടിപ്പോയി. അൻകിസെസ് തനിക്കു ചില കവചങ്ങളുടെ മിന്നലുകറം കാണാൻ കഴിയുന്നുണ്ടെന്നു് പറഞ്ഞു. ഉടനെ ഏനിയാസ് നേരേയുള്ള പാതയിൽനിന്നു് തിരിഞ്ഞ് അത്ര പരിചയമില്ലാത്ത ഇടവഴികളിലൂടെ വീണ്ടും പടിയിലേക്കും, അവിടെനിന്നു ക്ഷേത്രത്തിലേക്കും നടന്നു. ഭദ്രമായി അവിടെ എത്തി തിരിഞ്ഞുനോക്കിയപ്പോറം തൻെറ പത്നി കൂടെ ഇല്ലെന്നു കണ്ടു. ആ കൂരിരുട്ടിലെവിടേയോ അപരിചിതമായ ഇടവഴികളൊന്നിൽ അവറം വഴിതെററി പോവുകയോ, ഇടയ്ക്കു വിശ്രമത്തിനു നില്ക്കുകയോ ചെയ്തിട്ടുണ്ടാകണം. എന്തോ നിർഭാഗ്യം കൊണ്ട് അവറം പൊയ്പ്പോയി. ശേഷമെല്ലാവരും അവിടെയുണ്ട്. പക്ഷെ അവറം ഇല്ല. വേദന തുളച്ചു കയറുന്ന ഹൃദയത്തോടു കൂടിയ ഏനിയാസ് മററുള്ളവ

രോട് തങ്ങളുടെ കയ്യിലുള്ള മുതലുകളും കൊണ്ട് ഒരു കാട്ടിലൊളിച്ചിരിക്കുവാൻ ആജ്ഞാപിച്ചു. അയാഠം ബദ്ധപ്പെട്ട് ആയുധപാണിയായി പട്ടണത്തിലേക്കു മടങ്ങി.

അയാഠം പടിയിലൂടെ നഗരത്തിലേക്കു കടന്നു. ഭഗീരഥപ്രയത്നം ചെയ്ത് വന്ന വഴിയെ വീടെത്തി. അവിടെ യവനർ കൂട്ടം കൂട്ടമായി നില്ക്കുന്നു; വീടിനെ ചുട്ടെരിക്കുന്നു. അയാഠം പ്രയമിൻെറ മാളികയിലേക്കു പാഞ്ഞു; അവിടെ നിന്നു നഗരമദ്ധ്യത്തിലേക്കും. അവിടെ യവനരാജാക്കന്മാർ തങ്ങഠം കവൎന്നെടുത്ത സ്വത്തുക്കളെ കൂമ്പലാക്കി വെച്ചതും, തടവുകാരായി പിടിച്ച ട്രോജന്മാരെ നിരത്തി നിൎത്തിയതായും കണ്ടു. പക്ഷേ ക്രൂസയെ കാണാൻ കഴിഞ്ഞില്ല.

ഒടുവിൽ മുൻകരുതലെല്ലാം ഉപേക്ഷിച്ച അയാഠം അവളുടെ പേർ ഉറക്കെ വിളിക്കുവാൻ തുടങ്ങി. തെരുവീഥികളിലൂടെയും, നശിച്ചുപോയ ആ നഗരത്തിലെ പാതകളിലൂടേയും ആ പേർ വിളിച്ചുകൊണ്ടു നടന്നു. അപ്പോഠം അയാഠം കണ്ടെത്തിയത് ക്രൂസയെ അല്ല, അവളുടെ ഛായയെ, രാത്രിയിൽ തന്നെ കണ്ടുമുട്ടുവാൻ വന്ന പ്രേതത്തെ! അയാഠം തരിച്ചു നിന്നപ്പോഠം അവഠം പറഞ്ഞു: “പ്രിയതമാ! ഇങ്ങിനെ അളവില്ലാത്ത ശോകത്തിന്നധീനനാവുന്നതുകൊണ്ടു എന്തു ഫലം? ഇതെല്ലാം ദൈവേച്ഛയാലാണ് സംഭവിക്കുന്നത്. അവരാണ്, അവരുടെ അധിപനാണ്, ഞാൻ അങ്ങയുടെ കൂടെ ഉണ്ടായിരിക്കാൻ പാടില്ല എന്നാജ്ഞാപിച്ചത്. നിങ്ങഠം ഒരു ദീൎഘയാത്രക്കു പോകുന്നു. അനവധി പരന്ന കടലുകഠം കടന്ന് നിങ്ങഠം പാശ്ചാത്യമായ ഒരു നാടു കാണും. അവിടെ ടൈബർ നദി ഒഴുകുന്നുണ്ടാവും. അവിടെ അങ്ങയ്ക്കു സന്തോ

ഷ്ം ലഭിക്കും—ഒരു സാമ്രാജ്യവും ഒരു പുതിയ പത്നിയും കരഗതമാവും. അങ്ങ് എന്നെ ഇത്രയധികം പ്രേമിച്ചുവെങ്കിലും/എനിക്കു വേണ്ടി വിലപിക്കരുത്. ഞാൻ യവനരാജ്യമെത്തുകയില്ല, യവന വനിതമാക്കു അടിമപ്പണി ചെയ്യുകയുമില്ല—ഒരു ട്രോജൻ വനിതയായി ജനിച്ച് വിനസിൻെറ വീരപുത്രൻെറ പത്നിയായിത്തീന്ന ഞാൻ ഒരിക്കലും അങ്ങിനെ ചെയ്യുകയില്ല. ഞാനിപ്പോഠം ദേവമാതാവിൻെറ കയ്യിൽ സുരക്ഷിതയാണ്. യാത്ര പറയട്ടെ; നമ്മുടെ പുത്രനിൽ നാം രണ്ടു പേരും അപ്പിച്ചിരിക്കുന്ന സ്നേഹത്തെ ആസ്പദമാക്കി അവന്നു വേണ്ടുന്നതെല്ലാം ചെയ്യു.”

അവഠം അദൃശ്യയായി. ഏനിയാസ് അവളെ പുണരാൻ ഭാവിച്ചപ്പോഠം അവഠം വായുവെപ്പോലെ ലഘുവായി സ്വപ്നത്തെപ്പോലെ ആകാശത്തിലലിഞ്ഞു മറഞ്ഞു. അയാഠം വ്യസനഭാരത്തോടെ സുഹൃത്തുക്കളുടെ അടുക്കലേക്കു മടങ്ങി. അവൻെറ കൂടെ ഒരു കൂട്ടം ശരണാഗതരുണ്ടായിരുന്നു. അവൻ പോകുന്നേടത്തെല്ലാം പോവാൻ തെയ്യാറായി, തങ്ങളുടെ എടുത്തുനീക്കാവുന്ന മുതലുകളെല്ലാം കയ്യിൽ ശേഖരിച്ചുകൊണ്ട് അവർ അവൻെറ കൂടെക്കൂടി. കിഴക്കു വെള്ള കീറിയിരുന്നു. ട്രോയ് നഗരത്തിൽ യവനർ കാവൽ നിന്നിരുന്നു. മററു സഹായമൊന്നും പ്രതീക്ഷിക്കുവാനും നിവൃത്തിയില്ല. ഏനിയാസ് വിധിമതം സ്വീകരിച്ച് അവരെ പർവ്വതത്തിൻെറ മുകളിലേക്കു നയിച്ചു.

---

# ഇററലിയെക്കുറിച്ചുള്ള

## പ്രഥമ പ്രസ്താവം

ട്രോയിലെ ശരണാഗതസംഘം കടൽ കടന്ന് അനവധി നാഴിക സഞ്ചരിക്കണമെന്നാണ് വിധി മതം. ഈ ഡാപവ്വതസാനുക്കളിൽ വെച്ച് അവർ തങ്ങൾക്കു വേണ്ടുന്ന പത്തേമ്മാരികൾ തയ്യാറാക്കി. ഭാവിനഗരം സ്ഥാപിക്കുവാൻ പോകുന്ന അവർ ഒടുവിൽ പുറപ്പെട്ടപ്പോൾ നല്ല വേനല്ക്കാലം ആഗതമായിരുന്നു. ഈഡാപവ്വതത്തേയും, ട്രോയിലെ സമുദ്രതീരത്തെയും അവർ എന്നന്നേക്കുമായി വെടിയുകയും, ഭാവിയെന്തെന്നറിയാതെ, അവരുടെ യാത്രാസങ്കേതം ഏതെന്ന് നിശ്ചയമില്ലാതെ അവർ കടലിൽ സഞ്ചരിക്കുവാൻ തുടങ്ങുകയും ചെയ്തു. അവർ ആദ്യം ത്രേസ് എന്ന രാജ്യത്തിലേക്കു വന്നു. അവിടെ പാപ്പുറപ്പിക്കാൻ താവളം സ്ഥാപിക്കയും അതിന്ന് എനി

യഡേ എന്നു നാമകരണം ചെയ്തയും, ഈശ്വരാനുഗ്രഹത്തിന്നായി അത്ഥിക്കയും ചെയ്തു. യാഗങ്ങറം നടത്തുമ്പോറം, ബലിവേദി മറയ്ക്കുന്നതിന്ന് അയാറം മെർടിൽ വൃക്ഷത്തിൻെറ ഒരു കൊമ്പു മുറിച്ചെടുത്തു. അപ്പോറം മുറിഞ്ഞ കൊമ്പിൽ നിന്നു് രക്തം വരുന്നതു കണ്ടു് അയാറം സ്തബ്ധനായി. ആ ശാഖയെ എറിഞ്ഞുകളഞ്ഞു് വേറൊരു ശാഖ മുറിച്ചു. അപ്പോഴും രക്തസ്രാവം ഉണ്ടായി. ഇങ്ങിനെ ആ ദൃശ്യകനം കണ്ടു് അല്ഭുതവും ഭയവും കൊണ്ടു് തരിച്ചുപോയെങ്കിലും ആ പുണ്യക്രിയ മുഴുമിക്കുവാൻ അയാറം വീണ്ടും ഉദ്യമിച്ചു. എന്നാൽ, ഇത്തവണ, അയാറം ശാഖ പറിച്ചെടുത്തപ്പോറം വൃക്ഷത്തിൻെറ കടയിൽനിന്നു വരുന്ന മാതിരി ഒരു തേങ്ങൽ ശബ്ദം വരികയും, വിലാപത്തോടും, പ്രതിഷേധധ്വനിയോടും അവിടെ, ആ മണ്ണിൽ വേറൊരു ട്രോജൻ മൃതനായി കിടപ്പുണ്ടെന്നു പറയുകയും ചെയ്തു. പോളിഡോറസ് എന്നാണവൻെറ പേർ. യവനർ ട്രോയ് നഗരത്തെ വളഞ്ഞു് അതിനെ ഏതാണ്ടു കൈവശപ്പെടുത്തുമെന്നു കണ്ടപ്പോറം പ്രിയം അയാളെ രക്ഷക്കായി ഒരു നിധിയോടുകൂടി അവിടേക്കു പറഞ്ഞയച്ചതായിരുന്നു. പക്ഷേ ട്രോയ് ശത്രുക്കറക്കധീനയായപ്പോറം ത്രേസിലെ മന്നൻ ആ ശരണാഗതനെ കൊലപ്പെടുത്തുകയും, ആ നിധി പിടിച്ചെടുക്കുകയും ചെയ്തു. ഈ മെർടീൽ വൃക്ഷം വളന്നതു് അയാളെ സംസ്കരിച്ച സ്ഥലത്തു നിന്നാണ്. അതിനാൽ അയാളുടെ പ്രേതത്തിൻെറ ശബ്ദം, സ്വന്തം നാട്ടുകാർ തൻെറ പിതൃഭൂമിയെ അലങ്കോലപ്പെടുത്തരുതെന്നു പ്രതിഷേധം ഉയത്തുകയായിരുന്നു. അങ്കിസെസ് ഭയചകിതരായ ട്രോജന്മാരോട് ഉടനെ അവിടം വിടണമെന്നു് പറഞ്ഞു. ഇവിടെ, അവരുടെ നാട്ടുകാരൻെറ രക്തത്താൽ പങ്കിലമായ മണ്ണി

ലല്ല തങ്ങളുടെ ഭാവിനഗരം വളരേണ്ടതു് എന്നയാറം പറഞ്ഞു.

അവർ അനുസരിച്ചു. കപ്പലുകളെ വീണ്ടും കടലിലേക്കിറക്കി; വീണ്ടും യാത്ര തുടന്നു. അധികം ദൂരത്തല്ലാതെ ഒരു പുണ്യദ്വീപായ ഡെലോസ് സ്ഥിതിചെയ്തിരുന്നു. അവിടെ അപ്പോളോവിനെ പ്രതിഷ്ഠിച്ച ഒരു ക്ഷേത്രമുണ്ടായിരുന്നു. ഈശ്വരേച്ഛ എന്തെന്നറിയുവാനായി ട്രോജന്മാർ അവിടെയിറങ്ങി അവർ സമാധാനത്തോടെ സ്വാഗതം ചെയ്യപ്പെട്ടു. ഏനിയാസ് ബലിവേദിക്കരികെ ചെന്നു പ്രാർത്ഥിച്ചു: "ട്രോജൻവർഗ്ഗത്തിലവശേഷിച്ച ഞങ്ങറംക്കു, അല്ലയോ ദൈവമേ! ഒരു വിശ്രമസ്ഥാനം തന്നാലും. ഞങ്ങറംക്കു സ്വന്തമായി ഭദ്രമായ ഒരു രക്ഷാസ്ഥാനം, നശിക്കാത്ത ഒരു സാമ്രാജ്യം കൂടുതൽ സന്തോഷപ്രദമായ ഒരു നഗരി ഇതെല്ലാം പ്രദാനം ചെയ്യേണമേ! അഹോ! ഞങ്ങളെവിടെയാണതിനെ ഉറപ്പിക്കേണ്ടതു്. ഞങ്ങളുടെ ഈ ചിരന്തനശ്രമം എന്നാണവസാനിക്കുക? ആരെയാണു് പിന്തുടരേണ്ടതു്? ഞങ്ങളുടെ ഭാഗധേയമെന്താണാവോ?"

ഒരു കൊടുങ്കാററും ഭൂകമ്പവും ഉണ്ടായി. അവയിലൂടെ അവക്കു ഈശ്വരേച്ഛ കേറംക്കായി: "ട്രോയിലെ സന്താനങ്ങളെ! നിങ്ങളുടെ മൂലകുടുംബസ്ഥലത്തെ ആരായുവിൻ! നിങ്ങളുടെ പ്രഥമ മാതാവിനെ തിരഞ്ഞുപിടിക്കുവിൻ! അവിടെ നിന്നാണു് ഏനിയാസും, ആയാളുടെ പുത്രനും, അനന്തരാവകാശികളും ഇനിമേൽ ലോകം ഭരിക്കാൻ പോകുന്നതു്!"

അവരുടെ മാതൃഭൂമിയോ! പ്രവചനത്തിൻെറ വാചകങ്ങളെ നല്ലപോലെ ഉരുവിട്ടുകൊണ്ടു് അങ്കിസെസ് ചി

ന്തിച്ചു. അവർ ക്രീററിലേക്കു പോകണമെന്ന് അയാൾ അഭിപ്രായപ്പെട്ടു. കാരണം ക്രീററിലും ഒരു ഈഡാപർവ്വതം ഉണ്ടായിരുന്നു. അതിൽ നിന്നാണ് ട്രോയിലെ ഈഡാപർവ്വതത്തിന്നു പേർ കിട്ടിയതു്. അവിടേയാണ് ട്രോജൻ വർഗ്ഗത്തിൻെറയെല്ലാം പ്രപിതാവായ ട്യൂസർ വാണിരുന്നതു്. ട്രോയ്നഗരത്തിൽ അവരെല്ലാം ആരാധിച്ചിരുന്ന സിബിൽ എന്ന ദേവമാതാവിൻെറ ആരാധനയും ആദ്യം ആരംഭിച്ചതു് ക്രീററിൽ നിന്നായിരുന്നു. ഇതും, മററു സ്മരണകളുമായിരുന്നു ആ ശരണാർത്ഥികളുടെ മനസ്സിൽ കുടികൊണ്ടതു്. അവൎക്കു വീണ്ടും ആശയുണ്ടായി. അവർ സ്നേഹമയികളായ ആതിഥേയരിൽ നിന്ന് വിടവാങ്ങി പുറപ്പെട്ടു.

മൂന്നു ദിവസങ്ങൾക്കു ശേഷം സുന്ദരങ്ങളും, വിശ്രുതങ്ങളുമായി ചില രാജ്യങ്ങൾ തരണം ചെയ്തശേഷം അവർ ക്രീററിൽ വന്നിറങ്ങി. ഇവിടെയാണവരുടെ ഭാവിഭവനം എന്നു തീർച്ചയാക്കി. ആദ്യം എല്ലാം ശുഭമായിത്തന്നെ കഴിഞ്ഞു. ഒരു നഗരത്തിന്നു വേണ്ടുന്ന സ്ഥലം തിരഞ്ഞെടുക്കപ്പെട്ടു. ഭരണവ്യവസ്ഥകളെല്ലാം ഉറപ്പിച്ചു. യുവാക്കന്മാർ, അവർ കടന്നുപോയ അപകടങ്ങളെ മറന്ന് പ്രേമചിന്തകളിൽ മുഴുകാൻ തുടങ്ങി. രാജ്യരക്ഷക്കു വേണ്ടുന്ന നിയമങ്ങളേപ്പററിയും, സ്ഥലങ്ങളെല്ലാം ഓരോരോ ഉപനേതാക്കന്മാൎക്കു വീതിച്ചു കൊടുക്കുന്നതിനെപ്പററിയും മററുമുള്ള അനേകശതം കാര്യങ്ങളിൽ ഏനിയാസ് മുഴുകി. അങ്ങിനെ കാര്യമാത്രപ്രസക്തരായിരിക്കെ അവൎക്കു ഒരു പുതിയ ഭയപ്പാടുണ്ടായി_മഹാവ്യാധി— ഒരു ഘോരരോഗം അവരുടെ ഇടയിൽ പടന്നു പിടിച്ചു. ധാന്യങ്ങൾ നശിച്ചു. ഭക്ഷണക്ഷാമം ബാധിച്ചു. തുടന്നുള്ള കഠിനോഷ്ണമുള്ള വെയിൽ കൊണ്ടു് ഗുണമുണ്ടായില്ല.

ഇങ്ങിനെ പകരുന്ന വ്യാധിക്കിടയിൽ ഹതഭാഗ്യരായ ആ സഞ്ചാരികഠം വീണ്ടും തങ്ങളുടെ ഭാവിയെപ്പററി ആലോചിച്ചു. ഈ പ്ലേഗ് വെറും യാദൃച്ഛിക സംഭവമാണോ? അതോ ഏതോ പ്രതികൂലശക്തിയുടെ ചിഹ്നമോ? അതോ സൂര്യദേവതയുടെ അരുളപ്പാടിനെ അവർ നല്ലപോലെ മനസ്സിലാക്കീട്ടില്ലേ? ഒരു ദിവസം അവർ വളരെ നേരം സംസാരിച്ചിട്ടും ഒരു തീപ്പിലെത്താതെയിരിക്കുമ്പോഠം, ഏനിയാസ് ഉറങ്ങുകയും, ഒരു സ്വപ്നം കാണുകയും ചെയ്തു. ട്രോയിൽ നിന്നു താൻ കൊണ്ടുപോകുന്ന പരദേവതമാർ മുറിയിൽനില്ക്കുന്നതായി അയാഠം കണ്ടു. അവരുടെ ആഗമനം കൊണ്ട് അയാഠംക്കു ബലം നല്കുകയും, ആശിസ്സു നല്കുയും ചെയ്തുകൊണ്ട്, പ്രഭാപൂരം കൊണ്ട് ആ മുറി മുഴുവൻ നിറച്ച് അവർ പറഞ്ഞു: "ഞങ്ങഠം നിങ്ങളുടെ പുത്രന്മാരെ മഹാരഥന്മാരാക്കും. ഞങ്ങഠം അവക്കു മഹത്തായ ഒരു സാമ്രാജ്യം നല്കും: പക്ഷേ നാടുവിട്ടു പോകുന്നതു നിമിത്തമുള്ളഅത്യദ്ധ്വാനം കൊണ്ട് മനസ്സു വിട്ടു പോകരുത്. ധൈര്യം വിടരുത്. അപ്പോളോ ഉദ്ദേശിച്ച നാട് ഇതല്ല. അതു പടിഞ്ഞാറാണ് കിടപ്പുള്ളത്. യവനർ അതിനെ ഹെസ്പേരിയാ എന്നു വിളിക്കുന്നു. ഇപ്പോഠം അതിന്നു ഇററലി എന്നാണ് പേർ. അവിടേയാണ് ഞങ്ങളുടെ പാപ്പിടം. അതാണ് നിർദ്ദിഷ്ടദേശം. എല്ലാവരോടും കരുതൽ പറയൂ, എഴുന്നേററു പുറപ്പെടൂ!"

# ഹാർപ്പികളുടെ നാട്

സ്വർഗ്ഗീയമായ ഈ അരുളപ്പാടനുസരിച്ച് ഏനിയാസ് ഉത്ഥാനംചെയ്ത് യാത്രക്കാരോടു വ്യസനഭരിതവും, പക്ഷേ ആശാജനകവുമായ ഈ വാർത്ത പറഞ്ഞു. ചുരുക്കം ചിലർ അവിടെത്തന്നെ കഴിഞ്ഞുകൂടുവാൻ തീർച്ചയാക്കി. എന്നാൽ മിക്കപേരും പുറപ്പെട്ടു; അവർ പുതിയ യാത്രയുടെ അനിശ്ചിതങ്ങളായ അപകടങ്ങളെ നേരിടുവാൻതന്നെ ഉറച്ചു. കൊടുങ്കാററടിച്ചു. മൂന്നു രാവും പകലും ഇരുളടഞ്ഞ കടലിൽ, മിന്നൽപിണരുകൾ നൽകുന്ന പ്രകാശം കണ്ടുകൊണ്ടു മാത്രം, പരമവിദഗ്ദ്ധനായ കർണ്ണധാരനുപോലും മാർഗ്ഗനിർദ്ദേശം ചെയ്വാൻ അതികഷ്ടമുണ്ടാവുന്ന പരിതഃസ്ഥിതികളിൽ അവർ സഞ്ചരിച്ചു. നാലാം പുലരിയിൽ അവർക്കു വെളിച്ചം കിട്ടി. അപ്പോഴേക്കും വിദൂരവും അജ്ഞാതവുമായ ഒരു നാട്ടിൽ അവർ എത്തിച്ചേന്നു. തുഴയുന്നവർ മുതുകു കുനിഞ്ഞു തണ്ടുവലിച്ചു. കപ്പലുകൾ കരയണഞ്ഞു. രാജകുമാരനും കൂട്ടരും കരയ്ക്കു ചാടി

യിറങ്ങി. അവൎക്ക ആ നാടിനെപ്പററി ഒരു പിടുത്തവുമി ല്ല. ആ നാട്ടുകാരെപ്പററിയും! ആരും രക്ഷിക്കുവാനോ നയിക്കുവാനോ ഇല്ലാതെ കൂട്ടംകൂട്ടമായി ആടും മാടും മേ യുന്നുത് അവർ കണ്ടു. അവർ ഭക്ഷണത്തിന്നാവശ്യമായ കന്നുകാലികളെ പിടിച്ച് അറുത്ത് മാംസം പാകംചെയ്തു ഭക്ഷണം നിരത്തി. എല്ലാവരും നിലത്തിരുന്ന് തിന്നു വാൻ വട്ടം കൂട്ടി. എന്നാൽ ആ സദ്യയാസ്വദിക്കുന്നതി ന്നു മുമ്പിൽ ഒരു ഭയങ്കരശത്രു വന്നുവീണു. കുന്നുകളിൽ നിന്ന് ഹാർപ്പീസ് എന്ന പക്ഷികളുടെ സംഘം കൂട്ടംകൂ ട്ടമായി ഇറങ്ങിവന്നു—അവയ്ക്കു സ്ത്രീകളുടെ തലയും, പ ക്ഷികളുടെ ഉടലുമായിരുന്നു—കണ്ടാലറയ്ക്കുന്ന അവ ചേ ക്കലച്ചും, ചിറകടിച്ചും, അവിടെ ബഹളമയമാക്കി.

ഇവ ഭക്ഷണത്തിന്നു മീതെ പറന്നു വീണു. കൊ ത്തിപ്പറിച്ചും, നഖംകൊണ്ടു കീറിയും പിടിച്ചും, അതിൽ കാഷ്ഠിച്ചും, കോലാഹലമുണ്ടാക്കി. അവയുടെ അലച്ചയോ അങ്ങിനെ. അവയുണ്ടാക്കുന്ന ദുൎമ്മണമാണെങ്കിൽ ട്രോജ ന്മാരുടെ നാസാരന്ധ്രങ്ങളിൽ തുളച്ചുകയറി. അറപ്പും, വെ റുപ്പും ഉണ്ടാക്കുന്ന അവ പിൻവാങ്ങീട്ടുകൂടി ആ നാററവും, ആ ചേക്കലക്കലിന്റെ മാറെറാലിയും അവിടെയുണ്ടായി രുന്നു. ആ ഭടന്മാർ വീണ്ടുംചേൎന്ന് വേറൊരു സ്ഥലത്ത് ഭക്ഷണം പാകംചെയ്യാൻ ശ്രമിച്ചു. കമാനാകൃതിയിലുള്ള ഒരു പാറക്കുന്നിന്നടിയിലുള്ള സ്ഥലം ഇതിന്നായി തിര ഞ്ഞെടുത്തു. എന്നാൽ മറെറാരു സംഘം ഹാപ്പികൾ വീണ്ടും പറന്നെത്തി. അവ ശേഷിച്ച ഭക്ഷ്യങ്ങൾ തി ന്നാൻ കൊള്ളാതെ കാഷ്ഠമയമാക്കിയിട്ടിട്ടുപോയി. രാ ജകുമാരന്റെ ദേഷ്യം മുഴവനും പുറത്തുചാടി. ചങ്ങാ തികളോടു ആയുധം ഒളിച്ചുവെക്കുവാനും ജാഗരൂകരായി

രിക്കുവാനും അയാറം ആജ്ഞാപിച്ചു. അങ്ങിനെ കാവൽ നില്ക്കുകയും, ഹാപ്പീകറം വീണ്ടും വരുന്നതു കണ്ടിട്ട് കാവലാളികറം കാഹളമൂതി വിവരമറിയിക്കുകയും ചെയ്തപ്പോറം, ഭടന്മാർ ഉറയൂരിയ വാളുകളോടുകൂടി എതിർത്തു. അപ്പോറം ഒരു അത്ഭുതപൂവ്വമായ സമരം നടന്നു; പക്ഷെ ആ പക്ഷികളുടെ ചർമ്മവും തൂവലും അവരുടെ ഉരുക്കിൻ തലയെ മടക്കി; എങ്കിലും അക്രമണത്തിൻെറ വീര്യം അവയെ നിരുത്സാഹരാക്കി. അവ മുറിയേല്ക്കാതേയും, മരിക്കാതേയും, നേരെ ആകാശത്തേക്കുയന്നു പറന്നുപോയി. അവയിലൊന്നുമാത്രം ബാക്കിയായി; അത്ത് ഉയന്ന ഒരു പാറക്കെട്ടിലിരുന്ന് ഇങ്ങിനെ മനുഷ്യസ്വരത്തിൽ പറഞ്ഞു: "നിങ്ങറം യുദ്ധം ചെയ്യുമോ? നിങ്ങറം ഞങ്ങളുടെ ആടുമാടുകളെ വധിക്കുമോ? ഹാപ്പികളെ അവയുടെ ജന്മഭൂമിയിൽനിന്ന് ഓടിച്ചുകളയുവാൻ നിങ്ങറം യത്നിക്കയാണോ? എന്നാൽ ജഗൽപിതാവിൻെറ അരികെനിന്ന് അപ്പോളോ കേട്ടുമനസ്സിലാക്കുകയും, അവിടെനിന്നു ഞാൻ ഗ്രഹിക്കുയും ചെയ്തപ്രകാരം എൻെറ പ്രവചനം കേറംക്കുവിൻ! നിങ്ങറം ഇററലിക്കു പോകയാണോ? നിങ്ങറം ഇററലിക്കു പോവും; ഇററലിയിൽ എത്തിച്ചേരും; പക്ഷെ നിങ്ങളുടെ പ്രതീക്ഷയ്ക്കു നിദാനമായ ആ നഗരത്തിൻെറ ഭിത്തികറം പണിയുന്നതിന്നുമുമ്പ് നിങ്ങറം വെറും വിശപ്പുകൊണ്ടു് മേശകൂടി കരണ്ടുതിന്നാൻ തക്കവണ്ണമാവും; നിങ്ങറം ഇവിടെ ചെയ്ത ദുഷ്ടപ്രവൃത്തിക്ക് അതാണ് ഉചിതപ്രതികാരം." ഭയചകിതരായ ട്രോജന്മാർ അവിടത്തെ കോപകലുഷിതരായ ദൈവതങ്ങളെ നിവേദ്യംകൊണ്ടും പ്രാത്ഥനകൊണ്ടും, പ്രസാദിപ്പിക്കാൻ ശ്രമിച്ചു. അൻകിസെസ് തൻെറ ഹസ്തങ്ങളെ ആകാശത്തേക്കുയത്തി ഉച്ചസ്വരത്തിൽ, ആ ശാപം ആ സംഘ

ത്തിന്നുമീതെ പതിപ്പിക്കരുതേ എന്നും, അവരിൽ ശാന്തിയും സന്മനസ്സും വർഷിക്കേണമെ എന്നും ദൈവത്തോടു പ്രാർത്ഥിച്ചു. അങ്ങിനത്തെ പ്രാർത്ഥനാപ്രലപനങ്ങൾക്കിടയിൽ അവർ നങ്കൂരമുയർത്തി കപ്പൽ കയറിപ്പോയി. അവർ പല നാടുകളും ദ്വീപുകളും കടന്നു. വഴിക്കൽ എന്നിയാസ ആക്ടിയം എന്ന ദ്വീപിലിറങ്ങുകയും വിശ്രമിക്കയും ചെയ്തു. അവർ അവിടെ പല കളികളും മത്സരങ്ങളും നടത്തി. പിന്നീട് അവരുടെ സ്മാരകമായി ഒരു പരിച അവിടെ തൂക്കിയശേഷം അവിടെനിന്നു തിരിച്ചു.

---

# പഴയ ബന്ധുക്കൾ

ഇങ്ങിനെ വീര്യപരാക്രമങ്ങൾ പ്രദർശിപ്പിച്ച ശേഷം അവർ മറെറാരു നാട്ടിലെത്തി. അവിടെ പഴയ യവനൻക്കു പകരം ഭോജന്മാരാണ് ഭരണം നടത്തിയിരുന്നതു്. എപീറസ് എന്ന ആ നാട്ടിൽനിന്ന് അവർ ഒരു അത്ഭുതവർത്തമാനം കേട്ടു. അവിടെ ഭരിച്ചിരുന്നതു് പ്രയമിൻെറ പുത്രന്മാരിലൊരാളായ ഹെലനസ്സായിരുന്നു. മുമ്പു് ഹെക്ടരുടെ പത്നിയായിരുന്ന അണ്ട്റോമെക്ക ഇപ്പോൾ ഹെലനസ്സിൻെറ രാജ്ഞിയായിരിക്കുകയാണ്. പട്ടണത്തിൻെറ പുറംഭാഗത്തു് ഒരു പൂങ്കാവനത്തിൽ ഏനിയാസും അണ്ട്റോമെക്കയും കണ്ടുമുട്ടി. പരസ്പരം അത്ഭുതത്തോടെ അവർ നോക്കി. ഏതാണ്ടു് ബോധക്ഷയം വരുമോ എന്ന നിലയിലായ ആ റാണി പറഞ്ഞു: "ദേവീപുത്രാ! നിങ്ങളിപ്പോഴും ജീവിച്ചിരിപ്പുണ്ടോ? അതല്ല നിങ്ങൾ പ്രേതലോകത്തു നിന്നാണോ വരുന്നതു്; എങ്കിൽ ഹെക്ടർ എവിടെയാണ് എന്നു പറയുക." ഏനിയാസ് പറഞ്ഞു:

"ഞാൻ ജീവിച്ചിരിക്കുന്നുണ്ട്: പക്ഷെ കഠിനമായ ദുരിത മനുഭവിക്കുന്നുവെന്നു മാത്രം. പക്ഷെ നിങ്ങൾക്കെന്തു പററി? നിർഭാഗ്യമോ, സൌഭാഗ്യമോ നിങ്ങൾക്കു ലഭിച്ചതു്? നിങ്ങൾ ഇപ്പോഴും നിങ്ങളെ പിടിച്ചടിമയാക്കിയ പിറസ്സിൻെറ പത്നിയാണോ?"

അവൾ ക്ഷീണസ്വരത്തിൽ പ്രതിവചിച്ചു: "പിറസ് ട്രോയിൽ നിന്നു കപ്പൽ കയറിയപ്പോൾ ഹെലനസ്സിനെ അടിമയാക്കി കൂടെക്കൊണ്ടുപോയിരുന്നു. പിന്നീട് ഞങ്ങളീ നാട്ടിൽ വന്നപ്പോൾ അയാൾ ഒരു സ്പാട്ടൻ വനിതയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ചു. അപ്പോൾ ഒരടിമയ്ക്കൂടിമയെന്നവണ്ണം എന്നെ ഹെലനസ്സിന്നു വിവാഹം ചെയ്തു കൊടുത്തു. പക്ഷേ പിറസ്സിനെ ആരോ ചതിയിൽ കൊന്നു; അയാളുടെ നാട്ടിൻെറ ഒരോഹരി ഹെലനസ്സിന്നു കിട്ടി; ഹെലനസ്സതിന്നു തൻെറ നാട്ടിൻെറ പേർ കൊടുത്തു. അതാ ആ കുന്നിന്മേൽ അയാൾ കെട്ടിയ മണിഗോപുരത്തിന്നു പെർഗമോസ് എന്നു പേരാണ്. നിങ്ങളെന്താണിവിടെ വന്നിരിക്കുന്നതു്? അസ്കാനിയസ് ഇപ്പോഴും ജീവിച്ചിരിക്കുന്നോ? അയാൾ അയാളുടെ അച്ഛൻെറയും മാതുലനായ ഹെക്ടറുടേയും വംശമഹിമ പുലർത്തിപ്പോരുന്നുണ്ടോ?"

അവളിങ്ങനെ സംസാരിച്ചുകൊണ്ടിരിക്കെ ഹെലനസ്സ് അവിടെയെത്തി അവരെയെല്ലാം അത്ഭുതത്തോടെ പുനർദർശനം ചെയ്തു. അയാൾ അവരെ സന്തോഷത്തോടെ മാളികയിലേക്കു കൊണ്ടുപോവുകയും ഒരു വലിയ വിരുന്നു നല്കുകയും ചെയ്തു. രണ്ടു ദിവസം അവരവിടെ വിശ്രമമെടുത്തു. മൂന്നാംനാൾ അയാൾ അവരോട് അവരു

ടെ ഉദ്ദേശ്യം പറഞ്ഞു. അതിന്നു പ്രത്യേക കാരണമുണ്ടായിരുന്നു. ഹെലനസ്സ് ഒരു സാധാരണക്കാരനായിരുന്നില്ല. അയാൾ ഒരു പുരോഹിതനും ദൈവജ്ഞനും ആയിരുന്നു; നിമിത്തഫലങ്ങളും, നക്ഷത്രഫലങ്ങളും, പക്ഷികളുടെ ഭാഷയും, അവയുടെ സഞ്ചാരത്തിൻെറ സൂചനകളും എല്ലാം അയാൾ അറിഞ്ഞിരുന്നു. ഇന്നു് അയാൾ സകല ചടങ്ങുകളും നിർവഹിക്കുകയും, ഫീബസ് എന്ന ദേവതയുടെ കോമരമെന്ന നിലയ്ക്കു പറയുകയും ചെയ്തു: "ചില സംഗതികൾ ഞാൻ നിങ്ങളോടു പറയാം; എല്ലാം പറയാൻ നിവ്വാഹമില്ല. ഭാവി മുഴുവൻ എനിക്കു ജ്ഞാതമല്ല; അറിയുന്നതാകെപ്പറയുവാൻ ജൂണോ എന്നെ സമ്മതിക്കുന്നതുമില്ല. നിങ്ങൾ ഇററലിക്കു സമീപത്താണെന്നു നിനയ്ക്കുന്നുവല്ലേ? അതു തെററാണ്. നിങ്ങൾ സീസിലി കടന്നു പോണം. ഇററലിയിൽ സമുദ്രത്തിലും അധികം ദൂരം സഞ്ചരിക്കണം; നരകത്തിലെ ഇരുണ്ട കടകൾ കടക്കണം. സെരസിൻെറ ഇന്ദ്രജാലദ്വീപു കടന്നാലേ നിങ്ങളുടെ പ്രാപ്യനഗരമെത്തുകയുള്ളൂ. പക്ഷേ ഞാൻ ഒരു അടയാളം പറഞ്ഞുതരാം. നിങ്ങൾ ഒരു വെള്ളപ്പന്നിയെ കാണും, അതിന്നരികെ അത്ര തന്നെ ശ്വേതമായ മുപ്പതു കിടാങ്ങളേയും കാണും. ആ സ്ഥലമാണു് നിങ്ങളുടെ നിർദ്ദിഷ്ടസ്ഥാനം. നിങ്ങൾ കടിച്ചുകൊന്നു തിന്നാനുള്ള ആ മേശയെപ്പററി പരിഭ്രമിക്കേണ്ട. ആ പ്രശ്നത്തിന്നു പരിഹാരം അപ്പോളോ തന്നെ കണ്ടുകൊള്ളും. ഒടുവിൽ നിങ്ങൾ എത്തേണ്ട സ്ഥലത്തെത്തി നിങ്ങൾ യാഗം ചെയ്യുമ്പോൾ, ആ പുണ്യകർമ്മം ചെയ്യുന്നതിന്നിടയിൽ ഒരു ശത്രുമുഖം കാണാതിരിക്കുവാനായി നിങ്ങൾ ശിരസ്സ് ഒരു ചുവന്ന മൂടുപടത്താൽ മൂടണം. ശത്രുമുഖദർശനത്താൽ എല്ലാ ശ്രേയഃപിശുനശകുനങ്ങളും അസ്തമിക്കും. നിൻെറ

അനന്തരാവകാശികളെല്ലാവരും തന്നെ ഈ വൃത്തിയാച രിക്കട്ടെ. നീ ഇവിടെനിന്ന് വലത്തോട്ടല്ല ഇടത്തോട്ടാ ണ് പോകേണ്ടത്. അല്ലെങ്കിൽ ചാരിബഡീസ്, സില്ല എന്നു രാക്ഷസിമാർ വസിക്കുന്ന കടലിടുക്കിന്നടുത്ത് എ ത്തുന്നതാണ്. ചാരിബഡീസ് നിത്യം മൂന്നു പ്രാവശ്യം സമുദ്രജലം വലിച്ചെടുത്ത് വയററിൽ കലുക്കിയ ശേഷം പുറത്തേക്ക് നക്ഷത്രം തൊടുമാറ് തുപ്പുന്നു. സില്ലയോ, ഒരു ഗുഹയ്ക്കകം ഒളിഞ്ഞിരുന്ന് തൻെറ താടി നീട്ടി കപ്പ ലുകളെ അപ്പടി തൻെറ പാറക്കെട്ടുകളിലേക്കു വലിച്ചെടു ക്കുന്നു. അവൾക്കാകട്ടെ ഒരു സ്ത്രീമുഖവും മത്സ്യവാലുമാണു ള്ളത്. അവളുടെ അരക്കെട്ടിന്നു ചുററും ഓരിയിട്ടുകൊണ്ടി രിക്കുന്ന ചെന്നായ്ക്കളാണ്. എത്ര വളഞ്ഞു നീണ്ടു ചെ ന്നാലും അവളുടെ അരികിലേക്കു ചെല്ലാനുള്ള സാഹസ ത്തിന്നു ഒരുമ്പെടരുത്. ഒരു താക്കീതു മാത്രം ഞാൻ വീ ണ്ടും വീണ്ടും ആവർത്തിക്കുന്നു. ജൂണോവിനോട് പ്രാർത്ഥി ക്കുക: ജൂണോവിനെ സാന്ത്വനപ്പെടുത്തുക: ജൂണോവി നെ പ്രസാദിപ്പിക്കുക. നീങ്ങളൊടുവിൽ ഇററലിക്കു വരു മ്പോൾ സിബിൽ എന്ന കാട്ടാളത്തിയെ കാണും. അവൾ പ്രവചനങ്ങൾ പത്രങ്ങളിലെഴുതി അവളുടെ ഗുഹയിൽ വിതറുകയാണ് ചെയ്ക. അവ കവാടങ്ങൾ തുറക്കുന്നതുവ രെ അനങ്ങാതെ കിടക്കുന്നു. പിന്നെ ഛിന്നഭിന്നമായി പാറി പറക്കുന്നു. അവളവയെപ്പററി ശ്രദ്ധ വെക്കുന്നതേ യില്ല. അതിനാൽ അവളുടെ അഭിപ്രായമറിയുവാൻ ചെ ല്ലുന്നവർ നിരാശാഹതരായി ശപിച്ചുകൊണ്ട് മടങ്ങുക യാണ് ചെയ്യാറ്: അവളുടെ അരികെ വിനയസമേതം ചെല്ലുക; നിങ്ങളുടെ കാര്യത്തിൽ അങ്ങിനെ ചെയ്യരുതെ ന്നും, പ്രവചനങ്ങൾ അവൾ വായകൊണ്ടു പറഞ്ഞേ തീരൂ എന്നും അർത്ഥിക്കുക. ഇതേ എനിക്കു പറഞ്ഞുതരു

വാൻ പാടുള്ളൂ. നിങ്ങൾ പോയാലും. നിങ്ങളുടെ ധൈര്യം ട്രോയ് നഗരത്തിന്റെ മഹിമയെ ഉണർത്തട്ടെ."

ഈ പ്രവചനങ്ങൾ കേട്ടശേഷം ഏനിയാസ് യാത്ര പുറപ്പെട്ടു. എല്ലാം തെയ്യാറായപ്പോൾ ഹെലനസ് ആ വീരന്നും, അങ്കിസെസ്സിന്നും വിലപിടിച്ച സമ്മാനങ്ങൾ കൊടുത്തു. പക്ഷേ അണ്ട്രോമേക്ക് അസ്റ്റാനിയസ് രാജകുമാരന്ന് തങ്കക്കസവും, പൂവുകളും പിടിപ്പിച്ച വസ്ത്രങ്ങൾ കൊണ്ടുവന്നു കൊടുത്തും അവനെ കണ്ണിമയ്ക്കാതെ നോക്കി പറഞ്ഞു: "കുഞ്ഞേ! ഇവയെടുത്തോളൂ! ഇവയെക്കൊണ്ട് ഹെക്ടറുടെ പത്നിയായ അണ്ട്രോമെക്കയെ ഓർമ്മവെക്കൂ! എന്റെ അസ്റ്റ്യാനാർക്സ് എന്ന കുഞ്ഞിന്റെ തമ്പി പകപ്പായ നീ നിന്റെ അവസാനത്തെ ബന്ധുവിന്റെ സമ്മാനം സ്വീകരിക്കുക. അഹോ! അവന്റെ കണ്ണ്, കൈ, നോട്ടം എല്ലാം നിന്റേതുപോലെയായിരുന്നു; യവനരുടെ ക്രൂര വാളിന്നിരയാകാതിരുന്നെങ്കിൽ അവനും നിന്നെപ്പോലെ ഇപ്പോൾ യൌവ്വനത്തിലേക്കു കാലെടുത്തുവെക്കുകയായിരിക്കും." അശ്രുപൂർണ്ണലോചനങ്ങളോടെയാണ് ഏനിയാസ് അവരോടു വിടവാങ്ങിയത്. അന്നേരം അദ്ദേഹം തന്നോടും, അവരോടുമായി പ്രതിജ്ഞചെയ്തു: "ഞാനേതെങ്കിലും ഒരു കാലത്ത് ടൈബർനദീതീരമെത്തി ഒരു നഗരം സ്ഥാപിക്കുന്നപക്ഷം ഈ നാട്ടുകാരും ട്രോജന്മാരും ഒരു പുതിയ ട്രോയിനെ ഒരു നവോന്മേഷത്തോടെ പടുത്തുയർത്തും. ദൈവമേ! ആ രണ്ടു രാജ്യങ്ങളേയും ഇങ്ങിനെ സഖ്യം ചെയ്യിക്കണേ."

# ബഹളത്തെത്തുടൎന്നു ശാന്തി

അവരീരാജ്യം വിട്ടപ്പോ൦ അവരുടെ യാത്രയിലെ ഏററവും ദുർഘടംഘട്ടത്തെ സമീപിക്കുവാൻ തുടങ്ങി. കപ്പലുകൾ ഓടിക്കൊണ്ടിരുന്നു. വളരെ ചുരുക്കം സമയത്തിനുള്ളിൽ ഭിശർകക്കു ഇററലിയുടെ ക്ഷിണാഗ്രം കാണമാററായി. അപ്പോ൦ ട്രോജന്മാർ "ഇററലി" എന്നു ആൎത്തുവിളിച്ചു. റോമാസാമ്രാജ്യത്തിൻെറ സ്ഥാപകന്മാർ അന്നാദ്യമായി ഇററലിയുടെ മുഖമ്പുകൾ കണ്ടു. പക്ഷെ ഹെലനസ് മുന്നറിയിപ്പു തന്നപ്രകാരം അവരിവടെയല്ല കുടിയേറിപ്പാൎപ്പുറപ്പിക്കേണ്ടിയിരുന്നതു്. അവർ അവിടെ ഇറങ്ങിയതു് ആ രാജൎഷി പറഞ്ഞപ്രകാരമുള്ള യാഗം ചെയ്യാനായിരുന്നു. അവിടെ ദൂരെയൊരു കുന്നിൻമുകളിൽ അവർ അഥേനാ ദേവിയുടെ ക്ഷേത്രം കണ്ടു. ആ ദേവിക്കും, ജൂണോവിനും അവർ ബലിയൎപ്പിച്ചു. ഹെലനെസ് പറഞ്ഞപോലെ അദ്ദേഹം അന്നേരം ശിരസ്സു ഒരു അരുണപടത്താൽ മൂടി കൺമറച്ചു. പിന്നീടവർ സ

ഞ്ചാരം തുടങ്ങി. ടാറൻടം എന്ന രാജ്യം കടന്നു; അവിടെ ദൂരത്തു് ചക്രവാളത്തിൽ സിസിലിയിലുള്ള എറെറ്നാ പൎവ്വതത്തെ ദശിച്ചു. സമുദ്രം ആ പൎവ്വതത്തിന്മേൽ അടിച്ചലറുന്നതു കേട്ടു് അൻകിസെസ് പറഞ്ഞു: "ഇതാണു് ചാരിബഡിസിൻെറ ശബ്ദം. ഹെലനെസ് പറഞ്ഞ പാറക്കെട്ടുകൾ ഇതാണു്. നാം രക്ഷപ്രാപിക്കുക." അതിനാൽ പാലിന്യൂറസ് എന്ന കൎണ്ണധാരയൻ കൎണ്ണത്തെ യഥാപാകം തിരിച്ചു. മുൻശാമിയായ കപ്പൽ മറെറാരു മാൎഗ്ഗത്തിലൂടെ കടക്കുകയും, മററു കപ്പലുകൾ അതിനെ അനുഗമിക്കുകയും ചെയ്തു. ഈ അപകടങ്ങൾ തരണംചെയ്ത ശേഷം അവർ മറെറാന്നിലേക്കു വന്നു. അവർ ഒററക്കണ്ണൻരാക്ഷസന്മാരായ സൈക്ലോപ്സിൻെറ ദ്വീപോടണഞ്ഞു. രാത്രി മുഴുവൻ അവർ കരയുടെ അരികത്തുതന്നെ കഴിച്ചുകൂട്ടി. പക്ഷെ അവൎക്കു ഒന്നും കാണാൻ കഴിഞ്ഞില്ല; കാരണം നക്ഷത്രവും, താരാനാഥനും നഭോവീഥിയിലുണ്ടായിരുന്നില്ല. കടലും കരയും കൂരിരുട്ടിലാണ്ടിരുന്നു.

പ്രഭാതമായപ്പോൾ അവർ കാട്ടിൽനിന്നു തങ്ങളുടെ അരികത്തേക്കു മെലിഞ്ഞവനും, കീറപ്പറിഞ്ഞ വസ്ത്രമുടുത്തവനും ആയ ഒരാൾ ഓടിവരുന്നതു് കണ്ടു. വസ്ത്രങ്ങൾ മലീമസമായിരുന്നു, പുറമെ അയാളുടെ ശ്മശ്രുക്കൾ ജടപിടിച്ചിരുന്നു. എന്നിരിക്കിലും അയാൾ ഒരു യവനനാണെന്നു് അവർ മനസ്സിലാക്കി. ട്രോജന്മാരുടെ വസ്ത്രവും, ആയുധങ്ങളും കണ്ടിട്ടു അവനു ആദ്യം ഭയപ്പാടുണ്ടായെങ്കിലും അവനെ അതിലും ഭയങ്കരമായ ഒരു പേടി പിന്തുടരുണ്ടായിരുന്നു. അയാൾ കടപ്പുറത്തേക്കു വന്നു് ദൈവത്തെയോൎത്തു് തന്നെയെങ്ങിനെയെങ്കിലും കൂട്ടിക്കൊണ്ടു പോകണമെന്നു സംജ്ഞ കാണിച്ചു. അവനെ എവിടെ

കൊണ്ടുപോയി വിട്ടാലും തരക്കേടില്ല; കൊല്ലണമെങ്കിൽ അതു കൂടി ചെയ്തോട്ടെ; മനുഷ്യരാണ് കൊല്ലുന്നതെന്ന് സമാധാനമുണ്ടല്ലോ—അവർ അന്വേഷിച്ചപ്പോൾ അ യാൾ ഒഡിസസ്സിൻെറ അനുചരന്മാരിൽ ഒരാളാണെ ന്നും, ആ വീരൻ പോളിഫീമസ്സ് എന്ന സൈക്ലോപ്പ്സി നെ അന്ധനാക്കി അവിടെനിന്നു കപ്പൽ കയറിയപ്പോൾ സംഗതിവശാൽ വിട്ടേച്ചു പോയവനാണെന്നും അയാൾ പറഞ്ഞു. അതിൽ പിന്നെ അയാൾ കാട്ടുകളിലും ഗുഹക ളിലും ഒളിഞ്ഞു വസിച്ചുവത്രേ. കായ്കളും കനികളും ഭുജിച്ച് കഴിച്ചു കൂട്ടിയത്രെ. അവർ സംസാരിച്ചുകൊണ്ടിരിക്കെത്ത ന്നെ പോളിഫിമസ് കടപ്പുറത്തേക്കു ഇറങ്ങിവരുന്നത് ട്രോജന്മാർ കണ്ടു. വഴിയറിയുവാൻ ഒരു വലിയ മരത്ത ടിയെ ഒരു വടിയായി ഉപയോഗിച്ചിരുന്നു. വേഗത്തിൽ നങ്കൂരക്കയറുകൾ മുറിച്ച് യാത്രയാക്കി. ആ രാക്ഷസൻ ഈ ശബ്ദം കേട്ടു അങ്ങോട്ടു വരാൻ നോക്കി. പക്ഷേ അ വൻെറ അന്ധതയും, സമുദ്രത്തിലെ തിരമാലയും തടസ്സ മായിനിന്നു. അവൻ അവൻെറ സഖാക്കളെ വിളിച്ചു. ട്രോ ജന്മാർ ഭയവിഹ്വലരായി ആവുന്നത്ര ശക്തിയുപയോഗി ച്ച് തണ്ടു വലിച്ചുകൊണ്ടിരിക്കെത്തന്നെ, അവർ പോളി ഫിമസ്സിന്നരികെ വന്നു തുണയ്ക്കു കൂടുന്നതു കണ്ടു. പക്ഷേ ലേശം വൈകിപ്പോയെന്നതു ഭാഗ്യമായിപ്പോയി. അതി നാലവർ വീണ്ടും നടുക്കടലിലേക്കു നീങ്ങി. കാററും കോ ളും അവരെ ഓരോ സ്ഥലത്തേക്കു കൊണ്ടുചെന്നു. ഡ്രെ പാനം എന്ന ദ്വീപിലെത്തിയപ്പോൾ അവരിറങ്ങുകയും അവിടെവെച്ച് ഏനീയാസിന്ന് ഒരു വ്യക്തിപരമായ വ്യസനം നേരിടുകയും ചെയ്തു. അയാളുടെ വന്ദ്യപിതാവ് അവിടെ വെച്ച് പരലോകം പ്രാപിച്ചു.

പക്ഷെ പശ്ചാത്താപത്തിൻെറ കണികപോലുമി ല്ലാത്ത ജൂണോ ട്രോജന്മാരെ വെറുപ്പോടെ പിന്തുടൻ. ആദിമകാലത്തു ആ സൌന്ദര്യമത്സരത്തിൽ തന്നെ നി സ്സാരമാക്കിയ സംശതിക്ക് ആ ദേവി ആ ഇടയ രാജകു മാരൻെറ വംശത്തിന്ന് മാപ്പു നൽകിയിരുന്നില്ല. അതി ലും വിശേഷിച്ച് വീനസ്സിൻെറ മകനായ ഏനിയാസ്സി ൻെറ നേക്കു ജൂണോ തൻെറ കോപസ്ഫുലിംഗങ്ങൾ മുഴുവ നും ചൊരിഞ്ഞു. അതിനാൽ കപ്പൽ സംഘം അതിൻെറ പ്രാപ്യസ്ഥാനമെത്തുണുവെന്ന് കണ്ടപ്പോൾ ആ ദേവത മരുത്തുക്കളുടെ രാജാവിരിക്കുന്ന (ഇയോലസ്) സ്ഥല ത്തേക്കിറങ്ങി വന്നു. അവിടെ അദ്ദേഹത്തിന്ന് പ്രീതികര മായി പലതും ചെയ്യാമെന്നും, തൻെറ അധീനത്തിലുള്ള ഗന്ധർവ്വകന്യകളിൽ വെച്ച് ഏറ്റവും സുന്ദരിയായ ഒന്നി നെ വിവാഹം ചെയ്തുകൊടുക്കാമെന്നും പ്രതിജ്ഞ ചെയ്തു, അയാളെ വശത്താക്കുകയും അയാളോട്ട് കപ്പലുകളുടെ മീതെ കൊടുങ്കാററുകൾ വഷിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അയാൾ തനിക്കു ജൂണോവിൽ നിന്നു കരഗത മായ എല്ലാ ലബ്ധ്യങ്ങളേയും ഓർത്ത് കൃതജ്ഞനായി തന്നാൽ കഴിയുന്ന എല്ലാം ചെയ്തുകൊടുക്കാമെന്നു വാഗ്ദത്തം ചെയ്തു. അതിനാൽ അയാൾ മരുത്തുക്കളുടെ കെട്ടഴിച്ചു വിട്ടു. അപ്പോൾ അവ അനത്ഥമുണ്ടാക്കിക്കൊണ്ട് പടക കളുടെ മീതെ ആഞ്ഞടിച്ചു; ഇതേവരെ അനുഭവിക്കാത്ത നാശനഷ്ടങ്ങളൊക്കെ ഉണ്ടാക്കി. കപ്പലുകൾ ഓരോന്നാ യി പൊളിഞ്ഞുപോയി; ചിലതു പാറക്കെട്ടുകളുടെ മീതെ പോയി അടിച്ചു തകൻു; ചിലതു ചുഴലികളിൽ പെട്ടു ഇ ങ്ങിനി വരാതവണ്ണം മാഞ്ഞു; ചിലതിനെ അംബര ചും ബനത്തിന്നാഗ്രഹിക്കുന്ന പോലെ തോന്നിക്കുന്ന ജലധാ രകൾ ആകാശത്തേക്ക് എറിഞ്ഞു മറിച്ചു. അങ്ങിനെ

ഏഴു പടകുകൾ പോയ്പ്പോയി. ഇനിയും അധികം നശിക്കു മായിരുന്നു. ട്രോജൻ സംഘത്തിന്റെ പരമാന്ത്യം വരുമെന്നും, ദൈവീകമായ അരുളപ്പാടുകൾക്കൊന്നിനും വിലയില്ലാതായിത്തീരുമെന്നും കൂടി തോന്നി. പക്ഷെ, സമുദ്രദേവതയായ നെപ്ട്യൂണിന്—അലറുന്ന അലകൾക്കെല്ലാം അടിയിൽ അഗാധതയിൽ മരുവുന്ന ആ ദേവന്—വാരാശിക്കുപരിയുള്ള ഈ ബഹളം അറിവാനിടയായി. പ്രശാന്തമായി സ്ഥിതി ചെയ്യുന്ന ജലരാശിയെല്ലാം പ്രക്ഷോഭത്തിന്നിടയാക്കുന്നുവെന്ന യാഥാർത്ഥ്യം അയാൾ ധരിച്ചു. തന്റെ കല്പനയില്ലാതെ ഇത്തരമൊരു ബഹളമുണ്ടായതിന്ന് അദ്ദേഹത്തിന്ന് കോപമുണ്ടായി; അയാൾ പുറത്തേക്കു നോക്കുകയും, പടകുളുടെ ദയനീയാവസ്ഥ കാണുകയും ചെയ്തു. വാനവലോകത്തിലെ കശപിശകൾ അറിഞ്ഞ അയാൾക്ക് ഇതു ജൂണോവിന്റെ കസൃതിയാണെന്നു ബോദ്ധ്യമായി. അദ്ദേഹം പൂർവ്വപശ്ചിമ മാരുതന്മാരെ വിളിച്ച് പറഞ്ഞു: "ധിക്കാരികളായ മരുത്തുക്കളെ! എവിടെ നിന്നാണ് നിങ്ങൾക്കിതിന്ന് പ്രചോദനം? ഈ അടക്കമില്ലാത്ത അധികപ്രസംഗത്തിന്ന് പ്രേരണ കിട്ടിയതു് എവിടെ നിന്ന്? എന്റെ മേല്ക്കോയ്മയിൽ നിന്നുള്ള ആജ്ഞയില്ലാതെ കടലിലും, കരയിലും കോളിളക്കമുണ്ടാക്കാൻ നിങ്ങളോടാരു പറഞ്ഞു? പാരാവാരത്തിൻമേൽ പർവ്വതോന്നതങ്ങളായ ഓളങ്ങളെ സൃഷ്ടിപ്പാൻ നിങ്ങൾക്കെന്തധികാരം? ഇപ്പോൾ നിങ്ങൾ പരസ്പരമിടയുന്ന തിരകളെ ശാന്തമാക്കണം—വഴിയെ എന്റെ വരുതിക്കു കീഴടങ്ങി വസിക്കുവാൻ ഞാൻ നിങ്ങളെ പഠിപ്പിക്കാം. പോവൂ! നിങ്ങളുടെ നാടുവാഴിയുടെ അരികെ എന്റെ കല്പന വഹിച്ചു കൊണ്ടുപോവൂ! കടലും അതിന്നുപരിയുള്ള കാററിൻമണ്ഡലവും എന്റെ

സാമ്രാജ്യപരിധിയിൽ പെട്ടതാണ്. വിധിവശാൽ വാരാശി മുഴുവനും അതു ഭരിക്കാനുള്ള ത്രിശൂലവും ഏന്തിക്കാണായത്തമായിരിക്കുന്നതു്. അയാൾക്കു സമുദ്രത്തിൽ അലകൾ ഉണ്ടാക്കാനുള്ള അധികാരം പരിമിതമാണ്. അവിടെ അയാൾ മരുത്തുക്കളുടെ കാരാഗൃഹാധിപനായി വാണുകൊള്ളട്ടെ. അവിടെ തൊണ്ട പൊട്ടുന്നവരെ ഉച്ചത്തിൽ അയാൾ ആജ്ഞകൾ മുഴക്കട്ടെ.''

മരുത്തുക്കൾ അനുസരിച്ചു; പിൻവാങ്ങി; കടൽ ശാന്തമായി—ആ മഹാദേവൻ ശാന്തി വീശിയുംകൊണ്ടു് സമുദ്രത്തിന്നുപരി സഞ്ചരിച്ചു. അയാളുടെ അനുചരന്മാരായ കിന്നരസംഘം കപ്പലുകളെ കലമ്പൽ കൂട്ടുന്ന ഒരു ജനസംഘത്തിന്നിടയിൽ ഒരു ജ്ഞാനിയായ വൃദ്ധൻെറ ആഗമനം എപ്രകാരം നിശ്ശബ്ദതയുണ്ടാക്കുന്നുവോ അപ്രകാരം, അവയുടെ കുടുക്കുകളിൽ നിന്നു വേർപെടുത്തി. ബാക്കിയായ കപ്പലുകൾ തങ്ങൾക്കേററവും അരികെയുള്ള കരപ്രദേശമണയുവാൻ വെമ്പൽ കൊണ്ടു. ആ സ്ഥലം ആഫ്രിക്കയിലെ ലിബിയാ എന്ന പ്രദേശമായിരുന്നു. അവിടെ ഒരു ദ്വീപിനാൽ സുരക്ഷിതമായ ഒരു തുറമുഖം ഉണ്ടായിരുന്നു. രാജകുമാരൻ തൻെറ കഷ്ടപ്പെട്ടുഴലുന്ന പടകുകളെ അവിടെ കൊണ്ടുവന്നാക്കി. ഇരുപതു പടകുകളിൽ ഇപ്പോൾ ഏഴെണ്ണം മാത്രമാണവശേഷിച്ചതു്! അങ്ങിനത്തെ ശോച്യാവസ്ഥയിലാണ് അവരവിടെ ഇറങ്ങിയതു്.

അതിന്നിടയിൽ തൻെറ നരപുത്രനെ സഹായിക്കുവാൻ ആവുന്നേടത്തോളമെല്ലാം, അയാളുടെ ദിവ്യമാതാവ് വാനവലോകത്തിൽ പ്രവൎത്തിക്കുന്നുണ്ടായിരുന്നു— അശനിദേവത—നരന്മാരുടേയും, അമരന്മാരുടേയും ഏക

കസ്വാമി, അഖിലലോകപിതാവ്—ജൂപിററർ തൻെറ സിംഹാസനത്തിലിരുന്ന്, കരയും, കടലും, നരരും അടങ്ങിയ ലോകത്തെ സമീക്ഷണം ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ദൃഷ്ടി ലിബ്യൻ കടൽത്തീരത്തിൽ തെല്ലിട നിന്നു. ആ നിമിഷത്തിൽ തന്നെ സ്വല്ലോകത്തിൽ നേർമ്മയായ വായുവിൽ സൌന്ദര്യം വിതറിയുംകൊണ്ട്, ഹൃദയത്തിൽ കദനഭാരവുമേന്തി, താരാസദൃശലോചനങ്ങളിൽ അശ്രുക്കൾ നിറച്ചുകൊണ്ട് തൻെറ പുത്രിയായ വീനസ് അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷയായി. അവൾ ശകാരകലുഷമായ ദൃഷ്ടി അച്ഛൻെറ മേതെ പതിപ്പിച്ചു. ജൌവ്വിൻെറ പുത്രീയായ അവൾ—ഏനിയാസിൻെറ മാതാവായ അവൾ—ട്രോയിലെ പരദേവതയായ അവൾ പേടിച്ചും, പ്രതിഷേധിച്ചുംകൊണ്ട് പറഞ്ഞു: "സർവ്വശക്തനായ പിതാവേ! ഇററലിക്കു പോകുന്നിടത്തു കൂടി എല്ലാ സ്ഥലത്തും ആപത്തനുഭവിക്കാൻ തക്കവണ്ണം എൻെറ പുത്രനായ ഏനിയാസ്സോ, എൻെറ ട്രോജന്മാരോ, അങ്ങയോടത്ര കഠിനാപരാധങ്ങൾ ചെയ്തിരിക്കുന്നുവോ? വരും കാലങ്ങളിൽ അവർ ഇററലിയിൽ റോമാസാമ്രാജ്യം സ്ഥാപിക്കുമെന്ന് അങ്ങ് പ്രതിജ്ഞ ചെയ്തിട്ടുണ്ടല്ലോ. അച്ഛാ! ഇപ്പോൾ അങ്ങയ്ക്കു മനസ്സു മാറാൻ കാരണം എന്താണ്? ആ പ്രതിജ്ഞയിലാണ് എൻെറ പ്രതീക്ഷ മുഴുവനും നിലകൊണ്ടത്; അതാണ് എന്നെ ഇതേവരെ വളർത്തിപ്പോന്നത്—മറെറന്തു വന്നാലും ആ വിധിക്കെതിരാകയില്ല എന്നു ഞാൻ കരുതി—ഇന്നിതാ എൻെറ ജനങ്ങളെ തുടരെത്തുടരെയുള്ള നിർഭാഗ്യംമാത്രം പിടികൂടിയിരിക്കുന്നു. അവരുടെ കഠിനാദ്ധ്വാനത്തിന്ന് എന്നാണൊരു അവസാനം? ശേഷമുള്ള വീരന്മാരെല്ലാം ശാന്തിയിലും സമാധാനത്തിലുമെത്തിക്കഴിഞ്ഞു. സ്വർഗ്ഗീയപ

ലവി നല്ലമെന്ന് അങ്ങ് പ്രതിജ്ഞ ചെയ്തിരിക്കെത്തന്നെ, അവരുടെ കപ്പലുകഠം തകൎന്നു നഷ്ടപ്പെട്ടുപോയി, ഒരു ദേവതയുടെ ദ്വേഷ്യം കൊണ്ടു മാത്രം അവർ വഞ്ചിതരായി അവർ ഇററലിയിൽനിന്ന് അകന്നകന്നു പോകുന്നു. ഇതാണോ ഭക്തിക്കുള്ള പാരിതോഷികം? ഇതാണോ ഞങ്ങഠംക്കു നഷ്ടപ്പെട്ട സാമ്രാജ്യം തിരിച്ചുകിട്ടൽ?"

സൎവ്വ സംഹാരകനായ പിതാവ് മന്ദസ്മിതം ചെയ്തു—ആ പുഞ്ചിരിയാണ് ചണ്ഡമാരുതപ്രക്ഷുബ്ധമായ വാനത്തിൽ ശാന്തിയുണ്ടാക്കുന്നത്—തൻെറ പുത്രിയെ ചുംബിച്ച് പറഞ്ഞു: "പേടിക്കേണ്ട; നിൻെറ വീരന്മാരുടെ ഭാഗധേയം മായാതെ സ്ഥിരമായിക്കഴിഞ്ഞിട്ടുണ്ട്. നീ ആ നഗരവും അതിൻെറ ഭിത്തികളും ദശിക്കും. നീ കൃതജ്ഞത കൊണ്ട് ഏനിയാസിൻെറ ഹൃദയത്തെ വാനോളം ഉയൎത്തും. എനിക്കു മനസ്സു മാറിയിട്ടില്ല." അദ്ദേഹം ഏനിയാസിൻെറയും, അസ്കാനിയസ്സിൻെറയും വംശപരമ്പരയുടെ ഭാവിചരിത്രത്തെപ്പററി പ്രവചനരൂപത്തിലിങ്ങനെ പറഞ്ഞു: "അവരുടെ സാമ്രാജ്യത്തിന്നതിരു കല്പിക്കുന്നില്ല; അവരുടെ വംശപരമ്പരയ്ക്കു് ഒരു അവസാനവും കല്പിക്കുന്നില്ല. ഇപ്പോഠം അവരോടിത്ര കഠിന വൈരം പുലൎത്തുന്ന ധാൎഷ്ട്യദേവതയായ ജൂണോ കൂടി കുറേ കഴിഞ്ഞാൽ അവരോടുള്ള ദ്വേഷ്യം ത്യജിച്ച് അവരെ സഹായിക്കും. റോമാസമ്രാട്ടുകഠംക്കു മുന്നിൽ സൎവ്വജനങ്ങളും തല കുനിക്കും. ഒരു കാലംവരും! അപ്പോഠം ട്രോയ് രാഷ്ട്രം യവനരാഷ്ട്രത്തെ പ്രതികാരപൂൎവ്വം മുട്ടുകുത്തിക്കും. ഇന്നുവരെ അധഃപതിപ്പിച്ചിരിക്കുന്ന യവനജനതയെ അവരപ്പോഠം ഞെരിച്ചു മണ്ണോടു ചേൎത്തു അരച്ചുകളയും. അന്നു ജൂലിയൻെറ വംശജനായി സീസർ ഉദി

ച്ചയരും. അയാളുടെ സാമ്രാജ്യം സാഗരപര്യന്തമായിരിക്കും. അയാളുടെ കീർത്തി "ആദിമദ്ധ്യാവസാനാന്ത"മായുള്ള വാനവലോകം പരക്കും. പൂർവ്വദിക്കുകളിലെ വിജയങ്ങളിൽനിന്നു സിദ്ധിച്ച കാഴ്ചദ്രവ്യങ്ങൾ കൊണ്ടുവന്ന് അയാൾ ഞങ്ങളെ പ്രസാദിപ്പിക്കും. അയാളുടെ അന്നത്തെ യാഗാഗ്നിയിൽ നിന്നുയരുന്ന സുഗന്ധധൂമപടലം ഞങ്ങളേവരേയും ചൂഴന്നുകൊണ്ടിരിക്കും. അപ്പോൾ വെറും വാദപ്രതിവാദ കോലാഹലങ്ങളും, ദ്രോഹപരമായ യുദ്ധങ്ങളും ശമിക്കും. ശാന്തി പുലരും. നിഷ്കാസിതമായ ഈശ്വരഭക്തി വീണ്ടും നാട്ടിൽ വന്നു ചേരും. ഭക്തിമയമായുയർത്തിയ ദേവാലയങ്ങളിൽ പുണ്യാഗ്നികൾ ജ്വലിച്ചുകൊള്ളും. അന്നു ദുഷ്ടകൃത്യങ്ങൾ നശിക്കും." ഇതിന്നു ഒരു സൂചനയായി ജഗൽപിതാവു് തൻ്റെ സന്ദേശവാഹകന്മാർ മൂലം ലിബിയയിലെ ജനങ്ങളുടേയും, രാജ്ഞിയുടേയും ഹൃദയത്തെ കരുണാർദ്രമാക്കി. നവാഗതരായവരെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യാനും അവരെ പ്രേരിപ്പിച്ചു.

## ഡീഡോവിന്റെ പ്രേമം

അന്നാട്ട് അന്നു ഭരിച്ചിരുന്നതു് ഡീഡോ എന്ന റാണിയായിരുന്നു. യുവതിയായ അവളെ അവളുടെ സഹോദരൻ ടയർ എന്ന രാജ്യത്തിൽ നിന്നു് ചതിച്ചോടിച്ചതായിരുന്നു. അയാൾ അവളുടെ ഭർത്താവും, ടയർ മന്നവനുമായ സിക്കായസ് എന്നാളെ വധിച്ചു. അതിനാൽ അവളും അസംഖ്യം ശരണാഗതരും കൂടി അവൾക്കു സംഭരിക്കാൻ കഴിയുന്നത്ര മുതലുകൾ എടുത്തുകൊണ്ടു് ഈ പുതിയ ഭൂമിയിൽ വരികയും, കാർത്തേജ് എന്നു പേരായ ഒരു പുതിയ പട്ടണം നിർമ്മിക്കുകയും ചെയ്കയായിരുന്നു. അങ്ങിനെ ലിബിയയുടെ തീരങ്ങളിൽ രണ്ടു ശരണാഗതർ ഒന്നിച്ചു ചേർന്നു. ശതാബ്ദങ്ങളായി നടന്നു വന്നിരുന്ന കലഹങ്ങളും യുദ്ധങ്ങളും അടുത്തു നടക്കാനിരിക്കുന്ന വിശേഷസംഭവത്തിൽ അലിഞ്ഞദൃശ്യമായി. രാത്രി മുഴുവനും ധ്യാനത്തിൽ കഴിച്ചുകൂട്ടിയ ശേഷം പുതിയ ധൈര്യത്തോടും, മനസ്സ്ഥൈര്യത്തോടും രാജകുമാരൻ കാർത്തേജിലേക്കു ത

രിച്ചു. അയാറം ഒരു സുഹൃത്തിനെ കൂടെക്കൂട്ടി രണ്ടുപേരും കൂടി രാജ്യം കാണുന്നതിന്നു നടന്നു. കുറേ ദൂരത്തേക്കു കാടും, പടലും, തടാകവും നിറഞ്ഞ ഭൂമിയല്ലാതെ ഒന്നും ഒന്നും ദൃശ്യമായില്ല. അന്നാട്ടുകാരുടെ മനസ്സെങ്ങിനെയെന്നറിയുന്നതുവരെ പുറത്തു കാണരുതെന്നു കരുതി അവർ കപ്പലുകളെ ചില പാറക്കെട്ടുകറംക്കിടയിൽ ഒളിച്ചുനിർത്തി. ഒരു ഉറപ്പുള്ള കുന്തം മാത്രം എടുത്താണു് രണ്ടുപേരും പുറപ്പെട്ടതു്. കാട്ടിലെത്തിയപ്പോറം അവക്കു വേടവേഷത്തിലുള്ള ഒരു വനിതയെ കാണായി. അവളുടെ ചുമലിനെ ആധാരമാക്കി ഒരു വില്ലു തൂങ്ങുന്നുണ്ടു്. അവറംക്കു ശിരോവസ്ത്രം ഒന്നുമില്ല. അവളുടെ മുട്ടിന്നുതാഴെ വസ്ത്രമില്ല. അതു് സ്പാർട്ടയിലേയൊ മറേറാ സ്ത്രീയൊന്നുമല്ല. വനവേടവേഷത്തിൽ വന്ന ഏനിയാസിൻെറ മാതാവായ വീനസ് തന്നെയായിരുന്നു. ഒരൊററ നോക്കിന്നു് അവറം ദിവ്യത്വമുള്ളവളാണെന്നു് യുവരാജാവു് മനസ്സിലാക്കി. അവറം വിളിച്ചു പറഞ്ഞു. "അഹോ ഭടന്മാരെ! എൻെറ സോദരി ഇവിടെയെങ്ങാനും വേട്ടയാടുന്നതു നിങ്ങറം കണ്ടുവോ?"

"പെണ്മണേ!—അങ്ങിനെയല്ലാതെ എങ്ങിനെ സംബോധന ചെയ്യട്ടെ—നിങ്ങളുടെ സോദരിയെ കണ്ടിട്ടില്ല. നിങ്ങറം ദേവതയാണോ? നിങ്ങറം അപ്പോളോ ദേവൻെറ സഹോദരിയാണോ? അതോ വല്ല അപ്സരസ്സുമോ? സഞ്ചാരികളായ ഞങ്ങറം എവിടെയാണെന്നു പറയുക! ഞങ്ങറം പുണ്യയാഗങ്ങറം നടത്തിക്കൊള്ളാം."

അവറം പറഞ്ഞു: "ഞാനതൊന്നുമല്ല. ഒരിടയ വനിതയാണു്. ഇതു കാർത്തേജ് എന്ന രാജ്യമാണു്." എന്നു പറഞ്ഞതിന്നു ശേഷം തുടൎന്നുകൊണ്ടു് അവറം ഡീഡോ

വംൻെറ ആഗമനവൃത്താന്തം സംഗ്രഹിച്ചു പറഞ്ഞു. അതു അവസാനിച്ചപ്പോ൦ അവ൦ ചോദിച്ചു: “എന്നാൽ നിങ്ങ൦ — നിങ്ങ൦ ആരാണ്? ഏതു നഗരത്തിൽ നിന്നു വരുന്നു, എങ്ങോട്ടാണ് യാത്ര?”

അയാളും തൻെറ ചരിത്രം ചുരുക്കിപ്പറഞ്ഞു: “എന്നെ സംബന്ധിച്ചേടത്തോളം ഏഷ്യക്കും, യൂറോപ്പിന്നും ആവശ്യമില്ലാത്ത ഞാൻ ആഫ്രിക്കൻ തരിശുഭൂമികളിൽ അലയുകയാണ്. അവ൦ ഇപ്രകാരം പറഞ്ഞു: “നിങ്ങളാരായാലും ശരി. നിങ്ങ൦ ഈ പട്ടണമെത്തിയ സ്ഥിതിയ്ക്കു നിങ്ങളെ ഈശ്വരൻ വെടിഞ്ഞിട്ടില്ലെന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു.” ഏനിയാസിന്നു അറിയാൻ കൂടി അസാദ്ധ്യമായ അത്ഥത്തോടു കൂടി അവ൦ തുടന്നു: “എൻെറ പിതാക്കൾ അസത്യം പറയുക അല്ല എങ്കിൽ, നിങ്ങളുടെ സുഹൃത്തുക്കളും, കപ്പൽസംഘവും, അപായമില്ലാതെ തുറമുഖത്തണയുന്നുണ്ട്. നിങ്ങ൦ രാജ്ഞിയുടെ മാളികമുററത്തു പൊയ്ക്കോളൂ. ഈ പാത അങ്ങോട്ടേയ്ക്കു തന്നെയാണ്.”

അവ൦ തിരിഞ്ഞുനിന്നു. അപ്പോ൦ പ്രഭാപൂരവും, സുഗന്ധപൂരവും ഒന്നിച്ചു മിളിതമായി. അവ൦ ഒരു ദേവത തന്നെ സംശയമില്ല. ഏനിയാസിന്നു ദേവതമാരെ തിരിച്ചറിയാം. അയാ൦ അവളെ വേർതിരിച്ചറിഞ്ഞു. അയാ൦ അവ൦ക്കു പുറകെ ഓടി ഇങ്ങിനെ പറഞ്ഞു: “ഈ കൃത്രിമാകൃതിയിൽ വന്ന് നിങ്ങളെന്തിന്ന് സ്വന്തം പുത്രനെ പരിഹസിക്കുന്നു? എന്തിന്നാണിത്ര ക്രൂരത! എന്തുകൊണ്ടാണ് നാം പരസ്പരം സ്പർശിക്കയും, സത്യാവസ്ഥ പറയുകയും കേ൦ക്കുകയും ചെയ്യാത്തതു്?” പക്ഷെ അയാ൦ അങ്ങിനെ പ്രലപിച്ചുകൊണ്ടിരിക്കെത്തന്നെ അവ൦ അദൃശ്യയായി. അവ൦ പോകുന്ന അവസരത്തിൽ പുത്ര

ൻേറയും സുഹൃത്തിൻേറയും ചുററുപാടും ഒരു തിരസ്കരണി പ്രയോഗിച്ചു. അതിനാൽ അവർ നടക്കുന്നതു് ആരും കണ്ടില്ല.

ഇങ്ങിനെ അത്ഭുതകരമായ രീതിയിൽ സുരക്ഷിതരായി അവർ കാർത്തേജിലെ ജനങ്ങൾ കെട്ടിടങ്ങൾ പണിയുന്നേടത്തു വന്നു; ചിലർ പട്ടണഭിത്തികൾ പണിയുന്നു; ചിലർ നഗരമദ്ധ്യസ്ഥാനം നിർമ്മിക്കുന്നു; ചിലർ പ്രദർശനശാലകൾ പണിയുന്നു; ചിലർ രാജപാതകൾ വിരിക്കുന്നു. വേറെ ചിലർ നിലം അതിർത്തിയിട്ടു് വിഭജിച്ചുകൊടുക്കുന്നു. "ഇവർ നഗരനിർമ്മാണ പ്രവൃത്തിയിൽ മുഴുകിയിരിക്കകൊണ്ടു് ഭാഗ്യവാന്മാർ തന്നെ." എന്നു് ഏനിയാസ് ദീർഘശ്വാസത്തോടെ പറഞ്ഞു. ഇവിടെ ദൗർഭാഗ്യദോഷമാകുന്ന കാർമേഘത്താൽ ഇതേവരെ മൂടപ്പെട്ട അയാളുടെ ഭാഗ്യനക്ഷത്രം, ആ മൂടൽമഞ്ഞു വിട്ടു വെട്ടിത്തിളങ്ങാൻ തുടങ്ങി. നഗരമദ്ധ്യത്തിലെത്തിയപ്പോൾ റാണി തന്നെ ആസൂത്രണം ചെയ്തതും ശില്പികൾ വേലചെയ്തു മുഴുമിക്കുന്നതുമായ ഒരു മഹാക്ഷേത്രം കാണുമാറായി. അതിലെ പ്രതിഷ്ഠ ജൂണോ ദേവിയാണു്. ശ്രീമൂലസ്ഥാനത്തിൻെറ ഭിത്തികൾ നോക്കി അയാൾ അത്ഭുതപരവശനായി നിന്നു. കാരണം അവയിലുണ്ടു് ട്രോജൻയുദ്ധങ്ങളിലെ വീരദൃശ്യങ്ങൾ അങ്കിതമായിട്ടു്! ഓരോ സംഭവപരമ്പരയും അവിടെയുണ്ടു്. മഹാരഥന്മാരുടെ രൂപങ്ങൾ; അയാളുടെ ശത്രുക്കളുടെയും മിത്രങ്ങളുടെയും പ്രതിമകൾ! ട്രോയ്'ലസ്സ്, അക്കില്ലെസ്സ്; ഹെക്ടർ; ഹെക്ടറെ വധിച്ച അക്കില്ലെസ്സന്നരികിലേക്കു, അയാളുടെ മൃതദേഹത്തെ ദാനം ചെയ്യുന്നതിന്നപേക്ഷിക്കുന്ന ഉയർത്തിയ കൈകളോടു കൂടിയ പ്രിയം! യവനമുന്നണിയെ പിളർന്നു പോകുന്ന താർ! അവൻ സുഹൃത്തിനോടു് പറഞ്ഞു; "സഖാവെ! നമ്മുടെ

ദുരിതാവസ്ഥ അറിയാത്ത ഒരു നാടെങ്കിലും ഉണ്ടോ? അതാ നോക്ക് അവരുടെ പ്രയം! ഇവിടേയും വ്യസനത്തിൻെറ വ്യാപ്തി മനുഷ്യൻെറ മനസ്സിനെ തരളിതമാക്കുന്നു: ഭയം പാടെ ഉപേക്ഷിക്കുക. ഇങ്ങിനെ ദൂരവ്യാപകമായ പ്രശസ്തി നമുക്കുണ്ടെന്നു് ഓക്കുമ്പോഠം മുക്തിയ്ക്കുള്ള ആശയ്യും വഴി തെളിഞ്ഞു കാണുന്നു."

അനങ്ങുവാൻ കഴിയാതെ അയാളവിടെ നിന്നിമേഷനായി നില്ക്കുമ്പോഠം കുറെ യുവവീരന്മാരാൽ പരീതയായി ലാവണ്യധാമമായ ഡീഡോറാണി തന്നെ വന്നു. താരാവൃന്ദത്തിന്നിടയിലൂടെ പൂർണ്ണചന്ദ്രനെന്നപോലെയായിരുന്നു അവളുടെ വരവ്. താൻ കെട്ടിപ്പടുക്കുന്ന സാമ്രാജ്യത്തെ സംബന്ധിച്ച് എന്തെല്ലാം ചെയ്യാനിരിക്കുന്നുവെന്ന സംഗതികളിൽ നിമഗ്നയായി ദൈവീകമായ ഒരു ആനന്ദത്തിലാറാടിയിട്ടാണ് അവർ സഞ്ചരിച്ചിരുന്നത്. ക്ഷേത്രത്തിലെ മദ്ധ്യഗോപുരത്തിന്നടിയിൽ ഉന്നതമായ ഒരു സിംഹാസനത്തിൽ അവഠം ഇരുന്നു. ആ സ്ഥലത്തെ ആയുധപാണികളായ ഭടന്മാർ കാവൽ ചെയ്തു. രാജോചിതമായ പല പ്രവൃത്തികളിൽ അവഠം വ്യാവൃതയായി. അവഠം അങ്ങിനെ ഇരിക്കവെ അദൃശ്യരായി ഏനിയാസും, സുഹൃത്തും അരികെ നില്ക്കുന്നു. അപ്പോഴേക്കും ഒരു വലിയ ജനക്കൂട്ടത്തിൻെറ അകമ്പടിയോടു കൂടി കുറെ അപരിചിതർ അവിടെ വന്നു. അദൃശ്യരായ കാണികളുടെ ഹൃദയത്തിൽ ഏകമാത്രയിൽ ഭയവും, സന്തോഷവും സമ്മേളിച്ചു. അവർ കടലിൽ മരിച്ചുപോയെന്നു വിചാരിച്ചു തങ്ങളുടെ കൂട്ടുകാരായിരുന്നു. അവരും ഒടുവിൽ കാററു് ജിനിയ കടൽത്തീരത്തു് അപായമില്ലാതെ എത്തിച്ചേന്നിരുന്നു. അവർ സിംഹാസനത്തിൻെറ അരികെ വന്നു. അവരിൽ ഏററവും പ്രായം ചെന്ന ആഠം തങ്ങളുടെ

കഥ പറയുവാൻ തുടങ്ങി. ഏന്നിയാസിന്നു ജ്ഞാതമായ ഭാഗം മുഴുവനും അയാൾ വിസ്തരിച്ചു. വിശ്രമത്തിന്നും, യഥോചിതമായ ആതിഥ്യത്തിന്നും, കപ്പൽനിർമ്മാണത്തിനു സാഹായ്യത്തിന്നും അവർ ചെയ്ത പ്രാർത്ഥനകൾ ഏന്നിയാസ് കേട്ടു. അയാൾ പറഞ്ഞതു ശരിവെക്കുവാനെന്നവണ്ണം കഥയുടെ അവസാനത്തിൽ എല്ലാവരും സമ്മതം മൂളി. ഏന്നിയാസിൻെറ നഷ്ടത്തിൽ അവർ ദീനദീനം വിലപിക്കുകയും ചെയ്തു.

റാണി ഔദാര്യസമേതം പറഞ്ഞു: "ട്രോയിലെ നിവാസികളെ! പേടിക്കേണ്ട! സമാധാനപ്പെടുക. അപരിചിതന്മാൎക്കു പെട്ടെന്നു സ്വാഗതം നല്കുന്നതിലും എൻെറ അതിത്ഥികളെ കാത്തു രക്ഷിക്കുന്നതിലും ഞാൻ ജാഗരൂകയായിരിക്കേണ്ടതാണ്. എങ്കിലും ഞാനും ട്രോയിലെ വീരകഥകളേയും ഏന്നിയാസിൻെറ അനുഗാമികളേയും സംബന്ധിച്ച് കേട്ടിട്ടുണ്ട്. നിങ്ങൾക്കാവശ്യമുള്ളതെല്ലാം ഞാൻ തരാം. നിങ്ങൾ ഇവിടെത്തന്നെ കുടിയേറിപ്പാൎത്ത് ഞങ്ങളുമായി ഏകരാഷ്ട്രമായി കഴിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങിനെ ആയ്ക്കൊള്ളട്ടെ; അതല്ല ഇവിടെ നിന്നും പോകുവാനാണ് അഭിമതമെങ്കിൽ നിങ്ങളെ എവിടെ വേണമെങ്കിലും എത്തുവാൻ സഹായിക്കാം. നിങ്ങളുടെ രാജാവായ ഏന്നിയാസിനെ സംബന്ധിച്ചേടത്തോളം, അദ്ദേഹം ഇവിടെ ഉണ്ടായിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു; പക്ഷെ അദ്ദേഹം നിങ്ങളെപ്പോലെ ഇവിടെ എങ്ങാനും അലഞ്ഞു തിരിയുന്നുണ്ടോ എന്നു നോക്കാൻ ഞാൻ ലിബിയ മുഴുവനും തിരയുവാൻ രാജദൂതന്മാരെ അയക്കാം.

അവളിങ്ങനെ സംസാരിച്ചപ്പോൾ ഏന്നിയാസിന്നു തൻെറ തിരസ്കരണി നീങ്ങിപ്പോകണേ :എന്ന വാഞ്ഛ

മനസ്സിലുദിച്ചു. അയാളുടെ അമ്മയുടേയും സമ്മതമായതിനാൽ ആ ദേവി അതിനെ പിൻവലിച്ചു. അപ്പോഠം അവിടെക്കൂടിയ ജനാവലിയും ഡീഡോവും അവരെക്കണ്ടു. വീനസ്സിൻെറ അമാനുഷികശക്തികൊണ്ട് അയാളുടെ പുരുഷോചിതമായ വീര്യവും സൌന്ദര്യവും ശതഗുണീഭവിച്ചു—ഏതാണ്ടൊരു ദേവൻെറ ആകാരം തന്നെ ഉണ്ടായിരുന്നു അയാഠംക്കു. തലമുടി മുഴുവൻ കീത്തിപ്രഭയാൽ വലയം ചെയ്തപോലെ തോന്നി. യൌവ്വനകാന്തി ദേഹത്തിൽനിന്നു ഓളം വെട്ടുന്നതായും അനുഭവപ്പെട്ടു. കണ്ണുകഠം സന്തോഷത്താലും യുവത്വത്താലും തിളങ്ങുന്നു. അയാഠം പ്രത്യക്ഷമായതുപോലെ തന്നെ അയാളുടെ ഗംഭീരസ്വരവും അവർ കേട്ടു: "നിങ്ങഠം ആരായുവാൻ ഉദ്ദേശിക്കുന്ന ആഠം ഇവിടെത്തന്നെയുണ്ട്. ട്രോയിലെ ഏനിയാസാണു് ഞാൻ! നിങ്ങഠംക്കു, ലോകത്തിൽ നിങ്ങഠംക്കു മാത്രം ഞങ്ങളിൽ കാരുണ്യമുണ്ടായിരിക്കുന്നു! ട്രോയിലെ ഈ ഉച്ഛിഷ്ടത്തെ സ്വാഗതം ചെയ്യാനും നിങ്ങളോട് കൂട്ടിച്ചേക്കുവാനും നിങ്ങഠംക്കു മാത്രം സന്മനസ്സുണ്ടായി. ഓ! ഡീഡോ! ഞങ്ങഠംക്കു്—സഞ്ചാരികളായ ട്രോജന്മാരിലൊരുത്തനും, ഞങ്ങളുടെ കൃതജ്ഞത തികച്ചും പ്രകാശിപ്പിക്കുവാൻ കഴിയുകയില്ല. പക്ഷേ പുകഠം ആജ്ജിക്കുന്ന പ്രവൃത്തികഠംക്കു് സ്വഗ്ഗത്തിൽ സ്ഥാനമുണ്ട്, എങ്കിൽ ന്യായത്തിനും, നീതിമാഗ്ഗത്തിനും, ഈ ലോകത്തിൽ സ്ഥാനമുണ്ട്. എങ്കിൽ ദേവന്മാർ നിങ്ങഠംക്കു സമ്മാനം നല്കാതിരിക്കില്ല. നദികളൊഴുകുന്നതുവരെ, പവ്വതങ്ങഠം അവയുടെ നീണ്ട ഛായയെ സാനുക്കളിൽ പതിപ്പിക്കുന്നതുവരെ, നക്ഷത്രങ്ങഠം ആകാശത്തു വെട്ടിത്തിളങ്ങുന്നതുവരെ, നിങ്ങളുടെ മാന്യതയേയും, നിങ്ങളുടെ പേരിനേയും, കീത്തിയേയും, ഞങ്ങഠം സ്പശിക്കുന്ന എല്ലാ രാജ്യങ്ങളിലും പ്രശം-

സിക്കും.” വികാരഭരിതനായി ഇങ്ങിനെ ഉച്ചരിച്ചുകൊണ്ട് രാജകുമാരൻ തൻെറ സഖാക്കളുടെ അരികെ ഓടിച്ചെന്നു; അവരെ ആലിംഗനം ചെയ്തു് അവരുടെ ഇടയിൽ, സിംഹാസനത്തിന്നഭിമുഖനായി നിന്നു.

ഡീഡോ, ഇരുന്ന സ്ഥലത്തുനിന്ന് ഒരു ശബ്ദവും പുറപ്പെടുവിക്കാതെ, ആ വീരനെ കണ്ണിമയ്ക്കാതെ നോക്കി ഇരുന്നു. അയാളുടെ ദർശനത്തിൽ അവൾ ആശ്ചര്യചകിതയായി. അയാളുടെ ഹതവിധിയോർത്ത് മാനസമുരുകി. ഒടുവിൽ മൌനം ഭഞ്ജിച്ച് അവൾ അയാൾക്ക് ഭയാശ്ചര്യങ്ങൾ കലർന്ന ഭാഷയിൽ സ്വാഗതമോതി. അയാളെപ്പററിയും, ട്രോയിയെപ്പററിയും, താങ്കൾ കേട്ടതെല്ലാം അവൾ ഓർമ്മവെച്ചു വീണ്ടും പറഞ്ഞു. തൻെറ നഗരത്തിന്ന് പ്രാപ്യമാകുന്ന എന്തും അയാൾക്കു വിധേയമാണെന്നു ഉറപ്പു നല്കി. അവൾ അർത്ഥഗർഭമായ രീതിയിൽ ഇങ്ങിനെ അവസാനിപ്പിച്ചു: “ഞാനും വിധിയാൽ ആനയിക്കപ്പെട്ടവളാണ്. നിങ്ങൾക്കുള്ളപോലെ കടുത്ത അനുഭവങ്ങൾ എനിക്കും ഉണ്ടായിട്ടുണ്ട്. അതിനാൽ, കഷ്ടപ്പാടുകളുടെ അനുഭവം അറിവായതുകൊണ്ട് വ്യസനമനുഭവിക്കുന്നവരെ സഹായിക്കാൻ ശീലിച്ചു കഴിഞ്ഞിട്ടുണ്ട്.”

കഴിഞ്ഞുപോയ ദുരിതാനുഭവങ്ങളുടെ സ്മരണധാരയിൽ ഏകീഭവിച്ചുകൊണ്ട്; ഭാവിയെസ്സംബന്ധിച്ച ശുഭപ്രതീക്ഷയിൽ മനം ഐക്യം പുലർത്തിക്കൊണ്ട്, പരസ്പരം വിസ്മയാദരങ്ങൾ നിറച്ചുകൊണ്ട് റാണിയും, ഏനിയാസും മാളികയിലേക്കു പോയി. കടൽക്കരയിലുള്ള മററു ട്രോജന്മാർക്കു ഭക്ഷ്യങ്ങൾ അയക്കപ്പെട്ടു. ദേവകൾക്കു യാഗങ്ങൾ ആഹുതി ചെയ്യപ്പെട്ടു; ആ വീരനും, സഖാക്കൾക്കും, സുഖസ്നാനത്തിനും, വിഭവസമൃദ്ധമായ വിരുന്നി

ന്നും ഏർപ്പാടുകൾ പൂർത്തിയായി. ആ വിരുന്നിന്ന് റാണിതന്നെ സന്മനസ്സോടെ സന്നിഹിതയായി. രാജകുമാരൻ ഭോജനശാലക്ക് എത്തിച്ചേരുമ്പോഴേക്ക് റാണി തൻെറ അമൂല്യപല്യങ്കത്തിൻെറ മേലാപ്പിന്നടിയിൽ, അവർക്കിടയിൽ വിശ്രമിക്കുന്നുണ്ടായിരുന്നു.

പക്ഷെ ആദ്യം ഏനിയാസ് തൻെറ സഖാവിനെ കടപ്പുറത്തുള്ള കപ്പലുകളിലേക്ക്, തങ്ങൾക്കു ലഭിച്ച ഹാർദ്ദസ്വാഗതത്തെപ്പററി പറയുവാൻ അയച്ചു. അയാൾ സഖാവിനോട്ട് ആജ്ഞാപിച്ചു: "നിങ്ങൾ പോയി എൻെറ പുത്രനെ ഇങ്ങട്ടു കൊണ്ടുവരേണം, ഈ മാളികയിലേക്ക്. അവിടെ കിട്ടാവുന്ന തിരുമുല്ക്കാഴ്ചകളും എടുത്തോളു. ട്രോയി നഗരത്തിൽനിന്ന് രക്ഷിപ്പാൻ കഴിഞ്ഞതവയിൽനിന്ന് ഏററവും മികച്ചവ: ഹെലൻ ധരിച്ച നേർമ്മയായ മൂടുപടം; പ്രയമിൻെറ പ്രഥമപുത്രി വഹിച്ചിരുന്ന ചെങ്കോൽ; ഒരു മുത്തുമാല; രത്നഖചിതമായ ഒരു കിരീടം" ആ സ്നേഹിതൻ കപ്പലുകളിലേക്ക് ത്വരിതഗമനം ചെയ്തു. അയാളെ ഏനിയാസിൻെറ മാതാവ് സ്വല്പം കബളിപ്പിച്ചു.

ഇതെല്ലാം കാണുകയും, ഇതേപ്പററി ചിന്തിക്കുകയും ചെയ്ത വീനസ്സിന്ന് ഡീഡോവിനെപ്പററിയും അവളുടെ പാരമ്പര്യത്തെപ്പററിയും ദുശ്ശങ്ക തോന്നിയിരുന്നു. ടീറിയന്മാർക്കു കളവു പറവാൻ നല്ല വശമാണെന്ന് അവൾക്കറിയാം. ജൂണോവിൻെറ ക്രൌര്യവും മനസ്സിനെ പുണ്ണാക്കി. അതിനാൽ കാർത്തേജിൽ വിരുന്ന് ഒരുക്കിയ സമയത്ത് വീനസ്സിൻെറ ഉൽക്കണ്ഠ വർദ്ധിച്ചു. പുതിയ ചില പദ്ധതികൾ അവൾ ആസൂത്രണം ചെയ്തു. ഡീഡോ, സ്വയം തുടങ്ങിയ പ്രവൃത്തി മുഴുവനാക്കണം. അതിനാൽ അ

സ്റ്റാനിയസ്സിന്നു പകരം തൻെറ മകൻ ക്യൂപ്പിഡ്ഡിനെ നിയോഗിക്കാം. ക്യൂപ്പിഡ്ഡ് മന്മഥനാണല്ലോ. അയാളെ അസ്റ്റാനിയസ്സിൻെറ ആകൃതിയിൽ പറഞ്ഞയച്ച് അവൻെറ പ്രേരണയാൽ ഡീഡോവിന്ന് ഏനിയാസിൻെറ പേരിൽ കലശലായ അനുരാഗം അങ്കുരിക്കാൻ ഇടയാക്കിവിടണം. അതിനാൽ വീനസ്, പക്ഷങ്ങളുള്ള തൻെറ മകൻ ക്യൂപ്പിഡ്ഡിനോട് പറഞ്ഞു: "എൻെറ മകനെ! എൻെറ ഉയിരേ! എൻെറ ശക്തിയാണല്ലോ നീ! ദേവപിതാവിൻെറ ഇടിവെട്ടലുകളെപ്പോലും പുച്ഛിക്കുന്നവനാണല്ലോ നീ. ഒരു സഹായം ആവശ്യപ്പെടാനാണു് ഞാൻ വന്നിരിക്കുന്നതു്. ഏനിയാസെന്ന നിൻെറ സഹോദരനു സംഭവിച്ച എല്ലാ കഷ്ടപ്പാടുകളും നിണക്കറിയാം. ഡീഡോ ഇപ്പോൾ അവനെ മഞ്ജുവാക്കുകളാൽ മയക്കി താമസിപ്പിക്കുന്നുവെന്നും നീ അറിയണം. ഡീഡോവിൻെറ പരദേവതയായ ജൂണോ എന്തൊരു ഉദ്ദേശ്യം ഉന്നംവെച്ചിരിക്കുന്നുവോ എന്നോർത്ത് ഞാൻ ഭയപ്പെടുന്നു. അതിനാൽ ഞാൻ ഡീഡോവിനെ കുടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. അവളിൽ കാമാഗ്നി ഉജ്ജ്വലിപ്പിച്ച് അവളെ ഏനിയാസിനോടുള്ള പ്രേമബന്ധം മൂലം എന്നോട് ബന്ധിക്കാനാണു് ഞാൻ ഉദ്ദേശിക്കുന്നതു്. ഇപ്പോൾ കേൾക്കു! എന്നെ സഹായിക്കു! അസ്റ്റാനിയസ് എന്ന ഓമനകുമാരൻ പിതൃശാസനയനുസരിച്ച് കാർത്തേജിലേക്ക് പോവാൻ തുനിയുകയാണു്. ഞാൻ അവനെ ഗാഢനിദ്രയിൽ വലയംചെയ്ത് ഇന്നത്തെ രാത്രി മാത്രം എൻെറ നാട്ടിലേക്കു കടത്തുന്നു. നീ അവൻെറ ആകാരത്തിൽ ഡീഡോവിൻെറ മുമ്പിൽ ചെല്ലുക. റാണി നിന്നെ ആലിംഗനം ചെയ്യുകയും ചുംബിക്കുകയും ചെയ്യുമ്പോൾ നീ

ൻെറ ചുംബനം അവളിൽ നിൻെറ ഉള്ളിലുള്ള കാമാഗ്നിയുണ്ടല്ലോ അതിൻെറ വിഷം ചെലുത്തണം. ക്യൂപ്പിസ്റ്റ്, ഈ വാക്കുകറം കേട്ട വഴിയെ അനുസരിച്ചു; അവൻ സ്വന്തരൂപം മറച്ചു; അസ്കാനിയസ്സിൻെറ രൂപം കൈക്കൊണ്ടു ഉദ്ദേശസാദ്ധ്യത്തിന്നായി നടകൊണ്ടു. വീനസ് അസ്കാനിയസ്സിനെ ഉറക്കത്തിലാഴ്ത്തി, തൻെറ പട്ടുമാർത്തടത്തോട് ചേർത്ത് തൻെറ നാട്ടിലെ പൂന്തോപ്പുകളിലെ ശീതപരിമളപരിപൂരിതച്ഛായയിൽ കിടത്തി.

ഏനിയാസ് വിരുന്നിന്നു വന്നു. അവിടെ റാണി കിടന്നിരുന്നു. ടീറിയന്മാരും ട്രോജന്മാരും അവിടെ സമ്മേളിച്ചിട്ടുണ്ട്. കാഴ്ചദ്രവ്യങ്ങറം സഭയിൽ കൊണ്ടുവരപ്പെട്ടു. റാണി ഏനിയാസിൻെറ പുത്രനായ അസ്കാനിയസ്സിനെ എല്ലാം കാഴ്ചകളേക്കാറം കൂടുതൽ സ്നേഹാശ്ചര്യദൃഷ്ടികളോടെ സമീക്ഷിച്ചു—അസ്കാനിയസ്സ് ക്യൂപ്പിഡ്ഡാണെന്നുള്ള സംഗതി വായനക്കാർ ഓർക്കണം—അയാറം സ്വർഗ്ഗീയകാന്തിയോടെ വിളങ്ങുവാൻ തുടങ്ങി. ഡിഡോ അവനെ കണ്ടു.അവളുടെ ദുർബ്ബുദ്ധി അവളെ പതുക്കെ വലയം ചെയ്തു. ആദ്യം അച്ഛനെ കെട്ടിപ്പുണന്ന് ആ ഹൃദയത്തിൽ പിതൃവാത്സല്യം നിറച്ച ഓമനകുമാരനെ അവറം കണ്ണിമക്കാതെ വിസ്മയത്തോടെ നോക്കി. അവൻ ആ റാണിയുടെ സമീപം ചെന്നു. അവറം പുനഃപുനഃ അവനെ നോക്കി. അന്നേരം അവളുടെ ഹൃദയവും, ആത്മാവും കൂടി അവളുടെ കണ്ണുകളിലാണോ എന്നു തോന്നും. അവനെ അരികിലണച്ചു ഓമനിച്ചു താലോലിച്ചു: വിട്ടുകളഞ്ഞു: പിന്നേയും തന്നോടു ചേർത്തിപ്പുണന്നു. അവനെസ്സംബന്ധിച്ച് അവളുടെ ഹൃദയം നൊന്തുപോയി. എത്ര ശക്തനായ ഒരു ദേവനെയാണ് താൻ ആലിംഗനം ചെയ്തിരുന്നതെ

ന്ന് ആ സാധുപ്പെണ്ണറിഞ്ഞിരുന്നില്ല. അമ്മയുടെ കല്പന കാത്ത്, ആ ദേവൻ തന്റെ പ്രവൃത്തിയിൽ ജാഗരൂകനായി. അല്പാല്പമായി അവൻ ധാവളുടെ പുതിയ സ്മരണ മാച്ചുകളഞ്ഞു. "പരേതരെ സംബന്ധിച്ച് പറയാം, അവർ സ്നേഹം രാജിവെച്ചു പോന്നതാണെന്നു. ഇപ്പോൾ അവൾ ഏനിയാസ് മയമായിരിക്കുന്നു." ഭക്ഷ്യങ്ങൾ അവസാനിച്ചു. വലിയ പാനപാത്രങ്ങളിൽ മധു കൊണ്ടുവരപ്പെട്ടു. രാജ്ഞിയുടെ ചൊല്പടിക്ക്, കനകനിർമ്മിതവും രത്നഖചിതവുമായ ഒരു മധുചഷകം ഹാജരാക്കി. അതു ആ മണിമാളികയിലുണ്ടായിരുന്നതും ഏററവും പുരാണപ്രശസ്തവും, അമൂല്യരാജകീയ നിധിയും ആയിരുന്നു. അവൾ അതിൽ ആ മാദകദ്രവ്യം പകർന്ന് തന്റെ മുന്നിൽ വെച്ചു. തൂങ്ങുന്ന നിരവധി വിളക്കുകൾക്കിടയിൽ, പ്രഭാപൂരം ചിതറിയിരുന്ന നിരവധി ചൂട്ടുകളുടെ വെട്ടത്തിൽ ഡിഡോ, നിശ്ശബ്ദരാകാൻ ആവശ്യപ്പെടുകയും, ആ മൌനത്തിൽ ഇങ്ങിനെ പറയുകയും ചെയ്തു: "പിതാവായ ജൌ ദേവതേ! അങ്ങയിൽ നിന്നാണല്ലോ ആതിഥേയമര്യാദ നിയമങ്ങളെല്ലാം പുറപ്പെടുന്നത്—ഇന്നത്തെ സുദിനം ട്രോജൻ സഞ്ചാരികളും, ടിറിയന്മാരുമായ ഞങ്ങൾക്കു, അനന്തസന്തോഷമേകുന്ന ഒന്നായിത്തീരട്ടെ—ഞങ്ങളുടെ പ്രപൌത്രന്മാരും, പൌത്രന്മാരും കൂടി ഈ സുദിനത്തിന്റെ സ്മരണ പുലർത്തട്ടെ—ആനന്ദദായകനായ മദിരാ ദേവതേ! ദാനദേവതയായ ജൂണോ! ഈ മംഗളദിനത്തെ അനുഗ്രഹീതമാക്കുക. ഈ സന്ധിയ എന്റെ ടിറിയന്മാരെ, നിങ്ങൾ ആദരിച്ചാലും!" അവൾ സ്വല്പം മദ്യം ഈശ്വരപ്രസാദാർത്ഥം നൈവേദ്യമായി പകർന്ന് സ്വല്പം നുകർന്നു; ചഷകത്തെ ചുററും അയച്ചു. അവളുടെ ഗായകപടുക്കളിലൊരാൾ മധുരസംഗീതമുതിർത്തു. ഗാനം, വസ്തു

കളുടെ ആദിമസൃഷ്ടിസ്സംബന്ധിച്ചും, പഴയ കാലത്തെ ജ്ഞാനത്തെക്കുറിച്ചും ആയിരുന്നു. സദസ്യരേവരും ആ ഗാനത്തെ പുകഴ്ത്തി. ഡിഡോ, സംസാരിച്ചു. സംസാരിച്ചു ആ സുഖദ യാമിനിയെ ദീഘിപ്പിച്ചു. അവരം അധികം കാര്യമായി നുകന്നതു് മദിരയേയല്ല, പ്രേമത്തേയാണ്. പ്രയം, ഹെക്ടർ, ഡയോമീഡ്സ്, അക്കില്ലെസ്സ് മുതലായ പ്രശസ്തന്മാരെ സംബന്ധിച്ച് അവരം പല ചോദ്യങ്ങളും ചോദിച്ചു. ഏനിയാസിനെക്കുറിച്ചും അയാളുടെ സഞ്ചാരങ്ങളെക്കുറിച്ചും ചോദിച്ചു. ഇവയെല്ലാററിന്നും രാജകുമാരൻ മറുപടി പറഞ്ഞു. നിശ്ശബ്ദമായ ആ സദസ്സിൽ വെച്ച്, ട്രോയ് നഗരത്തിന്റെ തകച്ചയും, തന്റെ കടൽയാത്രയും, തനിക്കുണ്ടായ ആപത്തുകളും വിസ്തരിച്ചു പറഞ്ഞു.

അങ്ങിനെ യാമങ്ങരം കഴിഞ്ഞു. ഒടുവിൽ ബന്ധുത്വം സ്ഥിരമാക്കി, സദ്യ കഴിഞ്ഞതിന്നു ശേഷം, റാണിയും, അതിഥിയും ഉറങ്ങാൻ ചെന്നു. പക്ഷെ ആ മധുര യാമിനിയിൽ ഡീഡോ ഉറങ്ങിയതെ ഇല്ല.

പാൽ പോലെ നിലാവു പരന്നിരുന്ന ആ ഇരവു മുഴുവനും ശരീരത്തെ ഇക്കിളിപ്പെടുത്താൻ തക്കവണ്ണം വീശുന്ന മന്ദസമീരണ സാന്നിദ്ധ്യത്തിൽ ഡീഡോ റാണി മധുരയാതനകരം അനുഭവിച്ചുകൊണ്ടു കിടന്നു. അവരം ഏനിയാസിന്റെ മഹൽകീത്തിയും, അദ്ദേഹത്തിന്റെ കുടുംബമാഹാത്മ്യവും ഓത്തോത്തു മനം മയങ്ങി. അദ്ദേഹത്തിന്റെ സുന്ദരാകാരം, സ്മൃതിദപ്പണത്തിൽ വീണ്ടും വീണ്ടും പ്രതിഫലിച്ചുകൊണ്ടിരുന്നു, വാക്കുകരം ശ്രവണപുടത്തിൽ ലോലകല്ലോലങ്ങളാൽ ഇക്കിളി കൂട്ടിക്കൊണ്ടിരുന്നു. പ്രണയാത്തയായ അവരംക്കു ഉറക്കമെവിടെ? പ്രഭാതമായ വഴിയെ അവരം സോദരിയായ അന്നയുടെ അരി

കെ ചെന്നു. അവളോടു ആ അപരിചിതനെപ്പററി സംസാരിച്ചു. തന്നോടുതന്നെ നൂറുരു ആവത്തിച്ച കാര്യം അവളോടു പറഞ്ഞു. അയാളുടെ ധൈര്യം, ഭാവങ്ങൾ, വംശപാരമ്പര്യം ഇവയെല്ലാം വിസ്തരിച്ചു പറഞ്ഞു. ഒരു പുനവ്വിവാഹത്തെപ്പററി ചിന്തിക്കാനെ വിചാരിച്ചിട്ടില്ല എന്നവൾ ഉറപ്പിച്ചു പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും, രണ്ടാമതും ഒരു പരിണയമുറിയിൽ പ്രവേശിക്കയെന്ന ചിന്തതന്നെ അവൾ ഉപേക്ഷിച്ചു കഴിഞ്ഞുവെന്നു പറഞ്ഞിരുന്നുവെങ്കിലും അവൾ മനസ്സിൻെറ തല്ക്കാല ദൌബ്ബല്യത്തിനു വഴിപ്പെട്ടെന്ന് ഹൃദയം തുറന്നു സമ്മതിച്ചു. സിക്കായസ് മരിച്ചശേഷം അദ്ദേഹത്തിൻെറ ചില സ്മരണയെ കലക്കി മറച്ചു കളയുവാൻ ഇദ്ദേഹത്തിന്നല്ലാതെ ആക്കും ഇതേവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ഇപ്പോൾ— അവൾ ആ ശപഥം വീണ്ടും തന്നോട് പറഞ്ഞ് പൊട്ടിക്കരഞ്ഞു. പരേതനായ പതിയോട് തൻെറ പ്രേമത്തിൻെറ സ്മരണ ശ്മശാനത്തിലും പുലത്തേണമേ എന്നു പ്രാത്ഥിച്ചു.

അന്ന മറുപടി പറഞ്ഞു: "പരേതക്ക് പാതിവ്രത്യചിന്തയെങ്ങാണ്ടുണ്ടോ? സഹോദരി! നീ ഈ പ്രേമമാഗ്ഗത്തിൽ സഞ്ചരിച്ചോളു! ഒരു വിരോധവുമില്ല. രാഷ്ട്രീയമായ ഒരു പ്രാധാന്യം കൂടിയുണ്ട് അതിന്ന്. ട്രോജന്മാരും കൂടെക്കൂടിയാൽ മരുപ്രദേശങ്ങളിലെ നാടോടിവഗ്ഗക്കാരെ വളരെ എളുപ്പത്തിൽ വെല്ലു വിളിക്കുവാൻ സാധിക്കും. ഇങ്ങോട്ടു വന്നാക്രമിക്കുന്ന ടയർ രാജ്യത്തിൻെറ മേലധികാരിയേയും ചെറുക്കാം. ഈ സഖ്യത്താൽ കാത്തേജിന്ന് ശക്തിയുടെ ഉച്ചകോടിയിലെത്താം. ഈശ്വരനോട് സഹായത്തിന്നു പ്രാത്ഥിക്കുക! ഈ മനുഷ്യന്നു ഹൃദയം തുറന്ന സ്വാഗതമരുളുക; ഇവിടെത്തന്നെ താമസിക്കണമെന്നു

അപേക്ഷിക്കുക. കൊടുങ്കാററടിക്കുന്നതു നിമിത്തം അയാ ൾക്കു കപ്പലുകൾ കടലിൽ ഇറക്കുവാൻ കഴിയാതിരിക്കു യല്ലെ—ഇപ്പോൾ ഉള്ള സമയം പാഴാക്കാതെ ഉപയോ ഗിക്കുക.”

റാണിക്കു വിസമ്മതമുണ്ടായിരുന്നില്ല. അവൾ ദേ വകൾക്കു വേണ്ടുന്ന നേച്ചകൾ ചെയ്തു. നിമിത്തങ്ങൾ നോക്കി. എങ്കിലും അവളിലുള്ള പ്രേമാഗ്നി കൂടുതൽ ഉ ജ്ജ്വലമായി എരിഞ്ഞു. അവൾ നിത്യേന ഏനിയാസി ൻെറ സാഹചര്യത്തിൽ കഴിഞ്ഞുകൂടി, അവൾ പട്ടണം മുഴുവൻ അദ്ദേഹത്തിനു കാണിച്ചുകൊടുത്തു. അയാളോടു ഉത്സാഹത്തോടെ സംസാരിക്കുന്നതിന്നിടയിൽ' പെട്ടെന്നു നിത്തിപ്പോവുക പതിവായിരുന്നു. നിത്യേന അവൾക്കു വിഭവസമൃദ്ധമായ വിരുന്നൊരുക്കി. ട്രോജൻ യുദ്ധത്തി ലെ അനുഭവങ്ങൾ ആവത്തിച്ചാവത്തിച്ചു പറവാൻ അ പേക്ഷിച്ചു. അയാൾ സംസാരിക്കുവാൻ തുടങ്ങിയാൽ ആ ഒച്ചയല്ലാതെ മററൊന്നും കേട്ടിരുന്നില്ല. ;രാത്രി വൈകീട്ട് അയാളും മററു വിരുന്നുകാരും വിശ്രമാത്ഥം പോയ്ക്കഴി ഞ്ഞാൽ, താൻ മുറിയിൽ തനിയെയായാൽ, അയാൾ കി ടന്നിരുന്ന കോച്ചിൽക്കിടന്നു്, ദൂരസ്ഥനായ അയാളുടെ സാമിപ്യം അനുഭവിക്കും. മകനിൽ അച്ഛൻെറ തത്സ്വരൂ പം കണ്ടു് അസ്കാനിയസ്സിൻെറ ഒരുമിച്ച് അവർ അധി കസമയം ചിലവഴിച്ചു. മകനെ ഇങ്ങിനെ ഓമനിക്കുന്ന തിനാൽ, താൻ ഹൃദയം തുറന്നു സംസാരിക്കാത്ത ആ പ്രേ മത്തിലേക്കു ഏനിയാസിനെ ആകഷിച്ചു കൂട്ടാമെന്നു

വറം കരുതി. ഇക്കാലമത്രയും അവറം നഗരനിമ്മാണത്തിൽ അശ്രദ്ധ കാണിച്ചു, പ്രവൃത്തി ക്രമേണ മന്ദീഭവിച്ച് ഒടുവിൽ തീരേ നിന്നു. എല്ലാററിലും ഒരു ആവരണം വന്നു വീണു. ജനങ്ങളും തങ്ങളുടെ റാണിയെപ്പോലെ മന്ദവൃത്തികളാവാൻ തുടങ്ങി.

---

## ദുഷ്പ്രവാദം

വാനവലോകത്തിലെ ദേവതമാർ ഡിഡോവിൻെറ ഹൃദയത്തിൽ കുടികൊള്ളുന്ന ഈ പ്രത്യേക രോഗത്തെ അറിഞ്ഞു. പരസ്പരവൈരികളായ വീനസും, ജൂണോവും ആ സംഗതിയെ താന്താങ്ങൾക്കനുകൂലമാക്കിത്തീർപ്പാൻ യത്നിച്ചു. ജൂണോ ആദ്യം പറഞ്ഞു: "തരക്കേടില്ല നിൻെറ ജയം! നീയും നിൻെറ പുത്രൻെറ പരദേവതയും കൂടി ഒരു സഹായമില്ലാത്ത പെണ്ണിൻെറ ഹൃദയത്തെ പരാജയപ്പെടുത്തിയതിൽ അത്രയൊന്നും വീര്യമില്ല. കാർത്തേജിൽ വീരന്മാൎക്കു കിട്ടിയ സ്വാഗതത്തിൽ നീ എങ്ങിനെ ഇടപെട്ടുവെന്നു ഞാൻ കാണുന്നു. നമ്മുടെ ഈ തൎക്കം ഇവിടെ അവസാനിപ്പിക്കാൻ വഴിയില്ലേ? അതല്ലെ വിവേകം? ഡിഡോ പ്രേമബദ്ധയാകണമെന്നു നീയാഗ്രഹിച്ചു. അങ്ങിനെ സംഭവിക്കയും ചെയ്തു. അതിനാൽ ഈ ജനങ്ങളുടെ പേരിലുള്ള ഭരണം സ്ഥാപിക്കാനായി നാം യോജിച്ച് ഒരു സഖ്യം ചെയ്യുക. അവർ അവളുടെ പ്രി

യതമനെ സേവിച്ചുകൊള്ളട്ടെ. ടീറിയന്മാർ നിൻെറ സംരക്ഷണയിലായിക്കൊള്ളട്ടെ."

വീനസ് ഇതിലെ കുടുക്കു കണ്ടു. ഏനിയാസ് സ്ഥാപിക്കാനുദ്ദേശിക്കുന്ന സാമ്രാജ്യം സാധിക്കുമെങ്കിൽ ആഫ്രിക്കയിലാക്കണമെന്നാണവളുടെ അഭിമതം എന്നവൾ ഊഹിച്ചു. അവൾ പറഞ്ഞു: "നിങ്ങളോടു മത്സരിക്കാൻ തക്കവണ്ണം വിഡ്ഢിത്തം ആർക്കാണ് ഉണ്ടാവുക? പക്ഷെ നാം ചെയ്യുന്ന ഈ സഖ്യത്തിൽനിന്ന് നന്മയുണ്ടാവുമെന്നു ഉറപ്പുണ്ടെങ്കിലല്ലെ? ജൌവിൻെറ വാഞ്ഛയെന്താണെന്ന് ഊഹിക്കാൻ പോലും നിവൃത്തിയില്ല; അദ്ദേഹം ഈ രണ്ടു രാഷ്ട്രങ്ങളും ഒരുമിച്ച് ഒന്നാകണം എന്ന് ആഗ്രഹിക്കുന്നില്ലെങ്കിലോ? നിങ്ങളല്ലെ അദ്ദേഹത്തിൻെറ സഹധർമ്മിണി. അദ്ദേഹത്തിൻെറ ഇഷ്ടമറിയുക. നിങ്ങൾ കടന്നു പ്രവർത്തിച്ചോളൂ. ഞാൻ സമ്മതം മൂളാം." ജൂണോ പറഞ്ഞു: "അങ്ങിനെ ആയ്ക്കൊള്ളട്ടെ. ഞാനുദ്ദേശിക്കുന്നതിങ്ങനെയാണ്. നാളെ ഡീഡോവും, ഏനിയാസും മൃഗയാവിനോദത്തിനു പുറപ്പെടും. അവർ ഗഹനവനത്തിലെത്തിക്കഴിഞ്ഞാൽ ഞാൻ ഒരു കൊടുങ്കാററുണ്ടാക്കാം. അതിനാലുണ്ടാവുന്ന അന്ധകാരത്തിലും, മാരിയിലും പരിവാരങ്ങൾ പിരിഞ്ഞു പൊയ്ക്കൊള്ളട്ടെ. ഡിഡോവും പ്രിയതമനായ ട്രോജനും തനിയെ ഒരു ഗുഹയ്ക്കുള്ളിൽ സന്ദർശിക്കട്ടെ—അവിടെ—നിങ്ങൾ സമ്മതിക്കുന്നപക്ഷം—ഞാൻ സന്നിഹിതനായി അവരുടെ വിവാഹം നടത്താം. അവളെ എന്നെന്നേക്കുമായി അവൻേറതാക്കിത്തീക്കാം." വീനസ് പൂർണ്ണസമ്മതം മൂളി. വാനവലോകറാണിയുടെ വഞ്ചനയിൽ അന്തരാന്തരാ മന്ദസ്മിതം ചെയ്കയുണ്ടായി.

പ്രഭാതമായി—ട്രോജന്മാരും, ടീറിയന്മാരും നായാട്ടിലേപ്പെട്ടു. കൊട്ടാരവാതുക്കൽ അവരെല്ലാം കുന്തം, വല,

KOTTAYAM PUBLIC ... KOTTAYAM

നായാട്ടനായ്ക്കൾ ഇവയൊന്നിച്ച് സന്നിഹിതരായി. റാണി, സ്വർണ്ണത്തിലും വെൽവെററിലും ആച്ഛാദിതയായി അവിടെയെത്തി. അവൾക്ക ചുമലിൽ കനകനിർമ്മിതമായ ഒരു തൂണീരവും ഉണ്ടായിരുന്നു. അസ്കാനിയസ് അവളുടെ സംഘത്തിലുണ്ടായിരുന്നു. ഏനിയാസ് മാളികാദ്വാരത്തിൽ വെച്ച് അവരെ എതിരേറ്റു. അവരെല്ലാം പട്ടണത്തിൽ നിന്നു സവാരി ചെയ്തു പർവ്വതപാർശ്വങ്ങളിലെത്തി. കുന്നും, മലയും, കാടും പടലും അളവില്ലാതെ പരന്നു പരന്നു കിടപ്പുണ്ട്. കാടോ ഇടതൂർന്നു വളൎന്നു വന്നിരിക്കുന്നു. പേടിച്ചോടുന്ന മാൻകൂട്ടത്തെക്കണ്ടു് അത്ഭുതം കൊണ്ടു് മതിമറന്ന അസ്കാനിയസ്സ് കുതിരക്ക വേഗത കൂട്ടി മുമ്പോട്ടു പാഞ്ഞു. അയാൾക്ക ഈ സാധുക്കളായ ഏണങ്ങളെ ആവശ്യമില്ല. അവയ്ക്കു വേണ്ടി കൂർത്തു മൂർത്ത ശരം കളയുവാൻ അവൻ തയ്യാറില്ല. കാട്ടുപന്നി, സിംഹം ഇവയിലാഞ്ഞു തറയ്ക്കണം തന്റെ ശൂലം—അതാണാഗ്രഹം. ഇങ്ങിനെ ആഗ്രഹംകൊണ്ടും ഉത്സാഹംകൊണ്ടും അവന്റെ ഹൃദയം തുള്ളിത്തുടിക്കെ ദേവകൾ അവരുടെ കർമ്മപദ്ധതി നിർവ്വഹിക്കുന്നുണ്ടായിരുന്നു. ആകാശം മേഘാവൃതമായി; ഘോരമായ ഇടിരടിതം കർണ്ണപടലത്തെ തുടരെത്തുടരെ ഭേദിച്ചു. മഴയും, ആലിപ്പഴവും, പർവ്വതസാനുക്കളിൽ ശക്തിയോടെ വന്നടിച്ചു. നായാട്ടുകാർ ഇതുകൊണ്ടുള്ള ശല്യം സഹിക്കാനാവതല്ലാതെ അവരവൎക്കു കിട്ടാവുന്ന രക്ഷാസങ്കേതങ്ങളെ തേടി തൽക്കാലം പാഞ്ഞു. ഇത്തരം ബഹളത്തിനും, എല്ലവരെ തുളയ്ക്കുന്ന പേമാരിക്കും ഇടയിൽ അന്ധരായ പരിചാരകരിൽ നിന്നു് പിരിക്കപ്പെട്ട റാണിയും കൂട്ടുകാരനും കുന്നുകളിലെ ഗുഹാന്തഭാഗത്തെത്തിച്ചേൎന്നു. അശനിദേവതയുടെ സാന്നിദ്ധ്യത്തിൽ, ഭൂമിയിലും വായുമണ്ഡലത്തിലും സംഭവിക്കുന്ന

ഈ ബഹളത്തിൽ, മിന്നൽപിണരുകളുടെ, കണ്ണു മഞ്ഞളിപ്പിക്കുന്ന പ്രകാശത്തിൽ അവരുടെ പ്രേമം അങ്ങിനെ പ്രവഹിച്ചു. ആരുമേതും കണ്ടതുമില്ല; കുററമാരോപിക്കുവാനുള്ള നാവുമില്ല. റാണി തൻെറ കാമാഗ്നിയുടെ രൂപത്തെ ഒളിച്ച്, തനിക്കു തന്മാത്രയിൽ സംഭവിച്ച ഹൃദയദൌർബ്ബല്യത്തിന്ന് വിവാഹമെന്ന ആ ഉന്നതപദവി നല്ലാൻ സന്നദ്ധയായി. ആ മുഹൂത്തത്തെ ആസ്വദിച്ച് ആപത്ത് തുങ്ങിനില്ക്കുന്നുണ്ടായിരുന്നു. ആ ദിവസം മരണത്തിൻെറ ഒന്നാം ദിവസമായിരുന്നു.

അവിടെ കണ്ണും നാവും ഉണ്ടായിരുന്നില്ലെന്നു പറഞ്ഞുവല്ലോ—എന്നിട്ടും ദുഷ്പ്രവാദം പൊങ്ങിവന്നു നാട്ടിലെങ്ങും ജുഗുപ്സാവഹമായ ദുമ്മണം പരത്തി. ഈ ദുഷ്പ്രവാദത്തിന്ന് പല ആകൃതികളും പറയപ്പെടുന്നുണ്ട്. അവൾ ഭൂമിയിൽത്തന്നെ ജനിച്ചവളാണെന്നും ഒരു രാക്ഷസിയുടെ ആകൃതിയുണ്ടെന്നും മനുഷ്യർ പറയുന്നു. അവൾക്കു വേഗതയുള്ള പക്ഷങ്ങളുള്ളതായി പറയപ്പെടുന്നു. മയിൽപീലി പോലെ ഓരോ തൂവലിന്നും ഓരോ കണ്ണുണ്ടത്രെ. അതിന്നനുയോജ്യമായി സംസാരിക്കാൻ കഴിയുന്ന നാവും; ഓരോ ശബ്ദവും കൌതുകത്തോടെ കേട്ടു കോൾമയിർ കൊള്ളാനുള്ള ചെവിയും! അവൾക്കു ഉറക്കമില്ല: രാത്രി ഉറക്കെ ചിലച്ചുംകൊണ്ട് പറന്നുകൊണ്ടിരിക്കയാണ്. പകലാകട്ടെ വല്ല ഉന്നതഗോപുരങ്ങളിലും ഇരുന്ന്, താൻ പറയുന്നതു് ചെവിക്കൊള്ളുന്ന നഗരങ്ങളിലെല്ലാം ഭയവും അത്ഭുതവും പരത്തുകയാണ്—അവൾ പറയുന്ന കഥ വാസ്തവമാകട്ടെ, നുണയാകട്ടെ, അതെപ്പററി അവൾക്കു കൂസലില്ല. ഇങ്ങിനെ അവളുടെ പതിവുപോലെ അവൾ ഇവിടേയും പ്രവത്തിച്ചു. ഏനിയാസും രാജ്ഞിയും

അവരുടെ രാജകീയ കർത്തവ്യങ്ങളിൽനിന്ന് വിരമിച്ചിരിക്കുന്നുവെന്നും, പരസ്പരാഭിനിവേശത്തിൽ മുഴുകിയിരിക്കയാണെന്നും ജനങ്ങൾ കേട്ടുതുടങ്ങി. ശിശിരകാലം സമാഗതമായപ്പോൾ കിംവദന്തിക്കു വ്യാപ്തിയും മുഴക്കവും കൂടിത്തുടങ്ങി. അവസാനം അതു് കാപ്പിരി രാജാവായ ഇയാർബാസിൻെറ ശ്രവണപുടംവരെ എത്തി. അയാൾ ആ ദേശത്തിൻെറയെല്ലാം അധിപനായിരുന്നു. റാണിക്കു്, താൻ നഗരം പണിയുന്ന പ്രദേശം മുഴുവനും ദാനം ചെയ്യാമെന്നും അയാൾ വാഗ്ദത്തം ചെയ്തിരുന്നു. എന്നിട്ട ഒരു വിവാഹാത്ഥനയുമായി അവളെ സമീപിച്ചിരുന്നു. എന്നാലിപ്പോൾ അവൾ തന്നെ വെറുക്കുന്നുവെന്നും, സ്ത്രീത്വമുള്ളവനും വസ്ത്രാഡംബരഭ്രമമുള്ളവനും അയോഗ്യനുമായ മറെറാരു സഞ്ചാരിയുമായി ഇണചേന്നിരിക്കുന്നുവെന്നും കേട്ട അയാൾ കോപത്തോടുകൂടി ക്ഷേത്രത്തിലേക്കു ചെന്നു. അവിടെ നിവേദ്യങ്ങളെല്ലാം സമപ്പിച്ച് ജൌവിനോട്ട് പ്രാത്ഥിക്കുകയും ആവലാതിപ്പെടുകയും ചെയ്തു.

സവ്വശക്തനായ ഈശ്വരൻ പ്രാത്ഥന കേട്ട് നടക്കുന്നതെല്ലാം കണ്ടറിഞ്ഞു—രാജാവ്, പട്ടണങ്ങൾ, കത്തവ്യവിമുഖരും, കീത്തിയെ അവഗണിക്കുന്നവരുമായ കാമിനീകാമുകന്മാർ. അദ്ദേഹം ദൈവദൂതനായ മെക്കറിയെ വിളിച്ച് ആജ്ഞാപിച്ചു: "ഏനിയാസിൻെറ അരികിലേക്ക് വിളംബം വിനാ ചെല്ലുക; വീനസ് മകനെ യവനരിൽനിന്നു രക്ഷിച്ചു ജീവിപ്പിച്ചതു്, അയാൾ കാത്തേജിൽ ഇങ്ങിനെ ചുററിത്തിരിയേണമെന്നുദ്ദേശിച്ചല്ല. ഇററലിയിൽ ഒരു സാമ്രാജ്യം സ്ഥാപിക്കണമെന്നും, അവിടെനിന്നു ലോകം മുഴുവനും ഭരിക്കണമെന്നുംവെച്ചാണ്. ഈ ഒരു ഭാഗധേയം അറിഞ്ഞിട്ടും അയാൾ അനങ്ങുവാൻ ആ

ലോചിക്കുന്നില്ലെങ്കിൽ, പുത്രനായ അസ്കാനിയസ്സിന് ല ഭ്യമായേക്കാവുന്ന രാജ്യം നഷ്ടപ്പെട്ടു കാണുവാൻ അഭിവാഞ്ഛയുണ്ടോ എന്നു ചോദിക്കുക. ഏതു തരത്തിലുള്ള അന്ത്യം വേണമെന്നാണാഗ്രഹിക്കുന്നത്? തനിക്കു വിരോധികളായ ജനതയുടെ ഇടയിൽ, ഇററാല്യൻ രാജ്യത്തെ ഉപേക്ഷിച്ച് അനന്തരഗാമികളെ വിസ്മരിച്ച് എന്തു കിട്ടാൻ പോകുന്നുവെന്നുവെച്ചാണ് അയാറം കഴിഞ്ഞുകൂടുന്നത്? അയാറം പുറപ്പെടട്ടെ!'' ഇതാണ് സന്ദേശസാരം.

# പ്രേമനൈരാശ്യം

മെക്കറി അനുസരിച്ചു. അയാൾ തനിക്കു സഞ്ചാരസാദ്ധ്യതയുണ്ടാക്കുന്നതും, ചിറകു പിടിപ്പിച്ചതും, കനകനിർമ്മിതവും ആയ പാദുകകൾ അണിഞ്ഞു; മന്ത്രക്കോലെടുത്തു—അതുകൊണ്ടാണയാൾ പരേതരുടെ ആത്മാക്കളെ നിയന്ത്രിക്കുന്നതു്. അതിനാലാണ് അവയെ സ്വർല്ലോകത്തേക്കും പാതാളത്തേക്കും അയക്കുന്നതു്—അതുകൊണ്ടാണ് നിദ്രാധീനരാക്കുകയോ, നിദ്രാലുപ്തന്മാരാക്കുകയോ ചെയ്യുന്നതു്. അതുകൊണ്ടാണ് മൃതിയടയുകയാൽ നിത്യമുദ്രിതങ്ങളായ അക്ഷികൾക്കു് നവപ്രകാശം നല്കുന്നതു്. അങ്ങിനെ ആയുധപാണിയായി, പറക്കെ, പക്ഷസംയുക്തനായി, അയാൾ മേഘമണ്ഡലങ്ങളിലൂടെ പറന്ന് ഉത്തരാഫ്രിക്കയിലെ അററ്ലാസ് പർവ്വതത്തിനുപരിയിലെത്തി. അവിടെയാദ്യം ഒന്നു നിന്നു. പിന്നെ കാർത്തേജിലേക്കു് ശരസമാനം പാഞ്ഞെത്തി. ഉടനെ അയാൾ ഏനിയാസിനെ കണ്ടു. അയാൾ ഡീഡോ കൊടുത്ത ഉത്തരീയം ധരിച്ചു് ഡീഡോവിന്റെ പ്രവൃത്തിയിൽ—ഡീഡോ

വിൻെറ നഗരം നിർമ്മിക്കുവാനുള്ള പ്രവൃത്തിയിൽ വ്യാപൃതനായിരുന്നു. ദേവൻ പ്രത്യക്ഷനായി ഇങ്ങിനെ പറഞ്ഞു: "നീയാണോ കാർത്തേജ് നഗരത്തിൻെറ അസ്ഥിവാരമുറപ്പിക്കുന്നത്? ഭാര്യക്കടിമയായ ഒരുവൻ! അവർക്കുവേണ്ടി ഒരു മഹാനഗരം പണിയുന്നു! നിൻെറ ഭാഗധേയത്തേയും, നിൻെറ സാമ്രാജ്യത്തേയും എത്രമാത്രം ഓർമ്മവിട്ടിരിക്കുന്നു! ദേവാധിദേവനായി ഒലിംപസ്സിൽ വാഴുന്ന ആ സർവ്വശക്തൻ, അഖിലബ്രഹ്മാണ്ഡത്തിൻേറയും അധീശൻ എന്നെ ഇങ്ങോട്ടയച്ചിരിക്കുന്നു, നിൻെറയരികെ ഒരു സന്ദേശം സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. നിനക്ക് ലിബ്യയിൽ എന്തു പ്രതീക്ഷയും ഉദ്ദേശ്യവും ആണുള്ളത്? നിൻെറ കീർത്തിയേയോ, മാഹാത്മ്യത്തെയോ പററിയുള്ള ചിന്ത നിന്നെ കർമ്മനിരതനാക്കുന്നില്ലെങ്കിൽ, യുവത്വത്തിലേക്കു പമ്മേന്നി നില്ക്കുന്ന പുത്രനായ അസ്കാനിയസ്സിനെയെങ്കിലും ഓർക്കുക. അയാളുടെ ആശയേയും, അനന്തരാവകാശത്തേയും ഓർക്കുക. അയാൾക്കായിട്ടെങ്കിലും നിങ്ങൾ ഇററലിയിൽ ഭരണം സ്ഥാപിക്കുകയും, റോമാസാമ്രാജ്യം സ്ഥാപിക്കയും വേണം."

ദേവനിങ്ങനെ പറഞ്ഞു തൊടിക്കുള്ളിൽ, ആ വാക്കുകളുടെ പ്രതിദ്ധ്വനിയവസാനിക്കുന്നതിന്നു മുമ്പുതന്നെ, വായുവിൽ മറ്റൊഞ്ഞെന്നതുപോലെ അലിഞ്ഞുദൃശ്യനായി; മനുഷ്യദൃഷ്ടിക്കു അഗോചരനായി.

ഏനിയാസ് സ്തംഭിച്ചു ഭയപ്പെട്ടുനിന്നു. അയാൾക്കു രോമാഞ്ചമുണ്ടായി. സ്വരം തൊണ്ടയിൽ ഒട്ടിപ്പിടിച്ചു. അനിഷേധ്യമായ വാനവാജ്ഞ ശ്രവിച്ച മാത്രയിൽ അയാൾക്കു ഒരാഗ്രഹം മാത്രം ശേഷിച്ചു: അവിടെനിന്നു പ

ലായനം ചെയ്യുക; സുഖപ്രദമായ ആ നാട്ടിൽനിന്നു രക്ഷപ്രാപിക്കുക. പക്ഷെ അയാരം അയാളോടുതന്നെ ഈ പ്രശ്നം ഉന്നയിക്കാൻ നിർബ്ബന്ധനായി; എങ്ങിനെയാണയാരം അവിടെനിന്നു പോകേണ്ടതു്. ഡീഡോവിൻെറ പ്രേമതപ്തമായ ഹൃദയത്തെ എന്തു കാരണവും പറഞ്ഞു് സമീപിക്കും? എന്താണയാരം ആദ്യം പറയേണ്ടതു്? ഉൽക്കണ്ഠാകുലനായി; സംശയഗ്രസ്തനായി അയാരം തെല്ലിട നിന്നു. അയാളുടെ മനസ്സിലാദ്യം ഒരു ഉപായം, പിന്നെ മററൊന്നു് ഇങ്ങിനെ പൊങ്ങിപ്പൊങ്ങി വന്നു. അങ്ങിനെ ഡോളായമാനമായ മനസ്സോടെ ചിന്തയുടെ അത്യഗാധതയിലോളം ഇറങ്ങിച്ചെന്നു് അയാരം ആരാഞ്ഞു. ഒടുവിൽ ഇങ്ങിനെയാണ് വഴി തോന്നിയതു്. നാവിക മേധാവികളെ വിളിക്കുക. അവരോടു് കപ്പലിലെ സാമഗ്രികളെല്ലാം സജ്ജമാക്കാൻ ആജ്ഞാപിക്കുക. നാവികരെ മുഴുവൻ തയ്യാറാക്കി നിർത്തുക. ഇതിനെപ്പററി ചോദ്യം വന്നാൽ മറേറതെങ്കിലും കാരണം കണ്ടുപിടിക്കുക. അതിന്നിടയിൽ താൻ റാണിയുടെ അരികെ ചെല്ലാം—അവളോ, പാവപ്പെട്ട ഹൃദയത്തോടെ ഇങ്ങനെയൊന്നു സാദ്ധ്യമാണെന്നോ, ഇത്തരം ശക്തമായ പ്രേമം തകർന്നു പോകുമെന്നോ വിശ്വസിക്കാൻ കൂടി തെയ്യാറല്ല—തരംനോക്കി, അവസരം പാർത്തു്, മൃദുലവാക്കുകരം തിരഞ്ഞെടുത്തുപയോഗിച്ചു്, സന്ദർഭത്തിൻെറ അത്യാവശ്യകതയെക്കുറിച്ചു് അവളോടു് പറയാം. അയാളുടെ ആരംക്കാർ അഭിനിവേശത്തോടെ ഇതു കേട്ടു. അക്ഷരം പ്രതി അനുസരിച്ചു.

പക്ഷെ, അഹോ, റാണി—ഒരു കാമിനിയുടെ ഹൃദയത്തെ വഞ്ചിക്കാൻ ആരാൽ സാദ്ധ്യമാവും?—ഈ സൂത്രം മനസ്സിലാക്കി ഭാവിയിലേക്കുള്ള പ്രവൃത്തിപദ്ധതിയുടെ മുന്നടിവെപ്പാണ് എന്ന വാസ്തവം ധരിച്ചു. എല്ലാം

ദ്ദേമാണെന്ന് പ്രത്യക്ഷമായപ്പോഠം, അവഠംക്കു പേടി തോന്നി. മാത്രമല്ല, മുമ്പൊരിക്കൽ പ്രസ്താവിച്ച കിംവദന്തിപിശാചികയുണ്ടല്ലോ, അവഠം റാണിയെ ഭ്രാന്തിയാക്കിത്തീക്കുവാനുള്ള വാത്തകഠം കൊണ്ടുവന്നു. ട്രോജന്മാർ എല്ലാവരും ഒരിടത്ത് കൂട്ടുന്നുവെന്നും, പുറപ്പെടാൻ കപ്പലുകഠം തയ്യാറാക്കുന്നുവെന്നും, ഒരു ദീർഘസമുദ്രയാത്രക്കുള്ള തെയ്യാറുകഠം എടുത്തുകഴിഞ്ഞുവെന്നും, അവഠം കേട്ടു. ഉന്മാദസദൃശമായ കോപത്തോടെ അവഠം നഗരത്തിലൂടെ ത്വരിതഗമനം ചെയ്തു. മദിരോത്സവത്തിനുശേഷം ആരാധകന്മാർ കുടിച്ചാത്ത്, ആവേശത്തോടും, ചിത്തഭ്രാന്തിയോടുംകൂടി അട്ടഹസിക്കുന്നപോലെ ആഞ്ഞുതണഞ്ഞു. കോവലന്റെ മരണവാത്ത കേട്ട കണ്ണകിയോ അത്! അവഠം ഏനിയാസിന്റെ മുമ്പിൽ വാക്ശരങ്ങഠം പ്രയോഗിക്കാൻ തുടങ്ങി: "വഞ്ചകാ! ഈ പാപം ഒളിച്ചുവെച്ച് നിശ്ശബ്ദനായി ഇവിടെനിന്ന് പോകണമെന്നു പ്രതീക്ഷിച്ചുവോ! നമ്മുടെ പ്രേമത്തിന്നോ, പരസ്പരഹസ്തദാനത്തിന്നോ നിങ്ങളെ ഇവിടെ പിടിച്ചുനിത്താൻ കഴികയില്ലയോ? ഡീഡോവിന്ന് സംഭവിക്കാൻ പോകുന്ന ദാരുണമായ മരണത്തിന്—മരണം അനിവാര്യമാണെന്ന് തീച്ചയാണ്—നിങ്ങളെത്തടഞ്ഞുനിത്തുവാൻ കഴികയില്ലേ?—ഇത്ര ധൃതിയോ—പഷാണഹൃദയാ!—ശിശിരകാലത്ത്, പ്രതികൂലമാരുതനുള്ളപ്പോഠംപോലും പുറപ്പെടുവാൻ തക്കവണ്ണം അക്ഷമനോ! വെറും അപരിചിതരാജ്യങ്ങളിലേക്കല്ലെ, നശിക്കാത്ത ട്രോയ് ഇപ്പോഴും ഉണ്ടെങ്കിൽ, ആ സ്വദേശമായ ട്രോയിലേക്കുപോലും നിങ്ങളിപ്പോഠം പുറപ്പെടുമോ? നിങ്ങഠം ത്യജിക്കേണ്ടതു് എന്നെയാണോ? ഇതാ ഈ തപ്താശ്രുക്കളെയോത്ത്—അങ്ങ ഗ്രഹിച്ച ഈ പാണികളെയോത്ത്—ഇവയല്ലാതെ ഈ ദുരി

താവസ്ഥയിൽ എനിക്കെന്തു ബാക്കിയുണ്ട്?—നാം ആരംഭിച്ച വിവാഹത്തെയോർത്ത്, ഞാൻ നിങ്ങൾക്കു വല്ലതും നന്മ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾക്കു മധുരമയമായി എന്നിൽ വല്ലതും ഉണ്ടായിരുന്നുവെന്നു് തോന്നീട്ടുണ്ടെങ്കിൽ— ഇപ്പോൾ ഇളകിമറിയുവാൻ പോകുന്ന ഈ സാമ്രാജ്യത്തിനോടു് ദയവുണ്ടാകണേ! ഇനി കെഞ്ചിയാൽ വല്ലതും ഫലമുണ്ടെങ്കിൽ ഞാനിതാ കെഞ്ചുന്നു, നിങ്ങളുടെ ഉദ്ദേശ്യത്തെ മറക്കുക. നിങ്ങൾക്കുവേണ്ടി ഞാൻ ലിബ്യയിലെ മററു മന്നവന്മാരേയും, നാടോടി മേധാവികളേയും കുപിതരാക്കിയിരിക്കുന്നു! എൻെറ പ്രജകളുടെ സ്നേഹാദരങ്ങളെത്തന്നെ ഞാൻ കളഞ്ഞുകുളിച്ചിരിക്കുന്നു. എൻെറ മുമ്പിലത്തെ അഭിമാനവും കീത്തിയും പൊയ്പോയി—വാനവലോകത്തേക്കു് എന്നെ അണയ്ക്കുന്ന സൽപ്പേരും ധവളകീത്തിയും പൊയ്പോയി! എൻെറ അതിഥേ! ഭത്താവെന്ന നാമത്തെ എടുത്തുകളഞ്ഞാൽ അതുമാത്രമാണല്ലോ ബാക്കി! – മരണവേളയിൽ എന്നെ ആക്കാണു് നിങ്ങൾ ഇട്ടേച്ചുപോകുന്നതു്? ഞാനെന്തിനു ജീവിക്കണം? എൻെറ സഹോദരൻ തൻെറ ഉടപ്പിറന്നവളുടെ നഗരത്തെ തകത്തു തരിപ്പണമാക്കുന്നതു കാണുന്നതിന്നോ? ഇയാർബസ് ഭൂമിപൻ എന്നെ തടവിലാക്കുന്നതു കാണുന്നതിന്നോ? നിങ്ങളിങ്ങനെ ഉപേക്ഷിച്ചുപോവുന്നതിനുമുമ്പെ ഒരു കുഞ്ഞു ജീവിച്ചിരുന്നുവെങ്കിൽ, നിങ്ങളുടേതുമാതിരി ആകൃതിയുള്ള ഒരു ബാലൻ തൻെറ കളിയാൽ എൻെറ മാളിക ദീപ്തമാക്കിയിരുന്നെങ്കിൽ! ഞാനിങ്ങനെ പരിത്യക്തയാണെന്നോ, ഏകാകിനിയാണെന്നോ ഉള്ള പരിഭവം ഉണ്ടാകുമായിരുന്നില്ല."

റാണിയിങ്ങിനെ സംസാരിക്കുന്ന വേളയിൽ ജൌവേനിൽനിന്നു് ഭയദമായ മുന്നറിയിപ്പു ലഭിച്ചിരുന്ന ഏ

നിയാസ് നിർന്നിമേഷനായി തൻെറ ഹൃദയവ്യഥയേയും, പ്രേമത്തേയും ദമനംചെയ്തു് നില്ക്കയായിരുന്നു. പരിമിതമായ വാക്കുകളിൽ അയാറം സ്വാശയം വ്യക്തമാക്കുവാൻ ശ്രമിച്ചു: "അല്ലയോ റാണീ! നിങ്ങളുടെ നന്മയെ ഒരിക്കലും ഞാൻ വിസ്മരിക്കയില്ല. എനിക്കു ചിന്തിക്കാൻ കഴിയുന്നേടത്തോളം, എനിക്കു ശ്വസിക്കാൻ കഴിയുന്നേടത്തോളം കാലം ഞാൻ നിങ്ങളെ കാക്കശ്യത്തോടെ സ്മരിക്കയില്ല. എനിക്കു വളരെ സ്വല്പം മാത്രമേ പറയുവാനുള്ളൂ. സ്വകാര്യമായി പോവാൻ ഞാനുദ്ദേശിച്ചതല്ല അങ്ങിനെ ഊഹിക്കരുതു്. ഞാൻ വിവാഹാത്ഥന ചെയ്തില്ലല്ലോ. അതിനെപ്പററി ആലോചിച്ചിട്ടുമില്ല. എൻെറ ഇഷ്ടപ്രകാരം എൻെറ ജീവിതം കഴിച്ചുകൂട്ടുവാൻ സാദ്ധ്യമാണെങ്കിൽ ഞാൻ വിട്ടുപോന്ന സ്ഥലത്തേക്കു തന്നെ പോയി ട്രോയ് നഗരത്തെ പുനഃ നിർമ്മിക്കുമായിരുന്നു. പക്ഷെ അപ്പോളോവും ദൈവജ്ഞന്മാരും എന്നോട്ട് ഇററലീ തേടിപ്പിടിക്കേണമെന്ന് ആജ്ഞാപിച്ചു. അതായിരിക്കണം എൻെറ പ്രേമഭാജനം; അതായിരിക്കണം എൻെറ ജന്മഭൂമി. ടിറിയ രാജ്യത്തിൽ ജാതരായ നിങ്ങറംക്കു ലിബിയയിൽ വന്നു് സാമ്രാജ്യം സ്ഥാപിക്കാമെങ്കിൽ ട്രോജന്മാരായ ഞങ്ങറം ഇററലി നോക്കിപ്പോകുന്നതു് അപരാധമാണോ? ഞങ്ങറം മറുനാട്ടുകളിലേക്കു പോകുന്നതു് ഉചിതം തന്നെയാണു്. അന്തി വന്നു് താരകറം പ്രത്യക്ഷമാകുമ്പോറം, എൻെറ അച്ഛൻെറ ആത്മാവു് എൻെറ നിദ്രയെ പേടിയാൽ ഭംഗം ചെയ്യുന്നു; അതേപോലെത്തന്നെ എൻെറ പുത്രൻെറ അനന്തരാവകാശത്തെ സംബന്ധിച്ച ആശങ്കയും ഉണ്ടു്. ദൈവതങ്ങറം എന്നെ താക്കീതു ചെയ്തിരിക്കുന്നു. ഇതാ സ്വല്പം മുമ്പെ ദേവദൂതൻ വന്നു് സവ്വശക്തനായ ജഗന്നിയന്താവിൻെറ ആ

ഞ്ഞു നല്കിയിരിക്കുന്നു. പട്ടാപ്പകൽ, ദേവൻ ഈ നഗരഭിത്തികൾക്കുള്ളിൽ പ്രത്യക്ഷനായതു് ഈ കണ്ണുകൊണ്ടു ഞാൻ കണ്ടിരിക്കുന്നു. ഈ കണ്ണുകൾ അദ്ദേഹത്തിന്റെ വാക്കു കേട്ടിരിക്കുന്നു. ഇങ്ങിനെ ആധിയെ വെച്ച് ഊതിക്കത്തിക്കരുതു്. ഞാൻ ഇഷ്ടപ്പെട്ടിട്ടോ വേണമെന്നു വെച്ചിട്ടോ പോവുകയല്ല ''

അയാൾ സംസാരിക്കുമ്പോൾ അവൾ അയാളെ കടക്കണ്ണാൽ വീക്ഷിച്ചു. ദീപ്തമായ അവ, ചഞ്ചലങ്ങളായ അവ, അയാളുടെ അകം മുഴുവനും ചുഴിഞ്ഞു നോക്കുന്നുണ്ടെന്നു തോന്നി. പിന്നീട് ഇങ്ങിനെ വാഗ്വർഷം ചൊരിഞ്ഞു: ''വഞ്ചകാ! നിന്റെ അമ്മ ഒരു ദേവകന്യകയല്ല; നിന്റെ കുടുംബം ട്രോയിലെ പൂർവ്വഗാമി സ്ഥാപിച്ചതുമല്ല. നിന്റെ ജന്മസ്ഥലം കോക്കസസ്സ് പർവ്വതനിരകളാണ്. ഹെർക്കേനിയയിലുള്ള പെൺനരികളാണ് നിനക്കു സ്തന്യം നൽകിയതു്. ഞാനെന്തിനു സത്യത്തെ മറയ്ക്കുന്നു! ഇനിയെന്താണ് എനിക്കു സംഭവിക്കേണ്ടതു്? എന്റെ അശ്രുക്കളെയോർത്തു് അയാൾ പശ്ചാത്തപിക്കുന്നുണ്ടോ? അയാളുടെ നോട്ടം എന്നിലേക്കു തിരിയുന്നുണ്ടോ? അയാളെ ഇത്രയധികം സ്നേഹിച്ചിരുന്ന ഒരു കാമിനിക്കായി ഒരു നെടുവീർപ്പെങ്കിലും വിടുന്നുണ്ടോ? ഇനി അവസാനം ഞാനെന്തു പറയട്ടെ! മഹച്ഛക്തിയായ ജൂണോ, അഖിലപിതാവായ ജൌ എന്നിവർ ന്യായവിവേചനം ചെയ്യുന്നില്ല. ലോകത്തിലെവിടേയും സ്വാമിസ്നേഹമില്ല. പരമ്പരവിഡ്ഢിയായ ഞാൻ, എന്റെ കടപ്പുറത്തു വെറും പൊങ്ങുപോലെ എറിയപ്പെട്ട ഇയാളെ, ഇയാൾക്ക് സഹായം അത്യന്താപേക്ഷിതമായിരുന്ന വേളയിൽ സ്വീകരിക്കുകയും അയാൾക്കു എന്റെ സാമ്രാജ്യത്തിലൊരോഹരി നൽകുകയും ചെയ്തു. ഓളങ്ങൾ അടിച്ചു

പരുക്കേല്പിച്ച കപ്പലുകളെ ഞാൻ രക്ഷിച്ചു. ഇയാളുടെ സുഹൃത്തുക്കളെ മരണത്തിൽനിന്നും രക്ഷിച്ചു. അയ്യോ, മത്സരേർഷ്യാകോപങ്ങൾ എന്റെ ഹൃദയത്തെ മഥിക്കട്ടെ! അഹോ! അപ്പോളോ ആണത്രെ അയാളുടെ ഭാഗധേയം നിർണ്ണയിക്കാൻ! ലിസിയയിലെ ദൈവേംഗിതജ്ഞരാണത്രെ ഉപദേശിക്കാൻ. അതിവിരൂപമായ ഒരു ആജ്ഞ കൊണ്ടുവരാൻ ആകാശപഥത്തിലൂടെ ഒരു ദൂതനെ ജൌവ അയക്കണമത്രെ! ഇതു ദേവന്മാരുടെ കാര്യമാണെന്നു തോന്നുന്നു. ഇങ്ങനെയുള്ള ഉൽക്കണ്ഠകളാൽ അവരുടെ ശാന്തിക്കു് ഭംഗം വരുമായിരിക്കും! ഞാൻ നിങ്ങളെ പിടിച്ചുനിർത്താൻ യത്നിക്കുന്നില്ല. ഇത്തരം വ്യാഖ്യാനങ്ങൾക്കെതിരായി വാദിക്കുന്നുമില്ല. പൊയ്ക്കൊള്ളൂ! മരുത്തുക്കളിൽ നിങ്ങളുടെ ഇററലിയെ തിരഞ്ഞു നോക്കുക! കല്ലോലങ്ങളിൽ നിങ്ങളുടെ സാമ്രാജ്യത്തെ തേടുക. ദൈവങ്ങൾക്കു തെല്ലെങ്കിലും ന്യായാന്യായ ചിന്തയുണ്ടെങ്കിൽ, നിങ്ങൾ വിശാലപാരാവാര മദ്ധ്യത്തിലെ കടുംക്രൂരമായ പാറക്കെട്ടുകളിൽ പെട്ടു് പശ്ചാത്താപ വ്യഥയനുഭവിക്കും! അപ്പോൾ നിങ്ങൾ 'ഡീഡോ! എന്റെ ഡീഡോ!' എന്നു ദയനീയമായി വിലപിക്കും. ഞാൻ വളരെ വളരെ ദൂരെയായിരിക്കും. പക്ഷെ ഞാൻ അപ്പോഴും നിങ്ങളുടെ കൂടെയുണ്ടാവും, നിങ്ങളുടെ ഹൃദയത്തിലേക്കു് അഗ്നിഗോളങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കും. മാരണദേവത ഈ ആത്മാവിനേയും അതു കുടികൊള്ളുന്ന പിടിമണ്ണിനേയും വേർപിരിച്ചാൽ കൂടിയും ഡീഡോവിന്റെ പ്രേതം ഒരു ഒഴിയാബാധയായി നിങ്ങളെ ചുഴന്നുകൊണ്ടിരിക്കും. പാപി! നിനക്കു വരാൻ പോകുന്ന ആപത്തുകളുടെ സ്വാദു് നീ ഇപ്പോൾ തന്നെ അറിയും. പ്രേതലോകത്തു്, ഞാൻ ഗതിയില്ലാതെ ചുററിത്തിരിയുമ്പോൾ ആ കഥ എന്റെ കാതുകളിലെത്തും!"

അവരം വികാരാധീനയായി പെട്ടെന്നു നിൎത്തി പ്രേമവേദന ബാധിച്ച് അവിടെ നിന്നോടുവാൻ,—വെളിച്ചത്തിൽനിന്ന് ഒളിഞ്ഞു രക്ഷപ്പെടുവാൻ ശ്രമിച്ചു. എങ്കിലും അവരം പുറപ്പെട്ടപ്പോരം കാൽ ഇടറി വീണു. അവളുടെ തോഴിമാർ അവളെ താങ്ങി മുറിയിൽ കൊണ്ടുപോയിക്കിടത്തി. തരി ബോധമില്ലാതെ തെല്ലുനേരം അങ്ങിനെ കിടന്നു, പക്ഷെ ക്രമേണ ബോധം വീണു. ഇന്ദ്രിയങ്ങരം തങ്ങരംക്കു നിയതമായ പ്രവൃത്തികരം ചെയ്തുതുടങ്ങി. അവരം കൊട്ടാരത്തിലെ ജാലകങ്ങളിലൂടെ എത്തിനോക്കി. അവരം കണ്ട കടൽത്തീരം ട്രോജന്മാരെക്കൊണ്ടു നിറഞ്ഞിരുന്നു. അവർ തിരക്കിൽ സാമാനങ്ങരം കപ്പലുകളിലേക്ക് കടത്തുകയാണ്. തെയ്യാറായ ചില നൌകകരം ജലത്തിലേക്ക് നീക്കപ്പെട്ടിരുന്നു. കടൽ തന്നെ ആളുകളുടെ ആരവംകൊണ്ട് മുഖരിതമായിരുന്നു. അവരം നല്ലപോലെ ഇതെല്ലാം കണ്ടു. പ്രേമമേ! ധൎമ്മബോധമില്ലാത്ത പ്രേമമേ! നീ മനുഷ്യഹൃദയങ്ങളെ എന്തെന്തു സാഹസങ്ങളിലേക്കാണ് നയിക്കാത്തത്. ഒരു പഴുതും ബാക്കി വെക്കരുതെന്നും, അവസാന ഉപായം വരെ നോക്കിയെന്ന സമാധാനം ഇരിക്കട്ടെ എന്നും കരുതി രാജ്ഞി ഒരിക്കൽ കൂടി കണ്ണീർമാരിയും അപേക്ഷകളും പൊഴിഞ്ഞു നോക്കി.

അവരം തന്റെ സോദരിയായ അന്നയെ വിളിച്ചു സമുദ്രത്തിലെ തിരക്കും, കടപ്പുറത്തുനിന്നുള്ള ജനങ്ങളുടെ പുറപ്പാടും കാണിച്ചുകൊടുത്തു "നോക്കു! കപ്പലുകളുടെ കൊമ്പത്തു അവർ പുഷ്പമാല്യങ്ങരം തൂക്കിയിരിക്കുന്നു! സോദരി എനിക്കീവ്യസനത്തെ നോക്കാൻ കഴിയുമെങ്കിൽ സഹിക്കാനും കഴിയും. എങ്കിലും എന്റെ ഈ വേദനയ്ക്കിടയിൽ എനിക്കായി, അന്നേ, നീ ഒന്നു ചെയ്യു

ണം. ആ വഞ്ചകന്ന് നിന്നോടെന്തോ പ്രതിപത്തിയുള്ള പോലെ തോന്നി. അദ്ദേഹം ചില സ്വകാര്യങ്ങൾ നിന്നോടു പറയാൻ തയ്യാറുള്ളപോലെയും തോന്നി. അയാളുടെ ഹൃദയത്തെ സമീപിക്കുന്നതെങ്ങിനെയെന്നും, അതിനുപററിയ സമയമേതെന്നും നിനക്കറിയാം. പോയി അയാളെ പുറപ്പെടാനുള്ള ഉദ്യമത്തിൽനിന്നു വിരമിപ്പിക്കണം. ട്രോയെ തകൎത്തു തരിപ്പണമാക്കുമെന്ന് യവനർ പ്രതിജ്ഞ ചെയ്തപ്പോൾ ആലിസ് എന്ന സ്ഥലത്തു അതു കാണാൻ ഞാൻ ഉണ്ടായിരുന്നില്ലെന്ന് പറയണം. അയാളുടെ സ്വരാജ്യത്തെ ആക്രമിക്കുവാൻ നാവികസേനയെ അയച്ചതു ഞാനല്ല. അയാളുടെ അച്ഛനായ അൻകിസെസ്സിൻെറ ശവം മറവു ചെയ്ത കല്ലറയെ തുറന്നിടുകയോ, അതിനെ മറെറതെങ്കിലും വിധത്തിൽ അപമാനവിധേയമാക്കുകയോ ചെയ്തിട്ടില്ല. അയാൾ എൻെറ പ്രാൎത്ഥന കേൾക്കാനും, അതേപ്പററി ആലോചിക്കാനും കൂടി ഒരുങ്ങാത്തതു എന്തുകൊണ്ട്? ആ പ്രാൎത്ഥനയാകട്ടെ നിസ്സാരമായ ഒന്നാണുതാനും. കാററൊന്നു തിരിഞ്ഞടിക്കുന്നതുവരെ, സമുദ്രം സഞ്ചാരക്ഷമമാവുന്നതു വരെ, കാത്തിരിക്കാനേ ഞാനിപ്പോൾ അപേക്ഷിക്കുന്നുള്ളു. അവന്നു കരഗതമാവാനിടയുള്ള സുന്ദരഭൂമിയെ ത്യജിക്കാനോ, ഭാവിയിലെ സാമ്രാജ്യത്തെ വിസ്മരിക്കാനോ ഞാൻ അയാളോട് അപേക്ഷിക്കുന്നില്ല. വ്യസനം അനുഭവിച്ച ഒരു തഴക്കം കിട്ടുവാൻ, ദുരിതം പഠിച്ച മനസ്സിലാക്കുവാൻ, അവസരം തരണമെന്നു മാത്രമെ പറയുന്നുള്ളു. ഈ അവസാന പ്രാൎത്ഥന നിറവേററണമെന്നേ എനിക്കു യാചിക്കാനുള്ളു; വളരെത്താമസിയാതെ എൻെറ മരണം എല്ലാവിധ കഷ്ടപ്പാടുകളേയും, തുടച്ചു നീക്കിക്കൊള്ളും."

സ്നേഹകാരുണ്യങ്ങളുടെ ഭാരം താങ്ങാൻ കഴിയാതെ അന്ന ഈ ഉദ്ദേശ്യം നിറവേററുന്നതിന്നു ചെന്നു ഭയങ്കരമായ അവസാന നിമിഷത്തിൽ രാജ്ഞിയുടെ വിലാപവും, ദുരിതവും, പ്രാൎത്ഥനയും പറഞ്ഞു. ഏനിയാസം അത്ര തന്നെ വലിയ നിരാശതാഗൎത്തത്തിൻെറ വക്കത്തായിരുന്നു. താങ്ങാനാവാത്ത പ്രേമഭാരം ഹൃദയത്തെ ഞെരുക്കുന്നുണ്ടായിരുന്നു; സമാശ്വാസവും, ആശയും അവൾക്കുണ്ടാവാൻ തക്കവണ്ണം അവളോട്ട് സംസാരിക്കേണമെന്നു അന്നയോട്ട് അയാൾ ആവശ്യപ്പെട്ടു. പക്ഷെ, അവൾക്കോ, തനിക്കോ, അന്നയ്ക്കോ, അയാൾ വിധേയനായില്ല ദുരിതചണ്ഡമാരുതൻ അയാളുടെ നേരെ ആഞ്ഞടിച്ചു. അയാളുടെ സ്വന്തം വ്യസനം അതിൻെറ ശക്തിയെ ശതഗുണീഭവിപ്പിച്ചു. എങ്കിലും ഏതുതരം പ്രാൎത്ഥനക്കും അയാൾ കീഴടങ്ങാതെ ഈശ്വരവരുതിക്കു്, ദേവലോകാജ്ഞക്കു് അചഞ്ചലമായ ഭക്തിയോടും അനുസരണയോടും കൂടെത്തന്നെ വൎത്തിച്ചു. അശ്രുജലങ്ങൾ നിഷ്ഫലങ്ങളായി. വിധിയും ഈശ്വരനും അവൻെറ ചെവികളെ തല്ക്കാലം സ്നേഹപ്രാൎത്ഥനകൾക്കു വഴങ്ങുവാൻ സമ്മതിച്ചില്ല.

---

## ഡിഡോ മരിക്കുന്നു

ഡിഡോവിന്നു ഒടുവിൽ കാര്യം മനസ്സിലായി. അപ്പോഠം ഒരാഗ്രഹം മാത്രം അവശേഷിച്ചു. മരണം! ആകാശം നോക്കുന്നതുതന്നെ ഒരു വ്യർത്ഥശ്രമമായി. ക്ഷേത്രങ്ങളിൽ ആപൽശകുനങ്ങളാണവഠം, വീക്ഷിച്ചതു്. യാഗാഗ്നികളിൽ അവഠം ആഹുതിചെയ്ത 'മദിരയോ, ദുഷിച്ചു നാറുന്ന നിണമായി മാറുന്നു. അവളുടെ പ്രഥമപതിയുടെ സ്മാരകത്തിന്നുവേണ്ടി കൊട്ടാരത്തിലുണ്ടാക്കിയ ശവക്കല്ലറയിൽനിന്നു് ഏതോ ചില അജ്ഞാതശബ്ദങ്ങഠം അവളെച്ചൊല്ലി 'മുറവിളികൂട്ടുന്നു. ഒടുവിൽ അവഠം ക്ഷീണംകൊണ്ടുമാത്രം ഒന്നു മയങ്ങി; അപ്പോഴോ, പുരാതനന്മാരായ പ്രവാചകന്മാർ അവ്യക്തമായ ചില' മുന്നറിയിപ്പുകഠം പറയുന്നതായി അവഠംക്കനുഭവപ്പെട്ടു. ദയാലേശമില്ലാത്ത ഏനിയാസിൻെറ രൂപം തന്നെ ഉന്മാദാവസ്ഥയിലേക്കു് ആട്ടിയോടിക്കുന്നതു് കണ്ടു. എല്ലായ്പ്പോഴും അ

വരം ഏകാകിനിയായി, ആരുമാരും തുണയില്ലാതെ, ഒരു നിശ്ശൂന്യമരുഭൂവിൽ അജ്ഞാതമാൎഗ്ഗങ്ങളിൽ എന്തോ തിരഞ്ഞു, തൻെറ പ്രജകളെ, ടിറിയൻ ജനതയെ നോക്കുന്നതായി തോന്നി. ഇങ്ങിനെ പരിത്യജിക്കപ്പെട്ടപ്പോരം, ഗതിയില്ലാതായപ്പോരം, അവരം തൻെറ അന്ത്യം വരുത്താൻതന്നെ നിശ്ചയിച്ചു.

അവരം വീണ്ടും അന്നയുടെ അരികെ വന്നപ്പോരം കൂടുതൽ പ്രസന്നമുഖിയായും, ഒരു നവപ്രതീക്ഷയിൽ മുങ്ങുന്ന അക്ഷികളുള്ളവളായും കാണപ്പെട്ടു. അവളുടെ ദൃഢപ്രതിജ്ഞയ്ക്കു സ്വയം മറച്ചുവെക്കാനുള്ള ശക്തി അത്ര കണ്ടു അധികമായിരുന്നു. പുതിയ ഒരു ഉണൎവ്വോടുകൂടി അവരം അന്നയോടു പറഞ്ഞു: "സോദരി! ഞാൻ ഒരു വഴി കണ്ടുപിടിച്ചിരിക്കുന്നു. എൻെറ സന്തോഷം കണ്ടു നിങ്ങളും സന്തോഷിച്ചുകൊള്ളു. എൻെറ പ്രിയതമനെ വീണ്ടുകിട്ടുവാനോ, ആ പ്രേമബന്ധത്തെ മുറിച്ചുകളയുവാനോ ഒരു വഴി കണ്ടിരിക്കുന്നു. അട്ലാസ്സ് പൎവ്വതപാൎശ്വത്തിൽ ഒരു സന്ന്യാസിനിയുണ്ട്. അവരംക്കു ഇന്ദ്രജാലമറിയാം. അവളുടെ മന്ത്രശക്തികൊണ്ട് പ്രേമവേദനയനുഭവിക്കുന്നവരെ അതിൽനിന്നു വിമുക്തമാക്കുവാനും, അതിൽനിന്നു സ്വതന്ത്രമായവരെ ആ വലയിൽ കുടുക്കുവാനും കഴിയും. നദിയുടെ ഗതിമുട്ടിച്ച് അതിനെ വിപരീതമാൎഗ്ഗത്തിൽ ഒഴുക്കുവാനും, നക്ഷത്രങ്ങളെത്തന്നെ അവയുടെ നിയതപഥങ്ങളിൽനിന്ന് വ്യതിചലിപ്പിക്കുവാനും, നിശാന്ധകാരത്തിലെ നിഗൂഢശക്തികളെ പുറത്തുവിളിച്ചനുസരിപ്പിക്കാനും അവരംക്കു കഴിയും. അവളുടെ കാലടിയിൻകീഴിൽ ധരിത്രീമാതാവു് തേങ്ങുന്നു; വസ്തുക്കളെല്ലാം പ്രകൃതിക്കു വിരുദ്ധമായി പ്രവൎത്തിക്കുന്നു. ഈ അഭിചാരവൃത്തി ചെയ്യിക്കാൻ എനിക്കു മനസ്സുവരുന്നില്ലെ

ന്നതിൽ ഈശ്വരൻ സാക്ഷിയാണ്. കൊട്ടാരത്തിലെ നടുമുററത്തിൽ ഒരു ചിത തെയ്യാറാക്കുക. ആ വഞ്ചകന്റേതായ എല്ലാം വസ്തുക്കളേയും അതിൽ കൊണ്ടുവന്ന് സംഭരിക്കുക. അവന്റെ ആയുധങ്ങൾ, അവന്റെ സമ്മാനങ്ങൾ, അവൻ കിടന്നിരുന്ന ശയ്യോപകരണങ്ങൾ; ഇതാണ് സന്ന്യാസിനിയുടെ വിധി. ആ ശപ്തനായ മനുഷ്യന്റെ സ്മരണയുദ്ദീപിക്കുന്ന ഓരോ വസ്തുവിനേയും ഞാൻ സസന്തോഷം ദഹിപ്പിക്കാം.''

സംസാരിച്ചവസാനിക്കുമ്പോഴെക്ക് രാജ്ഞി ചാരംപോലെ വിളർത്തു. പക്ഷെ, അന്ന അതിന്നു കാരണം ഊഹിച്ചില്ല; അതിനാൽ ആജ്ഞയനുസരിക്കാൻ സങ്കോചം കാണിച്ചതുമില്ല. രാജശാസനകൾ അതേപടി അനുസരിക്കപ്പെട്ടു. ചിതകൂട്ടി ഡിഡോ അതിനെ സ്വന്തം കൈകൊണ്ട് ചില്ലകളാലും, മാലകളാലും അലങ്കരിച്ചു. പാതാളത്തിലേയും, നരകത്തിലേയും ഭയങ്കര ദേവതകളെ ആഹ്വാനം ചെയ്വാൻ ആജ്ഞാപിക്കുകയും അവക്കു വേണ്ടുന്ന നിഗൂഢാഹുതികൾ ചെയ്യുകയും തന്റെ കൈകൊണ്ട് അവക്കു നിവേദ്യമർപ്പിക്കുകയുംചെയ്തു. കർമ്മസാക്ഷികളും, ത്രികാലജ്ഞാനികളുമായ താരകളേയും, സ്നേഹത്തിന്നുപകരം സ്നേഹമാശിക്കാത്തവരെപ്പററി കരുണയോടെ വീക്ഷിക്കുന്ന ശക്തികളേയും—അങ്ങിനേയുള്ള ശക്തികളുണ്ടെങ്കിൽ—ആഹ്വാനംചെയ്തു. ഇതെല്ലാം ചെയ്തിട്ടും ആ രാത്രി അവൾക്ക് ഒരു നൊടിപോലും ഉറങ്ങാൻ കഴിഞ്ഞില്ല. സ്നേഹവും കോപവും തമ്മിൽ അവളുടെ മനസ്സിൽ ഭയങ്കരമായ പോരാട്ടം നടത്തി. ദുസ്സാദ്ധ്യമായ കാര്യങ്ങളെസ്സംബന്ധിച്ച വ്യർത്ഥചിന്തകൾ ഹൃദയത്തിൽ സ്ഥലംപിടിച്ചു. അവളിപ്പോൾ ഇയാർബസിനോട്ട് വിവാഹം ചെയ്യേണമെന്ന് അർത്ഥിക്കേണമോ!

അയാഠം അവളെ വെറുക്കുകയും പുച്ഛിക്കുകയുംചെയ്യും. അവഠം ട്രോജൻനാവികസംഘത്തെ പിന്തുടൎന്ന് ഏനിയാസിന്ന് ആത്മസമൎപ്പണം ചെയ്യണമോ?—അയാഠം കപ്പൽത്തട്ടുകളിലേക്കു വരുത്തി അവളെ സ്വീകരിക്കാൻ കൂട്ടാക്കുകയില്ല. അവഠം തന്റെ നാവികപ്പടയുടെ സഹായത്താൽ ട്രോജന്മാരെ എതിൎത്താലോ?—അവർ തന്റെ കൂടെ വീണ്ടും സമുദ്രത്തിലിറങ്ങുന്നതിന്ന് വിസമ്മതിക്കും. ഇങ്ങിനെയുള്ള ശൂന്യപ്രശ്നങ്ങഠക്കിടയിൽ അവഠം ഒരു തീൎപ്പുമാത്രം കണ്ടെത്തി. അതോ മരണം! അതാലോചിക്കുമ്പോഠം അവഠം വേദനയാൽ പിടഞ്ഞു വിലപിച്ചു. ആ മരണം അവഠം അൎഹിച്ചതാണല്ലോ—സ്വന്തം പതിയുടെ ശവക്കല്ലറയ്ക്കരികെവെച്ച് ചെയ്ത പ്രതിജ്ഞയനുസരിച്ച് പാതിവ്രത്യമനുഷ്ഠിച്ച് ഏകാകിനിയായി വസിക്കാത്തതുകൊണ്ടാണല്ലോ ഈ വിപരീതാനുഭവം ഉണ്ടായത്.

ഇങ്ങിനെയവഠം ഉറക്കമില്ലാതിരിക്കുന്ന ദീൎഘയാമങ്ങളിൽ, ഏനിയാസ് തന്റെ നൌകയുടെ ഉന്നതമായ കൊമ്പത്തു കിടന്നുറങ്ങി. നാവികസംഘം പ്രഭാതമാകാൻ വേണ്ടി തുറമുഖത്തു കാത്തിരിക്കയാണ്. അയാളുടെ നിദ്രയ്ക്കും ഇടക്കിടെ ഭംഗം വരുന്നുണ്ട്. ദേവദൂതനായ മെൎക്കുറിയുടെ രൂപം എപ്പോഴും മുന്നിൽനിന്നു താക്കീതു നൽകുന്നു. രാവിലെ പ്രത്യക്ഷനായ ആ രൂപത്തിൽത്തന്നെ, സ്വകൎത്തവ്യത്തെ മുൻനിൎത്തി, സമയം ചിലവഴിക്കരുതെന്നു താക്കീതുചെയ്യുന്നു. അതു പറയുകയാണ്: "കാററു അനുകൂലമാണ്; എഴുന്നേററു പുറപ്പെടുക! രാജ്ഞി നിങ്ങളെ നശിപ്പിക്കാൻ സൂത്രം ചെയ്യുയാണ്. ഇപ്പോഠം പോവു! അല്ലാത്തപക്ഷം വൈകിയെന്നു വന്നേക്കും! ഈ സമുദ്രകല്ലോലങ്ങളിൽ കപ്പലുകളുടെ മരപ്പലകകഠം ഉപ്പി

ലിട്ട മാതിരി കിടന്നു കളിയാടിയേക്കും; രാവിലെയാവു മ്പോഴേക്കും കടപ്പുറം മുഴുവനും എരിയുന്ന ചൂട്ടുകളെക്കൊണ്ട് നിറഞ്ഞുവെന്നു വരും. വൈകരുത്; പോവു! ഒരു സ്ത്രീ എപ്പോഴും മാറിക്കൊണ്ടിരിക്കുന്ന ഒരു ചപലയാണ്." സ്വപ്നം മാഞ്ഞുപോയി. ഏനിയാസ് ഉണൎന്നു. അയാൾ ഞെട്ടിച്ചാടിയെഴുന്നേററു സഹൃത്തുക്കളെ വിളിച്ചുണൎത്തി. അവർ മററുള്ളവരെ വിളിച്ചുണൎത്തി. അപ്പോഴേക്ക് രാജകുമാരൻ, ഉടനെ പുറപ്പെടണമെന്ന് ആജ്ഞാപിക്കുന്നതുകേട്ടു. അവർ വിളംബംവിനാ അനുസരിച്ചു; നിർദ്ദിഷ്ടസ്ഥാനങ്ങളിലിരുന്ന് തണ്ടുപിടിച്ചു പായകൾ നിവൎത്തിയുറപ്പിച്ചു. രണ്ടാമത്തെ ഈ ദിവ്യദൎശനം നിമിത്തം അതു നല്കിയ ആജ്ഞനിമിത്തം ഉദ്ദേശനിൎവ്വഹണത്തിനുള്ള ഉറപ്പു കുറെക്കൂടെ സ്ഥിരമായ്ത്തീൎന്നതിനാൽ വാൾകൊണ്ടു നങ്കൂരക്കമ്പയെ അറുത്തു: അങ്ങിനെ അറുക്കുമ്പോൾ ആ ദിവ്യരൂപത്തോടുതന്നെ വിളിച്ചുപറഞ്ഞു: "അല്ലയോ ദൈവമേ! ഞങ്ങളെ രക്ഷിക്കേണമേ! ശുഭശകുനങ്ങൾ അയച്ചു തന്നാലും." നാവികപ്പട കടലിലേക്കു നീങ്ങി.

പുലരിയുടെ ഛാരംപോലെ വിളൎത്ത വെളിച്ചത്തിൽ, ഡിഡോ എഴുന്നേററ് ജാലകപ്പഴുതിലൂടെ നോക്കിയപ്പോൾ കണ്ട കാഴ്ച ഇതായിരുന്നു. കെട്ടിയുറപ്പിച്ച കപ്പൽപ്പായകളുടെ വയറു വീൎപ്പിച്ചുകൊണ്ട് മാരുതൻ അവയെ നയിക്കുന്നു. തുറമുഖദ്വാരത്തിൽനിന്ന് ഒടുവിലത്തെ കപ്പലും വിട്ടുപോകുന്നു. നിരാശതാബാഹുളത്തിന്നിടയിൽ, അവരെ പിന്തുടരണമെന്ന് അവൾ ആജ്ഞകൊടുത്തു. പക്ഷെ വെറും ഭ്രാന്തത്തമായിത്തോന്നുന്ന ആ ഉദ്ദേശ്യം ഉപേക്ഷിച്ചു. ശതാബ്ദങ്ങളോളം കാത്തേജും, റോമുമായുണ്ടാകാൻപോകുന്ന ദീൎഘസമര

ത്തിന്നാസ്പദമായ ശാപം അവറം വമിച്ചു: "സൂര്യദേവതേ! വാനവദേവതയായ ജൂണോ! രാത്രികാലങ്ങളിൽ മന്ത്രവാദികറം പൂജിക്കുന്ന ഹെക്കെററ്! മത്സരേർഷ്യാകോപങ്ങളുടെ ദേവതമാരേ! എൻെറ ഗൃഹദൈവതകളേ! ഏനിയാസ് കടൽയാത്രചെയ്തു് ഒരു സാമ്രാജ്യം സ്ഥാപിക്കണമെന്നുതന്നെയാണ് വിധിയെങ്കിൽ, ആ പ്രാപ്യസ്ഥാനമെത്താൻള്ള കാലം നീണ്ടുനീണ്ടുപോകട്ടെ! യുദ്ധങ്ങളാലും, കൊടും പട്ടിണിയാലും, പരാജയങ്ങളാലും അയാറം നിത്യനരകവേദനയനുഭവിക്കട്ടെ! അയാറം ശവസംസ്കാരമേല്ക്കാത്ത വെറും മണൽത്തരികളിൽ കിടക്കട്ടെ—റോമാസാമ്രാജ്യവും, കാർത്തേജും തമ്മിൽ എന്നുമെന്നുമവസാനിക്കാത്ത സമരം ഉണ്ടാകട്ടെ; സന്ധികളാലുള്ള ശാന്തി ഒരിക്കലും അവിടെ ഇല്ലാതിരിക്കട്ടെ കാർത്തേജിൽ, ഭാവിയിൽ, തനിക്കുപററിയ ഈ അവമാനത്തിന്നു പകരംചോദിക്കുവാൻ ഒരാറം ജാതനായി, അയാറം റോമൻകാരെ എന്നുമെവിടേയും, തീയും വാളും കൊണ്ടു് ശല്യപ്പെടുത്തിക്കൊണ്ടിരിക്കട്ടെ!"

'ഇതാണെൻെറ പ്രാർത്ഥന. ഇതാണെൻെറ മരണപത്രം. എൻെറ അനന്തരഗാമികളായ ടിറിയന്മാരെ! നിങ്ങളിതു നിറവേററാൻ സഹായിക്കണം. രാജകുമാരന്നെതിരായി എന്നും തീരാത്ത വിദ്വേഷവും, അവൻെറ വംശത്തിന്നെതിരായും, പൌരന്മാക്കെതിരായും ദീർഘയുദ്ധവും പ്രഖ്യാപനംചെയ്യുക. എൻെറ ശ്മശാനത്തിൽ ആരതൊന്നേ കാഴ്ചയായി വേക്കേണ്ട. വൈരികറം സന്ധിയെന്തെന്നോ, ശാന്തിയെന്തെന്നോ അറിയാതിരിക്കട്ടെ. ഈ വൈരം തലമുറതലമുറയായി അനവധി നൂററാണ്ടുകളോളം നിലനിന്നുവരട്ടേ." അവളെസ്സംബന്ധിച്ചേടത്തോളം ഒരന്ത്യമേയുള്ളു എന്നവറംക്കറിയാം.

അതിപ്പോഠംതന്നെയാണുതാനും. തലേന്നു ചിത കൂട്ടിയപ്പോഠം ഏതെന്തൊരു നാട്യമാണോ ഉണ്ടായിരുന്നതു് അതു തന്നെ ഇന്നും. "ഏനിയാസിൻെറ സകല വസ്തുക്കളും അയാളുമായുണ്ടായ ബന്ധംപോലും സൂചിപ്പിക്കുന്ന ഏതൊരു വസ്തുവും ആ ചിതയിൽ കൊണ്ടുവന്നു കൂമ്പലായി കൂട്ടട്ടേ—അവയെ തീവെച്ചു നശിപ്പിക്കുന്നതോടുകൂടി അയാളോടുള്ള പ്രേമബന്ധവും നശിക്കട്ടെ." ഇതെല്ലാം കൂട്ടിവെച്ചിരിക്കുന്ന നടുമുററത്തേക്കു് അവഠം സ്വയം ചെന്നു. അവളുടെ കണ്ണുകഠം നിണാരുണങ്ങളായിരുന്നു. മുഖമാകട്ടെ വിളത്തതും, അവിടവിടെ കറുത്ത പുള്ളികഠം പററിയതുമായ്ത്തീൎന്നു. അവളുടെ മനസ്സു വിധിച്ച ആ മരണത്തിൽനിന്നു അവളുടെ പ്രകൃതി പേടിച്ചു് പിന്നോക്കം മാറി. അവഠം ചിതയിൽക്കയറി. രാജകുമാരൻെറ വാഠം ഉറയിൽനിന്നൂരി. പക്ഷെ അവളുടെ കണ്ണുകഠം അയാളുടെ ഉടയാടകളിൽ പതിഞ്ഞു. അയാഠം ഉപയോഗിച്ചിരുന്ന ഉപധാനങ്ങളിൽ അവഠം വീണു.

"വിധിയും ദൈവങ്ങളും അനുകൂലിച്ചിരുന്ന ഒരു കാലത്തു് ഒരിക്കൽ പ്രാണനാൽ പ്രിയതരമായിരുന്ന ചിഹ്നങ്ങളേ, നിങ്ങളെൻെറ ഈ ആത്മാവിനെ സ്വീകരിക്കുക. എൻെറ ദുരന്തദുരിതങ്ങളിൽ നിന്നു എന്നെ മോചിപ്പിക്കുക. എൻെറ ജീവിതകാലം കഴിഞ്ഞു; എൻെറ ഭാഗധേയം എനിക്കു ചെയ്തു തീൎക്കാനായി ഉദ്ദേശിച്ച നല്ലിയ പദ്ധതി ഞാൻ ചെയ്തുതീൎത്തു. ഇപ്പോഠം എൻെറ ഛായ രാജകീയമായ അന്തസ്സോടുകൂടി അധോലോകത്തേക്കു ചെല്ലുന്നു. ഞാനൊരു മഹത്തായ നഗരം പണിചെയ്തു; അതിൻെറ ഭിത്തികളെ കണ്ടുകഴിഞ്ഞിരിക്കുന്നു; എൻെറ

ഭർത്താവിന്നായി വേണ്ടുന്ന പ്രതിക്രിയ ചെയ്തുകഴിഞ്ഞു; അതോടുകൂടി എന്റെ സഹോദരനോടുള്ള വെറുപ്പിന്റെ ഫലവും കാണിച്ചു കഴിഞ്ഞു. ട്രോജന്മാരുടെ നൌകകൾ ഈ കരക്കണഞ്ഞിരുന്നില്ലെങ്കിൽ ആനന്ദം---ഹാ! പരിപൂർണ്ണാനന്ദമാവുമായിരുന്നു.'' അവൾ ഇങ്ങിനെ സംസാരിച്ചു, പല്യങ്കത്തിൽ തന്റെ മുഖം മറച്ചു. ''അയ്യോ, പ്രതികാരം ചെയ്യാനാളില്ലാതെ ഞാൻ മരിച്ചുപോകുമല്ലോ; പോകട്ടെ. ഞാൻ തുലയട്ടെ. ഇങ്ങിനെ എന്റെ സന്തോഷത്തോടുകൂടി ഞാൻ യമലോകത്തേക്കു ചെല്ലുന്നു. ദൂരെ സമുദ്രയാനം ചെയ്യുന്ന ആ നിർദ്ദയനായ ട്രോജന്റെ നയനങ്ങൾ ഈ ചിതാഗ്നിയുടെ ജ്വാലകൾ കുടിച്ചു സംതൃപ്തിയടയട്ടെ. എന്റെ മരണസംജ്ഞകൾ അയാളുടെ യാത്രയിൽ മുഴുവനും അയാളെ ശല്യപ്പെടുത്തട്ടെ.''

ഇങ്ങിനെ അവൾ പറഞ്ഞു; അവൾ സംസാരിച്ചുകൊണ്ടിരിക്കെ തന്നെ ഉറയൂരിയ ആ മൂച്ചയേറിയ വാളിന്മേൽ അവൾ വീണു. അവളുടെ ചുടുനിണം കൈകളിലേക്ക് തെറിച്ചു. കൊട്ടാരം മുഴുവനും ഒരു ദയനീയവിലാപം പരന്നു; നഗരം മുഴുക്കെ അതു കാട്ടുതീ പോലെ വ്യാപിച്ചു. പൌരർ അപ്പോൾ പുറപ്പെടുവിച്ച ദീനരോദനം കേട്ടാൽ, കാർത്തേജു മാത്രമല്ല, അതിന്റെ മാതൃഭൂമിയായ ടയർ കൂടി ഏതോ ഒരാക്രമിയുടെ പരസ്സഹസ്രം പടയാളികളടങ്ങിയ സൈന്യത്തിന്റെ അക്രമണഫലമായി തകന്നു പോകുന്നുവോയെന്നും, അതിലെ മണിമാളികകളും, പുണ്യദേവാലയങ്ങളുമെല്ലാം നശിച്ചു നാമാവശേഷമായിപ്പോകുന്നുവോ എന്നും തോന്നിപ്പോകും. അന്ന നടുമുററത്തേക്കു കുതിച്ചോടി; ഡീഡോവിന്റെ മുറിയമത്തി ചോരയൊഴുക്കു നിത്തുവാൻ പരിശ്രമിച്ചു. അപ്പോഴൊക്കെ തേങ്ങിത്തേങ്ങിക്കൊണ്ട് അവളുടെ സഹോദരി

ചെയ്ത വഞ്ചനയേയും, കടും കൃത്യത്തേയും ഉറക്കെ പഴിച്ചു. അൎദ്ധനിമീലിതങ്ങളായ നേത്രങ്ങളോടു കൂടി എഴുന്നേല്ക്കുവാൻ റാണി യത്നിച്ചു; പക്ഷെ ശക്തിയില്ലാതെ വീണു. അവളുടെ അസ്ഥികൾ വാളോടുരസി. വീണ്ടും, വീണ്ടും അവൾ യത്നിച്ചു; ഫലിക്കാതെ വീണു. ചഞ്ചലായതനയനങ്ങളെ "ഊൎദ്ധ്വലോക ദിദൃക്ഷയാലെന്നപോലെ" ചുഴററി, സ്വൎല്ലോകത്തെ കാണാനായി ഞെരുങ്ങി. ഒലിംപസ് പൎവ്വതശിഖരത്തിൽ നിന്നു് ജൂണോ ഇതെല്ലാം കണ്ടു. അവൾക്കു ഈ മരണവേദനയിൽ വലിയ ദയയുണ്ടായി—പിടയുന്ന ആത്മാവിനെ, അതിനെ പിടിച്ചുനിൎത്തുന്ന പിടിമണ്ണിൽ നിന്നു് വിടുർത്തിക്കൊടുക്കുവാൻ ഐറീസ് എന്ന ദൂതിയെ അയച്ചു. മനുഷ്യരുടെ ശിരസ്സിന്നിരുവശത്തുനിന്നും രണ്ടു തലനാരിഴ വളരുന്നുണ്ടത്രേ. ഇതു മരണദേവതയ്ക്കല്ലാതെ മററാൎക്കും അറിവില്ലപോലും. ഓരോരുത്തന്റേയും കാലമായാൽ അവൾ ഇതിനെ അറുത്തുകളയുമത്രെ. പക്ഷെ ഡീഡോ തനിക്കു വിധിച്ചിരുന്ന സമയത്തിന്നു മുമ്പു മരിക്കയാൽ അവരതു മുറിച്ചില്ല. എന്നാൽ കുങ്കുമാരുണമായ ചിറകുകൾ വിടുർത്തി മഞ്ഞുതുള്ളിപോലെ ലഘുവായി ഇന്ദ്രധനുസ്സിലെ നാനാപ്രകാശങ്ങളെ ചിതറിക്കൊണ്ടു് ഐറീസ് അവിടെയെത്തി അവളുടെ ശിരസ്സിന്നരികെ നിന്നു. അവൾ പറഞ്ഞു:–"ദൈവാജ്ഞയാൽ പാതാളത്തിലേക്കു ഇതു സമൎപ്പിക്കുന്നു. ഞാൻ ഈ ആത്മാവിനെ ദേഹത്തിൽനിന്നു മുക്തമാക്കുന്നു." അവൾ ആ മുടിക്കെട്ടു മുറിച്ചു.

കിടന്നു പിടയുന്ന ആത്മാവിനെ അവൾ ഇങ്ങിനെ മോചിപ്പിച്ചു. ജീവൻ നേരിയ വായുമണ്ഡലത്തിൽ ലയിച്ചു.

# സ്ത്രീകളുടെ പ്രതിഷേധപ്രകടനം

ഇതിന്നിടയിൽ ഏനിയാസ് എന്തു ചെയ്യുന്നു. വടക്കൻകാററടിച്ച് പൊങ്ങിപ്പൊങ്ങി വരുന്ന കല്ലോലജാലങ്ങളെ മുറിച്ചുകൊണ്ട് അയാളുടെ നേതൃത്വത്തിലുള്ള കപ്പൽസമൂഹം നടുക്കടലിൽ നീങ്ങുകയാണ്. താൻ വിട്ടുപോന്ന തീരത്തെ അയാൾ കൂടെക്കൂടെ ആർത്തിയോടെ നോക്കുന്നുണ്ടായിരുന്നു. ഡീഡോവിൻെറ ചിതാഗ്നിയുടെ അരുണശോഭകൾ നഗരത്തിനുപരി തിളങ്ങുന്നത് അയാൾ വീക്ഷിച്ചു; എന്താണാ അഗ്നിജ്വാലകൾക്കു കാരണമെന്ന് അദ്ദേഹത്തിന്നൂഹിക്കാൻ കഴിഞ്ഞില്ല; അവമാനിതമായ പ്രേമത്തിന്ന് ചെയ്യാനെന്തെല്ലാം സാദ്ധ്യമാണ് എന്നയാൾക്കു അറിയാം; സ്ത്രീലോകത്തിൻെറ പ്രക്ഷുബ്ധഹൃദയങ്ങളെപ്പററിയും അയാൾക്കു ഊഹിക്കാൻ കഴിഞ്ഞു. അതിനാൽ ട്രോജൻ ഹൃദയങ്ങൾ ആകണ്ഠ ശകുനങ്ങളോർത്ത് കഠനഭാരത്താൽ കനത്തു.

അവരിങ്ങനെ സഞ്ചരിച്ച് തിരം തീരേ കാണാതായപ്പോൾ കഴപ്പങ്ങളുടെ ആരംഭമായി. ആകാശം മേഘാവൃതമായി. കൊടുങ്കാററിൻെറ മുന്നോടിയായി സമുദ്രം തിളയ്ക്കുവാൻ തുടങ്ങി. മുൻകപ്പലിൻെറ കണ്ണധാരനായ പാലിന്യൂറസ് കപ്പൽ പായകളെ ശരിപ്പെടുത്തി തണ്ടുവലിക്കാരോട് തണ്ടുകൾ പിടിക്കാൻ ആജ്ഞാപിച്ചു. കപ്പൽ വായുമാർഗ്ഗത്തിനു ചെരിഞ്ഞു വേണം സഞ്ചരിക്കാൻ. അനന്തരം രാജകമാരനോടു പറഞ്ഞു: "അങ്ങുന്നേ, വായുമണ്ഡലവും ആകാശവും ഇത്തരത്തിലായിരിക്കുമ്പോൾ എനിക്കു ഇററലിക്കു സഞ്ചരിക്കുക സാദ്ധ്യമല്ല. ജൌ തന്നെ വന്നാജ്ഞാപിച്ചാലും സാദ്ധ്യമല്ല. കാററിൻെറ ദിശ മാറിയിരിക്കുന്നു; അതിപ്പോൾ പടിഞ്ഞാട്ടു നിന്നാണ് അടിക്കുന്നത്. നമ്മുടെ ചുററുപാടും മൂടൽമഞ്ഞ് പുതപ്പുപോലെ കട്ടികൂടി വരുന്നു. അതിന്നെതിരായി സഞ്ചരിക്കുക ദുസ്സാദ്ധ്യമാണ്. ഇങ്ങിനേയുള്ള സമുദ്രത്തിൽ ജീവനോടുകൂടി കഴിഞ്ഞുകൂടാൻ പോലും കഴിയുകയില്ല. നമ്മുടെ ഭാഗധേയം നയിക്കുന്നേടത്തു നാം ചെല്ലുക. അതാണ് നല്ലത്. നാം സിസിലിയിൽ നിന്നും, അന്നാട്ടിലെ തുറമുഖങ്ങളിൽനിന്നും അതിദൂരത്തല്ല. നക്ഷത്രങ്ങളുടെ സ്ഥിതിയിൽനിന്നു എനിക്കതറിവാൻ കഴിയുന്നു."

രാജകമാരൻ സമ്മതം മൂളി. "കാററിന്നെതിരായി പോകാനുള്ള ഈ വ്യർത്ഥയത്നത്തെ ഞാൻ ദീർഘനേരമായി കണ്ടുകൊണ്ടിരിക്കുന്നു. കപ്പലുകളുടെ ഗതി മാററിക്കൊള്ളു. ട്രോജനായ അസെസ്റ്റിസ് വസിക്കുന്നതും, എൻെറ പിതാവിൻെറ ചിതാവിശേഷത്താൽ പരിപൂതമായിട്ടുള്ളതുമായ നാടിനേക്കാൾ പ്രിയപ്പെട്ടതായി എനിക്കു മറെറാന്നുണ്ടോ?" അയാളുടെ ആജ്ഞയനുസരിച്ച് കപ്പലുകളുടെ ഗതി മാററി. അതിനാൽ കൊടുങ്കാററിൽനിന്ന്

രക്ഷപ്പെട്ട് അവ സിസിലിയുടെ കരക്കണഞ്ഞു. അവിടെ മൃഗയാവിനോദത്തിന് പർവ്വതങ്ങളിലേക്കു ചെന്നിരുന്ന അസെസ്റ്റിസ് ഒരു ഗിരിശിഖരത്തിൽനിന്ന് അവരുടെ ആഗമനം കണ്ട് അവരെ സ്വാഗതം ചെയ്യാൻ ബദ്ധപ്പെട്ടുവന്നു ഹൃദയപൂർവ്വമായ സ്വാഗതമരുളി സ്വീകരിച്ചു. അങ്കിസെസ്സിനെ അവിടെ സംസ്കരിച്ചിട്ട് ഒരു വർഷം പൂർത്തിയാവുന്നു. അവിടെ കരയ്ക്കണയുവാൻ നിർബ്ബന്ധിതനായ സംഗതിയെ തൻെറ ഗുണത്തിന്നായുപയോഗിച്ചുകൊണ്ട്, തൻെറ അച്ഛൻെറ സ്മരണയ്ക്കായും, വിയോഗവ്യഥയെ ആസ്വദിച്ചും ഒരു ശ്രാദ്ധദിനമായാചരിക്കാൻ തീരുമാനിച്ചിരിക്കുന്നുവെന്നു പറഞ്ഞു. ഇങ്ങിനെ പ്രതിവർഷം ചെയ്യുന്നതായിരിക്കുമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു. ഈ ക്രിയകൾ ഒമ്പതു ദിവസം നീണ്ടുനില്ക്കുന്നതാണ്. ഒമ്പതാംദിനം പരിതസ്ഥിതി അനുകൂലമായാൽ, കാലാവസ്ഥയും യോജിച്ചാൽ, ഇത്തരം സന്ദർഭങ്ങൾക്കനുചിതമായ കളികളും വ്യായാമങ്ങളും നടത്തുന്നതാണ്. വഞ്ചിക്കളികൾ, ഓട്ടപ്പന്തയം, കന്തമേറ്, അസ്ത്രപരീക്ഷ, ഗുസ്തിമത്സരം ഇതെല്ലാം. ഇങ്ങിനെ പ്രഖ്യാപനം ചെയ്തശേഷം അയാൾ അച്ഛൻെറ ശവക്കല്ലറയിലേക്ക് പ്രാർത്ഥനയ്ക്കും, തർപ്പണസമർപ്പണത്തിന്നുമായിച്ചെന്നു. അസെസ്റ്റിസ് അയാളെ അനുഗമിച്ചു. അസ്കാനിയസ്സും അയാളുടെ സ്വശക്തസംഘവും അനുഗമിച്ചു. അപ്പോഴാണ് അവർക്കാശ്ചര്യമായി ശുഭശകുനമുണ്ടായത്. അയാൾ മദ്യവും, പാലും, മൃഗരക്തവും ഗുരുതികൊടുക്കവെ ആ പുണ്യമായ ശവക്കല്ലറയുടെ അടിഭാഗത്തുനിന്ന് ഒരു വലിയ സർപ്പം ഇഴഞ്ഞിഴഞ്ഞു വന്നു. അതിൻെറ മേൽപുറം നീലരേഖകളെക്കൊണ്ടും, തങ്കപ്പുള്ളികളെക്കൊണ്ടും അങ്കിതമായിരുന്നു. സൂര്യന്നഭിമുഖമായി തിളങ്ങി മിന്നുന്ന മഴവില്ലിൻെറ വി

വിധവർണ്ണങ്ങളോടുകൂടി അതു് വിളങ്ങി. ആ ക്രൂരറൻസപ്പം യാഗഭൂമിയിൽ അവിടേയും, ഇവിടേയുമായിഴഞ്ഞു്, അവിടെയൊരുക്കിവെച്ച വിഭവങ്ങളുടെ സ്വാദ് അനുഭവിക്കുകയും, ഒരുപദ്രവവും ഏല്പിക്കാതെ ശാന്തമായി വന്നേടത്തേക്കു മടങ്ങിച്ചെല്ലുകയും ചെയ്തു. ആ ജന്തു ആ സ്ഥലത്തെ യക്ഷിയോ, അതോ തൻെറ അച്ഛൻെറ ആത്മാവോ എന്നു തീർച്ചയാക്കാൻ കഴിയാതെ ഏനിയാസ് കുഴങ്ങി. പക്ഷെ അയാറം വിധിപ്രകാരം യാഗം തുടരുകയും, അച്ഛൻെറ ആത്മാവിനെ അതു കുടികൊണ്ട സ്ഥലത്തുനിന്നു് ആഹ്വാനം ചെയ്കയും ചെയ്തു.

അങ്ങിനെ എട്ടുദിവസം കഴിഞ്ഞു. ഒമ്പതാം ദിവസം മത്സരക്കളികറം തുടങ്ങി. വളരെ നാട്ടുകാർ വന്നു—ചിലർ കണ്ടു രസിക്കുവാനും, ചിലർ പങ്കുകൊള്ളുവാനും.

അതിന്നിടയിൽ സ്ത്രീകറം കപ്പൽ സമൂഹത്തിന്നരികെയായിരുന്നു താമസിച്ചതു്. അവരല്ലാതെ കാവലാളികളാരും ഉണ്ടായിരുന്നില്ല. വാനവലോകത്തിൽ നിന്നു ഇതു കണ്ട ജൂണോ, കോപാഗ്നി ഇനിയും കത്തിയടങ്ങാതെ, ദൂതിയായ ഐറീസിനെ അങ്ങോട്ടു പറഞ്ഞയച്ചു. അവളാകട്ടെ, ഇന്ദ്രധനുസ്സാകുന്ന കോണിയിലൂടെ ദൃഷ്ടിക്കഗോചരമായി വഴുതിയിറങ്ങി താഴെ കാവലേതുമില്ലാത്ത നൌകാസമൂഹത്തേയും, വനിതാസംഘത്തേയും കണ്ടു. അവർ കടലിനെ കണ്ണിമയ്ക്കാതെ നോക്കി, പരേതനായ അങ്കിസെസ്സിനെ ആലോചിച്ചും, മറെറാരു കാര്യം കരുതിയും കരയുകയായിരുന്നു. "യാത്രാക്ഷീണിതരായ ഞങ്ങറംക്കു ഇത്ര വിസ്തീർണ്ണമായ പാരാവാരം ഇനിയും കടക്കേണ്ടതുണ്ടോ?" ഏകസ്വരത്തിലെന്നപോലെ അവർ ദീർഘശ്വാസം ചെയ്തു. ഇത്ര നീണ്ട പണിപ്പാടിൽ നിന്നു്

ഒരു ശാന്തി കിട്ടേണമേ എന്നു ആത്മാൎത്ഥമായി പ്രാൎത്ഥിച്ചു. കലഹമുണ്ടാക്കുന്നതിന്നു പാടവമുള്ള ഐറീസ് അവരുടെ ഇടയിൽ വന്നു. അവരം ദിവ്യരൂപം വെടിഞ്ഞ് ബെറോ എന്ന പേരോടുകൂടിയ ഒരു വൃദ്ധയുടെ വടിവ് പൂണ്ടു. ആ വൃദ്ധ അപ്പോരം രോഗാതുരയായി കിടക്കയായിരുന്നു. അവരം അവരോടു പറയാൻ തുടങ്ങി: "യവനർ നമ്മുടെ ദുൎഗ്ഗത്തിന്റെ ഭിത്തികരംക്കരികെ വെച്ചു നിൎദ്ദയം സംഹരിച്ച ട്രോജന്മാരെക്കാളധികം ദുരിതമനുഭവിക്കുന്നവരാണ് നമ്മരം. ട്രോയ് നശിച്ചിട്ട് ഏഴു വൎഷമായി. ആ ഓരോ വൎഷവും നാം സമുദ്രത്തിലലഞ്ഞു തിരിഞ്ഞു നടക്കുകതന്നെ ചെയ്തു. തരിശായ പാറക്കെട്ടുകരം കടന്ന്, വിവിധനക്ഷത്രമണ്ഡലങ്ങരംക്കടിയിൽ, എപ്പോഴും പിന്നോക്കം നീങ്ങിക്കൊണ്ടിരിക്കുന്ന ഇററലിയെ ഉന്നംവെച്ച്, എപ്പോഴും "ആദിമദ്ധ്യാപേതാന്തമായ" ആഴിപ്പരപ്പിൽ സഞ്ചരിക്കുക തന്നെ. സുഹൃജ്ജനങ്ങളുള്ള ഈ നാട്ടിൽ നമുക്കെന്തുകൊണ്ട് അധിവസിച്ചുകൂടാ? ഇവിടെ ഒരു നഗരം പണിതുകൂടെ? അല്ലയോ ജന്മഭൂവേ! ട്രോയ്നഗരം സ്ഥാപിക്കാനേ കഴിയില്ലെങ്കിൽ, ഹെക്ടരുടേതെന്ന് വിളിക്കപ്പെടാവുന്ന ഒരു നദി കണ്ടെത്തിയില്ലെങ്കിൽ, നിന്റെ ദൈവതങ്ങളെ വെറുതെയാണ് ഞങ്ങരം രക്ഷിച്ചുകൊണ്ടു പോന്നത്. വരൂ, എന്റെ കൂടെ എല്ലാവരും വരുവിൻ! ഈ നശിച്ച കപ്പലുകളെ ചുട്ടെരിക്കുവിൻ! ഞാൻ കാസ്സൺഡ്റയെ ഒരു സ്വപ്നത്തിൽ ദശിച്ചിരിക്കുന്നു. അവരം എനിക്കു ചൂട്ടുകരം നല്കിയിരിക്കുന്നു. 'ഇതാണ് നിങ്ങളുടെ ട്രോയ്! ഇതാണ് നിങ്ങളുടെ ഗേഹം' എന്നവരം പറഞ്ഞിരിക്കുന്നു. ഇത്ര ഭയങ്കരശകുനം നമ്മെ ഓടിക്കുമ്പോരം നാം സംശയിക്കുകമോ? അതാ, അവിടെ നെപ്ട്യൂണിന്റെ ഹോമകുണ്ഡ

ത്തിൽ വിറകെരിയുന്നുണ്ട്. ആ ദേവൻ തന്നെ നമുക്ക് മനക്കരുത്തും, ചൂട്ടുകളും നല്കുന്നതാണ്.'' അവരം സംസാരിച്ചുകൊണ്ടിരിക്കെ ഹോമകുണ്ഡത്തിൽ നിന്ന് ഒരു കത്തുന്ന കൊള്ളിയെടുത്ത് കപ്പലിലേക്കെറിഞ്ഞു. മററു സ്ത്രീകരം ഞെട്ടി, പകച്ചു നോക്കി. പക്ഷെ, അവരിലൊരാരം മാത്രം—ഏററവും പ്രായം ചെന്നവളും, യശസ്വിനിയും, പ്രിയമിൻെറ പുത്രന്മാരുടെ സൈരന്ധ്രിയുമായ ഒരു മാനിനി പറഞ്ഞു: "മഹിളമാരെ, ഈ ദൃശ്യമൊന്ന് നോക്കുക! ഇത് ബിറോവല്ല; ബിറോ രോഗഗ്രസ്തയായി വ്യസനിച്ചു കിടക്കയാണ്. അവരംക്കു യാഗങ്ങളിൽ ചേരാൻ വയ്യ. അവളെ ഞാൻ തന്നെ കണ്ടിരിക്കുന്നു. ഈ ദൈവീകപ്രഭയെ നോക്കു! അവളുടെ തിളങ്ങുന്ന ലോചനങ്ങളും, ശ്വാസഗതിയും, മുഖവും നോക്കു! അവളുടെ സ്വരം കേരംക്കുവിൻ, അവളുടെ നടത്തം വീക്ഷിക്കുവിൻ!'' എന്നിരിക്കിലും ഈ വ്യതസ്തമായ രണ്ടു ആശങ്കകരംക്കുമിടയിൽ സ്ത്രീകരം സംശയിച്ചു കുഴങ്ങി. അവർ യാത്രയെ വെറുത്തും, രാജ്യം എത്തിച്ചേരണമെന്നാഗ്രഹിച്ചും, കപ്പലുകളുടെ നേരെ ദൃഷ്ടദൃഷ്ട്യാ വീക്ഷിച്ചും, ഇരിക്കുമ്പോരം ആ ദേവി പ്രത്യക്ഷയായി ആകാശത്തേക്കുയന്നു. പോകുന്ന മാർഗ്ഗത്തെ ഇന്ദ്രധനുസ്സാൽ ശോഭായമാനമാക്കി. ഇതു കണ്ടപ്പോരം അവർ ഉന്മത്തകളായി. അവർ ഉറക്കെ കൂക്കിവിളിക്കാനും കരയാനും തുടങ്ങി. അവർ അടുപ്പിൽനിന്നും, ഹോമകുണ്ഡത്തിൽനിന്നും കിട്ടാവുന്നേടത്തോളം എരികൊള്ളികരം എടുത്തു കപ്പലുകളിലേക്കെറിഞ്ഞു. ഇലകളും ചില്ലകളും തീപ്പററാവുന്ന എല്ലാ വസ്തുക്കളും കൂടെയെറിഞ്ഞു. തീ കപ്പൽ വരാന്തകളിൽ എരിയുവാൻ തുടങ്ങി. വിലങ്ങു വിട്ടങ്ങളിലും, അമരത്തട്ടിലും തട്ടി അവയും, തണ്ടുകളും കത്തുവാനാരംഭിച്ചു.

തീജ്ജ്വാലകഠം ആദ്യമായി കണ്ടതു് യൂമെലസ് എന്ന ഒരു പടയാളിയായിരുന്നു. അയാഠം ഉടനെ മത്സരക്കളികഠം നടത്തുന്നേടത്തു് ചെന്നു വിവരം പരത്തി. പട്ടാളപ്രമുഖരെല്ലാം കടപ്പുറത്തേക്കു നോക്കി. ധൂമപടലങ്ങഠം അപ്പോഠം ആകാശത്തേക്കുയരുന്നതു കണ്ടു. അസ്കാനിയസ്സും സംഘവുമാണ് ആദ്യം ഉന്മാദിനികളുടെ അരികത്തു് കുതിച്ചെത്തിയതു്. എത്തിയ ഉടനെ അവൻ തന്റെ ഉഷ്ണീഷത്തെ താഴെ എറിഞ്ഞു. എന്നിട്ട് വിളിച്ചു പറഞ്ഞു: "എന്താണ് നിങ്ങഠം ചെയ്യുന്നതു്. നിങ്ങഠം യവനരുടെ രക്ഷാവേലി കത്തിക്കുകയാണെന്നാണോ വിചാരം? ഞാൻ അസ്കാനിയസ്സാണ്. നിങ്ങഠം നിങ്ങളുടെ പ്രതീക്ഷകളെത്തന്നെ തകക്കുകയാണ്. എന്നെ നോക്കുവിൻ, എന്നെ നോക്കുവിൻ! ഞാൻ നിങ്ങളുടെ അസ്കാനിയസ്സ് തന്നെയാണ്!" അവന്റെ പിന്നാലെ ഏനിയാസ് എത്തി. വഴിയെ മററു ട്രോജന്മാരും. ആശ്ചര്യചകിതരായ സ്ത്രീകഠം അവരുടെ രാജകുമാരനെ തിരിച്ചറിഞ്ഞു. അവരെന്തു പമ്പരവിഡ്ഢിത്തമാണ് ചെയ്തതെന്നു മനസ്സിലാക്കി. അവർ ഉടനെ കപ്പലുകളുടെ അരികെനിന്നോടി ചുററുപാടുമുള്ള വൃക്ഷങ്ങഠംക്കിടയിലും, ഗുഹകളിലും ഒളിച്ചു. പക്ഷെ അവരുടെ പശ്ചാത്താപംകൊണ്ടെന്താണും അവർ ആരംഭിച്ച പ്രവൃത്തിയുടെ ഫലം മുടങ്ങുവാൻ പോകുന്നുണ്ടോ? പുരുഷന്മാർ വെള്ളം കൊണ്ടുവന്നു നൌകകളിലേക്കു ചൊരിഞ്ഞതെല്ലാം വ്യത്ഥമായി. തീ പടന്നു പിടിച്ചു ഒന്നിൽനിന്നു മറെറാന്നിലേക്കും അതിൽനിന്നു വേറൊന്നിലേക്കും വ്യാപിച്ചു് ആത്തിയോടെ കണ്ടതെല്ലാം വിഴുങ്ങുവാൻ തുടങ്ങി. ധൂമപടലങ്ങഠം ആകാശത്തിലേക്കു തിങ്ങിവിങ്ങി ഉയന്നു.

ഏന്നിയാസ് തന്റെ കുപ്പായം പിടിച്ചു കീറി കടുത്ത നിരാശയാൽ കൈ നീട്ടി ജൌവ്വിനോട് പ്രാർത്ഥനാ വിലാപമുയർത്തി: "സർവ്വശക്തനായ തിരുമേനി! അങ്ങ് ട്രോജന്മാരെ അത്യധികം വെറുക്കുന്നില്ലെങ്കിൽ, അങ്ങയ്ക്കു തെല്ലെങ്കിലും കരുണ ശേഷിപ്പുണ്ടെങ്കിൽ, ഈ അഗ്നി എന്റെ കപ്പലുകളെ മുഴുവനും വിഴുങ്ങാതിരിക്കാനുള്ള വരം തരണേ! അതല്ല ഞാനാണ് പാപം ചെയ്തിരിക്കുന്നതെങ്കിൽ എന്നെ ഇടികൊണ്ടു തകർത്തു കൊല്ലുക." ഒരു മറുപടിയെന്നോണം വാനം കാറിനാൽ മൂടപ്പെട്ടു: കൊടുങ്കാററ് ആസന്നമായി: പക്ഷെ ഇടിവെട്ടുകൾ മഴയുടെ സഹചാരികളായിരുന്നു. ഇടതടവില്ലാത്ത വർഷമേററു തീ കെട്ടടങ്ങി. കരിയുന്ന മരം കെടുവാൻ ആരംഭിച്ചു. ഒടുവിൽ നൌകകളിലധികവും, തീരെ നശിക്കാതെ, പക്ഷെ കുറേയൊക്കെ കേടുതട്ടിയ നിലയിൽ ഭദ്രമായി കിട്ടി. നാലെണ്ണം മാത്രം ഒന്നിനും കൊള്ളാത്ത നിലയിൽ വെന്തു ചാമ്പലായി. ശത്രുക്കളുടെ ആക്രമണത്തിനു സാധ്യമാകാത്ത ആ കാര്യം, സ്ത്രീകളുടെ ഈ ലഹളകൊണ്ടും, ദുഷ്ടപ്രവൃത്തികൊണ്ടും സംഭവിച്ചു. രാജകുമാരന്റെ സ്ഥിരോദ്ദേശത്തിന് ഒരു ഇളക്കം പററി. സംശയപരീതനായി അയാൾ നിലകൊണ്ടു. ഇനിയും താൻ മുന്നോട്ടു പോകണമോ? അതോ, വിധി നല്ലുമെന്നു തീർച്ചയാക്കിയ ആ ഭാരത്തെയുപേക്ഷിച്ച്, താനുള്ളേടത്ത് സിസിലിയിൽത്തന്നെ കുടിയേറിപ്പാർക്കണമോ? സംശയനിവൃത്തിവരാതെ അയാൾ നാട്ടീസ് എന്നു പേരുള്ള ജ്ഞാനവൃദ്ധനായ തന്റെ ഒരു സുഹൃത്തിനോട് ചോദിച്ചു. നാട്ടീസ് അഭിപ്രായപ്പെട്ടതു് ഭഗ്നാശയനാകരുതെന്നാണ്. "എന്തുതന്നെ സംഭവിച്ചാലും അതു സഹിക്കാനുള്ള മനക്കരുത്ത് എല്ലായ്പോഴും ഉണ്ടു്: അതുകൊണ്ടു് അവസാനം ജയിക്കാം. ഈ

ഡോളായിതമനഃസ്ഥിതിയിൽ നിങ്ങളുടെ സുഹൃത്തായ അസെസ്റ്റിസ്സിനോട് ഉപദേശം ചോദിക്കുക. അയാളും ഒരു ട്രോജനാണല്ലോ—നമ്മുടെ സംഘത്തെ പിരിക്കുക. ആ കപ്പലുകറം പൊയ്പ്പോയതുകൊണ്ട് സ്ഥലം കുറവായല്ലോ;—ശരി, യാത്രകൊണ്ടു ക്ഷീണിതരും, മനം മടുത്തവരുമായ എല്ലാവരും, വൃദ്ധരും, ദീർഘമായ കടൽയാത്രയാൽ കുഴങ്ങിയ വനിതകളും, ഭയാക്രാന്തരും, ദുർബ്ബലരും, ഇവിടെ തങ്ങട്ടെ—അസെസ്റ്റിസ്സ് അവരെ ഭരിക്കട്ടെ—ആ നഗരത്തെ അസെസ്റ്റാ എന്നു വിളിക്കാം.''

ഈ കാൎയ്യത്തിൽ ഏതാണ്ട് പാതിയുറച്ചു കഴിഞ്ഞു. അന്തിനേരമായപ്പോറം ഏനിയാസ് വിശ്രമിക്കാൻ തുനിഞ്ഞു. അപ്പോറം ആപത്തു കാലത്തിലെല്ലാം മുമ്പു സംഭവിച്ചതുപോലെ അവർ പൂജിച്ച ശവക്കല്ലറയിൽനിന്ന് അൻകിസെസ്സിൻെറ രൂപം വരുന്നതായും അയാളുടെ സ്വരം ഏനിയാസിൻെറ ചെവിയിൽ മുഴങ്ങുന്നതായും തോന്നി. ഇത്തവണ അത് നാട്ടിസിൻെറ ഉപദേശത്തെ സ്ഥിരപ്പെടുത്തി—ഏനിയാസിൻെറ കരുത്തുകൂടിയ പടയാളികറംക്കു മാത്രമേ ഭാവിയിലുള്ള അപകടങ്ങളോട് മല്ലിടുവാൻ കഴിയുള്ളുവെന്നും, ഇററലിയിൽ ബലിഷ്ഠരും കലഹപ്രിയരുമായ ഒരു വൎഗ്ഗത്തോട് ഏററുമുട്ടേണ്ടിവരുമെന്നും പറഞ്ഞു. അൻകിസെസ്സിൻെറ ഛായ ഒന്നുകൂടി പ്രവചിച്ചു: ''ആദ്യം നീ ഡിസ്സിൻെറ ലോകത്തുകൂടെ പോയി എന്നെ പാതാളത്തുവെച്ച് ദർശിക്കേണ്ടിവരും. ഞാൻ നരകിക്കുന്ന പാതകികറംക്കിടയിലല്ല വസിക്കുന്നത്. പുണ്യവാന്മാരുടെ ഇടയിൽ, ശാന്തപ്രദമായ ഒരു സ്ഥലത്താണ്. പുണ്യവതിയായ സിബിലിനു നിൻെറ വംശപരമ്പരയുടെ ഭാവിയും ഭാഗധേയവും അറിയാം. ഞാൻ യാത്ര പറയട്ടേ: പ്രഭാതമാവുന്നു!'' ആ ദർശനം മങ്ങി മാ

ഞ്ഞു. മായാവിപോലെ അച്ഛൻ മാഞ്ഞുപോയതിൽ പരിതപിച്ച് രാജകുമാരൻ എഴുന്നേല്ക്കുകയും, ഗൃഹദേവതമാക്ക് പൂജാദികഠം നല്കാൻ മുതിരുകയും ചെയ്തു. അങ്ങിനെ ഗൃഹദേവതമാക്കും, മൺമറിഞ്ഞ കാരണവന്മാക്കും ധൂപദീപനൈവേദ്യങ്ങഠം നല്കപ്പെട്ടു. തന്റെ സഖാവിന്റേയും അച്ഛന്റേയും ഉപദേശമനുസരിച്ച് പിന്നീട് അസെസ്റ്റിസിനെ അഭിവാഞ്ഛയറിയിക്കുകയും, ഉദ്ദിഷ്ടകാര്യം ചെയ്യാൻ തുടങ്ങുകയും ചെയ്തു. വയസ്സുചെന്ന സ്ത്രീകളേയും, കീത്തിയിൽ അഭിവാഞ്ഛയില്ലാത്ത ഭീരുക്കളേയും അയാഠം വേറെയാക്കി; നഗരത്തിനുള്ള അതിരുകഠം അടയാളപ്പെടുത്തിക്കൊടുത്തു. അസെസ്റ്റിസ്സിനെ അതിന്റെ അധിപനാക്കി. പക്ഷെ അതിൽ ധീരന്മാരേയും, ശക്തന്മാരേയും കപ്പലിലെ കേടുപാടുകഠം തീക്കാൻ നിയോഗിച്ചു. അങ്ങിനെ രണ്ടു പ്രവൃത്തിയും പൂത്തിയായപ്പോഠം, കപ്പൽ സംഘം യാത്രാസന്നദ്ധമാവുകയും, കടിയേറിപ്പാപ്പുകാക്കുള്ള വളപ്പുകഠം വരഞ്ഞു കൊടുക്കപ്പെടുകയും ചെയ്തപ്പോഠം അവസാനയാത്ര പറയുന്നതിന്ന് ഏനിയാസ് കല്പന കൊടുത്തു. അപ്പോഴാണ് പലരും തങ്ങളുടെ തീപ്പിനെപ്പററി ഖേദിച്ചത്; വീണ്ടും യാത്ര തുടരുവാൻ അവരിൽ പലരും ആലോചിച്ചു. എന്നാൽ ഏനിയാസ് കപ്പൽത്തട്ടിൽ കയറി; അനുചരന്മാരും പിന്തുടന്നു. എന്തു കണ്ണീർ ചൊരിഞ്ഞിട്ടും, പടയാളികഠം തങ്ങളുടെ നായകന്നെ അനുഗമിക്കാൻ തീരുമാനിച്ചു.

മേലിൽ കടലിലെ കുഴപ്പങ്ങഠം അവക്കു നേരിടേണ്ടി വന്നില്ല. വീനസ് ദേവി, തനിക്കു മകനുവേണ്ടി ചെയ്യേണ്ടി വരുന്ന പാടോത്ത് നെപ്ട്യൂണിന്റെ—സമുദ്രദേവതയുടെ അരികെ വരികയും, അയാളോട് മക

നിൽ കാരുണ്യം കാണിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. അവഠം പറഞ്ഞു: "ജൂണോവിൻെറ കോപാഗ്നി എന്തു കൊണ്ടും തണിയുന്നില്ല; അവഠം ഇപ്പോഴും ശ്രമിക്കുന്നത് എൻെറ ട്രോജന്മാരെ അവരുടെ അന്ത്യത്തിലേക്ക് ആട്ടിപ്പായിക്കാനാണ്—ജൌ അവക്കുവേണ്ടി ഉദ്ദേശിച്ച ഭാഗധേയത്തിൽ നിന്ന് അവരെ വേർപിരിക്കയാണ്. അവഠം നിങ്ങളുടെ സാമ്രാജ്യത്തെക്കൂടി—കടൽ സാമ്രാജ്യത്തെക്കൂടി എതിർത്ത് അവിടെ ബഹളം ഉണ്ടാക്കി. പക്ഷെ അവരുടെ ശേഷിച്ച യാത്രയിൽ നിങ്ങഠം അവക്കു ശാന്തമായ യാത്രയുണ്ടാക്കാൻ സഹായിക്കണം. അവരെ ഭദ്രമായി അവരുടെ തുറമുഖത്തെത്തിക്കണം."

നെപ്ട്യൂൺ അവളുടെ പ്രാത്ഥന കേട്ടു. ഒരു പുഞ്ചിരിയായിരുന്നു അതിന്നുത്തരം. താൻ പണ്ടും ട്രോയിന്നും, ഇപ്പോഠം ഏനിയാസിന്നും സഹായമേ ചെയ്തിട്ടുള്ളു എന്നോമ്മപ്പെടുത്തി: "നീ നിൻെറ ഉത്ഭവസ്ഥാനമായ സമുദ്രത്തെ വിശ്വസിക്കുന്നത് നന്ന്. ഇപ്പോഠം ഒന്നും പേടിക്കേണ്ട. അവനെ ഞാൻ ഭദ്രമായി നാട്ടു ചേക്കാം—കൂടെ കൂട്ടാളികളേയും—പക്ഷെ അവരിൽ ഒരാഠം മാത്രം കൂടെയുണ്ടാവുകയില്ല. പലക്കും വേണ്ടി ഒരാഠം ആത്മസമപ്പണം ചെയ്യേണ്ടി വരും!" ഇതും പറഞ്ഞ് സമുദ്രത്തിന്നുപരി തൻെറ രഥത്തിൽ പോയ്ക്കളഞ്ഞു.

അയാളുടെ നീലരഥത്തെ അയാഠം തെളിച്ചു. അതിൻെറ അച്ചുതണ്ടുകഠം ഇടിയുടെ ഖട ഖട രതം മുഴക്കുന്നു. സമുദ്രം അടങ്ങുന്നു. ശാന്തമായ കടൽ നിശ്ശബ്ദമായി അതിൻെറ ഓളങ്ങഠം ചുരുട്ടുന്നു. വാരുണിയുടെ മുമ്പിൽ കൊടുങ്കാററുകഠം മറയുന്നു. പടുകൂററന്മാരായ തിമിംഗല

ങ്ങൾ കുട്ടികളെപ്പോലെ പിതാവിൻെറ പാദസന്നിധിയിൽ വിളയാടുന്നു.

ഏനിയാസിനും ഈ സന്തോഷസമാധാനങ്ങൾ അനുഭവപ്പെട്ടു. അയാൾ സുമുഹൂർത്തത്തെ പാഴാക്കിയില്ല. കപ്പൽസംഘം അതിശീഘ്രം യാനം ചെയ്തു. മുമ്പിലായി പാലിന്യൂറസ് കണ്ണധാരനായിരുന്ന കപ്പൽ പോയി. പിന്നിൽ അച്ചടക്കത്തോടു കൂടി മററു നൌകകളും! അന്തിവന്നു—എല്ലാം മംഗളം തന്നെ. പക്ഷെ ട്രോജന്മാർ ഒരു ത്യാഗം ചെയ്യണമെന്നാണല്ലൊ വിധി. അമരത്തട്ടിൽ പാലിന്യൂറസ് ജാഗരൂകനായി ഇരിക്കയാണ്. നിദ്ര, മാരകങ്ങളായ സ്വപ്നങ്ങളുടെ അകമ്പടിയോടുകൂടി അയാളെ പാറുകെ, പ്രത്യക്ഷമായ ഒരു ചങ്ങാതിയുടെ നിലയാണെങ്കിലും ചില പ്രത്യേകാകർഷണങ്ങളാൽ മനം മയക്കികൊണ്ട് മുട്ടവായി ചുഴന്നു. സമുദ്രം എത്ര ശാന്തമായിരിക്കുന്നു; കാററു് ഗതിമാററാതെ വീശുന്നു. വിശ്രമമെടുക്കാനുള്ള സമയമല്ലേ? പ്രവൃത്തിയുടെ ശ്രമത്തിൽനിന്നു വിരമിക്കുക! പാലിന്യൂറസ് അപ്പുറത്തേക്കു തിരിഞ്ഞതേ ഇല്ല. "കടലിനെ വിശ്വസിക്കയോ! വഞ്ചന തന്നെ പട്ടരാക്ഷസരൂപം കൈക്കൊണ്ടപോലെയുള്ള ആ പാരാവാരത്തെ ഞാൻ വിശ്വസിക്കയോ? ഒരു ശാന്തമായ ആകാശം എന്തിനെ സൂചിപ്പിക്കുന്നു എന്നു് പലപ്പോഴും അനുഭവം കൊണ്ടറിഞ്ഞിരിക്കുന്ന ഞാൻ, ഏനിയാസിനെ മരുത്തുക്കളുടെ സ്വാമിഭക്തിയെ വിശ്വസിച്ച് അവരുടെ കയ്യിലേൽപ്പിക്കയോ? അവൻെറ പാണി കണ്ണത്തെ ബലമായി പിടിച്ചു. കണ്ണുകൾ നക്ഷത്രങ്ങളിൽത്തന്നെ സ്ഥിരമായുറപ്പിച്ചു. ആ ദേവൻ ഇത്ര വേഗത്തിൽ തോൽവി സമ്മതിക്കുമോ? അയാൾ വിസ്മൃതി നദിയിലെ ജലത്തിൽ മുക്കി

യ ഒരു ചില്ലയെ അമരക്കാരൻെറ മീതെ വിശി. അതിൻെറ സ്വാധീനശക്തിയാൽ, പാലിന്യൂറസിൻെറ നീന്തിക്കൊണ്ടിരിക്കുന്ന നയനങ്ങൾ നിമീലിതങ്ങളായി. അപ്പോൾതന്നെ ആ ദേവൻ അവൻെറ ദേഹത്തെ കപ്പലിൻെറ പാൎശ്വങ്ങളുടെ മീതെ കടലിലേക്കെറിഞ്ഞു. പക്ഷെ അയാൾ അമരത്തെ മുറുകെ പിടിച്ചതുകൊണ്ട് അതിലൊരംശം പറിഞ്ഞു പോന്നു. അയാൾ അങ്ങിനെ വീണപ്പോൾ സഖാക്കളെ വിളിച്ചു കരഞ്ഞു: പക്ഷെ അവർ കേട്ടില്ല; കപ്പൽ സംഘവും അതിലെ സമസ്തവും ഒന്നും സംഭവിക്കാത്തപോലെ, നെപ്ട്യൂണിൻെറ ദൈവികസംരക്ഷണയിൻകീഴിൽ നീങ്ങിക്കൊണ്ടേ പോയി.

വഴിയെയാണ് ഏനിയാസ് ഈ സംഭവം അറിഞ്ഞത്. കപ്പലിന് അമരക്കാരനില്ലെന്നു കണ്ട് അയാൾ സ്വയം അമരം പിടിച്ചു. അന്നേരമെല്ലാം തൻെറ ഉത്തമ സുഹൃത്തിനേയോൎത്ത് വിലപിച്ചു: "അഹോ! പാലിന്യൂറസ്! ആകാശപാരാവാരങ്ങളുടെ പ്രശാന്തതയിൽ അതിരുകടന്നു വിശ്വസിക്കയാൽ നിൻെറ ദേഹം ഇപ്പോൾ സംസ്കാരമേല്ക്കാത്ത നിലയിൽ നഗ്നമായി ഒരു മറുനാടൻ കടല്ക്കരയിൽ കിടക്കേണ്ടി വന്നുവല്ലോ."

# സിബിൽ

പ്രഭാതമായതോടുകൂടി നെടുകസംഘം ഇററലിയ ലുള്ള ക്യൂമേയിലെത്തി. അവിടെയാണ് ഭയങ്കരിയായ സിബിൽ വസിക്കുന്നത്. അവളാകട്ടെ സൂര്യദേവതയുടെ കോമരമാണ്. അതാകട്ടെ ലോകപ്രസിദ്ധമായ ഒരു സ്ഥലമാണ്. അവിടെയാണ് ഡെയ്ഡാലസ് എന്ന ആദ്യത്തെ വൈമാനികൻ മിനോസ് എന്ന തൻെറ നഗരത്തിൽനിന്ന് പറന്നു വന്നെത്തിയത് എന്നു പുരാണം ഘോഷിക്കുന്നു. പുരാണ ഐതിഹ്യങ്ങളെ ചിത്രീകരിക്കുന്ന പലതും അടങ്ങിയ കൊത്തുവേലകളോടു കൂടിയ ഭിത്തികളുള്ള ഒരു ക്ഷേത്രം അയാറം അവിടെ സൂര്യദേവനുവേണ്ടി നിമ്മിച്ചുവത്രെ. ഒരു ഐതിഹ്യം മാത്രം അവിടെ കാണാനില്ല; അയാളുടെ പുത്രനായ ഇക്കാറസ്സിൻെറ പറക്കാനുള്ള പരിശ്രമവും തൽസംബന്ധമായ പരാജയവും. അച്ഛൻ ഇതിനെ കനകത്തിൽ ചിത്രീകരിക്കാൻ രണ്ടു തവണ പരിശ്രമിച്ചുപോലും. പക്ഷെ രണ്ടു

തവണയും അതിയായ ആധി അയാളുടെ കലയെ വന്ധ്യമാക്കിയത്രേ. പക്ഷെ ഏനിയാസും കൂട്ടുകാരും ഈ കെട്ടിടത്തിന്റെ അത്യത്ഭുതത്തെ നടന്നു നോക്കിക്കൊണ്ടിരിക്കെ, പരിസരപ്രദേശത്തെ ചികഞ്ഞു നോക്കിയറിയുവാൻ നിയുക്തരായ ചാരന്മാർ ഭയങ്കരിയായ ആ പൂജാരിണിയെ—സമുദ്രദേവതയുടെ മകളായ ഡെയ്ഫോബസ്സിനെ പിടികൂടി കൊണ്ടുവന്നു. അവർ കാലവിളംബം ചെയ്തതിനെപ്പററി അവഠം സംക്ഷേപമായും, കഠിനമായും അധിക്ഷേപിച്ചു; അവരെ തടപ്പള്ളിയിലേക്കു തന്നെ നയിച്ചു. അതിലേക്കു നൂറു നടക്കാവുകളും, നൂറു പടികളും ഉണ്ട്. അവയിലൂടെ നടന്നു ചെല്ലുമ്പോഠം സിബിൽ പുറപ്പെടുവിച്ച സൂര്യനാമമന്ത്രോച്ചാരണം നൂറു ശബ്ദങ്ങളാൽ മാറെറാലിക്കൊള്ളുന്ന പോലെയുള്ള പ്രതീതിയുണ്ടാക്കി. അവർ ശ്രീമൂല സ്ഥാനത്തെത്തിയപ്പോഠം അവഠം പറഞ്ഞു: "നിങ്ങളുടെ ഭാഗ്യത്തെപ്പററിച്ചോദിച്ചുകൊള്ളുവിൻ! അതാ ദേവൻ! നോക്കൂ! അതാ!"

അവളിതു പറഞ്ഞപ്പോഴെക്കു വിറച്ചുകൊണ്ടിരുന്ന അവളുടെ ദേഹത്തിന്റെ നിറം മാറി; മുഖപ്രകൃതിക്കു വലിയ വ്യത്യാസം വന്നു. അവളുടെ അഗാധമായ ആന്തരാത്മാവിൽ നിന്നു് രോദനങ്ങഠം പുറപ്പെട്ടു. തലനാരിഴകഠം എറിച്ചു നിന്നു. പിടഞ്ഞുകൊണ്ടുള്ള കോപം വിറയ്ക്കുന്ന അവളുടെ അംഗങ്ങളെ വികൃതമാക്കി; മാറ്വിടം ദീർഘശ്വാസനങ്ങളാൽ ഓളം വെട്ടി. മനുഷ്യനേക്കാഠം വലുതായോ അവഠം എന്നു സംശയം തോന്നിച്ചു, അമാനുഷികമായ ഒച്ചയിൽ അവഠം സംസാരിച്ചു. തുറിച്ചു നോക്കിയിരുന്ന ലോചനങ്ങഠം കോപസ്ഫുലിംഗങ്ങളുതിർത്തു ഉരുണ്ടു. അവളുടെ ദേഹത്തിൽ സൂര്യദേവന്റെ ആവേശം പൂർത്തിയായി. അവഠം പെട്ടെ

ന്നു് തിരിഞ്ഞു് നര ചിതറിക്കൊണ്ടു് ചോദിച്ചു: "എന്താണ്ണാണീ കാലവിളംബം? നിന്റെ പ്രാർത്ഥനകൾക്കു മാത്രമേ, ദേവനെ പ്രത്യക്ഷമാക്കാൻ കഴികയുള്ളൂ. അല്ലെങ്കിൽ, എന്റെ ചോദ്യങ്ങൾ കൂടി വ്യർത്ഥമാവും. ദേവൻ മൂകനായിരിക്കുകയും ചെയ്യും."

ഭയംകൊണ്ടല്ല ശീതളസ്വേദം ദേഹമാസകലം പൊടിയുന്നതായി ട്രോജന്മാക്കനുഭവപ്പെട്ടു. ഏനിയാസ് വികാരാവേശത്തോടെ ഇങ്ങിനെ പ്രാർത്ഥിച്ചു: "അല്ലയോ ഫീബസ്! അങ്ങ് ട്രോജന്മാരുടെ ദുരിതങ്ങളെ സംബന്ധിച്ചെടത്തോളം കരുണയുള്ളവനാണ്. അക്കില്ലെസ്സിന്റെ മൃത്യുവിന്നു് ഇരയാക്കിയ പാരീസിന്റെ ശരം അങ്ങയാലാണ് നീതമായതു്. അങ്ങയാണ് എന്നെ ഈ ഭൂഖണ്ഡങ്ങളിലേക്കും, വിദൂരദേശമായ ആഫ്രിക്കയിലെ വിവിധവർഗ്ഗക്കാരുടെ സന്നിധിയിലേക്കും കൊണ്ടുചെന്നതു്. ഇതാ ഇപ്പോൾ അവസാനമായി ഞങ്ങൾ ഇററലിയുടെ മായാമയമായ തീരങ്ങളെ തൊട്ടന്നേയുള്ളൂ. ഇവിടെ ട്രോയുടെ വിധി ഞങ്ങളെ പിന്തുടരാതിരിക്കട്ടെ! അല്ലയോ ദേവന്മാരെ! അവരിലുമുപരിയായി ഹേ സൂര്യദേവാ! ട്രോയിന്റെ വിരോധികളായി അണിനിരന്നിരുന്ന നിങ്ങളെല്ലാം—ഞങ്ങളുടെ കീർത്തിക്കെതിരായി നിന്ന നിങ്ങളെല്ലാം—ട്രോയിലെ അവശേഷിച്ച ഞങ്ങളെ കരുണയോടെ വീക്ഷിച്ചു രക്ഷിക്കണം—ഭാവി കരതലാമലകംപോലെ തെളിഞ്ഞു കാണാവുന്ന ഹേ പൂജാരിണി, ഞങ്ങൾക്കു ലേററിയം രാജ്യത്തിൽ ഒരു ആവാസസ്ഥലം തരിക—വിധി ഞങ്ങൾക്കായി നീക്കിയ അതൊന്നല്ലാതെ മറെറാന്നും ഞാൻ ചോദിക്കുന്നില്ല. അവിടെ ഞങ്ങളുടെ ദേവതമാർ അവരുടെ ദുരന്തദീർഘയാനത്തിന്നു ശേഷം വിശ്രമിക്കട്ടെ. അവിടെ ഞാൻ വെണ്ണക്കല്ലുകൊണ്ടു്

ദേവാലയങ്ങഠം നിമ്മിക്കാം. ഫീബസിൻെറ മാഹാത്മ്യത്തെ ഉത്സവങ്ങളാലാഘോഷിക്കാം. പൂജാരിണി! അങ്ങേയ്ക്കും ഞങ്ങളൊരു സ്മാരകം പണിയാം. പക്ഷെ പതിവുപോലെ പ്രവചനങ്ങളെ പത്രത്തിലെഴുതി കാററത്തു പറപ്പിക്കാൻ ഇട വരുത്തരുതേ! എന്നോടു തുറന്നു പറയുവാൻ തക്കവണ്ണം കനിവുണ്ടായാലും."

ആ ഗഹ്വരത്തിന്നുള്ളിൽ സിബില്ലിന്നു ദൈവീകശക്തി അനുഭവപ്പെട്ടു. അവഠം ആ ദൈവീക ചൈതന്യത്തെ തിരസ്കരിക്കാൻ ശ്രമിച്ചു. പക്ഷെ, ആ ചൈതന്യം അവളെ അചിരേണ വശത്താക്കി. ആ കവാടശതങ്ങഠം തുറക്കപ്പെട്ടു. അവളുടെ വിലാപം ആകാശത്തെ ഭേദിച്ചു. 'സമുദ്രത്തിലെ അപായങ്ങഠം വലുതാണ്. നിങ്ങഠം തുറമുഖമെത്തും, പരിതാപത്തോടുകൂടി നിങ്ങളെത്തും. സമരം നിങ്ങളെ കാത്തു നിൽപ്പുണ്ട്. ട്രോയിൽ നിങ്ങളനുഭവിച്ച ഏതേതുവേദന ഇവിടേയും അനുഭവിക്കേണ്ടിവരും. വേറൊരു അക്കില്ലെസ്സ് നിങ്ങളുടെ ആഗമനം പ്രതീക്ഷിച്ചിരിപ്പുണ്ട്. ജൂണോവിൻെറ കോപം സദാ താക്കീതു നല്കിക്കൊണ്ടിരിക്കുന്നു. നിങ്ങഠം ഇററലിയിലെ എല്ലാ നഗരങ്ങളിൽനിന്നും സഹായമാവശ്യപ്പെടും. ആ സംഭവത്തിന്നു കാരണം മുമ്പു സംഭവിച്ച പോലെത്തന്നെ ഒരു വിദേശകന്യാപരിണയം. പക്ഷെ ഭയപ്പെടേണ്ട! ധീരത കൈക്കൊള്ളൂ; ഒരു യവനനഗരത്തിൽ നിന്ന്—നിനക്കതു് ഊഹിക്കാൻ കഴിയുമോ?—നിനക്കു മോചനം ലഭിക്കും.'

ഇങ്ങിനെ നിഗൂഢാത്ഥത്തോടെയാണ് സിബിൽ പ്രവചിച്ചതു്. ഏനിയാസ് പ്രതിവചിച്ചു: "എനിക്കു എന്തു ഭാവിയായാലും ഒരു പേടിയുമില്ല. ഒരു പ്രാത്ഥന മാത്രം കൈക്കൊള്ളണം. ഇവിടെയാണത്രെ പാതാളത്തേ

ക്കുള്ള മാർഗ്ഗം. ഞാനതു തരണം ചെയ്തു എന്റെ പിതാവി നെയൊന്നു നേരിട്ടു കാണട്ടെ. ഞാൻ അദ്ദേഹത്തെ ട്രോ യിൽനിന്നു ജീവനോടെ കൊണ്ടുവന്നു. അദ്ദേഹമെന്റെ കൂടെ വളരെയെല്ലാം സഞ്ചരിച്ചു. അദ്ദേഹമാണ് നിങ്ങ ളെ ആരായുവാൻ പറഞ്ഞു എന്നെ ഇങ്ങോട്ടയച്ചത്. എന്നിൽ ദയവു വിചാരിച്ച് എനിക്കതു് സാധ്യമാക്ക ണം. അതിന്നുള്ള ശക്തി നിങ്ങളുടേതാണ്. നിങ്ങളാണ് പാതാളകന്യക. തെസ്യൂസ്, ഹെർക്കുലീസ് ഇവർ പോ യിട്ടുണ്ടല്ലോ—അവരെപ്പോലെ കുലീനനല്ലെ ഞാനും? ഞാനും ജൌവിന്റെ വംശജനല്ലേ?

അവൾ പ്രതിവചിച്ചു: "പാതാളത്തിൽ പ്രവേശി ക്കാൻ എളുപ്പമാണ്. കാരണം പ്രവേശനദ്വാരകവാട ങ്ങൾ രാവും പകലും തുറന്നാണ് കിടക്കുന്നതു്. പക്ഷെ മടക്കമില്ലെ, അതാണ് ദുസ്സാദ്ധ്യം. അതിലാണ് ഭഗീ രഥപ്രയത്നം വേണ്ടതു്. ദുഷ്പ്രാപ്യമായ ഗഹനവനങ്ങൾ ചുററുമുണ്ടു്; അവയുടെ ചുററും കൂരിരുളാണ്ട ഗഹ്വരങ്ങ ളും. പക്ഷെ പോയേ കഴിയൂ എങ്കിൽ അതാ അവിടേയു ള്ള ഉപവനത്തിൽ ചെല്ലുക. അവിടെ ജൂണോവിന്നും പ്രേതങ്ങൾക്കും ഉഴിഞ്ഞുവെച്ച ഒരു വൃക്ഷമുണ്ടു്. അതു് മററു വൃക്ഷങ്ങളുടെ ഇടയിൽ മറഞ്ഞാണ് നില്ക്കുന്നതു്. അതിന്നൊരു കൊമ്പേ ഉള്ളു. അതാകട്ടെ ഇലകൾ ഉൾ പ്പടെ കനകമയമാണുതാനും. പാതാളരാജ്ഞിയായ പ്രോ സർപിനക്കു് അതു ഒരു തിരുമുൽക്കാഴ്ചയായി വെക്കണം. അതിനെ പറിച്ചെടുക്കുക; പകരം വേറൊന്നു വരും; അ തിനേയും പൊട്ടിക്കുക. നീ പോകുന്നതു് ദേവന്മാർക്കിഷ്ട മാണെങ്കിൽ ആ ശാഖ വേഗം പറിഞ്ഞുവരും. അല്ലെ ങ്കിൽ ആനയുടെ ബലമുണ്ടായാലും, മൂച്ചയുള്ള കത്തിയു ണ്ടായാലും അതു മുറിഞ്ഞു് വേർപെട്ടു കിട്ടുകയില്ല."

മൌഢ്യത്തോടെ, സംശയഭരിതനായി ഏനിയാസ് ഗുഹയിൽ നിന്നു പുറത്തുവന്നു. പക്ഷെ അവൻെറ ദിവ്യമാതാവു് സഹായത്തിന്നു വന്നെത്തി. അവറം രണ്ടു കപോതങ്ങളെ അയച്ചു. അവ ഒരു നിമിഷത്തേക്കു് ആ വീരൻെറ കാല്ക്കലിരുന്നു. അവൻ ശകുനം മനസ്സിലാക്കിയപ്പോറം, സന്തോഷം തിളങ്ങുന്ന കണ്ണുകളോടു കൂടി മുമ്പാകെ തന്നെ പറന്നു്, പറന്നു് നയിച്ചു പാതാളലോകത്തിൻെറ പ്രവേശനദ്വാരത്തുള്ള തോപ്പിലെത്തിച്ചു് മരതകപ്പച്ച മരങ്ങറക്കിടയിൽ കനകമായ ഒന്നിന്മേലിരുന്നു. ഏനിയാസ് കൊമ്പു പൊട്ടിച്ചു. കരസ്ഥമാക്കേണ്ടതു് കരസ്ഥമാക്കിയ ശേഷം സിബില്ലിൻെറ വസതിയിലേക്കു വന്നു.

ഗഹനവനത്തിൽ നിഗൂഢമായി, സൂര്യരശ്മിപോലും പ്രവേശിക്കാൻ ആവതില്ലാത്ത ഒരിടത്തു്, ഒരു തടാകത്തിനു സമീപം ഭയങ്കരവും ഭീമവും ആയ ഒരു പിളർപ്പുണ്ടായിരുന്നു. അതിൽ നിന്നു വന്നിരുന്ന ബാഷ്പങ്ങളുടെ, മാരകമായ അതിരൂക്ഷത നിമിത്തം പക്ഷികറക്കു് പോലും അതിന്നരികെ പറക്കുവാൻ കഴിഞ്ഞില്ല. അവിടെ വെച്ചു് സിബിൽ പാതാളദേവതകറക്കു് യാഗങ്ങറ നല്കി. ഏനിയാസ് പൂജ കഴിയുന്നതുവരെ അവളെ സഹായിച്ചു. പ്രഭാതമായപ്പോഴേക്കു് അവർ നിന്നിരുന്ന ഭൂതലം വിറയ്ക്കുവാൻ തുടങ്ങി. ഒരു ഭൂകമ്പം അരണ്യപ്രദേശങ്ങളിലെ വരമ്പുകളെ കലുക്കി; നായാട്ടുനായ്ക്കറ കുരയ്ക്കുന്ന ശബ്ദം കേറക്കുന്നപോലെ തോന്നി. പാതാളലോക റാണിയായ ഹെക്കേററ് പ്രത്യക്ഷയായി. "അശിക്ഷിതരെല്ലാം മടങ്ങട്ടെ മടങ്ങട്ടെ." എന്നു സിബിൽ പറഞ്ഞു. 'മടങ്ങുക.' ഇക്കാട്ടിലെവിടേയും കാൽ

കുത്തരുത്. ഏനിയാസ്: നീ മുന്നോട്ടു പോവുക. ഉറയൂരിയ വാളോടുകൂടി നിർഭീകനായി പോവുക." അവൾ ഗുഹയിലേക്കു ചാടി. ഏനിയാസും അചഞ്ചലനായി അവളുടെ കൂടെ ചെന്നു.

## പാതാളം

പ്രേതലോകത്തിലെ അന്ധകാരപൂൎണ്ണമായ മരുപ്പരപ്പിലൂടെ അവർ ചെന്നു. വൃക്ഷലതാദികൾ ഇടതൂൎന്നു വളരുന്ന മഹാരണ്യങ്ങളിൽ, മേഘാവൃതമായ ആകാശത്തിൽ ഒളിഞ്ഞു കളിക്കുന്ന അമ്പിളിക്കലയുടെ വെളിച്ചത്തെ മാത്രം ആസ്പദിച്ച പാന്ഥന്മാർ സഞ്ചരിക്കുന്നതെവ്വണ്ണമോ അവ്വണ്ണമായിരുന്നു അവരുടെ സഞ്ചാരം. പാതാളത്തിന്റെ വക്ത്രമെന്നു പറയാവുന്ന കവാടങ്ങളുടെ അന്തികത്തിൽ പ്രതികാരചിന്തകൾ, പരിതാപമൌഢ്യങ്ങൾ ഇവ വസിക്കുന്നു. ആയുസ്സിനെ പതുക്കെ കാൎന്നുതിന്നുന്ന രോഗങ്ങൾ, പശ്ചാത്താപത്തിൽ വെന്തുരുകുന്ന വാൎദ്ധക്യം; ആൎത്തി, ഭയം, ക്ഷാമത്തെ തടയുവാനാവതല്ലാത്ത രോഷം ഇവയും, ഭയങ്കരമായ പണിപ്പാട്, മരണം, അവന്റെ കനിഷ്ഠസഹോദരനായ നിദ്ര ഇവയും കാവൽ നില്ക്കുന്നു. ഇവരുടെ ആകൃതി ഭയങ്കരമാണു. അഗാധമായ വഞ്ചനകൾ മുന്നിലും, ഉറന്ന ശക്തി പി

ണിലുമായി മത്സരേഷ്യാ കോപങ്ങളുടെ ഇരുമ്പുശയ്യകൾ ഉണ്ട്. മത്സരത്തിൻെറ ജട പാമ്പുകളാണ്. അവർ ഇടക്കിടെ തലയിളക്കിക്കൊണ്ട്, ചീററിക്കൊണ്ടിരിക്കുന്ന സർപ്പങ്ങളെ പ്രത്യക്ഷമാക്കുന്നു. ഈ അന്ധകാരത്തിൻെറ മദ്ധ്യത്തിൽ ഒരു ഞാവൽമരം ശാഖകളെ നിവർത്തിപ്പിടിക്കുന്നുണ്ട്. അവിടെയാണ് നിദ്രാദേവത ശിരസ്സു കുളിപ്പിക്കുന്നത്. ഇലകളിൽ നിറയെ ശുഷ്കസ്വപ്നങ്ങളാണ്. കവാടങ്ങളെ ചുററിക്കൊണ്ട് എണ്ണമററ ബീഭത്സാകൃതികളും സഞ്ചരിക്കുന്നു. വാതിലിന്നു നേരെ മുമ്പിൽ ഹൈഡ്രയെന്ന രാക്ഷസനുണ്ട്. പെട്ടെന്ന് ഭീതഗ്രസ്തനായെങ്കിലും, ഏനിയാസ് വാൾകൊണ്ട് കാവലാളികളെ വെട്ടിനീക്കാൻ തെയ്യാറായി. അതിന്നായി ഖഡ്ഗത്തെ അവരുടെ കഴുത്തിലേക്കു നീട്ടിയെങ്കിലും സിബിൽ തടഞ്ഞുനിർത്തി. എന്നിട്ടു പറഞ്ഞു: "ഇതു വെറും മായാവികളാണ്. ദേഹമില്ല; ആകൃതി മാത്രമെ ഉള്ളു."

അതിൻെറ പിന്നിൽ ഒഴുകുന്ന അച്ചെറോൺ എന്ന വിലാപനദിയുടെ വക്കിൽ അവർ എത്തി. അതിൻെറ എണ്ണമില്ലാത്ത ചുഴികളും, മണ്ണും ചളിയും കലങ്ങിമറിയുന്ന വെള്ളവും കടവത്ത് ഒരു തോണിയും തോണിക്കാരനും ദൃശ്യമായി. അവൻെറ പേർ ഷാറൺ എന്നാണ്. വൃത്തികെട്ട, ദുർഗ്ഗന്ധം വമിക്കുന്ന ദേഹം, താടിയിൽ അവിടവിടെയായി ഉരുക്കുകമ്പി മാതിരി രോമം, തീപ്പൊരി ചിതറുന്ന ശോണലോചനങ്ങൾ, അഴുക്കു പുരണ്ട ചുമലിൽ കെട്ടിയ അങ്കവസ്ത്രം! അവന്നു എത്ര വയസ്സു ചെന്നാലും, ഏകനായി യാത്രക്കാരെ അക്കരെ കടത്തുവാൻ കഴിയും. ദേവന്മാക്കു വാർദ്ധക്യത്തിലും ശക്തിയുണ്ടാവുമല്ലോ—അവൻ കരയ്ക്കണഞ്ഞപ്പോൾ തോണിയുടെ

അരുകിലേക്കു മരിച്ചവർ അനേകം പേർ തിങ്ങിക്കൂടി: സ്ത്രീകൾ, പുരുഷന്മാർ, മഹാരഥന്മാർ; ബാലന്മാർ, അവിവാഹിത ബാലികമാർ; അകാലമരണമടഞ്ഞ യുവാക്കൾ. അവർ വക്കത്തേക്കു അടിച്ചു കയറി; അങ്ങോട്ടു കടക്കാനുള്ള ആഗ്രഹം സൂചിപ്പിച്ച് ഹസ്തങ്ങൾ ഉയർത്തി. പക്ഷെ ഗൌരവമുള്ള ആ തോണിക്കാരൻ അവരിൽ ചിലരെ തിരഞ്ഞെടുക്കുകയാണുണ്ടായത്. മററുള്ളവരെ പുറകോട്ടു തള്ളി. ആശ്ചര്യചകിതനായ രാജകുമാരൻ സിബിലിനോട് ചോദിച്ചു: "ഈ പ്രേതങ്ങൾ എന്താണ് ആരായുന്നത്? എന്തിനെ ആസ്പദിച്ചാണ് ഇവരെ തരം തിരിക്കുന്നത്?"

സിബിൽ മറുപടി പറഞ്ഞു: "ഈ പ്രേതങ്ങളുടെ കൂട്ടം കണ്ടില്ലേ, ഇവ സംസ്കാരമേല്ക്കാതെ മൃതരായിക്കിടന്നവരുടേതാണ്: ഉദകക്രിയകൾ കഴിഞ്ഞവരെ തോണിക്കാരൻ കടത്തിവിടുന്നു. പക്ഷെ പിതൃക്രിയ കഴിയാത്ത പ്രേതങ്ങൾ ഇവിടെ ഈ ഭയങ്കരതീരത്തിൽ ഒരു നൂററാണ്ടുകാലം ചുററിത്തിരിയണം. അതിനുശേഷമെ അങ്ങോട്ടു കടക്കാൻ കഴികയുള്ളു." മനസ്സു പതച്ച് ഏനിയാസ് ഈ പ്രേതക്കൂട്ടങ്ങളെ സൂക്ഷിച്ചു വീക്ഷിച്ചു. സിസിലിയിൽനിന്ന് നൌകാസംഘം പുറപ്പെട്ടപ്പോൾ അമരത്തട്ടിൽനിന്നു വീണു മൃതിയടഞ്ഞ പാലിന്യൂറസ്സ് പെട്ടെന്നു പ്രത്യക്ഷനായി. സർവ്വവ്യാപിയായ അന്ധകാരത്തിന്നിടയിൽ അയാളുടെ അവ്യക്ത ആകൃതി കണ്ടപ്പോൾ ഏനിയാസ് വിളിച്ചുപറഞ്ഞു: "ഏതു ദേവനാണ് നിന്നെ ഞങ്ങളുടെ സംഘത്തിൽനിന്നടർത്തി സമുദ്രത്തേക്കെറിഞ്ഞത്?" പാലിന്യൂറസ് കഥ വിസ്തരിച്ചു പറഞ്ഞു: മൂന്നു രാത്രികളോളം അയാൾ ഓളങ്ങളോടു പടവെട്ടിയെന്നും,

കടലിലെ പ്രവാഹം തന്നെ വലിച്ചുകൊണ്ടു പോയെന്നും, നാലാംപ്രഭാതത്തിൽ തിരയുടെ ഒന്നിച്ചുയർന്നപ്പോൾ ഇററലി കണ്ടുവെന്നും പറഞ്ഞു. പക്ഷെ കടൽക്കരയിലെ പാറകളിൽ പററിപ്പിടിച്ച് കയറുമ്പോൾ കാടന്മാർ തന്നെ വാളിന്നിരയാക്കി ഇട്ടേച്ചുപോയി. ഏനിയാസിനോടു അതിനെ കണ്ടുപിടിച്ച് സംസ്കാരക്രിയ ചെയ്യുന്നതിന്ന് അവൻ അഭ്യർത്ഥിച്ചു. അങ്ങിനെയെങ്കിലും തൻെറ പ്രേതം ശാന്തിയടയട്ടെ—അതല്ലെങ്കിൽ ഇപ്പോൾ ആ തോണിയിൽ പുഴ കടത്തിവിടണം. പക്ഷെ, പൂജാരിണി അങ്ങിനത്തെ നിയമവിരുദ്ധമായ കാര്യങ്ങളെപ്പററി ചിന്തിക്കരുതെന്നു പറഞ്ഞു. പക്ഷെ ഒരു കാര്യം ചെയ്യാൻ സാദ്ധ്യമാണ്. അവൻ മരിച്ച സ്ഥലത്തിന്നു അവൻെറ പേർ കൊടുക്കാം. അവിടെവെച്ചു ഉദകക്രിയ ചെയ്യാം. അതുകൊണ്ടു പരിതുഷ്ടനായി പ്രേതം പിൻവാങ്ങി വരാൻപോകുന്നതിനെ ആലോചിച്ച് വിഷാദസമ്മിശ്രമായ സന്തോഷത്തോടെയിരുന്നു.

അവർ നദീവക്കത്തെത്തി. തോണിക്കാരൻ അവരെക്കണ്ടപ്പോൾ കപിതനായി ഗർജ്ജിച്ചു: "നിങ്ങൾ ആരായിരുന്നാലും ശരി, ആയുധപാണികളായി ഇന്നാട്ടിൽ വരുന്ന നിങ്ങളുടെ ഊരും പേരും പറക. എന്തിന്നിവിടെ വരുന്നുവെന്നും പറയുക. ഇതു ഛായകളുടേയും, നിദ്രയുടേയും, യാമിനിയുടേയും നാടാണ്. എൻെറ തോണിയിൽ ജീവനുള്ള ഒരാളുടെ ദേഹത്തെ കയററരുതെന്നു കല്പനയുണ്ട്. ഒരിക്കൽ ഞാൻ ഹെർക്കുലിസ്സിനേയോ, തെസ്യൂസിനേയോ കൊണ്ടുപോയെന്നതു ശരിതന്നെ. പക്ഷെ അതെൻെറ പൂർണ്ണസമ്മതത്തോടല്ല. ഒരാൾ സെർബെറസ് എന്ന എൻെറ നായയെ കൊണ്ടുപോയി. മറെറാ

ളുടെ റാണിയായ പ്രോസർപ്പിന്റെ മേലെ തന്നെ ഹ സ്തന്യസ്തം ചെയ്യു."

അതിന്നു സിബിൽ മറുപടി പറഞ്ഞു: "ശാന്തനാ യിരിക്കു. ഞങ്ങൾ അത്തരം വഞ്ചനയ്ക്കു വന്നവരല്ല. സെ റിബ്രസ് ശാന്തനായി കുരച്ചുകൊള്ളട്ടെ; പ്രൊസർപ്പിൻ മാനത്തോടെ സ്വച്ഛന്ദം ഭരിച്ചുകൊള്ളട്ടെ. ട്രോയിലെ ഏനിയാസ് തന്റെ പിതാവിനെ കാണാൻ വന്നിരിക്ക യാണ്; മാന്യമായ ഈ കർത്തവ്യനിർവ്വഹണം കേട്ടിട്ടുകൂ ടി നിങ്ങൾ കുലുങ്ങുന്നില്ലെങ്കിൽ, നോക്കുക, ഈ ശാഖ യെ!" അവൾ ഇങ്ങിനെ സംസാരിച്ചുകൊണ്ട് ഉടുപുടവ യിൽനിന്ന് ആ കനകശാഖയെടുത്തു കാണിച്ചു. അയാൾ അതുകണ്ടു, ഭയപ്പെട്ടു. തോണി കരയ്ക്കണച്ചു. തിരക്കി ക്കൂടുന്ന പ്രേതങ്ങളെ ആട്ടിയകററി അതിൽ ഏനിയാസി ന്റെ ഭീമരൂപത്തെ കയററി. അവന്റെ ഭാരത്താലമർന്നു തോണി വെള്ളത്തിൽ താണു. അതിന്റെ സന്ധിയിലെ വിള്ളലുകളിലൂടെ വെള്ളം ചോൎന്നുകടന്നു. എന്നാലും സിബിലും ഏനിയാസും അധികം താമസിയാതെ അക്കേ ക്കരെയിലിറങ്ങി.

കടവിന്നഭിമുഖമായി ഒരു ഗുഹയ്ക്കുള്ളിൽ എല്ലാ യ്പോഴും കുരച്ചുകൊണ്ടിരിക്കുന്നതും, മൂന്നു തലയുള്ളതുമായ സെറിബറസ് എന്ന നായയാണവിടെ കാവൽ. അവ ന്റെ സ്കന്ധരോമങ്ങൾ ഉരഗങ്ങളാണ്. ഇവയാകട്ടെ അപരിചിതന്മാരെ കണ്ടപ്പോൾ പടമുയർത്തി ചീറവാൻ തുടങ്ങി. ഇതു കണ്ടപ്പോൾ പൂജാരിണി, തേനും മയക്കു മരുന്നും കലർത്തിയ തിനമാവും ചേർത്തുണ്ടാക്കിയ ഒരു അപ്പം അതിന്നു തിന്നാനിട്ടുകൊടുത്തു. അതു താഴെ വീഴും മുമ്പുതന്നെ അതു ചാടിപ്പിടിച്ചു. അതു വിഴുങ്ങിയ വഴി

യെ അവൻ സർവ്വാംഗം തളർന്നു നിലത്തു കുഴഞ്ഞു കിടന്നു. അവൻെറ കാവൽ ഇങ്ങിനെ മന്ദീഭവിച്ചപ്പോൾ ഏനിയാസ് കടന്നുചെല്ലുകയും പ്രേതഭൂമിയുടെ പ്രവേശനദ്വാരമെത്തുകയും ചെയ്തു.

അവിടെ അവരുടെ കണ്ണുകളിൽ ഒരു ദീനരോദനത്തിൻെറ മാറെറാലി വന്നുവീണു. ഇവിടെ ആദ്യമായി ജനനസമയത്തു മരിക്കുന്ന ശിശുക്കളുടെ ആത്മാക്കളാണ്. അവിടുന്നിങ്ങോട്ട് വ്യാജമായി കൊന്നവരുടേത്; പിന്നീട്, സ്വന്തം ജീവൻ വെറുത്ത് ആത്മഹത്യ ചെയ്തവരുടെതാണ്. അവരിപ്പോൾ വീണ്ടും ജീവിക്കാനാഗ്രഹിക്കുന്നു. അവരുടെ വേദനയും, ദാരിദ്ര്യവും എല്ലാം അനുഭവിക്കാനും, ആകാശത്തിലെ വെളിച്ചം കാണുവാനും, ജീവപ്രദമായ വായു ശ്വസിക്കാനും ആഗ്രഹിക്കുന്നു. പക്ഷെ വിധി തടയുകയാണ്. ആ നദി, അതിനെ മുടക്കുകയാണ്. ഒമ്പതു ചുററുള്ള ആ നദി അവരെ വലയം ചെയ്തു കുടുക്കിയിരിക്കയാണ്.

# മൺമറഞ്ഞവരെ കാണുന്നു

ഇവിടെനിന്നു ദൂരത്താണ് 'പരിതാപവയലുകൾ'. അവിടെ ഗൂഢമായ ഇടവഴികളിലും, ഇടതൂർന്നു വളരുന്ന മെർട്ടിൽ മരങ്ങളിലും, പ്രേമവ്യഥയനുഭവിച്ചു മരിച്ചവരുടെ ആത്മാക്കൾ കഴിച്ചുകൂട്ടുന്നു. മരണത്തിലും അവരെ ആ വേദന വിട്ടിട്ടില്ല. ഇവിടെ ഏനീയാസ് പുരാണപ്രഖ്യാതരായ പലരേയും കണ്ടു; പണ്ടത്തെ ദുരന്തകഥകളിലെ നായികമാരെ; അവരിൽ ഈയിടെ മാത്രം മൃതിയടഞ്ഞ ഡീഡോവിനേയും. പ്രേതങ്ങളുടെ ഇടയിൽ അവളുടെ രൂപത്തെ മേഘലങ്ങൾക്കിടയിൽ ചന്ദ്രനെപ്പോലെ അവ്യക്തമായി കണ്ടപ്പോൾ, അവന്റെ ലോചനങ്ങൾ അശ്രുകലുഷങ്ങളായി. സ്നേഹമസൃണമായ വാക്കുകളാൽ അയാൾ പറഞ്ഞു: "സന്താപമയിയായ ഡീഡോ! അപ്പോൾ നീ വാളിന്മേൽ വീണു മരിച്ചുപോയെന്നു എന്നോടൊരു ദൂതൻ പറഞ്ഞതു ശരിയാണോ! നിന്റെ മരണത്തിനു കാരണം ഞാനായി

അന്നവോ? ഞാൻ സ്വമനസ്സാലെയല്ല നിൻെറ നാട്ടി ണെ വിട്ടതു് എന്നതു് ഈ നക്ഷത്രങ്ങളേയും, ദേവന്മാരേ യും, ഇവിടെ പാവനമായ എന്തിനേയും വിളിച്ച് ആണ യിട്ടുകൊണ്ടു് പറയുന്നു. ഇന്നിതാ ഈ പ്രേതങ്ങളുടെ മ ദ്ധ്യത്തിലൂടെയെന്നപോലെ, ഈ രാത്രിയിലൂടെയും നാശ ഗർത്തത്തിലൂടെയും എന്നെ ഓടിക്കുന്നതുപോലെ അന്നും എന്നെ ദേവന്മാർ ഓടിച്ചതാണു്. നിണക്കിത്രയധികം സന്താപം കൈവരുത്തിയിരിക്കുമെന്നു എനിക്കു വിശ്വ സിക്കാൻ കഴിയുന്നില്ല. ഇപ്പോറം പോകരുതു്. ഇനി ആരുടെ കയ്യിൽനിന്നു രക്ഷപ്പെടാനാണു് ശ്രമം. ഇതാ ണു് ഞാൻ നിന്നോടു സംസാരിക്കുന്ന അവസാനവാക്കുക ൾ.'' അവളുടെ തീക്ഷ്ണമായ നോട്ടത്തെ പതം വരുത്താനാ യി അയാൾ ഇങ്ങിനെ പറയുകയും അതിന്നിടയിൽ വി ലപിക്കുകയും ചെയ്തു. പക്ഷെ ആ വേളയിലെല്ലാം അ വളുടെ മുഖം തിരിച്ചിട്ടായിരുന്നു അവൾ നിന്നിരുന്നതു്. അക്ഷികൾ ക്ഷിതിതല നിക്ഷിപ്തങ്ങളായിരുന്നു; ഒരു പാ റക്കല്ലോളം നിർവ്വികാരയായിട്ടാണു് അവൾ വാക്കുകൾ കേട്ടതു്. ഒടുവിൽ അവൾ അകന്നുപോയി; മേലാലെ ക്കെന്നും ശത്രുവായി പിരിഞ്ഞു. അവിടെ കാട്ടിൽഅവളു ടെ പ്രഥമപതിയായ സൈക്കാവൂസ് അവളെ താദൃശപ്രേ മത്തോടെ•അഭിവാദ്യം ചെയ്തു. വ്യസനം, ദയ്,എന്നീ•വി കാരങ്ങളാൽ,തപ്തഹൃദയനായ അയാൾ അവളുടെ വിധി യിൽ പരിതപിച്ചു, അവൾ പോകുന്നതു നോക്കിക്കണ്ടു.

ഒടുവിൽ അയാൾ അവിടെനിന്നും നടകൊണ്ടു. സമരപ്രഖ്യാതന്മാരായ മഹാരഥന്മാരുള്ളേടത്തു് എത്തി ച്ചേർന്നു. അനവധി ട്രോജന്മാരുടെ ശ്വേതപ്രേതങ്ങളെ

അയാറം കണ്ടു. അവരിൽ ചിലക്കു മായാകവചങ്ങളും, ശരായുധങ്ങളും ഉണ്ടായിരുന്നു. അവർ അവനെ വന്നു വളഞ്ഞു. അവനെ ഒരു നോക്കു കണ്ടാൽ മാത്രം പോരാ. അയാളുടെ പിന്നാലെ ചെന്ന് അയാളുടെ ആഗമനത്തെപ്പററി സംസാരിക്കണം. യവനവീരന്മാരുടെ പ്രേതങ്ങളും, അഗമെമ്മോണിൻെറ വ്യൂഹവും മാത്രം അവനെക്കണ്ടപ്പോറം, ഇരുട്ടിൽ അവൻെറ കവചത്തിൻെറ പ്രഭ കണ്ടപ്പോറം വിറപൂണ്ടു. ചിലർ ഓടാൻ ആരംഭിച്ചു, മററു ചിലർ ദീനസ്വരത്തിൽ വിലപിക്കാനും. പക്ഷെ ആ സ്വരം തൊണ്ടയിൽനിന്നു പുറപ്പെട്ടുവെന്നല്ലാതെ പുറത്തേക്കുവരാതെ ഉത്ഭവസ്ഥാനത്തു ലയിച്ചു. ട്രോജൻ പ്രഭുക്കന്മാരുടെ വ്യൂഹത്തിൽ, പ്രയമിൻെറ പുത്രനായ ഡെയിഫോബസ്സിനെ കണ്ടു. പേരീസ് ഹതനായപ്പോറം ഹെലൻ അയാളെ വിവാഹംചെയ്തു. അവളുടെ കണ്ണുകൊണ്ടുതന്നെ അയാറം വധിക്കപ്പെടുന്നതും, തുണ്ടുതുണ്ടായി വെട്ടി മുറിക്കപ്പെടുന്നതും കണ്ടു. ഏനിയാസ് ഏതു ഹതവിധിയാലാണ് ഈ നിത്യസഞ്ചാരികളായ പ്രേതങ്ങളുടെ നാട്ടിൽ വന്നതെന്നു അദ്ദേഹം ചോദിച്ചു. ട്രോയിൻെറ നാശകാലനിശയെപ്പററിയും ഡെയ്ഫോബെസ് പറഞ്ഞു: "ഈ വ്രണങ്ങളില്ലെ, ഇവ ഹെലൻെറ പ്രേമത്തിൻെറ അവസാന ചിഹ്നങ്ങളാകുന്നു. ആ യാമിനിയിൽ ഞങ്ങറം വിവാഹമുറിയിൽ കിടന്നുറങ്ങുമ്പോറം അവറം അവിടെനിന്നു എല്ലാ ആയുധങ്ങളും നീക്കി എൻെറ ഉപധാനത്തിന്നടിയിൽ നിന്നു എൻെറ കരവാളിനെക്കൂടെ കട്ടെടുത്തു. പിന്നെയവറം വാതിൽ തുറന്ന് തൻെറ പ്രഥമപതിയായ മിനീലോസിനെ വിളിച്ചു: അതിന്നൊരു കാരണവുമുണ്ട്. അയാളുമായി ലോഗ്യം കൂടാനും, തൻെറ മുമ്പത്തെ സ്വാമിദ്രോഹത്തെ വിസ്മരിച്ചു

കളയുവാനും ആണ്'. അവരെൻെറ മുറിക്കകത്ത് ഓടി ക്കിതച്ച് വന്നു. അയ്യോ, എൻെറ ദേവന്മാരെ! യവന ൎക്കും അത്തരം അനുഭവങ്ങളുണ്ടാകട്ടെ—! പക്ഷെ നീ ഇ വിടെ എന്തിനു വന്നു?"

വീരന്മാരിങ്ങനെ സംസാരിക്കുന്ന വേളയിൽ സി ബിൽ അവരുടെ അരികെ നിന്നു തടഞ്ഞു പറഞ്ഞു: "രാത്രി സമാഗതമാകുന്നു ഏനിയാസ്! നാമിവിടെ കര ഞ്ഞുകൊണ്ടിരിക്കുമ്പോൾ കാലം നീങ്ങിക്കൊണ്ടിരിക്കുന്നു. ഇതാണ് വഴി പിരിയുന്ന ഘട്ടം. വലത്തോട്ടുള്ള വഴി ഡിസിൻെറ കൊട്ടാരത്തിന്നടിയിലൂടെയാണ്. അതിലൂ ടെയാണ് സ്വൎഗ്ഗത്തിലേക്കു ചെല്ലേണ്ടത്. ഇടത്തോട്ടു ള്ളത് ക്രൂരന്മാരുടെ പാരഃത്തുകളുള്ള നരകമാണ്." ഡെ യിഫോബസ് അവൾ പറയുന്നത് കേട്ടു പറഞ്ഞു: "പൂ ജാരിണി, കോപിക്കരുത്. ഞാൻ പോകുന്നു. ഞാൻ നി ത്യാന്ധകാരത്തേക്ക് പോകയായി; ഞങ്ങളുടെ കീൎത്തി സ്തംഭമേ! മുന്നോട്ടു പോവുക; ഞങ്ങളുടെ വീരയോദ്ധാവേ! പുരോഗമിക്കുക. നിങ്ങൾക്കു കൂടുതൽ ശുഭമായ ഒരു ഭാ വിയുണ്ടാകട്ടെ." ഇങ്ങിനെ പറഞ്ഞു അവൻ മാഞ്ഞു പോയി.

ഏനിയാസ് ഇടത്തോട്ടു നോക്കിയപ്പോൾ അവി ടെ മൂന്നു ചുററും മതിലുകളുള്ള ഒരു കോട്ട കണ്ടു. അ തിന്നു ചുററും ഒരു അഗ്നിപ്പുഴയൊഴുകിയിരുന്നു. അതി ൻെറ പ്രവാഹത്തിൽ പാറകൾ കൂടി പരസ്പരം മുട്ടി ഇടി ഞ്ഞു. ഉമ്മറത്ത് ഒരു സുശക്തമായ പടിയും പടിവാതി ലുമുണ്ട്. അവ ഉയൎന്ന ഉറപ്പുള്ള ശിലാസ്തൂപികളിന്മേലാ ണ് നില കൊള്ളുന്നത്. ഏതു ശക്തിക്കും അതിനെ നശി പ്പിക്കാൻ കഴികയില്ല. ആ കൊട്ടാരത്തിലാണ് ഫ്യൂറീസി

ന്റെ തലവൻ, രക്തപങ്കിലമായ ഉടുപ്പ് പൊക്കിക്കൊണ്ടു രാവും പകലും കാവലിരിക്കുന്നത്. അവിടെനിന്നു തേങ്ങലുകളുടേയും, നിർദ്ദയപ്രഹരങ്ങളുടേയും ശബ്ദം കേട്ടു. ഇരുമ്പ് കിലുങ്ങുന്ന ശബ്ദവും, ചങ്ങലകളുടെ കലുക്കവും. ഏനിയാസ് ആ ഒച്ച കേട്ടു വിളർത്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: 'പാപത്തിന്റെ രൂപം ഇവിടെയെങ്ങിനെയാണ്? എന്താണ് ശിക്ഷ; ആ ബഹളം!'' സിബിൽ ഉത്തരം പറഞ്ഞു: "നിരപരാധിയായ ഒരാളുടേയും പാദം ആ മുററത്തു കടക്കുന്നില്ല. ഹെക്കെററ് പാതാളലോകത്തിലെ സ്വാമിനിയാക്കിയ സമയത്ത് അവരം ദേവന്മാർക്കുള്ള ശിക്ഷാക്രമം എന്നെ പഠിപ്പിച്ചു തന്നിട്ടുണ്ട്. മനുഷ്യൻ ചെയ്യുന്ന ഓരോ പാപത്തിനും അവൻ ജീവിച്ചിരിക്കുന്ന കാലത്ത് പ്രായശ്ചിത്തം ചെയ്യാതിരിക്കുന്ന പക്ഷം, ഇവിടെ അതിനെ തുറന്നു പറയിക്കുവാൻ തക്കവണ്ണം ബന്ധനങ്ങളുണ്ട്. മത്സരേഷ്യാ കോപങ്ങളും അവിടെയാണ് വസിക്കുന്നത്. നരകലോകദ്വാരം തുറക്കുമ്പോൾ അവിടെ നോക്കുക. അവിടെ പഞ്ചാശം ശിരസ്സുള്ള ഹൈഡ്രയെക്കാണാം. ജൌ പൊക്കിയെറിഞ്ഞ ടൈട്ടൻസിനെ ഞാൻ കണ്ടിട്ടുണ്ട്. ടിട്ട്യിറസ് എന്ന പാപിയെ കഴുക്കൾ കൊത്തിവലിക്കുന്നതും, എന്നുമെന്നും ശമിക്കാത്ത അന്തർദാഹമുള്ള ടാൻടലസ് വിഷമിച്ചുകൊണ്ടിരിക്കുന്നതും ഞാൻ കണ്ടിരിക്കുന്നു. കുടുംബാംഗങ്ങളെ വെറുക്കുന്നവരേയും, വിശ്വാസഘാതകന്മാരേയും, സ്വത്തിനെ സ്വായത്തമാക്കിവെച്ചവരുടേയും, സ്വാമിദ്രോഹികളുടേയും, വ്യഭിചാരവൃത്തി ആശിച്ചവരുടേയും, ശീലിച്ചവരുടേയും എല്ലാം ആവാസസ്ഥാനമാണവിടം. പക്ഷെ നമുക്കവിടെനിന്നു പോകാം, നാം തിരുമുൽക്കാഴ്ച വെക്കേണ്ട പടിയതാ."

ഇടവഴികളിൽ നിന്നു വരുന്ന മങ്ങിയ ആ സന്ധ്യാരാഗത്തിൻെറ സഹായത്താൽ അവർ പുണ്യവാന്മാരുടെ നിവാസസ്ഥാനമായ മാളികയുടെ ഉയന്ന കമാനത്തിന്നരികെയെത്തി. അവിടെ പ്രവേശിക്കുന്നതിന്നു് മുമ്പ് അവർ തങ്ങളുടെ ദേഹത്തിൽ പുണ്യജലം തെളിച്ചു. അവിടെ ആ കൊമ്പു നാട്ടി പാതാളലോകറാണിക്കു ചെയ്യേണ്ട കർത്തവ്യം നിറവേററി. അവർ പിന്നെ ഉള്ളിലേക്കു കടന്നു. അവിടെ സന്തോഷവയലുകളാണ് കണ്ടതു്. സന്തോഷം, വൃക്ഷനിബിഡമായ മൈതാനങ്ങൾ, ആരോഗ്യദമായ സുരഭില സമീരണൻ, അവിടേക്കു മാത്രമായിട്ടുള്ള സൂര്യൻ, നക്ഷത്രങ്ങൾ! ചിലർ മത്സരക്കളികളിൽ പങ്കെടുക്കുന്നു, ചിലർ നൃത്തം ചെയ്യുന്നു. ചിലർ ഗാനാലാപനം ചെയ്യുന്നു. ഭൂമിയിൽ അവക്കുണ്ടായിരുന്ന ആനന്ദം മുഴുവനും ഇന്നവക്കുണ്ടു്. രഥം, തുരംഗം, കവചം, വിഭവസമൃദ്ധമായ സദ്യ, പാരിതോഷികങ്ങൾ ഇവയെ സംബന്ധിച്ചതൊക്കെ—മാതൃഭൂമിക്കു വേണ്ടി യുദ്ധം ചെയ്തു വീരമൃത്യു വരിച്ചവരുടെ ആത്മാക്കൾ അവിടെയുണ്ടു്; പുണ്യാത്മാക്കളായ പുരോഹിതന്മാർ! അപ്പോളോ ദേവനെസ്സംബന്ധിച്ചു കവിത രചിച്ച കവികൾ; നൂതന കലാനിർമ്മിതികളാൽ ജീവിതത്തെ പൂർവ്വാധികം നന്നാക്കിയതാരൊക്കെയോ അവരെല്ലാം, മനുഷ്യസമുദായത്തിന്നുവേണ്ടി സേവനം ചെയ്തു് അതിൻെറ കൃതജ്ഞതാസ്മരണയാർജ്ജിച്ച ധന്യന്മാരെല്ലാം, മദ്ധ്യത്തിലായി എല്ലാവരിലും വെച്ച് ഒരു പടി ഉയർന്നു നില്ക്കുന്ന കവിതയുടെ ആദിപിതാവായ മുസായിയെസ്. സിബിൽ അയാളോടു പറഞ്ഞു: "സന്തുഷ്ടാത്മാക്കളെ, കവിശിരോമണേ! അൻകിസെസ്സിനെ എവിടെയാണു കാണുക." അയാൾ പ്രതിവചിച്ചു: "ഞങ്ങൾക്കാർക്കും സ്ഥിരവാസസ്ഥാന

മില്ല. ഞങ്ങൾ യഥേഷ്ടം സഞ്ചരിക്കയാണ്. പക്ഷെ വരൂ. ഞാൻ ഒരു എളുപ്പവഴി കാണിച്ചുതരാം." അദ്ദേഹം നിർദ്ദേശിച്ച വഴിക്കു അവർ പോയി.

അൻകിസെസ്സ് ഒരു ആഴമുള്ള താഴ്വരയിൽ നില്ക്കുകയായിരുന്നു. അവിടെനിന്ന് എല്ലാ ആത്മാക്കളേയും പ്രത്യേകം, പ്രത്യേകം, ഒരു ഘോഷയാത്രയെ നോക്കുംപോലെ നോക്കി, ഒരു വർഗ്ഗത്തിൻെറ ചരിത്രം, അവരുടെ ഭാവിയും, സമ്പ്രദായവും, പ്രവൃത്തികളുമടങ്ങിയ ചരിത്രം, പഠിക്കയായിരുന്നു. ഏനിയാസ് വരുന്നുണ്ടെന്നറിഞ്ഞ വഴിയെ സ്വാഗതമോതാനെന്ന ഭാവേന ഹസ്തങ്ങളുയർത്തി പറഞ്ഞു: "അതു നീയാണോ! ഒടുവിൽ നീ വന്നോ! ഈ അത്യപായകരമായ മാർഗ്ഗം കണ്ടുപിടിച്ചുവോ? അങ്ങിനെ തന്നെ സംഭവിക്കുമെന്നു ഞാൻ വിശ്വസിച്ചിരുന്നു. പക്ഷെ അല്ലയോ മകനേ, നീ എന്തെല്ലാം അപകടങ്ങളാണ് കടന്നത്, എത്രെല്ലാം നാടുകൾ, സമുദ്രങ്ങൾ തരണം ചെയ്തു? ആഫ്രിക്ക നിനക്കു ചെയ്യുക്കാവുന്ന അപായത്തെപ്പററി ഞാനെത്ര പേടിച്ചു!"

ഏനിയാസ് വികാരഭരിതനായി പറഞ്ഞു: "അച്ഛാ! അങ്ങയുടെ, വ്യസനനിർഭരമായ ദർശനമാണ് എന്നെ ഇങ്ങോട്ട് വലിച്ചിഴച്ചത്. ഞാൻ അങ്ങയെ സ്പർശിക്കട്ടെ. ഇനി പിൻവാങ്ങരുത്!" രാജകുമാരൻ മൂന്നു തവണ അദ്ദേഹത്തെ പുണരുവാൻ ശ്രമിച്ചു. എന്നാൽ മൂന്നു തവണയും, ഒരു മന്ദമാരുതൻ വീശിയകന്നുമാറവും പോലെയോ, നിദ്രാപക്ഷങ്ങൾ മറയും പോലെയോ ആ പ്രേതച്ഛായ തൻെറ കൈകളിലൂടെ ചോർന്നുപോയി.

പക്ഷെ അയാൾ ആ മങ്ങിയതും, ഏകാന്തമായതുമായ താഴ്വരയിൽ ഒരു ഇളകിക്കൊണ്ടിരിക്കുന്ന വനതല

വും, ലീതേനദിയും, അതിൻെറ തടത്തിന്നു സമീപത്തായി ശാന്തസുന്ദരമായ വസതികളും കണ്ടു. അസംഖ്യം പുഷ്പങ്ങളിന്മേൽ എണ്ണമററ തേനീച്ചകൾ വന്നിരിക്കുംപോലെ, അനേകം ആളുകളും, ജനതയും പാറി സഞ്ചരിക്കുന്നതു കണ്ടു. അതു കണ്ടപ്പോൾ ആ നദിയേതെന്നും, ആ ദൎശനം എന്തായിരിക്കുമെന്നും, നിരയായി കാണപ്പെടുന്ന വ്യൂഹമെന്തെന്നും ചോദിച്ചു. അൻകിസെസ് പറഞ്ഞു: "വിധി പുതിയ ശരീരങ്ങൾ കൊടുക്കുവാനുദ്ദേശിക്കുന്ന ആത്മാക്കളാണിവ. അവയിപ്പോൾ വിസ്മൃതിയാകുന്ന നദീജലം നുകരുകയാണ്. എൻെറ സന്താനപരമ്പരകളെ, ഈ നീണ്ട അണി കാണിച്ചുതരുവാൻ വളരെ നാളായി ഞാൻ ആഗ്രഹിക്കുന്നു. ഇററലിയുടെ കണ്ടുപിടുത്തത്തിൽ നമുക്കിരുവൎക്കും അപ്പോൾ സന്തോഷിക്കാമല്ലോ."

പിന്നെ അൻകിസെസ് ചില നിഗൂഢതത്വങ്ങൾ പറഞ്ഞുകൊടുത്തു. "അറിയുക, ഒരേ ഒരു പരാശക്തിയാണ് ഭൂമി, ചന്ദ്രൻ, സമുദ്രം, നക്ഷത്രം ഇവയടക്കമുള്ള സകലത്തിന്നും ചൈതന്യം നല്കുന്നതു്. ജീവരാശികളായ മനുഷ്യൻ, മൃഗം, പക്ഷി, മത്സ്യം ഇവയെല്ലാം ഏതൊന്നിൽനിന്നു ജനിച്ചുവോ, ആ വലിയ ഒന്നിൽ ഒരേ മനസ്സാണ് തുടിക്കുന്നതു്. അവയുടെ ഉത്ഭവം ദൈവികമാണ്; പക്ഷെ അവയുടെ ശരീരം അവയെ ഭൂമിയോട് പിടിച്ചുകെട്ടിയിടുന്നു. പഞ്ചഭൌതികമായ അവയുടെ ശരീരത്തിൽ മരണം എന്ന വിധിയും അടങ്ങീട്ടുണ്ടു്. തൃഷ്ണയുടേയും, ഭയത്തിൻേറയും, വ്യസനത്തിൻേറയും, ലൌകികസന്തോഷത്തിൻേറയും മൂലകാരണം ഇതാണ്; മരിക്കുമ്പോൾപോലും ലൌകികമായ ആ നിറം വിട്ടുപോകുന്നില്ല; അവ അത്ര അവയിൽ ഇഴുകിപ്പിടിച്ചിരിക്കുന്നു. അതി

ന്നു വിരേചനം വേണം. ആ വിരേചനമാകട്ടെ; ചില രിൽ വായുവാലും, ചിലരിൽ വെള്ളത്താലും, മററു ചില രിൽ അഗ്നിയാലും സംഭവിക്കുന്നു. ഈ ശുദ്ധീകരണക ൎമ്മം—പക്ഷെ ചിലർ ഇതില്ലാതെതന്നെ സ്വൎഗ്ഗത്തിലെ ത്തി അതോടുകൂടിത്തന്നെ വൎത്തിക്കുന്നു—പുനൎജ്ജന്മക്കറ യെ തുടച്ചുമാച്ചു കളയുന്നതുവരെ നടന്നുകൊണ്ടിരിക്കുന്നു. അപ്പോൾ ശുദ്ധമായ ഇന്ദ്രിയങ്ങളും, ശുദ്ധജീവസ്ഫുലിംഗ വും ബാക്കിയാവുന്നു. നീ കാണുന്ന അവർ ഒരായിരം വ ൎഷങ്ങൾക്കുശേഷം ലീതെ നദിക്കു നീതരായിത്തീരുന്നു: പൂൎവ്വജന്മസ്മരണ പൊയ്പോയി, അവയ്ക്കു വീണ്ടും 'മാംസ മേദാകലിതമായ' ഉടൽക്കെട്ടിനുള്ളിൽ ആവാസം ചെ യ്യാനുള്ള ഒരു വാഞ്ഛയുണ്ടായിത്തീരട്ടെ എന്നു വെച്ചാ ണ് അങ്ങിനെ ചെയ്യുന്നത്.

സംഭാഷണം സ്വല്പം നിൎത്തി അൻകിസെസ്സ് അവ രെ പ്രേതസമൂഹങ്ങളുടെ മദ്ധ്യത്തിലേക്കു നോക്കി അവ രുടെ ചേഷ്ടകളെല്ലാം സൂക്ഷിച്ചു വീക്ഷിക്കുവാൻ സാദ്ധ്യ മാകുന്ന ഒരു കുന്നിന്മുകളിൽ കൊണ്ടുപോയി നിൎത്തി.

'ഇതാ നിങ്ങളുടെ വിധി. നിങ്ങൾക്കു വരാനിരിക്കു ന്ന ഭാഗധേയത്തെപ്പററിയും, നമ്മുടെ സന്താനങ്ങളെക്കു റിച്ചും, അവരുടെ തലമുറയെക്കുറിച്ചും പറയാം. അതാ നിങ്ങളുടെ പുത്രൻ നില്ക്കുന്നു. അയാൾ ഒരു വനഭൂമിയു ടെ അധിപനായിരിക്കും. സിൽവിയസ് എന്നാണു പേർ. ഒരു പരമ്പരരാജാക്കളുടെ ആദിപിതാവായിരിക്കും അ വൻ. ആൽബാ നഗരത്തിലാണ് അയാൾ ഭരണം നട ത്തുക. അവൻെറ അപ്പുറം അവൻെറ പിന്തുടൎച്ചാവകാശി കളാണ്. അവരാകട്ടെ നഗരങ്ങൾ ഉണ്ടാക്കിച്ചേൎക്കും, കൊട്ടാരവും കോട്ടയും പണിതുവിടും, നാമനിൎദ്ദേശമില്ലാ

ത്ത സ്ഥലങ്ങൾക്കു പേർ കൊടുത്തു് പാപ്പുറപ്പിക്കും. അതാ റോമുലസ്. അയാളുടെ വാഴ്ചയിൽ സാമ്രാജ്യം വള രെയധികം പ്രതാപകീൎത്തിയാൎജ്ജിക്കും. അതിൻെറ പേർ ഒലിംപസ് എന്നാണു്. അതിൻെറ ഭിത്തികൾ ഏഴു കുന്നുകളെ വലയം ചെയ്യും. അതിൻെറ സന്താനങ്ങൾ പടയാളികളായിരിക്കും. നോക്കു, നോക്കു, ഈ ജനത യെ—റോമിലെ, നിങ്ങളുടേ! അതാ ദൈവീകപദവിയി ലേക്കുയരാൻ പോകുന്ന ജൂലിയൻ കുടുംബജാതനായ സീ സർ. ഇതാ ഇവിടെ സീസർ അഗസ്റ്റസ്. അവനൊരു ദേവപുത്രനാണു്. അവൻ ആ സ്വൎണ്ണകാലം തിരികെ കൊണ്ടുവരും. അയാൾ തൻെറ സാമ്രാജ്യത്തെ ആഫ്രിക്ക യ്ക്കും ഇന്ത്യയ്ക്കും അപ്പുറത്തു് പരത്തും, സൂര്യതാരകളേയും അതിശയിച്ചു നില്ക്കും അതു്. അയാളുടെ വരവോത്തു് കാ സ്പിയൻ കടലിന്നരികേയുള്ളതും ഗ്രീറവു പ്രദേശങ്ങളിലേതു മായ സിംഹാസനങ്ങൾ ഇപ്പോൾതന്നെ കിടുകിടാ വിറ യ്ക്കുന്നു. നൈൽനദിയുടെ സപ്തമുഖങ്ങളിലും ബഹളമുണ്ടാ യിത്തീരും. ഹെർക്കുലീസ് ഇതേവരെ അത്രവരെ പോയി ട്ടില്ല. മദ്യദേവതയായ ബേക്കസും അങ്ങോട്ടെത്തിട്ടില്ല. ഈ ദൃശ്യം മുമ്പിൽ ഇരിക്കെ നമ്മുടെ കാര്യസാദ്ധ്യത്തെ ആൎക്കാനും തടയാൻ കഴിയുമോ? നോക്കു, മററു പേരെ! അതാ റോമിലെ ആദ്യനിയമങ്ങളുടെ കൎത്താവാകാൻ പോകുന്ന ആൾ. ആ ആളാണു് ജയപതാകകൾ വാന ത്തിൽ ഉയരെ പറപ്പിക്കാൻ പോകുന്നതു്. ആദ്യം കോൺ സൽ എന്നു വിളിക്കപ്പെടുവാനിടയുള്ള ബ്രൂട്ടസ്സിനെ നോക്കുക! സ്വന്തം പുത്രന്മാർ അപരാധം ചെയ്തപ്പോൾ അവരെ ന്യായക്കോടാലിക്കിരയാക്കിയ സമ്മാന്യനാണ ദ്ദേഹം. അതാ അവിടെ വീരന്മാരും, സ്വരാജ്യസ്നേഹിക ളും! പക്ഷെ ഇവിടെ നിങ്ങൾ കാണുന്ന ഈ സമയത്തു്

ശാന്തിയിലും, സമാധാനത്തിലും. കഴിഞ്ഞുകൂടുന്ന ഇവർ ഭൂജാതന്മാരായ വഴിയെ പരസ്പരകലഹവും മത്സരവും വെച്ചു പലത്തിയാൽ അഹോ! എന്തൊരു നാശവും നഷ്ടവും ആയിരിക്കും ഫലം. ആൽപ്സ് പർവ്വതനിരകളിൽ നിന്നു അച്ഛൻ ആഗതനാകും. അയാൾക്കെതിരായി സ്വപുത്രീഭർത്താവ് പൂർവ്വദിക്കുകളിലെ പടകളെ അണിനിരത്തും. മക്കളെ! നിങ്ങളുടെ ആയുധങ്ങളേയും, ശക്തിയേയും നിങ്ങളുടെ മാതൃഭൂമിക്കെതിരായി അണിനിരത്തരുതേ! എന്റെ രക്തത്തിൽനിന്നു വന്ന മകനേ! നീ ജയഭേരിയോടുകൂടി വന്ന് ആർഗോസ് മുതലായവയെ വെന്ന് അഗമെമ്നോണിന്റേയും, അക്കില്ലെസ്സിന്റേയും പരമ്പരാഗതന്മാരെയും നശിപ്പിക്കും. ട്രോയിന്റെ നാശത്തിന് പകരം വീട്ടുക അപ്പോഴാണ്. അതാ കേറോ, ലിബിയക്കു ശാപമായ്ത്തീരാൻ പോകുന്ന രണ്ടു സ്കിപ്പിയോമാർ—ഒരു നയപൂർവ്വമായ കാലവിളംബംകൊണ്ട് രാജ്യത്തെ രക്ഷിച്ച ഫേബിയസ് അതാ. ഇതരരാഷ്ട്രങ്ങൾ പലമാതിരി വിദ്യകളിലും അതിനിപുണരായേക്കാം, അതിൽ വിഗ്രഹം വാർക്കുന്നതിന്നോ, വെണ്ണക്കല്ലുകളെ കമനീയമായ പ്രതിമകളാക്കുന്നതിന്നോ കൂടി സാധിച്ചേക്കാം; നാനാശാസ്ത്രപാരംഗതരായേക്കാം; പക്ഷെ റോമന്മാരെ! ഒരു സാമ്രാജ്യം സ്ഥാപിച്ച് അവിടെ ശാന്തി സ്ഥാപിക്കുന്നത് നിങ്ങളുടെ കടമയാണ്. പക്ഷെ തോററവർക്ക് അഭയം നല്കുകയും, ദുശ്ശകതന്മാരെ ജയിക്കുകയും ചെയ്യുന്നത് നിങ്ങളുടെ കർത്തവ്യമായിരിക്കും.''

അവർ അയാളുടെ വാക്കുകഠം കേട്ടു അതിശയിച്ചു. അയാഠം തുടന്നു "അതാ മസലസ്സ്. യുദ്ധബഹളത്തിലും, കശപിശയിലും അയാഠം റോമിനെ പിന്താങ്ങാൻ പോകുന്നു. അയാഠം ഗാളുകാരെയും, കാൎത്തജീനിയക്കാരെയും തോല്പിക്കും." ഏനിയാസ് ആ മായാരൂപത്തെ നോക്കിക്കൊണ്ടിരിക്കെ അതിന്റെ അരികത്തായി കവചിതഗാത്രനായി മ്ലാനവദനനായ ഒരാളെക്കൂടെ കണ്ടു. അപ്പോഠം ചോദിച്ചു: "പിതാവെ! മാർസ്സല്ലസ്സിന്റെ കൂടെ പോകുന്ന ആ ആഠം ആരാണ്? അയാഠം കലീനനായിത്തോന്നുന്നു. പക്ഷെ മുഖത്തു ഒരു കരിനിഴൽ ബാധിച്ചിട്ടുണ്ടല്ലോ"-അൻകിസെസ് പ്രതിവചിച്ചു: "നീ വംശപരമ്പരയെപ്പററി ഇപ്പോഠംതന്നെ വിഷാദഭരിതനാകേണ്ട. അയാഠം ജനിക്കും. അങ്ങിനെ ഭൂമിയ്ക്കുയാളുടെ ദൎശനം ലഭിച്ചശേഷം അയാഠം പിന്നോക്കം വരും. അയാളുടെ പേരും മാർസലെസ് എന്നു തന്നെയാണ്. അയാഠം ജീവിച്ചിരുന്നുവെന്നു വരട്ടെ—റോമിന്റെ ശക്തി കണക്കിലധികമായിരിക്കും. ട്രോയിലെ ഏതൊരു അനന്തരഗാമിയും, റോമുലസിന്റെ വംശജന്മാരിലാരുംതന്നെ, അത്ര വലിയ പ്രതീക്ഷകഠം ഉണ്ടാക്കയില്ല. പക്ഷെ അനിതരസാധാരണമായ ഒരു ശവസംസ്കാരം കാണാനുള്ള ദുൎയ്യോഗം ടൈബർനദിക്കുണ്ട്. സ്ഥാനപ്രദേശം മുഴുവനും വിലാപശബ്ദംകൊണ്ടു മാറെറാലിക്കൊള്ളും."

അങ്ങിനെ അവർ ആ പ്രദേശം മുഴുവൻ നടന്നുനോക്കി. അപ്പോഴൊക്കെ അൻകിസെസ് ഏനിയാസിന്റെ

വംശജന്മാരുടെ ഭാവിചരിത്രം പറയുകയായിരുന്നു. ഏനിയാസ് എങ്ങിനെയാണ് സ്വന്തം ബുദ്ധിമുട്ടുകളിൽ പെരുമാറേണ്ടതു് എന്ന് അയാറം ഉപദേശിച്ചു.

“നിദ്രയ്ക്കു രണ്ടു പടികളുണ്ട്. ഒന്നു സാധാരണ കൊമ്പുകൊണ്ടു നിർമ്മിതമാണ്. അവിടെ സത്യസന്ധരായ എല്ലാ ആത്മാക്കളും വേഗത്തിൽ കടക്കുമത്രെ; മററൊന്നു ദന്തംകൊണ്ടുമാണ്. എന്നാൽ അതിലൂടെ സകല മായാദർശനങ്ങളും പൊങ്ങിവരുന്നു” ഈ പടിയിലേക്ക് അൻകൈസെസ്സ് ഏനിസാസിനേയും, സിബിലിനേയും കൊണ്ടുവന്നു. അതിലൂടെ അവരെ തിരികെ അയച്ചു.

---

## ഇററലി കണ്ടെത്തി

നല്ല പൂനിലാവിൽ, അനുകൂലമാരുതന്റെ തലോടലേററ് ഏനിയാസ് അവസാനത്തെ കടൽയാത്രയ്ക്കു പുറപ്പെട്ടു. അവരുടെ വഴി ഇന്ദ്രജാലക്കാരിയായ സേർസിന്റെ ദ്വീപിന്നരികിലൂടെ ആയിരുന്നു. ഒരിക്കൽ പുരുഷന്മാരായിരുന്ന്, പിന്നീട് ആ മന്ത്രവാദിനിയുടെ ശക്തിയാൽ സിംഹം, പന്നി മുതലായ മൃഗങ്ങളാക്കപ്പെട്ടു കഷ്ടപ്പെട്ടു കഴിയുന്ന പലരുടേയും അലച്ചകളും, ഇരമ്പലുകളും, ഓരികളും, അവർക്കു കേൾക്കായി. പക്ഷെ അവരവിടെ നില്ക്കാനുള്ള നിർഭാഗ്യം വേണ്ടെന്നു കരുതി നെപ്ട്യൂൺ ശക്തിയുള്ള കാററിനാൽ കപ്പലുകളെ പായിപ്പിക്കുകയും, അപകടമില്ലാതെ അവർ കടന്നുപോരികയും ചെയ്തു. പ്രഭാതമായപ്പോൾ കാററു നിലച്ചു; നൌകകൾ തണ്ടുവലിയുടെ സഹായത്താൽ മാത്രം മുന്നോട്ടു നീങ്ങി. അപ്പോൾ അവർ വനനിബിഡമായ ഒരു കടൽക്കര കണ്ടു. ആ ...

നത്തിൻെറ മദ്ധ്യത്തിലൂടെ ടൈബർനദി സമുദ്രത്തിലേക്കു വന്നു ചേരുന്നുണ്ടായിരുന്നു. വിവിധവർണ്ണോജ്ജ്വലങ്ങളായ പക്ഷങ്ങളോടുകൂടിയ പറവകൾ സന്തോഷദായകമായ ഗാനങ്ങൾ പാടി മരങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടുമായി പറന്നു കളിച്ചു. അപ്പോൾ കപ്പൽസംഘം സഞ്ചാരഗതി മാററുകയും, നേതാവിൻെറ ആജ്ഞയനുസരിച്ചു് നദിയിലൂടെ മേലോട്ടേക്കു സഞ്ചരിക്കുകയും ചെയ്തു.

സേററൺ ദേവൻെറ വംശത്തിൽ ജാതനും, വയസ്സു ഏറെച്ചെന്നവനും ആയ ലേററിനസ് എന്ന മന്നനാണ് ആ രാജ്യം ഭരിച്ചിരുന്നതു്. അയാൾക്കു ഒരു പുത്രനെ ഉണ്ടായിരുന്നുള്ളു. അവൻ ചെറുപ്പന്നേ പരലോകം പ്രാപിച്ചു. ഇപ്പോൾ ലാവിനിയാ എന്നൊരു ഓമനപ്പുത്രി മാത്രമാണുണ്ടായിരുന്നതു്. അവൾ ഇപ്പോൾ പരിണയപ്രായമെത്തിയിരിക്കയാണ്. ചുററുപാടുമുള്ള രാജ്യങ്ങളിലെ ചെറുപ്പക്കാരായ ഭൂപതികൾ അവളെ വിവാഹം ചെയ്യണമെന്നർത്ഥിച്ചു് വരവു തുടങ്ങീട്ടുമുണ്ടു്. അവരിൽ പ്രധാനൻ ടേണസ് എന്ന ആളായിരുന്നു. ലേവിനയ്ക്കു പററിയ വരൻതന്നെയാണയാളെന്നു സർവ്വസംവിദിതമായിരുന്നു. ലേററിനസ് ആ വിവാഹത്തിന്നു സമ്മതംമൂളുമായിരുന്നു. പക്ഷെ ചില അസാധാരണശകുനങ്ങളും, നിമിത്തങ്ങളും അയാളുടെ അഭിപ്രായഗതിയെ മാററി. ഒരിക്കൽ, ഒരു യാഗം നടന്നിരുന്ന വേളയിൽ, ലേവിനയുടെ മുടിയിലും മൂടുപടത്തിലും ദൈവീകമായ പ്രകാശം പ്രത്യക്ഷപ്പെട്ടു. അവൾ മാളികയിലെമ്പാടും അഗ്നി ചിതറും മാതിരി തോന്നി. ഇതിൻെറ ആന്തരാർത്ഥം വൈദികന്മാരോടു ചോദിച്ചതിൽ അവർ പറഞ്ഞതു് അവൾക്കു കീർത്തി നിറഞ്ഞ ഒരു ഭാവിയുണ്ടാവുമെന്നും, പക്ഷെ പ്രജകൾ ഒരു

കഴപ്പം പിടിച്ച സ്ഥലത്തിൽ കിടന്ന കപ്പിക്കളമെന്നുമായി അന്നു. രാജാവ് പിന്നീട് തന്റെ പിതാവിന്റെ ഉപവന ത്തിലേക്ക് ചെന്നു അവിടെ ഒരു വെളിച്ചപ്പാടിനോട് 'കല്പന' ചോദിച്ചു. അവിടെനിന്നു കിട്ടിയ കല്പനയിപ്രകാ രമായിരുന്നു: ലേററിൻവർഗ്ഗത്തിൽ ജനിച്ച പ്രഭുക്കന്മാരി ലൊരാൾക്കും രാജകുമാരിയെ വിവാഹംചെയ്തുകൊടുക്കരു ത്; അവളുടെ പതി ഒരു വിദേശ്യനായിരിക്കും; അവരു ടെ സന്താനങ്ങളോ, അവരുടെ പ്രതാപത്താൽ അഖില ലോകത്തേയും ഇട്ടു തിരിക്കും" എന്നാണ്. വെളിച്ചപ്പാടി ന്റെ കല്പന അയാൾ മറച്ചുവെച്ചില്ല. ആ വാർത്ത നാട്ടു മുഴുവനും വ്യാപിച്ചു. ട്രോജന്മാർ കരയ്ക്കണയുമ്പോഴേക്ക് അതു എല്ലാ പൌരന്മാരും കേട്ടുകഴിഞ്ഞിരുന്നു.

ഐനിയാസ്, പടനായകന്മാർ, അസ്കാനിയസ് എ ന്നിവർ കരയ്ക്കിറങ്ങി. അവർതന്നെ അവർക്കുള്ള ഭക്ഷണവും തയ്യാറാക്കി. ഗോതമ്പുകൊണ്ടു തയ്യാറാക്കിയ അപ്പം അ വർ മൈതാനത്തുള്ള പുല്ലിന്മേൽവെച്ചു അതിന്മേലാണ് പഴങ്ങൾ വിളമ്പിയതു്. എല്ലാം തിന്നുകഴിഞ്ഞിട്ടും വിശ പ്പടങ്ങാതെ അവർ ചതുരാകൃതിയിലുള്ള ആ അപ്പവും തിന്നാൻ തുടങ്ങി. അപ്പോൾ അസ്കാനിയാസ് ചിരിച്ചു കൊണ്ടു പറഞ്ഞു: "നാമിപ്പോൾ നമ്മുടെ മേശയെക്കൂടി തിന്നുന്നുണ്ടല്ലോ." അവൻ പെട്ടെന്നു നിർത്തി. അവന്റെ ശബ്ദംതന്നെ, അവരുടെ ചിരപരിശ്രമത്തിന്റെ അന്ത്യ ത്തെ പ്രവചിച്ചു. അവന്റെ അച്ഛൻ ആ വാക്കുകൾ കേട്ട്, അതൊരു നിമിത്തമായി ഗണിച്ച് തൊട്ടിയിട്ട് ഇപ്രകാരം പറഞ്ഞു: "ചിരകാലമായി അഭിലഷിച്ചുപോ ന്നതും, നമുക്കു കിട്ടുമെന്നു പ്രതിജ്ഞ ചെയ്തിട്ടുള്ളതുമായ ഭൂമി ഇതുതന്നെയാണ്. അതിന്നു സ്വാഗതം! ട്രോയിലെ

ഗൃഹദേവതമാരേ! നിങ്ങൾക്കു മംഗളം! ഇതാണ് നമ്മുടെ ആവാസസ്ഥാനം, ഇതാണു നമ്മുടെ മാതൃഭൂമി. അൻകിസെസ് ഒരിക്കൽ പറഞ്ഞതു് എന്റെ ഓർമ്മവരുന്നു: 'മകനെ, ഒരു അപരിചിതമായ കടൽക്കരയിൽ ക്ഷുൽപിപാസയാൽ നിങ്ങൾ നന്നെ കുഴങ്ങി, എപ്പോൾ നിങ്ങൾ നിങ്ങളുടെ മേശയെക്കൂടി കടിച്ചു തിന്നുമോ, അപ്പോൾ, അന്നു് നിങ്ങൾ പ്രാപ്യസ്ഥാനമെത്തിയെന്നു കരുതിക്കൊള്ളു. അവിടെ വീടുകളും നഗരഭിത്തികളും പണിചെയ്തോളു.' ഇതാണവസരം. എഴുന്നേൽക്കുക. നാം എത്തിച്ചേർന്ന ഈ ഭൂമി മുഴുവൻ സഞ്ചരിച്ചു് പരിശോധിക്കുക. പക്ഷെ ആദ്യമായി ജൌവിന്നു നിവേദ്യം സമർപ്പിക്കുക." അയാൾ ഇലകളുള്ള ഒരു ചില്ലയെടുത്തു തലയിൽ കെട്ടി പ്രാൎത്ഥിച്ചു. ആ സ്ഥലത്തെ ദേവതയേയും, ധരിത്രീമാതാവിനേയും, ഗന്ധൎവ്വന്മാരേയും വണങ്ങി. ഇനിയും കണ്ടുകഴിഞ്ഞിട്ടില്ലാത്ത അരുവികളിലേയും, ജലാശയങ്ങളിലേയും അപ്സരസ്സുകളെക്കുറിച്ചു് സ്തോത്രം ചെയ്തു. രാത്രിയെ, നക്ഷത്രങ്ങളെ, ജൌവിനെ, കാരണവന്മാരെ, ദേവന്മാരിൽ വീനസ്സിനെ, സ്വൎഗ്ഗസ്ഥിതനായ അൻകിസെസ്സിനെ—ഇവരെയെല്ലാം വന്ദിച്ചു. സൎവ്വശക്തനായ ജഗൽപിതാവു് ശുഭശകുനങ്ങൾ കാണിച്ചു. മൂന്നുപ്രാവശ്യം ഇടിവെട്ടുണ്ടായി. ആകാശമണ്ഡലത്തിൽ കനകപ്രഭയോടെ ഒരു മേഘം തിളങ്ങി. അപ്പോൾ അവിടെയാണ് അവൎക്കുള്ള നഗരമെന്നു ട്രോജന്മാർ തീൎച്ചയാക്കി.

---

## പ്രഥമദൌത്യം

പിറേറന്ന മുതൽ നാട്ട് പരിശോധന നടന്നു. ചാരന്മാർ ടൈബർനദിയുടെ ഉത്ഭവസ്ഥാനം കണ്ടെത്തി അതെപ്പററിയും, ലേററിനസ്സിന്റെ രാജധാനിയെപ്പററിയും വിവരം കൊടുത്തു. തിരുമുൽക്കാഴ്ചകളുംകൊണ്ട് നൂറോളം ദൂതന്മാരെ ഏനിയാസ് അവിടുത്തെ രാജാവിന്റെ അരികിലേക്ക് പറഞ്ഞയച്ചു. സന്ധിയും സമാധാനവുമാണ് തങ്ങൾ കാംക്ഷിക്കുന്നത് എന്ന വിവരം അറിയിക്കാൻ കാംക്ഷിച്ചു. അയാൾ ഉടനെ കുടിലുകൾക്കും മറവുമുള്ള അതിർത്തിയിട്ട് അവയടങ്ങിയ നഗരത്തിന്റെ അതിരുകൾ നിർണ്ണയിക്കുകയും അതിന്റെ രക്ഷക്കായി ഭിത്തികളും, രക്ഷാവേലികളും നിർമ്മിക്കുകയും ചെയ്തു. രാജദൂതസംഘം നഗരത്തിലെത്തി. രാജാവിന്ന് അവരെസ്സംബന്ധിച്ച

വാർത്ത ലഭിച്ചു. മാളികയുടെ മദ്ധ്യത്തിലുള്ള തന്റെ രാജസിംഹാസനത്തിലിരുന്നുകൊണ്ട് ആ മന്നൻ വിദേശീയരെ തന്റെ മുമ്പിൽ കൊണ്ടുവരുന്നതിന്നാജ്ഞാപിച്ചു. ലേററിയംവംശത്തിലെ ആദിമന്നവന്മാർ ചെങ്കോലും, കിരീടവും സ്വീകരിച്ച് രാജപദവി കൈക്കൊണ്ട അന്തസ്സുള്ള മാളികയായിരുന്നു അത്. പ്രവേശനദ്വാരത്തിൽ അവരുടെ ഗൃഹദേവതമാരുടേയും, വംശപ്രമുഖന്മാരുടേയും ബിംബങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ടായിരുന്നു. പണ്ടത്തെ യുദ്ധങ്ങളിലെ ജയങ്ങളെ സൂചിപ്പിക്കുന്ന അനവധി ആയുധങ്ങൾ പലേടങ്ങളിലുമായി തൂക്കിയിരുന്നു. ട്രോജന്മാർ പ്രവേശിച്ചപ്പോൾ ലേററിനസ് പറഞ്ഞു.

'ഡാർഡനസ്സ് വംശജന്മാരെ, ഞാൻ നിങ്ങളെപ്പററി കേട്ടിട്ടുണ്ട്. നിങ്ങളെവിടെനിന്നാണ് വരുന്നതെന്നും ഞങ്ങൾക്കറിയാം. നിങ്ങൾക്ക് എന്താണാവശ്യം? നിങ്ങളുടെ യാത്രോദ്ദേശ്യമെന്താണ്? കാരണമെന്തോ ആയ്ക്കൊള്ളട്ടെ, ഞങ്ങളുടെ സ്വീകാരസ്വാഗതങ്ങളെസ്സംബന്ധിച്ച് സംശയിക്കരുത്. ഈ ലേററിൻവംശം സേററണിൽനിന്നുത്ഭവിച്ചതാണ്. ഞങ്ങൾ ആരും നിർബ്ബന്ധിച്ചിട്ടുകൊണ്ടല്ല ന്യായം പ്രവർത്തിക്കുന്നത്: ഞങ്ങൾ സ്വമനസ്സാലെ അങ്ങനെ ചെയ്യുകയാണ്. ഡാർഡനസ്സ് തന്നെ ആദ്യം ഇവിടെനിന്നാണ് പുറപ്പെട്ടിട്ടുള്ളത് എന്നു ഞാൻ കേട്ടിട്ടുണ്ട്. അയാളിപ്പോൾ വാനവലോകത്ത് അന്തസ്സോടുകൂടി കഴിയുന്നുവെന്നറിയാം.'

ദൂതന്മാരിലൊരാളായ ഇലിയോണിയസ് പറഞ്ഞു: 'രാജാവെ! സമുദ്രകോപംകൊണ്ടോ മറേറാ സംഗതിവശാ

ൽ മാത്രം ആഗതരായവരല്ല ഞങ്ങൾ. സ്ഥലം തെററി ധരിച്ചെത്തിയതുമല്ല. ഞങ്ങൾ സ്വതന്ത്രമായി, വേണമെന്നുദ്ദേശിച്ചുകൊണ്ടുതന്നെയാണ് ഇവിടെ വന്നിട്ടുള്ളത്. സൂര്യനെത്തിനോക്കിട്ടുള്ള അനവധി രാജ്യങ്ങളിൽവെച്ച് എല്ലാററവും മേലേക്കിടയിലായ ഒന്നിൽനിന്ന്, അതിൻെറ നാശാനന്തരം വന്നവരാണ് ഞങ്ങൾ. ഞങ്ങൾ ജൌവ വംശജന്മാരാണ്. അദ്ദേഹത്തിൻെറ കീർത്തിയിൽ ഞങ്ങളഭിമാനിക്കുന്നു. ഞങ്ങളുടെ നേതാവായ ഏനിയാസ് ആ ദേവതയുടെ നേരിട്ട വംശപാരമ്പര്യമുള്ളവനാകുന്നു. ട്രോജന്മാരും, യവനരും തമ്മിലുണ്ടായ ഭയങ്കരയുദ്ധത്തെപ്പററി അറിയാത്തവരില്ലല്ലോ—ഞങ്ങൾ ആ മഹാനാശത്തിൽനിന്നു രക്ഷപ്പെട്ട സമൂഹം കടന്നുവന്നിരിക്കയാണ്. എല്ലാവർക്കും സൌജന്യമായിരിക്കുന്ന സ്വല്പം വായുവും, വെള്ളവും നിങ്ങളുടെ തീരപ്രദേശത്ത് സ്വല്പം ഭൂമിയും ഞങ്ങളാവശ്യപ്പെട്ടുകൊള്ളുന്നു. ഞങ്ങൾ ഒരിക്കലും നിങ്ങൾക്കപമാനം വരുത്തിത്തീർക്കയില്ല. താങ്കൾക്കോ, ഇങ്ങിനെയൊരു ദാനം ഞങ്ങൾക്കു തന്നുവല്ലോ എന്നതിൽ ഒരിക്കലും ഖേദിക്കേണ്ടിവരികയും ഇല്ല. ഇതു ഞാൻ ഏനിയാസിൻെറ ഭാഗധേയത്തെച്ചൊല്ലി ആണയിടുന്നു; സൌഹൃദത്തിന്നോ, ശത്രുതയ്ക്കോ ഒരുപോലെ കരുത്തുള്ള അദ്ദേഹത്തിൻെറ ദക്ഷിണഹസ്തത്തെച്ചൊല്ലി പ്രതിജ്ഞചെയ്യുന്നു. ഞങ്ങൾ സമാധാനകാംക്ഷികളായി ശാന്തമായി വരുന്നതുകൊണ്ട് ഞങ്ങളെ വെറുക്കരുത്. അനവധി നാട്ടുകാർ ഞങ്ങളുമായി സഹൃത്തുക്കളാവണമെന്നാശിച്ച് അ

തിന്നായി ആവശ്യപ്പെട്ടു. പക്ഷെ ദൈവവിധിയോത്താ ണ് ഞങ്ങളിവിടെയെത്തിച്ചേന്നിരിക്കുന്നത്. ഡാർഡന സ് ജനിച്ചത് ഇവിടെത്തന്നെയാണല്ലൊ—അപ്പോളോ ഞങ്ങളോട് ഈ ടൈബർ നദിയുടെ കരയോരങ്ങളിൽ മ ടങ്ങിച്ചെല്ലാനും ആജ്ഞാപിച്ചിരിക്കുന്നു. കത്തിയെരിയു ന്ന ട്രോയിൽനിന്ന് നാശം പററാതെ രക്ഷിച്ച ഈ വില പിടിക്കാത്ത തിരുമുൽക്കാഴ്ചകളെ നേതാവ് അങ്ങയ്ക്കു അ പ്പിക്കുന്നു: അദ്ദേഹത്തിൻെറ അച്ഛൻ യാഗവിധികാംക്കു പയോഗിച്ചിരുന്ന കനകചഷകം, പ്രിയം മന്നൻെറ തിരു വാടകാം; അദ്ദേഹം ഭരണം നടത്തിയിരുന്ന കാലത്തെ മകുടവും ചെങ്കോലും.'

ലേററിനസ് കണ്ടു, കേട്ടു. തനിക്കു അനുഭവപ്പെട്ട നിമിത്തങ്ങളും, സൂചനകളും ഓത്തു. വരാൻ പോകുന്ന എന്നു അനുതന്നെ പ്രവചിച്ചിരുന്ന ആറം ഇതാണെന്നു അയാറം അറിഞ്ഞു. അതിനാൽ സന്തോഷസമേതം മറു പടി പറഞ്ഞു: "ഈശ്വരൻ നമുക്കു മംഗളം കൈവരു ത്തട്ടെ. ട്രോജന്മാരെ! ഞാൻ നിങ്ങറംക്കു അഭീഷ്ടദാനം ചെയ്യുന്നു. കാഴ്ചകാം ഒത്തു മാററിക്കളയാം. ഏണിയാ സ്തന്നെ വന്നുകൊള്ളട്ടെ. ഞങ്ങളുമായി സഖ്യമാഗ്ര ഹിക്കുന്നുവെങ്കിൽ അദ്ദേഹംതന്നെ വരട്ടെ. അദ്ദേഹത്തെ സൌഹാദ്ദമുഖങ്ങറം സ്വാഗതംചെയ്യും. നിങ്ങളുടെ സ്വാ മിയുമായി ഞങ്ങറം ഹസ്തദാനം ചെയ്യും. അദ്ദേഹ ത്തിന്നു സന്ദേശം നല്കുക: എനിക്കൊരു കുമാരിയുണ്ട്. തന്നാട്ടുകാരായ രാജകുമാരന്മാരിലാക്കുംതന്നെ വിവാഹം

ചെയ്തുകൊടുക്കരുതെന്നു ഈശ്വരകല്പനയുണ്ടു്. ഒരു അപരിചിതൻ ആഗതനാവുമെന്നും, അദ്ദേഹവുമായുള്ള വേഴ്ചയാൽ ലേററിനസ് വംശകീർത്തി ആചന്ദ്രതാരം നില്ക്കുമെന്നും അരുളപ്പാടുണ്ടായിട്ടുണ്ടു്. അവർ ഉദ്ദേശിച്ചതു് ഏനിയാസിനെ തന്നെയായിരിക്കണം. അതു ശരിയാണെങ്കിൽ നിങ്ങളുടെ സ്വാമിതന്നെ ആ കുമാരിയുടെ വരനായി ഭവിച്ചുകൊള്ളട്ടെ.”

അദ്ദേഹം ദൂതസംഘത്തിനു രാജകീയമായ കാഴ്ചകൾ കൊടുത്തു— അവർ കൊണ്ടുവന്നതിലും അധികം വിലപിടിച്ചവ; സൌന്ദര്യമുള്ളവ. അസാമാന്യ മന്ത്രശക്തിയുള്ള വംശത്തിലുത്ഭവിച്ച കുതിരകളെ ഏനിയാസിനു നല്കി അവരെ യാത്ര അയച്ചു. അവർ ശാന്തിയോടെ മടങ്ങി.

# ലേററിൻ കൈകേയി

ജൂണോ ദേവി ഏതോ ദൂരയാത്ര കഴിഞ്ഞ് ഒലിംപസ്സിലേക്കു മടങ്ങുകയായിരുന്നു. അന്നേരം ദൂതസംഘത്തിൻെറ പ്രത്യാഗമനവും, സന്തോഷിക്കുന്ന ഏനിയാസിനേയും കണ്ടു. കുടിയേറിപ്പാപ്പിനുദ്ദേശിച്ച് ആദ്യത്തെ കൂടിൽ കെട്ടിക്കഴിഞ്ഞതു നോക്കി. അവർ സമുദ്രത്തിലെ അപായങ്ങളെല്ലാം കടന്നുകഴിഞ്ഞുവെന്ന് അവൾ ഓർത്തു. ഏനിയാസ് ഒടുവിൽ കരയ്ക്കണഞ്ഞിരിക്കുന്നു. അവൾക്കു ഒരുതരം ഭയങ്കരമായ കോപം ആളിപ്പടന്നു പിടിച്ചു; തൻെറ പരാജയത്തിൽ ആത്മനിന്ദയും ഉണ്ടായി. "ഞാൻ അവൻെറ നേരെ ആകാശത്തേയും സമുദ്രത്തേയും പ്രയോഗിച്ചുനോക്കി. ഇതാ അവൻ കടലിനേയും, ആകാശത്തേയും, എന്നേയും തോല്പിച്ചിരിക്കുന്നു. അവരെ നശിപ്പിക്കാൻ ഞാൻ, ജൌവിൻെറ പത്നിയായ ഞാൻ, ദേവലോകരാജ്ഞിയായ ഞാൻ, ചെയ്യാത്തതൊ

നാമില്ല. ധൈര്യത്തോടെ പ്രവൃത്തിക്കാതെ ഒന്നും വിട്ടിട്ടില്ല. ആലോചിക്കാത്ത ഉപായം ബാക്കിയില്ല. എന്റെ ഈശ്വരാംശം ദുർബ്ബലമാണെന്നൂഹിക്കുന്നു. ഞാൻ ഇപ്പോഴും, അവസരം സ്വല്പംകൂടിയുള്ളപ്പോഴും ഒരാളെ സഹായത്തിന്നു വിളിക്കാം. ദേവന്മാരെ സഹായത്തിന്നു കണ്ടുകിട്ടുകയില്ലെങ്കിൽ പാതാളത്തിൽപോയി സഹായം കൊണ്ടുവരാം. അവന്നു ഈ ലേററിനാ രാജ്യത്തെ മകുടം വേണമല്ലേ? ലേവിനിയ അവന്റെ പത്നിയാവണമല്ലേ? അങ്ങിനെതന്നെ ആയ്ക്കൊള്ളട്ടെ, പക്ഷെ ആ പരമാന്ത്യത്തെ ആവുന്നത്ര വൈകിക്കാം. രണ്ടു നേതാക്കന്മാരുടേയും പ്രജകളെ ആവുന്നത്ര സംഹരിക്കാം. ആ കൂട്ടക്കൊലയിൽ അച്ഛനും മകനും കൂടി എതിരാളികളായിത്തീരട്ടെ. കന്യകയ്ക്ക്, നിണശോണിമയോടു കൂടിയതും, രണസങ്കലിതവുമായ പാണിഗ്രഹണം നടന്നോട്ടെ. വീനസ് ഈ പുതിയ ട്രോയ് പട്ടണത്തെ സംബന്ധിച്ച് ഒരു തീപ്പന്തത്തിന്റെ, ഒരു രണ്ടാം പേരീസിന്റെ മാരകമായ അഗ്നിജ്വാലയുടെ മാതാവാകട്ടെ?"

ഇങ്ങിനെ പറഞ്ഞ് ആ ദേവി ഭൂമിയിലേക്കു പോയി. അവിടെ പാതാളത്തിൽ നിന്നു നരകത്തിലെ ദുരന്തനിശാന്ധകാരത്തിൽനിന്ന് അലെക്റ്റോ എന്ന മാരണദേവതയെ ആവാഹിച്ചു വരുത്തി. യുദ്ധത്തിൽ അതിയായ കൊതി; വഞ്ചനയിലും, സകല കള്ളപ്പണികളിലും അത്യാശ ഇതൊക്കെയുള്ള ഒരു ദുർമ്മൂർത്തിയാണ് അലെക്റ്റോ. അവളുടെ പിതാവായ പ്ലൂട്ടോ കൂടി അവളെ വെറുക്കുന്നു. അവളുടെ താർത്തർ വംശസഹോദരിമാർ കൂടെ അവളുടെ ബീഭത്സാകൃതിയെ നിന്ദിക്കുന്നു. ആ മൂർത്തിക്ക് ഭയങ്കരമായ പല രൂപങ്ങളും കൈക്കൊള്ളാം. എണ്ണമററ പാമ്പുകളാണ് അവളുടെ കരിഞ്ചിട

യിൽ. ജൂണോ, അവളോട് ഈ സന്ധിയെ നശിപ്പിക്കാനും അവളുടെ ക്രൂരത, വഞ്ചന, അസത്യം ഇവയാൽ ഈ ആതിഥേയാതിഥികൾ തമ്മിൽ യുദ്ധവും കൊലയും വൎദ്ധിപ്പിക്കുവാനും എല്ലാ തരത്തിലുമുള്ള പാപങ്ങൾ സൃഷ്ടിച്ചുവിടാനും പ്രേരിപ്പിച്ചു. ആ ദുൎമ്മൂൎത്തി അനുസരിക്കാൻ വെമ്പൽകൊണ്ടു. നരകത്തിലെ വിഷം ദേഹത്തിലാകമാനമുള്ള അലെക്ടോ ലേററിയത്തിലേക്കു പറന്നു. അവിടെ രാജധാനിയിലെത്തി. രാജപത്നിയായ അമാതയുടെ മുന്നിൽ ച്ചെന്നു നിന്നു. ലേവിനു; ടേണസ് എന്ന രാജകുമാരനെ വിവാഹം ചെയ്യേണമെന്നു രാജ്ഞി ഉദ്ദേശിച്ചിരുന്നു. അതു ഫലിക്കാതെ പോകുന്നതു കണ്ടിട്ടു അവൾ കരയുകയായിരുന്നു. അന്നത്തെ വാൎത്ത അവൾക്കു ഹൃദയവിഷാദകരമായ്ത്തീൎന്നിരുന്നു. ആ ഭയങ്കരസത്വം തന്റെ മുടിയിൽനിന്നു് ഒരു ഭയങ്കരസൎപ്പത്തെയെടുത്തു. ചുളുങ്ങി മടങ്ങുന്ന അതിനെ രാജ്ഞിയുടെ വക്ഷസ്ഥലത്തു ചെലുത്തി. അതു ഹൃദയത്തിൽ അനങ്ങാതെ കിടക്കട്ടെയെന്നുവെച്ചു. ആ പന്നഗമാകട്ടെ അവളുടെ ഉടുപ്പുടവയ്ക്കും വക്ഷോജങ്ങൾക്കുമിടയിൽ വഴുതിച്ചെന്നു. അതിന്റെ ശ്വാസം കൊണ്ടു അവളെ ചുഴന്നു. കഴുത്തിൽ കെട്ടിയ കനകാഭരണത്തിലെത്തി, മുടികെട്ടുന്ന നീണ്ട നാടയിലെത്തി. മുടിച്ചുരുളുകളിൽ ഒന്നു സഞ്ചരിച്ചു ശേഷം ഇഴഞ്ഞിറങ്ങി അംഗങ്ങളിലും ചെന്നു. ആ വിഷം അതിന്റെ ആദ്യത്തെ ബാധയാലുള്ള പ്രവൃത്തി ചെയ്തു തുടങ്ങിയപ്പോൾ, അവളുടെ ദേഹം ഒരുതരം അത്യുഷ്ണംകൊണ്ടു് തുടിയ്ക്കുവാൻ തുടങ്ങി. രാജ്ഞി വീണ്ടും രാജാവിനോട്, ഒരു അമ്മയെന്നപോലെ തന്റെ വാദത്തെ സംബന്ധിച്ചു പുനരാലോചിക്കുവാനും, പാണിഗ്രഹണപ്രതിജ്ഞ മാററുവാനും, ടേണസിനെ വരനായി സ്വീകരിക്കുവാനും, കരച്ചിലോടു

കൂടി അൎത്ഥിച്ചു. അവളുടെ നിഷ്ഫലവാക്കുകൾ പ്രവഹിച്ചു. നിഗ്ഗൂഢമായ വിഷം അവളെ ഉന്മത്തയാക്കി. ലേററിനസ് നിൎവ്വികാരനായി, പ്രതിമപോലെ നിന്നുവെന്നു മാത്രം. ഒടുവിൽ അവളുടെ അംഗപ്രത്യംഗം, മനക്കായങ്ങൾ ആ വിഷത്തിന്നു വിധേയമായി. അവൾ ഉന്മത്തയായി ചാടിത്തുള്ളി പട്ടണത്തെരുവിലൂടെ ഓട്ടം തുടങ്ങി. ആ കോപംകൊണ്ടും അവസാനിക്കാതെ; അവൾ വലിയൊരു പാപം ചെയ്തു. അവൾ മദ്യദേവതയുടെ (ബെക്കസ്) ആവേശം വന്നവളെന്നപോലെ നടിച്ചു. ആ കോമരത്തെ മാതിരി തുള്ളി ചില ആജ്ഞാശബ്ദങ്ങൾ പുറപ്പെടുവിച്ചു. നഗരത്തിലെ സ്ത്രീകളെമ്പാടും ഇതു കേട്ട് അനുസരിക്കാൻ വെമ്പലോടെ വന്നു. കേഴമാൻ കുഞ്ഞുങ്ങളുടെ ചൎമ്മമാകുന്ന ഉടയാട ധരിച്ച്, മുന്തിരിവള്ളി ചുററിയ കുന്തങ്ങളുമായി അവർ ഉന്മത്തകളായി ഗൃഹങ്ങളിൽനിന്നു പുറത്തു ചാടുകയും, കപടവേഷക്കാരിയായ റാണിയെ അനുഗമിക്കുകയും ചെയ്തു. എല്ലാവരും കുന്നുകളിലേക്കു ഓടിച്ചെന്നു. ആ സംഘത്തിൻെറ കൂടെ ലേവിനയെ കൂട്ടിക്കൊണ്ടു പോയി ഒരു ഗുഹയിൽ ഒളിച്ചിരുത്തി. അവർ "മദ്യദേവത ജയിക്കട്ടെ" എന്നു ആൎത്തുവിളിച്ചു. അലെക്ടോ അവളുടെ രണ്ടു കയ്യിലും തൊട്ടപ്പോൾ അവൾ ഒരു കത്തിച്ച പന്തവും എടുത്തു: അവരിങ്ങനെ കാട്ടിലും മേട്ടിലും ഞടന്നു.

# സമരാരംഭം

നാടൊട്ടുക്കും നടമാടാൻ തുടങ്ങിയ ആ ഉന്മാദം എപ്പോഴും ഉണർന്നുവോ, ഉദ്ദേശിച്ച കാര്യത്തിന്നു മുടക്കവും നാശാവമാനങ്ങളുമായി ലേററിനസ് രാജാവ് എപ്പോഴും തരിച്ചിരുന്നുവോ, ' അപ്പോഴും ആ പിശാച് മറെറാരു കുടുംബത്തേക്കു കടന്നുചെന്നു. റട്ടലിയൻ വർഗ്ഗക്കാർ വസിച്ചിരുന്ന ആർഡിയാ എന്ന നഗരത്തിൽ ടേണസ് എന്ന അവരുടെ ഭൂമിപൻ ഉറങ്ങുകയായിരുന്നു. അവൾ ജരാനര ബാധിച്ച ഒരു കിഴവിയുടെ രൂപത്തിൽ, ജൂണോവിൻെറ പൂജാരിണിയെന്ന നാട്യത്തിൽ, തലയിൽ ഒലീവിലകൊണ്ടുള്ള മാലയും ധരിച്ച് അവിടെ വന്നു. ഈ ശാന്തമായ വടിവിൽ അലെക്ടോ, രാജാവിനോട്ട് ചോദിച്ചു: "നിൻെറ ആശയെല്ലാം നശിക്കുന്നതു് കാണാൻ നിണക്കിഷ്ടമുണ്ടോ, എഴുന്നേല്ക്കു. ആ വി

ദേശികളെ തുരത്തു. ജൂണോ നിണക്കു തുണയുണ്ട്."
പക്ഷെ ടേണസ് ചിരിച്ചുകൊണ്ടു പ്രതിവചിച്ചു: "എനി
ക്കറിയാം അവരുടെ കടൽപ്പട ടൈബർനദിയിലുണ്ടെ
ന്ന്. ജൂണോവിന്നു ഞങ്ങളെ ഓർമ്മയുണ്ടെന്നും അറിയാം.
പക്ഷെ, അമ്മേ, നിങ്ങൾക്കു വാർദ്ധക്യവും ക്ഷീണവും ബാ
ധിച്ചിട്ടില്ലെ? ആവശ്യമില്ലാത്ത പേടിയും നിഷ്ഫലമായ
ചിന്താഭാരവുമാണിതു്. നിങ്ങൾ നിങ്ങളുടെ തൊഴിലാ
യ ക്ഷേത്രങ്ങളിലെ പൂജാദികർമ്മങ്ങളുടെ മേൽനോട്ടം വ
ഹിക്കുക. പടവെട്ടുകൾ ഉണ്ടാക്കുന്ന പുരുഷന്മാർക്ക് അ
തിൻെറ ബാദ്ധ്യതയും ഇരുന്നോട്ടെ."

ഈ വാക്കുകൾ കേട്ട് അലക്റ്റോവിന്നു അതിരില്ലാ
ത്ത കോപം വന്നു. രോഷാഗ്നി അവളിൽ ജ്വലിച്ചു. അ
വൾ ശൂർപ്പണഖയെപ്പോലെ തൻെറ സ്വന്തം വടിവു
കൈക്കൊണ്ടു. ആ ഭീമാകൃതി തൻെറ മുന്നിൽക്കണ്ടപ്പോ
ൾ ടേണസ് പേടിയാൽ കിടുകിടെ വിറച്ചു. അവളുടെ
കണ്ണുകൾ ചുവന്നു തിളങ്ങി. അവളുടെ സർപ്പക്കുന്തൽ വള
ഞ്ഞുപുളഞ്ഞു ചീറി. അവൾ അലറി: "ഞാനോ കിഴവി
യും ക്ഷീണിതയും? വ്യർത്ഥമായ പേടികൊണ്ടു കുഴങ്ങുന്ന
എന്നെ നോക്കു്! നല്ലപോലെ നോക്കു്! ഞാൻ വരുന്ന
തു് ആ ഭീകരസോദരിമാരുടെ സന്നിധാനത്തിൽ നിന്നാ
ണ്. ഞാൻ പോകുന്നേടമെല്ലാം പോരുംമരണവുമാണ്."

അവൾ കത്തിയെരിയുന്ന ചൂട്ട് അവൻെറ നേരെ
യെറിഞ്ഞു. പുകഞ്ഞുകൊണ്ടു കത്തുന്ന ആ തീ അവ
ൻെറ ഹൃദയത്തെ ഭേദിച്ചു; അവനാകെ സ്വേദത്താൽ കു
ളിച്ചു. അവൻ ഉന്മത്തനായി ചാടിയെഴുന്നേററു ആയു
ധങ്ങളെടുക്കുവാൻ ഓടി—രക്തദാഹം പിടിപെട്ടു്, കോ
പകലുഷനായി. അവൻ പടനായകന്മാർക്കു് അവിടെ

യെത്താൻ ആജ്ഞനല്കി. ലേററീനസ് മന്നൻെറയും, ട്രോജന്മാരുടേയും നേക്കു പടവെട്ടുതുടങ്ങാൻ ആജ്ഞാപിച്ചു: "ഞാൻ വരുന്നു. ലേററിൻകാക്കും, ട്രോജന്മാക്കും ഞാനൊരുത്തൻ മതി." അവർ അനുസരണ കാണിച്ചു: കവചങ്ങൾ ധരിക്കുന്നതിന്നും, ആയുധങ്ങൾ അണിയുന്നതിന്നും അവർ തമ്മിൽ കിടമത്സരമായി.

പക്ഷെ അലെക്ടോ ട്രോജൻ പാളയത്തിലേക്കു പാഞ്ഞെത്തി. അസ്കാനിയസ്സ് വേട്ടയാടുകയായിരുന്നു. അവൾ നായാട്ടുനായ്ക്കളുടെ മൂക്കിൽ വ്യാജമായ ഒരു മണം കയററി അവയെ ഒരു കലമാൻെറ പിന്നാലെ പായിച്ചു. യുദ്ധം ഈ സംഭവത്തോടുകൂടിയാണാരംഭിച്ചത്. ലേററിനസ്സ് രാജാവിന്നു ഒരു വനസംരക്ഷകനുണ്ട്. അയാളും, സിൽവിയാ എന്ന പുത്രിയുംകൂടി ഒരു കലമാനിനെ വളത്തുന്നുണ്ട്. അതു രാത്രിതോറും യഥേഷ്ടം പലേടത്തും തുള്ളിസഞ്ചരിച്ചിരുന്നു. ആ രാത്രിയും അതോടി ഓടി നായ്ക്കളുടെ പഥത്തിൽ പെട്ടു. അസ്കാനിയസ് അതിനെ എയ്തു. അതിന്നു മുറി പററി. എന്നാലും ആ വ്രണം അത്ര കാര്യമല്ലാത്തതുകൊണ്ട് അതിന്ന് ഓടി മാൻതൊഴുത്തിലെത്താൻ സാധിച്ചു. സിൽവിയാ ഇതു കണ്ടു സഹായത്തിന്നായി കരഞ്ഞു കലശൽ കൂട്ടി. വനവേടന്മാർ ചുററുംകൂടി. അവർ ത്വരിതം വന്നു. അലെക്ടോ ശാന്തമായ ആ വനങ്ങളിൽ ചുററിപ്പററി സഞ്ചരിച്ച് അവരെ ഇളക്കിവിട്ടു. അവരാകട്ടെ, വടിയും ഗദയുമേന്തി ലഹളയ്ക്കു വട്ടംകൂട്ടി. വനസംരക്ഷകനും ഒരു വെണ്മഴുവേന്തി കൂട്ടുകാരുടെ കൂടെ ഓടിയെത്തി. ആ പിശാച് ഉടനെ മാൻതൊഴുത്തിന്നുപരി തൂങ്ങിയിരുന്ന കാഹളത്തിൽ തൻെറ വിഷമയമായ ചുണ്ടു വെക്കുകയും, ആവുന്നത്ര ഉച്ച

ത്തിൽ അതിൽ ഊന്നുകയും ചെയ്തു. വനാന്തരങ്ങളും, അരുവികളും, ഗുഹകളും അതിനാൽ മാറെറാലിക്കൊണ്ടു വിറച്ചു. അതു പുരുഷന്മാരെ യുദ്ധത്തിന്നാഹ്വാനം ചെയ്തു. അവർ തെയ്യാറായിവന്നു. ഒരു ഭാഗത്തു നാട്ടുകാർ, എതിർവശത്ത് ട്രോജന്മാർ. വാറം വാളോടിടഞ്ഞു. വനസംരക്ഷകൻെറ പ്രഥമപുത്രൻ വാളിന്നിരയായി—പിന്നെ പലരും. കുറേ കഴിയുമ്പോഴെക്ക് ആ വനതലമാകെ പിണങ്ങളെക്കൊണ്ടു പങ്കിലമായി.

ആ രാക്ഷസി ഉടനെ ഉയന്ന് ആകാശത്ത് ജൂണോവിന്നരികെ വന്നു. താൻ ചെയ്ത വിക്രിയകളെ കുറിച്ച് ആത്മപ്രശംസാപരമായി പറയുകയും, ഇതിലും ഉപരിയായ കാൎയ്യങ്ങറം നേടിക്കൊടുക്കാമെന്നു ഏല്ക്കുകയും ചെയ്തുതീൎത്ത കാര്യങ്ങളിൽ അഭിമാനസന്തോഷം കൈക്കൊള്ളുകയും ചെയ്തു. ജൂണോവിൻെറ മറുപടി ഇതായിരുന്നു: 'ഇതായിരിക്കട്ടെ വീനസ്സിൻെറ പുത്രൻെറ വിവാഹത്തിൻെറ തരം. ലേററിനസ് ആഗ്രഹിച്ച കല്യാണം ഇതാണ്. പക്ഷെ നിന്നെസ്സംബന്ധിച്ചേടത്തോളം ദേവരാജൻ നിന്നെ യഥേഷ്ടം ആകാശമാൎഗ്ഗത്തിൽ സഞ്ചരിക്കാൻ സമ്മതിക്കുകയില്ല. അതുകൊണ്ടു നീ പൊയ്ക്കോ—ഇനി വല്ലതും ആവശ്യമുണ്ടെങ്കിൽ ഞാൻതന്നെ നിവൎത്തിച്ചോളാം! "അതു കേട്ട് അലെക്ടോ താഴെ വരികയും നഗരത്തിൽതന്നെ പ്രവേശിക്കുകയും ചെയ്തു. ആകാശത്തിലും ഭൂമിയിലും ഉള്ള തൻെറ ഭാരം അങ്ങിനെ ലഘുവാക്കി. വാനവറാണിയാകട്ടെ യുദ്ധത്തിന്ന് ഒരു അവസാന മൂൎച്ച കൂട്ടുവാൻ യത്നിച്ചു. അജപാലന്മാർ മൃതദേഹങ്ങളെയെടുത്ത് കരഞ്ഞുകൊണ്ട് ലേററിയം രാജാവിന്നരികെ ചെന്നിരുന്നു. ടേണസ്സും അവിടെയുണ്ടായിരുന്നു. അയാറം

തന്നോട് ചെയ്ത സങ്കല്പപരമായ അനീതികളെപ്പററി പ ഴിക്കയും ട്രോജന്മാരുടെ ജയത്തെപ്പററി പറകയും ചെയ്ത യായിരുന്നു. പോരെങ്കിൽ കാട്ടകളിൽനിന്ന് വനിതാരാ ജ്ഞിയുടെ സ്വാധീനശക്തി അധികമായതുകൊണ്ട് വലി യ കലമ്പൽ കൂട്ടിക്കൊണ്ടാണ് അവരുടെ ആഗമനം. ഈ ഒച്ചയും, ബഹളവും, ആർപ്പുവിളികളും രാജാവിനു ചു ററവും, കൊട്ടാരത്തിനു ചുററുമായി നഗ്നനൃത്തമാടി. കറു ത്തുള്ള കരിമ്പാറ സമുദ്രത്തിലെ തിരമാലകളെ തടഞ്ഞു നിൽക്കുംവിധത്തിൽ അയാറം ഇതെല്ലാം മറുത്തുനിന്നു. പ ക്ഷെ ഒരു ശക്തികൊണ്ടും അവരെ കീഴടക്കാൻ കഴിയാ തെയും, ആകാശത്തുനിന്നു ഒരു സൂചനയും കിട്ടാതെയും വ ന്നപ്പോറം അയാറം വഴങ്ങി. അയാറം പറഞ്ഞു: "എ ൻെറ പ്രജകളെ! ഇന്നത്തെ രാത്രിയിലെ സംഭവത്തിനു പ്രായശ്ചിത്തം നിങ്ങളുടെ രക്തംകൊണ്ടാണ് സാധിക്കാ ൻപോകുന്നത്. ടേണസ്സേ! നിൻെറ ഈ പാപത്തിനു ള്ള ശിക്ഷ നിന്നെ കാത്തുനില്ക്കുന്നു. ഒടുവിൽ ഈശ്വരാ! എന്നു വിളിക്കുമ്പോറം സമയം വൈകിയെന്നു വന്നേക്കും. ഞാൻ ശാന്തിയും സമാധാനവും കൊതിച്ചാണിരുന്നത്. പക്ഷെ എനിക്കു ശാന്തിയോടുകൂടിയ അന്ത്യം ഉണ്ടാവുക യില്ല." അയാറം സ്വന്തം മുറിയിലേക്കു പോയി വാഴ്ച യൊഴിഞ്ഞു.

നഗരത്തിൽ ജേനസിൻെറ ഒരു ക്ഷേത്രമുണ്ടായിരു ന്നു. യുദ്ധം പ്രഖ്യാപിതമായാൽ ആ ക്ഷേത്രത്തിൻെറ ക വാടങ്ങറം തുറന്നിടുന്നത് ഒരു വഴക്കമായിരുന്നു. ഇപ്പോ റം എല്ലാവരും ലേററിനസ്സിനോട് അതു ചെയ്യാൻ ആവ ശ്യപ്പെട്ടു. പക്ഷെ അയാറം ഒളിവിലായിരുന്നുവല്ലോ— എന്നിരിക്കിലും ജൂണോതന്നെ താഴെയിറങ്ങിവന്ന് സമ

രപ്രഖ്യാപനം ചെയ്യുന്ന ആ പടികളെ അടിച്ചുതുറന്നു. ഉടൻതന്നെ ആ നഗരമെന്നല്ലാ, അതിനെയുൾക്കൊള്ളുന്ന രാജ്യം മുഴുവൻ സമരജ്വാലയിലാണ്ടു. എല്ലാ സ്ഥലത്തും കൊടിക്കൂറകൾ ഉയൎന്നു; കാലാൾപട അണിനിരന്നു; അശ്വാരൂഢർ അസാമാന്യവേഗതയോടെ കുതിച്ചോടി എത്തി; ഓരോ നാവും 'ആയുധം! ആയുധം' എന്ന വിളി മുഴക്കി. അഞ്ചു നഗരങ്ങൾ രണസന്നാഹം കൂട്ടി. അററിനാ, ടൈബർ, ആർഡിയാ, ക്രസ്ററുമേറിയ, അൻടെംനാ—ആയുധനിൎമ്മാതാക്കളായ ശില്പികളെല്ലാവരുംതന്നെ അതിലേൎപ്പെട്ടു പിന്നെയാർ കരിയും, അരിവാളും ഉണ്ടാക്കുന്നു? കൃഷിപ്പണി ഉപേക്ഷിക്കപ്പെട്ടു. ആവരുടെ വാളുകളെ പുതുക്കിപ്പണിയുന്ന തിരക്കല്ലേ? എല്ലാവിടേയും സമരകാഹളം മുഴങ്ങി; യുദ്ധചിഹ്നങ്ങൾ സകലിടത്തും കൈമാററപ്പെട്ടു.

ടേണസ്സിൻെറ കൊടിയുടെ കീഴിൽ അനവധി രാജാക്കന്മാരും, മഹാരഥന്മാരും അണിനിരന്നു. അവരിൽ പ്രധാനന്മാർ, ലിഡിയാ രാജ്യത്തിലെ രാജാവും, നാസ്തികനുമായ മെസെൻഷിയസ്, അയാളുടെ പുത്രൻ ലാസസ്; അർഗോസിലെ, മന്നനും, 'ഹർമ്ര്യ'ചൎമ്മംകൊണ്ടു ഉടയാടയണിഞ്ഞവനുമായ അവെൻടിനസ്സ്, പ്രണസ്ഥയിലെ രാജാവായ കെയ്ക്കുലസ്സ്; സാബൈൻ വൎഗ്ഗത്തിൻെറ അധിപനായ ക്ലോസസ്; അങ്ങിനെ ചുററും പരന്നുകിടന്ന ഇററലീയൻ ജില്ലകളിലെ പ്രഭുക്കളെല്ലാം അണിനിരന്നു. അവരിലെല്ലാം മുമ്പൻ ടേണസ്സ് ആയിരുന്നു. അയാളുടെ ഇരുമ്പുതൊപ്പിയിൽ വ്യാളചിഹ്നമുണ്ടായിരുന്നു.

വോൾസി വൎഗ്ഗക്കാരുടെ പ്രതിനിധിയായ കേമില്ല എന്ന ഒരു കന്യയും സമരത്തിന്നു ഹാജരായി. അവളുടെ

മെലിഞ്ഞ ശരീരം സമരാനുകൂലം ബലിഷ്ഠമാണ്: അവളുടെ ഓട്ടത്തിന്റെ ശീഘ്രതയോ, പറയേണ്ട. നെൽച്ചെടി നിരന്നു നില്ക്കുന്ന സ്ഥലത്തുകൂടെ ഓടിയാൽ അവയുടെ ഓലകൾക്ക എള്ളോളവും കേട പററുകയില്ല. അവൾ സമുദ്രത്തിന്നുപരിയാണ് ഓടുന്നതെങ്കിൽ അവളുടെ പാദങ്ങൾ ജലസ്പർശം ചെയ്യുകയില്ല. ശ്വേതാംസഫലകങ്ങളിൽനിന്നു കടും ചുവപ്പുനിറമുള്ള ഒരു അംഗവസ്ത്രം ഞാത്തിക്കൊണ്ടും, പുഷ്ടിയുള്ള കേശഭാരം ഒരു കനകവലയത്തിൽ കുടുക്കിക്കൊണ്ടും, കൈകളിൽ തൂണീരവും, കുന്തവുമേന്തിക്കൊണ്ടുമുള്ള ആ വീരതരുണിയുടെ ആഗമനം കാണാൻ ജനാവലി തടിച്ചുകൂടി.

---

# എവാണ്ടർ

ടേണസ്സും കൂട്ടുകാരും തങ്ങളാലാവുന്ന പടയാളികളെ സൈന്യത്തിലേക്ക് സജ്ജമാക്കാൻ യത്നിച്ചു. വയലിൽ പണിയെടുക്കുന്ന കൃഷകരെ നിർബ്ബന്ധിച്ചു ചേർത്തി. രാജാക്കന്മാർ പുതിയ നിർബ്ബന്ധങ്ങളും, നികുതികളും ചുമത്തി. യവനരാജാവായ ഡയോമീഡ്സിൻെറ അരികിലേക്കു ഒരു ദൂതനായി വെനുലെസ് ചെന്നു. അദ്ദേഹം വഹിച്ച സന്ദേശമിതാണ്: "അങ്ങയുടെ സഖ്യത്തിന്നു ഞങ്ങൾ അപേക്ഷിക്കുന്നു. ഏനീയാസ് എന്ന ട്രോജൻ യോദ്ധാവു് ഇവിടെയെത്തിട്ടുണ്ട്. വിധിയാൽ നിയമിതനായ ചക്രവർത്തിയാണ് താനെന്നു അയാൾ പ്രഖ്യാപിക്കുന്നു. ഇതിന്നു സമ്മതിക്കേണമോ എന്നു താങ്കൾ തീർച്ചയാക്കണം."

ലാററിൻ സൈന്യങ്ങൾ ഇങ്ങിനെ ശക്തി വർദ്ധിപ്പിച്ചു വരുമ്പോഴൊക്കെ ഏനീയാസ് ആലോചിക്കുകയായി

രുന്നു. ഒരു നാറം ടൈബർ നദിയുടെ തീരത്തു നടക്കു മ്പോറം അയാറം ക്ഷീണിതനായി, വ്യസനപരവശനായി താഴെ കിടന്നു; സ്വല്പനേരത്തിന്നുള്ളിൽ ഉറങ്ങി. ഉറക്കത്തിൽ ഒരു സ്വപ്നം കണ്ടു. ദേവദാരു വൃക്ഷസമൂഹത്തിൽ നിന്നു ശ്വേതശിരസ്സുള്ളവനും, ജലസസ്യങ്ങറം കൊണ്ടു മെടഞ്ഞു കെട്ടിയ മകുടം ധരിച്ചവനും, പച്ച നിറത്തിലുള്ള ഉത്തരീയം ഉടുത്തവനുമായ ഒരാളുടെ ദശ്നം ഉണ്ടായി. അയാറം നദീദേവനായ ടൈബർ ആയിരുന്നു. അയാറം ഉഴലുന്ന രാജകുമാരനോടു പ്രോത്സാഹജനകമാംവണ്ണം സംസാരിച്ചു: "ഇനിമേലിൽ പേടിക്കേണ്ട: ദേവവിരോധം ഇനി മേലിൽ നിണക്കില്ല. ഇതാണ് നിൻെറ നിശ്ചിതഗൃഹം. നിൻെറ ഗൃഹദേവതകറംക്കു വിശ്രമസ്ഥാനം ഇതു തന്നെയാണ്. നീ ഇതൊരു സ്വപ്നമാണെന്നു മാത്രം ധരിക്കാതിരിക്കാൻ ഞാൻ ഒരു അടയാളം പറഞ്ഞുതരാം. എൻെറ ഒരു തീരത്തിൽ ഒരു വെള്ളപ്പന്നിയേയും, അതിൻെറ 30 സന്താനങ്ങളേയും കാണാം. അവറം ശ്വേതനിറമുള്ളതാണ്. ഇതിൻെറ അടയാളം 30 കൊല്ലത്തിന്നു ശേഷം ഏനിയാസ് ഒരു ശ്വേതനഗരം സ്ഥാപിക്കുമെന്നും അതിന്ന് ആൽബാ എന്നു നാമകരണം ചെയ്യുമെന്നുമാണ്. അതിലെന്നെ വിശ്വസിക്കുക. എന്താ ചെയ്യേണ്ടതെന്നു ഞാൻ കാണിച്ചുതരാം. ഈ രാജ്യത്ത് ആക്കേഡിയക്കാരായ ഒരു വഗ്ഗക്കാരുണ്ടു്. അവരുടെ മന്നന് എവണ്ടർ എന്നാണു പേർ. അവർ എല്ലായ്പോഴും ലേററിൻകാരോടു വൈരത്തിലാണ്. അവരുമായി ഒരു സഖ്യം ചെയ്യുക. അതിന്നായി ഞാൻതന്നെ അവരുടെ അരുകിലേക്ക് നിങ്ങളെ നയിക്കാം. നിങ്ങറം ജയിച്ചു കഴിച്ചുകഴിഞ്ഞാൽ നിങ്ങറം എനിക്കു യഥാ

വിധി പൂജാഹോമാദികൾ നല്കണം. ഞാൻ വാനവരേററം ഇഷ്ടപ്പെടുന്ന ടൈബർ നദിയാണ്."

നദീദേവൻ സംസാരിച്ചശേഷം അഗാധമായ കയത്തിൽ ആണ്ടുപോയി. ആ വീരനോ, പെട്ടെന്നു ചാടിയെഴുന്നേററു. പക്ഷെ തൻെറ കത്തവ്യത്തിന്നു ചെല്ലുന്നതിന്നുമുമ്പെ അഞ്ജലിചേത്തി അതിൽ ജലമെടുത്ത് നദികളുടെ രാജനും, ടൈബറിന്നും നല്കി അവരെ പ്രാത്ഥിച്ചു. ഇങ്ങിനെ ചെയ്തതിന്നുശേഷം അയാൾ രണ്ടു വഞ്ചികൾ തിരഞ്ഞെടുത്തു. അവയിൽ ആയുധപാണികളായ തണ്ടുവലിക്കാരെ ഇരുത്തി. എന്നിട്ടവർ പുറപ്പെട്ടു. കപ്പലുകൾ ഇളകുന്നതിന്നു മുമ്പുതന്നെ അവർ ആ നിമിത്തം കണ്ടു; ആ ശ്വേതവരാഹവും അതിൻെറ മുപ്പതു വെള്ളക്കുഞ്ഞുങ്ങളും. അവൻ അവയെ പിടിച്ചു. അവയെ എല്ലാം, തന്നെ മേലിൽ ഉപദ്രവിക്കരുതേ എന്ന പ്രാത്ഥനയോടുകൂടി ജൂണോവിന്നു ബലികഴിച്ചു. പിന്നെ അവർ തണ്ടു വലിച്ചു നദി ശാന്തമായിരുന്നു. രാത്രി മുഴുവനും അവർ വനങ്ങളുടെ മദ്ധ്യത്തിലൂടെ തുഴഞ്ഞു. പിറേറന്ന് മദ്ധ്യാഹ്നമായപ്പോൾ മാത്രമേ ദൂരത്തായി ഒരു ഗോപുരവും, ഭിത്തികളും അങ്ങിങ്ങായി ചിതറിക്കിടക്കുന്ന മേൽപ്പുരകളും കണ്ടുള്ളു. അത് എവാണ്ടറുടെ നഗരമായിരുന്നു. തോണിക്കൊമ്പുകളെ കരക്കടുപ്പിച്ചു ഏനിയാസ് ഇറങ്ങുവാൻ തയ്യാറായി.

സ്വല്പം ദൂരെനിന്നു ഒരു ഒച്ച അയാളെ വിളിച്ചു. അന്നു രാവിലെ എവാണ്ടറും, പുത്രനായ പല്ലാസും മററു പടനായകന്മാരുംകൂടി നഗരത്തിന്നടുത്തുള്ള ഒരു ഉപവനത്തിൽ ചില ഹോമങ്ങൾ അപ്പിക്കയായിരുന്നു. അപ്പോൾ നിശ്ശബ്ദമായി, പ്രഭാതസന്ധ്യയുടെ മങ്ങിയ വെ

ലിച്ചത്തിൽ പത്തേമ്മാരികളുടെ ഉന്നതമായ പായ്മരങ്ങൾ കണ്ടു. ഉടനെ അവർ ആയുധം ധരിച്ചു. പല്ലാസ് ഒരു കുന്തമെടുത്തു കുന്നിൻെറ മുകളിൽചെന്ന് അവരാരെന്നും, ഏതു നാട്ടുകാരാണെന്നും, അവരുടെ ആഗമനോദ്ദേശ്യമെന്തെന്നും, സമരത്തിന്നോ, സമാധാനത്തിന്നോ വന്നിരിക്കുന്നതെന്നും ചോദിച്ചു. ഏനിയാസ് മറുപടി പറഞ്ഞു: "ഞങ്ങൾ ട്രോയിൽനിന്നാണ്. ഇപ്പോൾ ഞങ്ങൾ ലേററിൻകാരുമായി സമരത്തിലേപ്പെട്ടിരിക്കയാകുന്നു. എവാണ്ടറോട് ഞങ്ങൾക്കു സ്വല്പം പറയാനുണ്ട്. ട്രോജൻ നൌകകൾ ഇവിടെ വന്നിരിക്കുന്നുവെന്നും, അതിലുള്ളവർ അദ്ദേഹവുമായി സന്ധിചെയ്യാൻ ആഗ്രഹിക്കുന്നുവെന്നും പറയുക." തൻെറ പെട്ടെന്നുള്ള സംഭ്രമം തീന്നപ്പോൾ പല്ലാസ് അവരെ ഹാർദ്ദമായി സ്വീകരിച്ചു. അവരെ പിതാവിൻെറ സന്നിധാനത്തിൽ കൊണ്ടുചെന്നു. ഏനിയാസ് ബഹുമാനപൂവ്വം അയാളെ അഭിവാദ്യംചെയ്തു. അയാൾ പറഞ്ഞു: "നാം രണ്ടു പേരുടേയും വംശം ഒന്നുതന്നെയെന്നു തെളിയിപ്പാൻ അനവധി സംഭവങ്ങളുണ്ട്. പണ്ടത്തെ ബന്ധത്തെ ആലോചിച്ച് ഞങ്ങൾ പ്രത്യേകം ദൂതസംഘത്തെ നിയോഗിച്ചിട്ടില്ല. ഞാൻതന്നെ സ്നേഹാത്ഥന ചെയ്വാൻ വന്നിരിക്കുന്നു. ഞാനും എൻെറ ജീവനും നിങ്ങളുടെ ഹസ്തങ്ങളിലാണ്. ലേററിൻകാർ ട്രോജന്മാക്കും, ആക്കേഡിയക്കും ഒരുപോലെ ശത്രുക്കളാണ്. ട്രോജന്മാർ നിഷ്കാസിതരായാൽ ശേഷമെല്ലാക്കൂട്ടരും ലേററിൻകാക്കു കീഴ്വഴങ്ങേണ്ടിവരും."

എവാണ്ടർ സന്തോഷസമേതം മറുപടിപറഞ്ഞു. വളരെ കൊല്ലങ്ങൾക്കു മുമ്പ് പ്രിയം തൻെറ പ്രഭുക്കന്മാരൊന്നിച്ച് ആക്കേഡിയക്കു വന്നിട്ടുണ്ട്. അപ്പോൾ ബാലനായിരുന്ന എവാണ്ടർ അൻകിസെസ്സിനെ വളരെ സ്നേ

ഹിക്കയും, ബഹുമാനിക്കുകയും ചെയ്തിട്ടുണ്ട്; അദ്ദേഹ വുമായി പരിചയിച്ചിട്ടുമുണ്ട്. അവസാനം അവർ പിരി ഞ്ഞുപോകുമ്പോൾ കാഴ്ചകൾകൂടി കൈമാറീട്ടുണ്ട്. ഈ സ്മരണക്കായി അവരോട് സഖ്യം ചെയ്യാമെന്നും സഹാ യം നല്കാമെന്നും അദ്ദേഹം ഏററു. അതിന്നിടയിൽ അ വർ നടത്തുന്ന യാഗത്തിൽ ട്രോജന്മാരും പങ്കു ചേരട്ടെ."

യാഗവിധികൾ പൂർത്തിയായപ്പോൾ ഏവാണ്ടർ ഏ ന്നിയാസിനെ തൻെറ മാളികയ്ക്കു കൂട്ടിക്കൊണ്ടുപോയി അ വർ സംസാരിച്ചുകൊണ്ടേ സഞ്ചരിച്ചു. മദ്ധ്യേമാൎഗ്ഗം ആ രാജ്യത്തിൽ ഹെർക്കുലിസ് നടത്തിയ പരാക്രമകൃത്യങ്ങ ളെക്കുറിച്ച് അദ്ഭുതപ്പെട്ടുകൊണ്ടു പറഞ്ഞു. ആ വീര ൻെറ പശുക്കളെ കോക്കസ് എന്ന ദുഷ്ടനായ കവച്ചക്കാ രൻ കൊള്ളയടിച്ചു തൻെറ ഗുഹയിലേക്കു കൊണ്ടുപോ യതും, അതിന്നുള്ളിൽ പ്രവേശിക്കാൻ മാൎഗ്ഗമൊന്നും കാ ണാതെ പരിഭ്രാന്തനായ ഹെർക്കുലിസ് (ആൻസിഡിസ്) ഒരു വലിയ കരിമ്പാറത്തൂൺ പുഴക്കി ആ കുന്നിന്നുനേരെ എറിഞ്ഞതും, ആ കുന്നു പിളന്നതുനിമിത്തം, കവച്ചക്കാര ൻെറ ഗുഹം വെളിക്കു കാണപ്പെട്ടതും, അതിനെത്തുടൎന്നു ദീർഘനേരത്തെ മുഷ്ടിയുദ്ധമുണ്ടായതും, ഒടുവിൽ കള്ളൻ മരിച്ചതും തന്നിമിത്തം രാജ്യമൊട്ടാകെ സന്തോഷമുണ്ടാ യതും മററും ഏവാണ്ടർ വിസ്തരിച്ചു പറഞ്ഞു. അപ്പോ ൾ പുരോഹിതന്മാരുടെ സംഘം ഒരു പുരാണഗാനംപാടി അയാൾ ദാനംചെയ്ത മോക്ഷത്തിന്നു് ആ വീരനെ പ്രകീ ൎത്തിച്ചു. മാത്രമല്ല, സേറേറൺ (ശനി) ഭരിച്ചിരുന്ന ആ ശാന്തിപ്രദമായ കാലത്തെപ്പററി അയാൾ പറഞ്ഞു. പി ന്നീടുണ്ടായ ആക്രമണങ്ങളും, തൻെറ ദൂരസഞ്ചാരങ്ങളും, തന്നെ ആ നാട്ടിലേക്കയച്ച കോമരത്തിൻെറ അരുളപ്പാ ടുകളും അവയിൽ താൻ ഊഹിച്ചെടുത്ത ഭാവിസംഭവങ്ങ

ളും മററും മററും അയാൾ വിവരിച്ചു. അപ്പോൾ അവർ ഒരു പൂങ്കാവിലെത്തി. "ഈ ഉദ്യാനത്തിൽ ഒരു പരദേവത വസിക്കുന്നുണ്ട്. ആരെന്നു എനിക്കു നിശ്ചയമില്ല. ആർക്കേഡിയന്മാർ പറയുന്നത് അവർ ജൌനിനെ കണ്ടുവെന്നാണ്; അദ്ദേഹം കൊടുങ്കാററുകൾ നിർമ്മിക്കുകയും, ഇടിവെട്ടിന്നിടവരുത്തുകയും ചെയ്യുമ്പോഴുള്ള രൂപത്തിൽ. ഈ നഗരങ്ങൾ പഴയനഗരങ്ങളുടെ അവശേഷങ്ങൾ മാത്രമാണ്." ഇങ്ങിനെ ഓരോന്നുപറഞ്ഞു അവർ എവാണ്ടരുടെ വീട്ടിലേക്കു വന്നു. അവിടെ എവാണ്ടരുടെ കന്നുകാലികൾ മേയുന്നതുകണ്ടു. പ്രവേശനദ്വാരത്തിൽ രാജാവു നിന്നു. അയാൾ പറഞ്ഞു: "ഒരിക്കൽ ആൻസിഡിസ് ഇവിടെ പ്രവേശിച്ചിരുന്നു. ദരിദ്രമാണെന്നു തോന്നുന്ന പരിതഃസ്ഥിതികളിൽ ആ വീരപുരുഷൻകൂടി വന്നിരിക്കെ, മാന്യാതിഥേ, ധനത്തെ വെറുക്കുകയും, ആത്മാവിനെ കർത്തവ്യം ചെയ്യാനുള്ള വഴിക്കു കൊണ്ടുവരികയും ചെയ്യുക. ഞങ്ങളുടെ ദരിദ്രസ്ഥിതിയെപ്പററി പുച്ഛിക്കരുതേ!" പിന്നെ അയാൾ ഇലകളും കരടിത്തോലും കൊണ്ടു നിർമ്മിതമായ ഒരു മഞ്ചം ഏനിയാസിന്നു കൊടുത്തു. രാത്രിയാവുകയും ചെയ്തു.

അതിന്നിടയിൽ പുത്രൻെറ കാര്യത്തിൽ ബദ്ധശ്രദ്ധനായ വീനസ് തൻെറ പതിയും ദേവശില്പിയുമായ വൾക്കൻ ദേവതയുടെ സവിധത്തിൽ പോയി—അയാളോട് അനേകം മധുരവാക്കുകൾ സംസാരിച്ച്, ട്രോജന്മാക്കു വരുവാനിരിക്കുന്ന വിപത്തിനെപ്പററി പറയുകയും, അയാളോട്' സഹായത്തിന്നു ആവശ്യപ്പെടുകയും ചെയ്തു. അവളുടെ പ്രേരണകളെല്ലാം അയാൾക്കറിയാം. അയാൾ അവൾക്കു വിധേയനായി. അതിനാലയാൾ അർദ്ധരാത്രിയിൽ തന്നെ എററ്നയിലുള്ള തൻെറ പണിസ്ഥല

ത്തേക്കു വന്നു. അവിടെ ജെവിന്നു് ഇടിയാകുന്ന ഒരു അമ്പ് ഉണ്ടാക്കുവാനായി സൈക്ലോപ്സ് എന്ന പ്രവൃത്തിക്കാർ യത്നിക്കയായിരുന്നു. അതിൻെറ ഘടകങ്ങളോ, മൂന്നംശം മഴ, മൂന്നംശം മേഘം, മൂന്നംശം അഗ്നി, മൂന്നംശം വടക്കൻ കാററ്—ഭയങ്കരത, ഒച്ച, ഭയം, ദേഷ്യം ഇതോടു കൂടിയാണ് പണി നടക്കുന്നതു്. പിന്നെയെന്തെല്ലാമോ അവർ തിരക്കിട്ടു പണിയുന്നുണ്ടായിരുന്നു. പക്ഷെ വൾക്കൻ പെട്ടെന്നു വന്നു് അവരോട് അതെല്ലാം നിർത്തിവെക്കാൻ പറഞ്ഞു. അവർ ഒരു പുതിയ വീരന്നു ആയുധങ്ങൾ പണിയേണ്ടതുണ്ട്. എല്ലാവരും ഒത്തു പണിയെടുത്തു് ഓരോത്തനും അവനവൻ ചെയ്യേണ്ടുന്ന പണി ചെയ്തു. ആയുധങ്ങളിൽ വൃത്തുള അടുക്കുകളുള്ള ഒരു പരിചയുണ്ടായിരുന്നു. അവർ വളരെയധികം കഷ്ടപ്പെട്ടു അതുണ്ടാക്കാൻ.

വൾക്കൻ ഇങ്ങിനെ എററ്നയിൽ പണിയെടുക്കുമ്പോൾ പക്ഷികളുടെ കളകൂജനത്തോടു കൂടിയ സുപ്രഭാതം എവാണ്ടറെ ഉണർത്തി. അയാൾ വീട്ടിൽനിന്നു പുറത്തു വന്നു. സിംഹത്തോലും, തുണിയുംകൊണ്ടു നിർമ്മിച്ച ആടകൾ ധരിച്ച്, വാൾ അരയിൽ തൂക്കി, രണ്ടു നായാട്ടുനായ്ക്കളാൽ പിന്തുടരപ്പെട്ട് അങ്ങിനെയാണയാൾ വന്നതു്. അയാൾ നേരത്തെതന്നെ എഴുന്നേററിരുന്ന ഏനിയാസിനെ കണ്ടുമുട്ടി. അച്ഛനൊന്നിച്ച് പല്ലാസുമുണ്ടായിരുന്നു. ഏനിയാസിൻെറ കൂടെ അച്ചാററീസ് എന്ന സുഹൃത്തും ആ നാലുപേരും ഗൌരവസംഭാഷണത്തിന്നായി അതിഥിമുറിയിലേക്കു ചെന്നു. യുദ്ധത്തിൽ വളരെ പേരെടുത്ത കൂട്ടരാണെങ്കിലും, തത്സമയം അവരുടെ സംഖ്യ കുറവാണെന്നും, അതിനാൽ അവൎക്കു പരിമിതശക്തിയെ ഉള്ളുവെന്നും, എവാണ്ടർ പറഞ്ഞു. അവരെ ഒരു പാശ്ച

ത്തിൽനിന്നു രട്ടോലിയന്മാർ തുരത്തുന്നുണ്ട്. മററെ പാശ്ച ത്തുനിന്നു നദിയും തടയുന്നു: പക്ഷെ തൻേറതല്ലെങ്കിലും, തനിയ്ക്കു ഉപയോഗപ്പെടുത്താവുന്ന ഒരു സൈന്യമുണ്ട്. അതിദൂരത്തല്ലാതെ ഒരു ജില്ലയിൽ എട്രസ്കൻ വർഗ്ഗക്കാർ താമസിപ്പുണ്ട്. അവരെ ഒരു കാലത്ത് മെസൻഷ്യസ് എന്നൊരു സേച്ഛാധിപതി ഭരിച്ചിരുന്നു അയാൾ പല ഹീനകൃത്യങ്ങളും ചെയ്തിരുന്നു. അയാൾ ചിലരെ വധിച്ചു. മററു ചിലർ പതുക്കെ മരിച്ചുകൊള്ളട്ടെയെന്നുവെച്ച് മരി ച്ചവരുടെ ശവങ്ങളോടു ചേർത്തുകെട്ടി. ഒടുവിൽ അയാളു ടെ പ്രജകൾ രാജാവിന്നെതിരായി ലഹളയുണ്ടാക്കുക യും അയാളെ നാട്ടിൽ നിന്നോടിയ്ക്കുകയും ചെയ്തു. അദ്ദേ ഹം ടേണസ്സിൻെറ സംഘത്തിൽ വന്നു രക്ഷ പ്രാപിച്ചു. രാജാവിനെ തിരികെ കിട്ടണമെന്ന് ആയുധധാരികളായ പ്രജകൾ ചോദിച്ചിരുന്നു. എന്നിരിക്കിലും ടേണസ്സിനോടു യുദ്ധത്തിന്നു ചെല്ലുവാൻ അവക്കു കരുത്തുണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ അവരുടെ നില ദൈവേംഗിത ജ്ഞർ പറഞ്ഞിരുന്നു; 'അവർ സ്വയം യുദ്ധത്തിന്നു ചെ ല്ലരുതു്. അവരെ നയിക്കാൻ വിദേശത്തുനിന്നു നേതാ ക്കൾ വരുന്നതുവരെ കാത്തു നില്ക്കണം' എന്ന്! വാസ്തവ ത്തിൽ അവക്കു ഏവാണ്ടറെ രാജാവാക്കണമെന്നുണ്ടായി രുന്നു. പക്ഷെ അയാൾ, അയാൾക്കു വാദ്ധക്യം ബാധിച്ചു കഴിഞ്ഞുവെന്ന് ഒരു ഒഴിവുകഴിവ് പറഞ്ഞു. അയാൾ ഇപ്പോൾ പറഞ്ഞതു് ട്രോജന്മാരുടേയും, ആക്കേഡിയന്മാ രുടേയും, എട്രസ്കന്മാരുടേയും നേതൃത്വം ഏനിയാസ് ഏറെറടുക്കണമെന്നാണ്. പല്ലാസ് യുദ്ധമുറകൾ പരിശീ ലിക്കുന്നതിന്നു ആ നേതാവിൻെറ കൂടെപ്പോരട്ടെ. സഖ്യ ശക്തികൾക്കു താൻ നാന്നൂറു കുതിരപ്പടയാളികളെ നല്കു ന്നതാണ്.

ഏനിയാസും ടേർണിതന്റും ഇതു ശ്രദ്ധവെച്ചു കേട്ടു. ഈ സംഗതിയെപ്പററി ആലോചിക്കുമ്പോൾ അവരുടെ സംശയത്തിന്നു പെട്ടെന്നുണ്ടായ ഇടിയും മിന്നലും ഒരു അറുതി വരുത്തി. മേലോട്ടു നോക്കിയപ്പോൾ അവർ കണ്ടതു് ശാന്തമായ ആകാശമാണു്. പക്ഷെ മിന്നൽപ്പിണരുകൾക്കിടയിൽ ചുവന്ന നിറത്തിലുള്ള കവചങ്ങൾ തിളങ്ങുന്നതു കണ്ടു. ഏനിയാസൊഴികെ ശേഷം എല്ലാവരും ഭയസംഭ്രമങ്ങളാൽ തരിച്ചുനിന്നുപോയി. അയാൾ രാജാവിന്റെ നേക്കു തിരിഞ്ഞുനിന്നു പറഞ്ഞു: "സഖാവേ! അതു എന്നെ ഉദ്ദേശിച്ചിട്ടുള്ളതാണു്. ആവശ്യമുള്ളപ്പോൾ വരുക്കൻ ഉണ്ടാക്കിയ കവചവും, ആയുധങ്ങളും എനിക്കു നല്കാമെന്നു എന്റെ അമ്മ പറഞ്ഞിട്ടുണ്ടു്. അഹോ! ഇപ്പോൾ ലേററിൻകാക്കു നല്ലൊരു സമരവിരുന്നു് ഒരുക്കീട്ടുണ്ടു്. ടേർണസ്! നിന്നോടു ഞാൻ ന്യായം പ്രവർത്തിച്ചേ ഇരിക്കു. ടൈബർ നദീദേവ! താങ്കൾ അനവധി പരിചകളുടേയും, കവചങ്ങളുടേയും, പിണങ്ങളുടേയും മീതെ ഒഴുകാൻ പോകുന്നു! നമുക്കിപ്പോൾ അവരെ കാണുകയും, സേനകളെ അണിനിരത്തുകയും, അവരുടെ സന്ധികളെ ലംഘിക്കുകയും ചെയ്യുക."

വാനത്തിൽനിന്നുള്ള നിമിത്തം കണ്ടു് വികാരഭരിതനായും, സന്തോഷനിമഗ്നനായും, ഏനിയാസ് തന്റെ കൂട്ടുകാരെ പിരിച്ചു. തിരഞ്ഞെടുത്ത ചിലർ തന്റെകൂടെ സമരത്തിന്നു് പോരണം. ശേഷമുള്ളവർ സാവധാനം പത്തേമ്മാരികളിൽ മടങ്ങണം. അയാൾ വളരെ വേഗത്തിൽ എവാണ്ടറിൽനിന്നു വിടവാങ്ങി. അദ്ദേഹമോ, പുത്രനുമായ വേർപാടു സംബന്ധിച്ച വ്യഥ കാരണം അത്രയൊന്നും ബദ്ധപ്പാടു കാണിച്ചില്ല. ആ വൃദ്ധൻ വിരഹവ്യഥയോർത്തു ബോധംകെട്ടു വീണു. ക്ഷണനേരത്തിന്നു

ള്ളിൽ നഗരത്തിൻെറ പടിവാതിലുകറം തുറക്കപ്പെട്ടു. കു തിരപ്പടയാളികറം മുന്നോക്കം നീങ്ങി. ഏനിയാസും സ ഖാവും മുന്നിലും തിളക്കമുള്ള കവചോഷ്ണീഷങ്ങളും ഭംഗി യുള്ള തുന്നൽ വേലയുള്ള തുവാലയും ധരിച്ച് പല്ലാസ് മദ്ധ്യത്തിലും ആയി നിലകൊണ്ടു. പട്ടണം വിട്ടു കഴി ഞ്ഞപ്പോറം—ഗൃഹങ്ങളിൽ കൌതുകത്തോടെ കാണാൻ നില്ക്കുന്ന അംഗനമാരേയും പിന്നിട്ടപ്പോറം—അവർ അ ശ്വങ്ങളെ ഓടിക്കുവാൻ തുടങ്ങി. ഇങ്ങിനെ അവർ ഏ ട്രസ്കന്മാരുടെ പാളയത്തിലെത്തി. കുറവിലവിടെ സ്വ ല്പനേരം താമസിച്ചു. ഹൃദയപൂർവ്വമായ സ്വാഗതമാണ് അവക്കു ലഭിച്ചതു്. കുളിയും, ഊണും കഴിഞ്ഞപ്പോറം അവക്കു നവോന്മേഷമുണ്ടായി.

ഏനിയാസ് നദിയിൽ ഏകനായി സ്നാനം ചെ യ്യുകയായിരുന്നു. അപ്പോറം വീനസ് പുത്രനുദ്ദേശിച്ച പട ക്കോപ്പുകളുംകൊണ്ടു് പ്രത്യക്ഷയായി. അവറം പറഞ്ഞു: "മകനെ, നോക്കു്, എൻെറ സ്വാമി നിർമ്മിച്ച ഈ ആയു ധങ്ങറം നോക്കു്! ഇവയണിഞ്ഞു് നിനക്കു ആത്മസ്ഥൈ ര്യത്തോടെ രണത്തിന്നു പോവുകയും, ടേണസ്സിനെത്ത ന്നെ പോരിന്നു വിളിക്കുകയും ചെയ്യാം." അവറം അവ നെ ആലിംഗനം ചെയ്തു. ഒരു ഓക്ക്‌വൃക്ഷത്തിന്നടി യിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന ആയുധക്കോപ്പുകറം നോ ക്കുന്നതിന്നു അവനെ കൂട്ടിക്കൊണ്ടു പോയി. ഇരുമ്പു തൊപ്പി, വാറം, പരിച, പിത്തളകൊണ്ടു നിർമ്മിച്ച വ ക്ഷോഭൂഷണം, ഹസ്തപാദങ്ങളെ രക്ഷിക്കാനുള്ള പ്രത്യേ കസാമഗ്രികറം, കുന്തം, ഇവയെ അതീവ സന്തോഷ ത്തോടുകൂടി ഏനിയാസ് നോക്കിനിന്നു.

ഈ പരിചയുടെ ഉപരിഭാഗത്ത് വൾക്കാൻ റോമ സാമ്രാജ്യത്തിലെ ചരിത്രംതന്നെ സംഗ്രഹിച്ച ചിത്രരീതിയിൽ കൊത്തുവേല ചെയ്തിരുന്നു. ഒരു ദീർഘമായ പരമ്പരയിലുള്ള രാജാക്കന്മാർ ഏനിയാസിൽനിന്നാണ് ജാതരാകേണ്ടത്. മാർസിന്റെ ഗുഹയിൽ കിടക്കുന്ന ഒരു പെൺചെന്നായ റോമുലസ്, റീമസ് എന്ന രാജകുമാരന്മാർ അവളുടെ പാദങ്ങൾക്ക് ചുറ്റും കളിക്കുന്നു. ചെന്നായ അവരെ നക്കുകയും, ഓമനിക്കുകയും ചെയ്യുന്നു. അവിടെനിന്നു തുടങ്ങി അഗസ്റ്റസ് സീസർ റോമാസാമ്രാജ്യത്തെ വിജയത്തിന്റെ കൊടുമുടി എത്തിക്കുന്നതുവരെയുള്ള ചരിത്രത്തിലെ പ്രധാന സംഭവങ്ങളെല്ലാംതന്നെ അതിൽ അങ്കിതമായിരുന്നു.

## നൌകകൾ—ജലകന്യകകൾ

ഭൂമിയിൽ നടന്നു കൊണ്ടിരിക്കുന്ന ഈ സംഭവങ്ങൾ കണ്ട ജൂണോദേവി വീണ്ടും ദേവദൂതിയായ ഐറിസിനെ അവിടേയ്ക്കയച്ചു. അവൾ ടേണസ് രാജകുമാരന്റെ അരികെ വന്ന് ഇങ്ങിനെ പറഞ്ഞു: "നിങ്ങൾക്കിപ്പോൾ നല്കാൻ പോകുന്ന ഭാഗ്യത്തെപ്പററി നിങ്ങൾ സ്വപ്നത്തിൽപോലും പ്രതീക്ഷിച്ചിരിക്കയില്ല. ഏനിയാസ് സ്വന്തം പട്ടാളത്താവളവും, കടൽപടയും, പടയാളികളേയും വിട്ട് എവാണ്ടറുടെ രാജ്യത്തേക്കു പോയിരിക്കയാണ്. ഇന്നയാൾ അവിടെനിന്നും ദൂരെ പോയിരിക്കുന്നു. അയാൾ ലിഡിയൻ സൈന്യത്തിന്നരികെ പോയി അവിടുത്തെ സൈന്യപ്രദർശനത്തിൽ പങ്കുകൊള്ളുകയാണ്. ഇങ്ങിനെ ഉപേക്ഷിച്ചുപോയ ശിബിരങ്ങളെ എതിർക്കാൻ സുവർണ്ണാവസരമാണ് ഇത്. പോയി ആക്രമണം നടത്തു." ഇങ്ങിനെ സമരാഹ്വാനം നല്കിയ ശേഷം അവളുടെ സഞ്ചാരചിഹ്നമായ ഇന്ദ്രധനുസ്സിനെ വാനിൽ വീശിയുംകൊണ്ടു് തിരികെ ചെന്നു.

ടേണസ് അനുസരിക്കാൻ കാലവിളംബം ഒട്ടും കൂട്ടിയില്ല. അവൻ സേനയെ മൂന്നു സംഘങ്ങളായി വിഭജിച്ചു ആദ്യത്തേതിൻെറ നേതാവ് മെസ്സാപ്പസ്, പിന്നേത്തേതിൻെറ താൻതന്നെ, മൂന്നാമത്തേതിൻെറ ടിറസ്. വെള്ളപ്പൊക്കമുണ്ടായ ഗംഗാനദിയെപ്പോലെ ആ വിപുലസൈന്യം മൈതാനങ്ങളെ മൂടിക്കൊണ്ട് സഞ്ചരിച്ചു: അവരുടെ സഞ്ചാരത്താലുളവായ ധൂളീപടലം മേലോട്ടേക്കു പൊങ്ങി ആകാശത്തു മേഘംപോലെ തൂങ്ങി നിന്നു. ട്രോജൻ കാവലാളികൾ ഈ പടലം തങ്ങളുടെ ശിബിരങ്ങളുടെ അരികിലേക്കു നീങ്ങിവരുന്നത് കണ്ടിട്ട് രക്ഷാവേലിക്കു പുറത്തുള്ള മററുള്ളവരെ അറിയിച്ചു. വല്ല ആക്രമണവും വരുന്നപക്ഷം ഭടന്മാർ മുഴുവനും രക്ഷാവലയത്തിന്നുള്ളിൽ കടക്കണമെന്നും, ഒരിക്കലും പുറത്തുപോയി തുറന്ന മൈതാനത്തിൽവെച്ചു യുദ്ധംചെയ്യരുതെന്നും ഏനിയാസ് അവക്കു കശ്ശന നിർദ്ദേശങ്ങൾ നല്കിയിരുന്നു. അതിനാൽ സേച്ഛക്കെതിരാണെങ്കിലും അവർ രക്ഷാവേലിക്കകത്തു കടന്ന്, പടിയടയ്ക്കുകയും, ഭിത്തികളിൽ പലേടത്തും കാവൽ നിത്തുകയും ചെയ്തു. ഇങ്ങനെയുള്ള ഭദ്രമായ സ്ഥാനത്തുനിന്ന് അവർ ശത്രുക്കളുടെ ആഗമനം നോക്കി. ഒരു ഇരുപത് അശ്വാരൂഢരൊന്നിച്ച് ടേണസ് മുമ്പിൽ വരുന്നുണ്ടായിരുന്നു. ഒരു ശ്വേതാശ്വത്തിൻെറ പുറത്തു കയറി, ചുവന്ന തൂവലുകൾ ഉറപ്പിച്ച സ്വർണ്ണനിമ്മിതമായ ഉഷ്ണീഷം ധരിച്ച് അയാൾ പടയാളികളോട് പറഞ്ഞു: "എൻെറ കൂടെ ശത്രുനിരയിലേക്ക് വരുവാൻ വാഞ്ഛയുള്ളവർ ആരെങ്കിലും ഉണ്ടോ? ഇതാ നോക്കുക!" എന്നു പറഞ്ഞു അയാൾ കുന്തം ആകാശത്തിൽ ഉയരത്തിലെറിഞ്ഞു— ഇതു സമരാഹ്വാനത്തിന്നുപയോഗിക്കുന്ന ഒരു

പഴയ ചിഹ്നമാണ്. അയാളുടെ അനുയായികൾ മറു പടിയായി ഭയങ്കരമായ ആർപ്പുവിളികൾ മുഴക്കി. ആ ചെറുസംഘം താവളത്തിന്നു ചുററും സഞ്ചരിച്ച് ട്രോജ ന്മാരെ ആകർഷിച്ചു പുറത്തു കൊണ്ടുവരുവാൻ അവസരം പാർത്തിരുന്നു.

ശിബിരങ്ങളുടെ പിൻവശത്ത് ടൈബർ നദിയാ ണ്. അതിൽ കപ്പൽപ്പടയും ഉണ്ട്. ടേണസ് ചൂട്ടുകൾ കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. എന്നിട്ടു പന്തങ്ങളുമാ യി പത്തേമ്മാരികളുടെ അരുകിലേക്കു കതിച്ചു. അവയെ ചുട്ടെരിച്ചു നശിപ്പിക്കുകയോ, ട്രോജന്മാരെ അവരുടെ ര ക്ഷാകേന്ദ്രത്തിൽ നിന്നു പുറത്തു, കപ്പലുകളെ രക്ഷിക്കാ നായി ചാടിക്കുകയോ ചെയ്യണമെന്നായിരുന്നു ഉദ്ദേശ്യം. പക്ഷെ കപ്പലുകളെ നിർമ്മിക്കുമ്പോൾ മേൽനോട്ടം വഹി ച്ചിരുന്നതു് അവർ അറിയാത്ത ഒരു മഹച്ഛക്തിയായിരു ന്നല്ലോ — അഖിലദേവന്മാരുടേയും മാതാവായ സിബലീൻ ദേവി, ഏനിയാസ് കപ്പൽ നിർമ്മാണത്തിന്നായി പർവ്വത പാർശ്വങ്ങളിലെ മരം മുറിക്കുന്ന സമയത്തു് തൻെറ മക നും സർവ്വശക്തനുമായ ജൌവിനോട് ഇങ്ങിനെ പറഞ്ഞി രുന്നു: "ഈ കപ്പലുകൾ നിർമ്മിക്കാനുള്ള മരങ്ങൾ എ ൻെറ കാവിന്നു ചുററുമുള്ള ഉപവനങ്ങളിൽനിന്നു മുറിച്ച വയാണ്. ഞാൻ സ്വമനസ്സാലെ ആ ട്രോജൻ വീരന്നു നല്കുന്നവയാണ്. ഞാൻ സ്വമനസ്സാലെ ഇപ്പോൾ ഒരു വരമേ ആവശ്യപ്പെടുന്നുള്ളു. ഈ മരങ്ങളിൽനിന്നു നിർമ്മി ച്ച നൌകകളെ കാററും അലയും നശിപ്പിക്കരുത്. അവ യുടെ മൂലങ്ങൾ എൻെറ കുന്നുകളിന്മേലായിരുന്നുവെന്ന തു് അവയുടെ ഗുണവിശേഷമായി കരുതിക്കൊള്ളട്ടെ." അപ്പോൾ സർവ്വശക്തൻ പ്രതിവചിച്ചതിങ്ങനെയാണ്: "മനുഷ്യനിർമ്മിതമായ നൌകകൾക്കു് അമരത്വം സിദ്ധി

ക്കയെന്നതു് സാദ്ധ്യമാണോ? മാതാവെ! നിങ്ങഠം വിധിയേയും നിയന്ത്രിക്കുമോ? ദേവന്മാക്കുകൂടി ഈ ശക്തിയില്ലല്ലോ—പക്ഷെ ഒന്നു ഞാൻ ചെയ്യാം. അവയുടെ അന്ത്യം സമീപിച്ചാൽ ഞാൻ ഇററലിയിലെത്തുന്ന ആ വഞ്ചികളുടെ നശ്വരരൂപം ഇല്ലാതാക്കി അവയെ ജലദേവതകളായും, സാഗരകന്യകമാരായും മാററാം" ഇങ്ങിനെ പറഞ്ഞു് അദ്ദേഹം ഭയങ്കരമായ ആ തലയൊന്നു കുനിച്ചു. അന്നേരം ഒലിംപസ് പൎവ്വതമാകെ കുലുങ്ങിയത്രെ.

അതിനാൽ ടൈബർ നദിയിൽ താവളമുറപ്പിച്ചിരുന്ന വഞ്ചികഠംക്കു് ടേണസിൻെറ ആഠംക്കാർ തീ കൊടുക്കുവാൻ തുനിഞ്ഞപ്പോഠം ആ ദേവമാതാവു് ജൌവ്വിനെ പ്രതിജ്ഞയെ സംബന്ധിച്ചു് ഓമ്മപ്പെടുത്തി. ടേണസ്സിൻെറയും, ഭടന്മാരുടേയും കണ്ണിനുമുമ്പാകെ ഒരു മഹാതേജസ്സു മിന്നി. പൂവ്വദിങ്മുഖത്തിൽനിന്നു് ഒരു പ്രഭാപടലം പൊങ്ങിവന്നു് ആ വനമാകെ പരന്നു. അതിൽനിന്നു ട്രോയിലെ ഈഡാപവ്വതത്തിലെ ഭജനസംഘക്കാരുടെ കീത്തനഘോഷം കേട്ടുതുടങ്ങി. ഉടനെ ഒരു ഭയങ്കരമായ ശബ്ദത്തിൽ രണ്ടു ചേരിയിലുമുള്ള പടയാളികഠം കേഠംക്കെതന്നെ ഇങ്ങിനെയൊരു വാണിയുണ്ടായി: "ട്രോജന്മാരെ! ഈ നൌകകളെ രക്ഷിക്കുന്നതിന്നുവേണ്ടി മാത്രം നിങ്ങഠം പുറത്തു വരരുതു്. കടലിന്നു തീ വെക്കുന്നതു് എത്രത്തോളം കൃച്ഛ്റസാദ്ധ്യമാണോ അത്രത്തോളംതന്നെയാണു് ഇവയ്ക്കു തീ വെക്കുന്നതും. സ്വതന്ത്രമായി പൊയ്ക്കൊള്ളുവിൻ. സാഗരദേവതമാരെ, മാതാവാണു് നിങ്ങളോടു് കല്പിക്കുന്നതു്." ഉടനെ നൌകകഠം നങ്കൂരക്കമ്പകഠം മുറിച്ചു് വെള്ളത്തിൽ മുങ്ങി. ഒരു അത്ഭുതദൃശ്യം കാണപ്പെട്ടു. ജീവനുള്ള അനവധി സുന്ദരിമാരുടെ മുഖങ്ങഠം—

അവ വെള്ളത്തിലൂടെ കടാക്ഷിക്കുകയായിരുന്നു. ടൈബറിൻെറ ഒഴുക്കുതന്നെ ആ നിമിഷത്തേക്കു നിലച്ചുപോയി. നോക്കിയവരെല്ലാം ഭയംകൊണ്ടു തരിച്ചു നിന്നു. പക്ഷെ ഈ ആപൽഗത്താത്തിൽപോലും ധൈൎയ്യം വിടാതെ ടേണസ് പറഞ്ഞു: "ഈ നിമിത്തങ്ങറം നമുക്കെതിരല്ല; അവ ട്രോജന്മാൎക്കെതിരായിട്ടാണ്. അവൎക്കുള്ള ഏക രക്ഷാമാൎഗ്ഗം പൊയ്പ്പോയി അവൎക്കിപ്പോറം രക്ഷയ്ക്കുപായമെന്താണ്? ഇററലി മുഴുവൻ അവൎക്കെതിരായി സമരസജ്ജീകരണം ചെയ്യുയാണ്. വിധിയും, വീനസ്സും അവരെ ഇങ്ങോട്ടെത്തിക്കുന്നതിൽ ആവുന്നേടത്തോളം പ്രവൎത്തിച്ചുകഴിഞ്ഞു. ഇനി വിധിയുടെ പ്രസാദം നമ്മളിലാകുന്നു. ഈ രക്ഷാവേലികളെ എതിൎപ്പാൻ എൻെറ ഒപ്പം ആരുണ്ടു? അവരെ തോല്പിക്കുവാൻ നമുക്ക് ഒരു കള്ളക്കുതിരയുടെ ഉദരമൊന്നും വേണ്ട. ഹെക്ടർ ഒരുത്തൻ മാത്രം പത്തുകൊല്ലത്തോളം ചെറുത്തു നിൎത്തിയ ആ യവനരോടല്ല ഇപ്പോറം പടപൊരുതുന്നതെന്നു അവൎക്കു അറിയുമാറാകും; പക്ഷെ നമുക്കു അനുകൂലമായിരുന്ന ഈ പകൽ, ഇതാ അവസാനിക്കാനായതിനാൽ, സഖാക്കളെ നമുക്കു വിശ്രമിക്കാം; നാളത്തെ യുദ്ധത്തിന്നു കാക്കാം."

ആ രാത്രി അവർ സ്വന്തം പാളയത്തിലേക്കു മടങ്ങുന്നതിന്നു പകരം, ട്രോജൻ ശിബിരങ്ങളുടെ ചുററുപാടുമുള്ള മൈതാനത്തിൽ തന്നെ വിശ്രമിച്ചു ഭിത്തികളെ സൂക്ഷിച്ചു. കാവൽ ചെയ്യുന്നതിന്നു് നൂറു ഭടന്മാരടങ്ങിയ സംഘങ്ങളെ പതിനാലു തലവന്മാൎക്കു ഏല്പിച്ചുകൊടുത്തു. ട്രോജന്മാൎക്കിവരേയും കാണാം, അവരുടെ പിൻവശത്തെ വലിയ സൈന്യത്തിൻെറ അഗ്നികുണ്ഡങ്ങളെയും കാണാം. അവർ ജാഗരൂകരായി, പടികളെ കൂടുതൽ ഉറപ്പി

ക്കുകയും, ഓരോരോ സ്ഥാനത്തിലേക്കു് ഏണിപ്പടിയേ ്പ്പാട്ടുകൾ പൂൎത്തിയാക്കുകയും ചെയ്തു. ഏനിയാസ് നിയമിച്ച പടനായകന്മാരായ നെസ്തൃസും, ടെറസ്റ്റസ്സും എല്ലാററിലും മേൽനോട്ടം വഹിച്ചു. യാമം തോറും മാറിക്കൊണ്ടിരിക്കുന്ന കാവൽസംഘങ്ങൾ കണ്ണിമയ്ക്കാതെ നിന്നു കൎത്തവ്യമനുഷ്ഠിച്ചു.

## ആപ്തമിത്രങ്ങൾ

പടികളിൽ നിന്ന ഈ കാവലാളികളിൽ ഏനിയസിൻെറ അംഗരക്ഷകനായി നിസസ്സ് എന്നൊരുവനും, അയാളുടെ സഖാവായ യൂറിയാലസ് എന്ന മററൊരുവനും ഉണ്ടായിരുന്നു. അവനാകട്ടെ, അനാഗത ശ്മശ്രുവാണ്. അവരാകട്ടെ കാവലിൽ കൂട്ടുകാരാണ്; യുദ്ധത്തിലും പങ്കാളികളാണ്. അന്നവർ സ്നേഹപൂർവ്വം രാത്രി മുഴുവനും സംസാരിച്ചു. നിസസ്സ് പറഞ്ഞു: "യൂറിയലസ്സേ! എന്നിലെ ഈ തുള്ളിത്തുടിക്കുന്ന ഉത്സാഹം ദൈവനീതമാണോ? അതോ, കരഗതമാകാത്ത ഓരോ ആഗ്രഹത്തേയും മനുഷ്യൻ ദേവപദവിയിലേക്കുയർത്തുന്നുവോ? യുദ്ധത്തിൽ വല്ല പരാക്രമവും ചെയ്യാൻ എനിക്കു സാധിച്ചെങ്കിൽ! നോക്കുക! നമ്മുടെ ശത്രുക്കൾ ചിന്നിച്ചിതറിക്കിടക്കുന്നു. ഭടന്മാർ കുടിയിരുന്നു മുഴുകിട്ട് ഉറങ്ങുകയാണ്. ഞാനുദ്ദേശിക്കുന്നതെന്തെന്ന് ശ്രദ്ധവെച്ചു കേൾക്കുക. ഏനിയാസിനെ ഉടനെ തന്നെ തിരികെ വിളിക്കണമെന്ന അഭിപ്രാ

യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാണ്. ഞാനാവശ്യപ്പെടുന്ന സമ്മാനം എനിക്കു നല്ലമെങ്കിൽ—സമ്മാനം നിനക്കാണ്—എനിക്ക് ആ പ്രവൃത്തി ചെയ്തു തീർത്തുവെന്ന ചാരിതാർത്ഥ്യം മാത്രമാണ് സമ്മാനം—ഞാൻ അവിടെക്കാണുന്ന വഴിയിലൂടെ എവാണ്ടറുടെ നഗരത്തിലേക്കു ചെല്ലുന്നതാണ്."

യൂറിയാലസ് രോമാഞ്ചകഞ്ചുകിതനായി മറുപടി പറഞ്ഞു: 'നീസസ്സ്! നിണക്കെന്നെ വിട്ടുപിരിയണമെന്നാണോ ആഗ്രഹം? നിന്നെ തനിയെ പറഞ്ഞയക്കുവാൻ സാദ്ധ്യമാണോ? ബാല്യകാലത്തിലോ, ട്രോയ്നഗരത്തിനു പിണഞ്ഞ വിപത്തിൽ വ്യസനിച്ചുകൊണ്ടിരിക്കുമ്പോഴോ, ഏനിയാസിനെ വിധി വലിച്ചിഴച്ചു ഇവിടെ ചേർത്തുന്നതുവരെ അയാളുടെ കൂടെ സഞ്ചരിക്കുമ്പോഴോ, അത്തരം പാഠങ്ങൾ ഞാൻ പഠിച്ചിട്ടില്ല. നിന്നെപ്പോലെ തന്നെ കീർത്തിക്കുവേണ്ടി ജീവൻ തൃണവൽഗണിക്കുന്നവനാണ് ഞാനും?'

നിസസ്സ്—എനിക്കതിനെപ്പററി സംശയമേ ഇല്ല. അതിനു സാക്ഷി പരദേവതയായ ജൗ തന്നെയാണ്. പക്ഷെ ഞാൻ വല്ല വിധത്തിലും ഹതനായാൽ നീ ജീവിച്ചിരിക്കണമെന്നാണ് എൻെറ ആഗ്രഹം—ഒന്നാമതായി നീ എന്നിലും ചെറുപ്പമാണ്, പിന്നെ എൻെറ സംസ്കാരക്രിയകൾ ചെയ്യുവാൻ ഒരാൾ ഉണ്ടായിരിക്കുകയും ചെയ്യുമല്ലോ. മാത്രമോ, നിൻെറ അമ്മ ഇപ്പോൾ സൈന്യത്തിൻെറ കൂടെയല്ലെ, മകൻെറ കൂടെ യുദ്ധക്ഷേത്രത്തിലെത്തിയ ഒരേ ഒരു അമ്മ! അവൾക്കു ദുരിതം വരുത്തുന്നതിനു ഞാൻ കാരണഭൂതനാവുന്നതല്ല.

ന്യൂറിയാലസ്—ഇതൊക്കെ ഇപ്പഴുണ്ടാക്കി പറയുന്ന കാരണങ്ങളാണ്, വ്യർത്ഥവും ആണു. എനിക്കത്ര എളുപ്പത്തിൽ ചാഞ്ചല്യം ഉണ്ടാവുകയില്ല. നമുക്കു സമയം കളയാതെ പോവാം.

അവർ കാവലാളികളായ മററു ഭടന്മാരെ ഉണർത്തി ജാഗ്രതയായി നിർത്തി. പടി വിട്ട് പടനായകന്മാർ കുന്തങ്ങളിൽ ഊന്നി നിന്ന് യോഗം കൂടിയിരുന്ന ഒരു തുറന്ന സ്ഥലത്ത് എത്തി, രണ്ടുപേരും തങ്ങൾക്കു് അഭ്യർത്ഥിക്കാനുള്ളതു് ഉടനെ കേൾക്കണമെന്നു ഒരേ സമയത്ത് അപേക്ഷിച്ചു. അസ്കാനിയസ് നിസസ്സിനോട്ട് സംസാരിക്കുവാൻ ആവശ്യപ്പെട്ടു. അയാൾ തൻെറ സൂത്രം സമഗ്രമായി പറഞ്ഞു ധരിപ്പിച്ചു. ശത്രുക്കൾ അതിനിബിഡമായി അഗ്നിവളർത്താത്ത ഒരിടത്ത് കടലിന്നരികെയായി ഒരു വഴിയുണ്ട്. നായാട്ടുവാൻപോയി ശീലിച്ചതുകൊണ്ട് അയാൾക്കു വഴി നല്ലപോലെയറിയാം. മാത്രമല്ല ആർക്കേഡിയൻ ജില്ലയുടെ സമീപപ്രദേശങ്ങളേയും കണ്ടു പരിചയിച്ചിട്ടുണ്ട്. അലെററിസ് എന്നൊരു വൃദ്ധൻ അപ്പോൾ പറഞ്ഞു: "ട്രോയിയെ രക്ഷിക്കുന്ന പരദേവതമാരേ! ഇത്തരം ധൈര്യം പ്രദർശിപ്പിക്കുന്ന കുഞ്ഞുങ്ങളുള്ളപ്പോൾ ട്രോയിലെ നിവാസികൾ ഒരിക്കലും നിഃശ്ശേഷം നശിക്കയില്ല! ധീരന്മാരേ! നിങ്ങൾക്കെന്തു സമ്മാനം വേണം? ഈശ്വരാനുഗ്രഹവും നിങ്ങളുടെ മനസ്സിലെ ചാരിതാർത്ഥ്യവും ആയിരിക്കും ഏററവും മികച്ചതു്. ശേഷം സംഗതികളെ സംബന്ധിച്ചേടത്തോളം ഏനിയാസും, അസ്കാനിയസ്സും നോക്കിക്കൊള്ളും." അസ്കാനിയാസ് തടഞ്ഞു പറഞ്ഞു: "നമ്മുടെ മോക്ഷം ഇതിലാണ് നിസസ്സ്! നിങ്ങൾക്കു എൻെറ അച്ഛനെ കണ്ടുപിടിച്ച് കൂട്ടി

കൊണ്ടുവരാൻ കഴിയുന്നപക്ഷം ഞാൻ വിലയേറിയ ചില സമ്മാനങ്ങൾ തരാം — എന്നാൽ നാം ജയിച്ചുകഴിഞ്ഞാലുടനെ ടേണസിൻെറ കുതിരയും കവചങ്ങളും മാത്രമല്ല, ലേററിനസ്സിൻെറ രാജ്യംകൂടി നിൻെറതാവും! പക്ഷെ യൂറിയാലസ്സേ! നീയും ഞാനും സമപ്രായക്കാരാണല്ലോ. നീ എൻെറ സഖാവും അന്തരംഗസഖാവുമായിരുള്ളു. ശാന്തിയിലാകട്ടെ, സമരത്തിലാകട്ടെ, മനസാ വാചാ എൻെറ സ്വകാര്യങ്ങൾ മുഴുവൻ നിണക്കറിയാം, എനിയ്ക്കു കിട്ടുന്ന കീർത്തിക്കെല്ലാം നീ പങ്കാളിയുമായിരിക്കാം.''

യൂറിയാലസ് — ഞങ്ങൾക്കു ഭാഗ്യം മാത്രം ആശംസിക്കുക. ഞങ്ങൾ പരാജിതരാകയില്ല. ഇപ്പോൾ ശിബിരത്തിൽ എൻെറ അമ്മയുണ്ട്. എൻെറ ഉദ്ദേശ്യത്തെ ഇപ്പോൾ അവരെ അറിയിയ്ക്കാൻ ഒക്കുകയില്ല. അവരെ സമാധാനിപ്പിക്കു! സഹായിക്കു! ഇതു മാത്രം വാഗ്ദത്തം ചെയ്താൽ മതി. ഞാനേതു സാഹസത്തിനും തുനിഞ്ഞോളാം.

അസ്കാനിയസ്സ് — (അതുപോലെ ഒരു സ്നേഹം തോന്നിയതിനാൽ) നിൻെറ മാതാവു് എൻെറയും മാതാവാണ്. നീ മടങ്ങി വന്നാൽ നിനക്കു തരാമെന്നു വാഗ്ദത്തം ചെയ്ത അതേ സംഗതികൾതന്നെ നിൻെറ അമ്മയ്ക്കും, കുടുംബത്തിനും ഞാൻ നല്കാം.

എന്നു പറഞ്ഞു അവൻ സ്വന്തം വാളഴിച്ച് അവനു കൊടുത്തു. രണ്ടു കുമാരന്മാരും ഉചിതമായ ആയുധങ്ങളണിഞ്ഞു കഴിഞ്ഞുവോ എന്നു പടനായകന്മാർ പരിശോധിച്ചു. പടിവരെ അവരെ അനുഗമിച്ചശേഷം, അനുഗ്രഹവും മംഗളാശംസകളും നല്കി അവരെ വിട്ടയച്ചു.

ആ രണ്ടുപേരും തല്ക്കാലമുണ്ടാക്കിയ കിടങ്ങിനെ ഇഴഞ്ഞു തരണംചെയ്തു. ശത്രുക്കളുടെ പാളയത്തിലെത്തി. അരികെയെത്തിയപ്പോൾ, അവർ സുഖമായി സാപ്പാട്ട് കഴിച്ചിരിക്കുന്നുവെന്നും, അസാമാന്യമായി മദ്യപിച്ചതിൻെറ ഫലമായിഉറങ്ങുകയാണെന്നും കണ്ടു. ഇതു കണ്ട് നിസസ്സ് യൂറിയാലിസ്സിനോട് പറഞ്ഞു: "ഇതാണു നമ്മുടെ പാത. പക്ഷെ കിട്ടിയ അവസരത്തെ പാഴാക്കരുത്. വധം നടത്തീട്ടു കൂടി നമ്മുടെ മാൎഗ്ഗത്തെ തെളിയിക്കണൻ നാം പേടിക്കരുത്." രണ്ടു പേരും മററുള്ളവർ കാണാതെ ഉറങ്ങുന്ന പടയാളികളുടെ അരികെ ഇഴഞ്ഞു ചെന്ന് അനവധി പേരെ കുത്തി കൊലചെയ്തു. കുറേ പേരേക്കൂടി സംഹരിക്കാനായി ഇനിയും അവിടെ താമസിക്കണമെന്നു യൂറിയാലിസ്സിന്നു തോന്നിയെങ്കിലും കൂടുതൽ ജ്ഞാനമുള്ള നിസസ്സ് പറഞ്ഞു: "നാം നമുക്കൊരു മാൎഗ്ഗം വെട്ടിത്തുറന്നു കഴിഞ്ഞു. പ്രതിക്രിയക്കു വേണ്ടതെല്ലാം ചെയ്തു കഴിഞ്ഞിരിക്കുന്നു. പ്രഭാതം സമീപിച്ചിരിക്കുന്നു." ഇളയവൻ അനുസരിച്ചു. പക്ഷെ ഇവിടന്നും അവിടന്നുമായി ഒരു സ്വൎണ്ണപ്പട്ടയും ഉഷ്ണീഷവും കൈക്കലാക്കി ധരിച്ചു. അതൊരു സാഹസകൃത്യം തന്നെയായിരുന്നു. എന്തെന്നാൽ അവർ അവിടം പിന്നിട്ട്, ഇടവഴിയോടടുത്തപ്പോൾ ലേററിനസ്സ് രാജാവ് ടേണസ്സിന്നു സഹായത്തിന്നായി അയച്ചുകൊടുത്ത ഒരു സംഘം അശ്വാരൂഢഭടന്മാരെ പെട്ടെന്നു കണ്ടു. പെട്ടെന്നു ചന്ദ്രകിരണങ്ങൾ മോഷ്ടിച്ചെടുത്ത ഉഷ്ണീഷത്തിൽ തട്ടി പ്രതിഫലിക്കയാൽ അതു പളപളായെന്നു മിന്നി. സംഘത്തിൻെറ തലവൻ വിളിച്ചുപറഞ്ഞു: "അതാ! നിങ്ങൾ അവിടെ നിക്കണം. ആരാണ് നിങ്ങൾ? എവിടെപ്പോകുന്നു? അവർ ഒന്നും പറഞ്ഞില്ല. കാട്ടുകളിലേക്കും, ഇരുട്ടിലേക്കും നുഴഞ്ഞു കയ

രുവാൻ ഉഴറി. പക്ഷെ ശത്രുക്കൾ വഴി മുടക്കാനായി ബാ ദ്ധപ്പെട്ടെത്തി — കവർച്ചചെയ്ത ദ്രവ്യങ്ങളുടെ ഭാരംകൊണ്ടു പൊറുതിമുട്ടി, തൂങ്ങിനില്ക്കുന്ന തരുശാഖകളാൽ തടയ പ്പെട്ട്, പെട്ടെന്നുള്ള ഭീതിയാൽ വശംകെട്ട് പഥത്തിൽ നിന്നു തെററി നടന്നു. ഇതറിയാതെ നിസസ്സ് ശത്രുക്കളു ടെ അണിയുടെ മദ്ധ്യത്തിലൂടെ അവരറിയാതെ തന്നെ കടന്നു വഴുതിപ്പോയി — അപ്പോഴെക്കും താൻ തന്നെയുള്ള വെന്നു കണ്ടു. അവൻ പിന്നോക്കം നോക്കി. സംശയിച്ചു. വന്നവഴിയെ പിന്നോക്കം പോയി പിന്നിൽ കുതിരക ളുടെ ഘോഷാരവവും ആപ്പുവിളികളും കേട്ടു. പിന്നെ പെ ട്ടെന്നു ഒരു ക്ലക്കിവിളി കേട്ടു. മങ്ങിയ നിലാവെളി യിൽ ചില ലേററിന്മാർ യൂറിയാലിസിനെ പിടികൂടി വലിച്ചിഴക്കുന്നതു കണ്ടു. ദൈവത്തെ പ്രാർത്ഥിച്ച് അ യാൾ കുന്തമെറിഞ്ഞു. അതാ ഒരു ലേററിൻ പടയാളി മാമരംപോലെ വിഴുന്നു. മറെറാരു കുന്തത്തിന്നു വേറൊ രാൾ നിലംപതിച്ചു. അവരുടെ നേതാവായ വോൾ സെൻസ് പടയാളികൾ മരിച്ചു വീഴുന്നതും, അതിന്നു കാ രണഭൂതരാരും പ്രത്യക്ഷമാകാതെ വന്നതും കാണുക നിമി ത്തം ബന്ധനസ്ഥനാക്കിയ ചെറുപ്പക്കാരന്റെ അടുത്തു കൃപാണവുമായി അടുത്തു. അതുകണ്ടു ഭയപരവശനായ നിസസ്സ് മുന്നോക്കം ഓടിയണഞ്ഞു പറഞ്ഞു: "അതു് ഞാനാണ്; അതു ഞാനാണ്; എന്നെയാണ് നിങ്ങൾക്കു വേണ്ടതു്. ഞാനാണ് അപരാധി. അവനതു കഴികയു മില്ല. അവൻ ചെയ്തുയുമില്ല. അവന്ന് ഒരു കുററമേയുള്ളു. അതു് എന്നെ കണക്കിലധികം സ്നേഹിക്കുന്നുവെന്നുള്ള താണ്." പക്ഷെ അയാൾക്കു വൈകിപ്പോയി. വോൾ സെൻസ് ഖഡ്ഗപ്രയോഗം നടത്തി. അന്ത്യമായ ക്രോ ധോന്മാദാവസ്ഥയിൽ നിസസ്സ് ആ സംഘത്തിന്നു മീതെ

ചാടി വീഴുകയും, ഇടത്തും വലത്തും വെട്ടിയും കുത്തിയും നേതാവിൻെറയരികെയെത്തി അയാളെ വെട്ടി വീഴ്ത്തുകയും ചെയ്ത ശേഷം, സ്വയം ശത്രുക്കളുടെ വാൾ പ്രഹരമേററ് സുഹൃത്തിൻെറ പിണത്തിന്മേൽ വീണ് ശാശ്വതശാന്തിയടയുകയും ചെയ്തു.

പ്രഭാതലക്ഷ്മി രണ്ടു സേനകളേയും നേരത്തെതന്നെ സമരത്തിനു സജ്ജമായിട്ടാണ് കണ്ടത്. ട്രോജന്മാർ നിസസ്സ്, യൂറിയാലസ് എന്നിവരുടെ മരണത്തെ സംബന്ധിച്ചറിയുവാൻ സംഗതിയായത്. ശത്രുക്കൾ അവരുടെ ശിരസ്സിനെ കുന്തത്തിന്മേൽ തറച്ച് പൊക്കിക്കാട്ടി ഭിത്തിക്കു പുറവം ചെന്നതു കൊണ്ടാണ്; ആ വാർത്ത അതിവേഗത്തിൽ തടില്ലതപോലെ യൂറിയാലസ്സിൻെറ അമ്മയ്ക്കു കിട്ടി. അവൾ ഉന്മത്തചിത്തയായി ഭിത്തികളിലേക്കോടി കരയുവാനും തൊഴിക്കുവാനും ഒരുമ്പെട്ടു; ശത്രുക്കളോട് തന്നെയും സംഹരിക്കാനാവശ്യപ്പെട്ടു. "ജൌദേവത തൻെറ തലയിൽ ഇടിത്തീ വീഴട്ടെ. അങ്ങിനെയല്ലാതെ ഈ ജീവിതപാശത്തെ ഞാനെങ്ങിനെ മുറിച്ചു നീക്കും?" ട്രോജന്മാർ കരഞ്ഞുകൊണ്ട്, അവളെ പതുക്കെ നീക്കിക്കൊണ്ടുപോയി. കാഹളശബ്ദം മുഴങ്ങി. ശത്രുക്കൾ ആക്രമണത്തിന്നു മുതിർന്നു.

## രണകോലാഹലം

യുദ്ധം തിരുതകൃതിയായി നടന്നു. പരിചകളുടെ മറവിൽനിന്നു രക്ഷപ്രാപിച്ചുകൊണ്ട് ആക്രമികരം രക്ഷാവേലി മുറിക്കുവാനും, ഏണികരംകൊണ്ട് ഭിത്തി കയറുവാനും യത്നിച്ചു. പത്തുവഷക്കാലത്തേക്കു ഈദൃശസമരത്തിൽ തഴക്കം സിദ്ധിച്ച ട്രോജന്മാർ കുന്തമെറിഞ്ഞു തറച്ചു അവരെ വീഴ്ത്തുകയോ, പാറക്കഷ്ണങ്ങരം ചൊരിഞ്ഞു് പരിചാനിമ്മിതമായ ശത്രുഭിത്തിയിൽ വിടവുണ്ടാക്കുകയോ ചെയ്തു. ടേണസ് തന്നെ മരംകൊണ്ട് നിമ്മിതമായ ഒരു ഗോപുരത്തിന്നു് തീവെച്ചു. അതു പാതി കത്തിപ്പോയതിനാലും, വൈരികളുടെ ആക്രമണസമ്മദ്ദം സഹിക്കവെയ്യാത്തതിനാലും ഇടിഞ്ഞു തകന്നു വീണു. ഇരുപക്ഷത്തിലും വീരകൃത്യങ്ങരം പലതും നടന്നു. മഹാരഥന്മാർ പലരും ഇരുചേരികളിലും മരിച്ചു. ടേണസ്സിൻെറ ഇളയസഹോദരിയെ വിവാഹം ചെയ്തിരുന്ന ഒരു പടനായകൻെറ നേരെ അസ്കാനിയസ്സ് തൻെറ ആദ്യത്തെ

ശരം പ്രയോഗിച്ചു. അയാഠം ട്രോജന്മാരോട് ഉറക്കെ വീരവാദം മുഴക്കുകയും പരിഹസിക്കുകയും അവർ വെറും പെൺപിള്ളരാണെന്ന് പുച്ഛിക്കുകയും ചെയ്തുവായിരുന്നു. ജൌവ്വിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് അസ്കാനിയസ് വില്ലിനെ കാതോളം വളച്ചു. അമ്പ് ഒരു ഞാണൊലിയോടെ പാഞ്ഞു. ശത്രു ഇടിവെട്ടേററപോലെ നിലം പതിച്ചു. അസ്കാനിയസ് പറഞ്ഞു: "പോ, ഞങ്ങളുടെ വീര്യത്തെ നല്ലപോലെ പരിഹസിക്കു്!" അപ്പോളോ യുദ്ധരംഗത്തിലേക്കു നോക്കി; രാജകുമാരൻെറ പരാക്രമം കണ്ട് സന്തുഷ്ടനായി. അദ്ദേഹം പറഞ്ഞു: "ചെയ്തതു് വളരെ നന്നായി. നീ ദേവന്മാരുടെ പിതാവാകാൻ പോകുന്നു. നിൻെറ വംശജന്മാരുടെ ഭരണത്തിലാണ് ലോകമൊട്ടുക്ക് ശാന്തിയുണ്ടാകാൻ പോകുന്നതു്." അപ്പോളോ തരളഹൃദയനായി മനുഷ്യവടിവിൽ ആ യുവാവിൻെറ മുന്നിൽ വന്നു. പണ്ടു അൻകിസെസ്സിൻെറ കവചങ്ങഠം ചുമന്നുകൊണ്ടു പോയവനും, പിന്നീട് ഏനിയാസ് സ്വന്തം ഭൃത്യനാക്കിയവനുമായ ഒരു സേവകൻെറ ആകൃതിയിലാണ് സൂര്യദേവൻ വന്നതു്. എന്നിട്ടു പറഞ്ഞു: "ഇപ്പോഠം മതി കുഞ്ഞേ! ഈശ്വരന്മാർ നിണക്കു ഇത്ര മാത്രമേ വരം തന്നിട്ടുള്ളു. ഇനി യുദ്ധത്തിൽ നിന്നു വിരമിക്കുക" ഇതു പറഞ്ഞു കഴിഞ്ഞ വഴിയെ ദേവൻ വായുമണ്ഡലത്തിൽ അലിഞ്ഞു് അദൃശ്യനായി. ട്രോജന്മാർ തങ്ങളുടെ വികാരപാരമ്യത്തിന്നിടയിലും ദേവസാന്നിദ്ധ്യം കണ്ടു മനസ്സിലാക്കി അയാളുടെ വാക്കനുസരിക്കാൻ അസ്കാനിയസ്സിനെ നിർബ്ബന്ധിച്ചു. അവരോ, അവരുടെ നേതാവിന്നു വേണ്ടി, ലോകഭാവിക്കു വേണ്ടി യുദ്ധം ചെയ്വാൻ വീറോടെ ഇറങ്ങി.

ഈ നവോന്മേഷത്തിന്നിടയിൽ രണ്ടു ട്രോജൻ വീരന്മാർ രക്ഷാവേലിയുടെ ഒരു പടി തുറക്കുകയും ശത്രുക്കളോട്, "ധൈര്യമുണ്ടെങ്കിൽ അകത്തേക്കു കടക്കു" എന്ന് ആഹ്വാനം ചെയ്യുകയും ചെയ്തു. അതിനെത്തുടർന്നുണ്ടായ ഭയങ്കരസമരത്തിൽ ട്രോജന്മാർക്കു ജയം കൈവന്നു. വൈരികൾ പിന്നോക്കം തള്ളി മാററപ്പെട്ടു. തോല്വിയുടെ പ്രാരംഭമാണിതെന്ന് ടേണസ്സ് കണ്ടു. അയാൾ സ്വയംവന്ന് പടിക്കലുള്ള യുദ്ധത്തിൽ വാശിയോടെ പങ്കുചേർന്നു. അയാളുടെ ആക്രമണത്തിൻെറ ഭയങ്കര ശക്തികൊണ്ട് ട്രോജന്മാർ പിൻവാങ്ങാൻ നിർബ്ബന്ധരായി. ടേണസ് അവിടെയെല്ലാം പരാക്രമം പ്രദർശിപ്പിച്ചു നടന്നു. പക്ഷെ ട്രോജന്മാർക്കു ക്ഷണത്തിൽ പടിയടക്കാൻ സാധിച്ചു. ചുററും നടക്കുന്ന സംഹാരതാണ്ഡവം കണ്ടു് ഉന്മത്തനായ ടേണസ്സ് പടി തുറക്കാൻ കൂടി തുനിഞ്ഞില്ല. അന്നെങ്ങാനും അവർ അങ്ങിനെ ചെയ്തിരുന്നെങ്കിൽ യുദ്ധം അന്നുതന്നെ അവസാനിക്കുകയും, ട്രോയ് നാമാവശേഷമാവുകയും ചെയ്തേനെ. പക്ഷെ അയാൾ ഇഷ്ടപ്പെട്ടതു് ട്രോജൻ താവളത്തിൽനിന്നു തന്നെ യുദ്ധം ചെയ്യാനാണ്. നവശക്തി പ്രദാനം ചെയ്ത ദേവറാണിയുടെ സഹായത്താൽ അന്ന് അയാൾ അനവധി പേരെ വധിച്ചു. ഏനിയാസിൻെറ പടനായകന്മാർ അവിടേയ്ക്കു കുതിച്ചെത്തി; നെസ്ത്യൂസ് സ്വന്തം പടയാളികളോട്ട് പറഞ്ഞു: "ഇനിയെവിടെയാണ് രക്ഷ പ്രാപിക്കുക! വേറെയേതു നഗരത്തിലേക്കാണ് നിങ്ങളുടെ പ്രയാണം? ഭീരുക്കളേ, നിങ്ങളുടെ ജന്മഭൂമിയെ, പരദേവതമാരെ, ഏനിയാസിനെ ഓക്കുവിൻ." ഇങ്ങിനെ അലറിക്കൊണ്ടു് അവൻ ട്രോജന്മാരെ വീണ്ടും അണിനിരത്തി നിർത്തി. ഇപ്പോൾ ടേണസ്സ് പിന്തിരിയുവാൻ തുടങ്ങി. അടിവെച്ചടിവെച്ച് അ

യാറം പുഴയോടടുത്തു. അപ്പോഴും അയാറം രണ്ടു പ്രാവശ്യം എതിൎത്തു, രണ്ടു പ്രാവശ്യവും ട്രോജന്മാരെ പാലായനം ചെയ്യിച്ചു. പക്ഷെ അധികം അധികം ഭടന്മാർ വന്നു. ജൂണോ നല്കിയ അമാനുഷികശക്തി കുറയുവാൻ തുടങ്ങി. കാരണം, സൎവ്വശക്തനായ ജൌ അവളോട് ടേണസ്സിനെ സഹായിക്കുന്നതു നിൎത്തുവാനും ട്രോയിലെ ഗോപുരങ്ങളിൽനിന്നു മടങ്ങിച്ചെല്ലുന്നതിന്നു അനുവദിക്കാനും ആജ്ഞാപിച്ചു. കുന്തങ്ങളാലും വാളുകളാലും കിട്ടുന്ന പ്രഹരങ്ങളുടെ ശക്തിയാൽ അയാളുടെ ഇരുമ്പുകവചം തകരുവാൻ തുടങ്ങി; തലയിലെ തുവലുകറം ഛേദിക്കപ്പെട്ടു. ഒടുവിൽ കിതച്ചും വിയൎത്തൊലിച്ചും അയാറം കരയെത്തി; ആയുധപാണിയായിത്തന്നെ നദിയിൽ ചാടി. പിംഗളപ്രവാഹവാഹിനിയായ നദി അവനെ പതുക്കെ സ്വീകരിക്കുകയും, മുങ്ങാതെ കാത്ത്, രക്തസ്വേദങ്ങളെ കഴുകിക്കളയുകയും ദൂരത്തു കൊണ്ടു ചെന്ന് ഭദ്രമായ ഒരു സ്ഥലത്ത് നിക്ഷേപിക്കയും ചെയ്തു.

## ദേവസഭ

അതിന്നിടയിൽ ഒലിംപസ് പൎവ്വതശിഖരങ്ങളിലെ ദേവലോകത്തിൽ ദേവസഭ നടക്കുന്നുണ്ടായിരുന്നു. നക്ഷത്രാങ്കിതമായ ആ സദസ്സിൽ വെച്ച് സൎവ്വശക്തൻ ദേവന്മാരോടു പറയുകയാണു: "നാം ട്രോജന്മാൎക്കു ശാന്തിയും സമാധാനവും കൈവരട്ടെയെന്നും, അവരൊരു സാമ്രാജ്യം സ്ഥാപിക്കട്ടെയെന്നും വിധിച്ചുവല്ലോ—ഇന്നെന്താണ് ഈ ഭയങ്കരകലാപങ്ങൾക്കു കാരണം? നിങ്ങളെന്തിന്നാണ് പക്ഷം പിടിച്ചു കലഹിക്കുന്നത്. റോമും, കാൎത്തേജും കൂടി ഭയങ്കരമായ ദീർഘയുദ്ധം നടത്തുവാൻ പോകുന്നു. അപ്പോൾ നിങ്ങൾ യഥേഷ്ടം കലഹവാസന കാണിച്ചുകൊള്ളു. ഇപ്പോൾ അടങ്ങിയിരിക്കുക!"

വീനസ്സ് പറഞ്ഞു: "അമരനായ പിതാവേ! മററാരോടാണ് അഭ്യൎത്ഥിക്കേണ്ടതു്? താഴെ നോക്കുക. റുട്ടലിയന്മാർ ജയഭേരി മുഴക്കുകയും ടേണസ്സ് ഉന്മത്തചിത്തനായി അഹങ്കരിക്കുകയും ചെയ്യുന്നല്ലോ. അവൻ ശിബിര

ത്തെ തന്നെ ആക്രമിച്ചിരിക്കുന്നു. അവിടെ ഏനിയസ് സൊട്ടില്ലതാനും. ഞങ്ങളുടെ ഈ പെറിയ ട്രോയ്കൂടെ നാശോന്മുഖമായിരിക്കുന്നു. എനിക്കു പററിയ വ്രണങ്ങളിൽനിന്നു ഇനിയും നിണമൊഴുകും; അങ്ങയെ അച്ഛനെന്നു അഭിമാനപൂർവ്വം സംബോധന ചെയ്യുന്ന ഞാൻ തന്നെ മനുഷ്യൻെറ കന്തത്തെ നയിച്ചേക്കാം. അങ്ങയുടെ ഇച്ഛക്ക് എതിരായിട്ടാണ് ട്രോജന്മാർ ഇററലിക്കു വന്നതെങ്കിൽ അവരെ ഇപ്പോഠം നിസ്സഹായരായി തള്ളിക്കളയുക. പക്ഷേ, അവർ വാനവലോകത്തിലേയും, പാതാളത്തിലേയും ശാസന അനുസരിയ്ക്കുക മാത്രമാണ് ചെയ്തിട്ടുള്ളതു് എങ്കിൽ എന്തിന്നു് അവരുടെ ജാതകം തിരുത്തിയെഴുതണം? വഞ്ചനകൊണ്ടു മാത്രം തീപ്പററിയ നൌകകളെപ്പററിയോ ഇയോലസ്സിൻെറ ഗുഹകളിൽ കാരാഗാരവാസമനുഭവിക്കുന്ന മരുത്തുക്കളെ മുക്തമാക്കിയതിനെപ്പററിയോ ഞാൻ പറഞ്ഞുതരേണമോ? ഇപ്പോഠം അവഠം നരകത്തെത്തന്നെ ഉത്തേജിപ്പിക്കുന്നു. അലെക്ടോ ആണ് ട്രോജൻ. ശിബിരത്തിൽ താണ്ഡവനൃത്തം ചെയ്യുന്നതു്. ഞാനിപ്പോഠം ട്രോജൻ സാമ്രാജ്യത്തെപ്പററി ചിന്ത വെടിഞ്ഞിരിക്കുന്നു. അങ്ങ് ഇച്ഛിക്കുന്നതു് ഏതു കക്ഷിയ്ക്കോ, ആ കക്ഷിയ്ക്കു ജയം വന്നോട്ടെ. വാനവരാണി ട്രോജന്മാർക്കു ഭൂമിയിൽ ഒരു കോണും ആവാസസ്ഥാനമായി നല്കുകയില്ലെന്നു ഉറച്ചിരിക്കുകയാണെങ്കിൽ അങ്ങിനെ നടന്നോട്ടെ. ഞാനൊരു നിസ്സാരസംഗതിക്കു മാത്രം അർത്ഥിക്കുന്നു; അസ്കാനിയസ്സിൻെറ—എൻെറ പുത്രൻെറ, ജീവന്! ഏനിയാസ്സിനെ ചഞ്ചലമായ വിധിയ്ക്കു വിധേയമാക്കിക്കൊള്ളൂ. പക്ഷേ ഈ ഓമനക്കുഞ്ഞിനെ ഞാനെൻെറ ശാന്തിയുള്ള ഗൃഹങ്ങളിലൊന്നിൽ താമസിപ്പിച്ചു കൊള്ളാം. കീർത്തിക്കു കളങ്കം പററുമെന്ന ഭീതി കൂടാതെ

അവൻ അവിടെ ജീവിച്ചുകൊള്ളട്ടെ. കാർത്തേജും, ഇററലിയുമായി സമരം നടന്നോട്ടെ. അവനവിടെ അതിനെ മുടക്കുവാനൊന്നും വരികയില്ല. അവൻ ഇത്രയധികം അപകടങ്ങളെ തരണം ചെയ്തു വന്നിട്ടും എന്തുണ്ടായി? ട്രോയ് നശിച്ചു ചാമ്പലായ ആ സ്ഥലത്തുതന്നെ അവനെ ഇട്ടേച്ചു പോരുന്നതല്ലേ കൂടുതൽ ഭംഗിയായിരുന്നതു്? അഹോ! പിതാവേ! എൻെറ കൂട്ടുക്കാർക്കു അവരുടെ ജന്മസ്ഥലത്തിലെ നിലവും നദികളും തന്നെ കൊടുത്താൽ മതി. അവർ വീണ്ടും ട്രോയിലേക്കു മടങ്ങി അവിടെ ഭരണം നടത്തിക്കോട്ടെ—"

ഇതിന്നു മറുപടിയെന്നോണം അഖിലലോകറാണിയെന്ന ധാർഷ്ട്യത്തോടുകൂടി വികാരഭരിതയായ ജൂണോ പറഞ്ഞു: "നീയെന്തിന്നാണ് എന്നെ എൻെറ മൌനം ഭഞ്ജിക്കാൻ പ്രേരിപ്പിക്കുന്നതു്? ഞാനെൻെറ അഗാധവ്യസനത്തെ നിഗൂഢമാക്കിവെക്കാൻ ശ്രമിക്കയാണ്. നിൻെറ ഏനിയാസിനെ ലേററിനസ് മന്നൻെറ നഗരം പടവെട്ടുവാൻ ആരാണ് പ്രേരിച്ചതു്? ഗത്യന്തരമില്ലാതെയാണവൻ ഇററലിക്കു പോയതു്. ശരിതന്നെ—പക്ഷെ അവനെ ശിബിരം കൈവെടിയുവാനും, സ്വന്തം ജീവനെ അപകടത്തിലാക്കുവാനും യുദ്ധത്തിൻെറ ജയാപജയങ്ങളെ ഒരു വെറും കുട്ടിയുടെ മനോരഥത്തിന്നു് വിട്ടേച്ചു പോവാനും ഞങ്ങളാണോ പറഞ്ഞതു്? ഞങ്ങൾ അവൻെറ മീതെ എന്തു സാഹസം പ്രവർത്തിച്ചു? ഒരു ജൂണോവോ ഐറിസോ ഇക്കാര്യത്തിൽ അയാളെ നിർബ്ബന്ധിച്ചില്ലല്ലോ. ഇററലിക്കാർ ട്രോജന്മാരെ എതിർത്താൽ അതു നിങ്ങളുടെ ദൃഷ്ടിയിൽ ഒരു പാപമാണ്. എന്നാൽ ട്രോജന്മാർ ലേററിൻകാരെ എതിർക്കുകയും, അവർ കൊള്ള

ചെയ്തു മുതൽ കൂട്ടുകയും, കാമുകൻെറ പിടിയിൽനിന്ന് കാമിനിയെ തട്ടിയെടുക്കുകയും, ശാന്തിയാണെന്നു നടിച്ച് യുദ്ധത്തിന്നു പ്രചോദനം നല്കയും ചെയ്യുമ്പോൾ നിങ്ങളെന്തു പറയും? നിങ്ങൾ ഏനിയാസിനെ രക്ഷിക്കുന്നു; അയാളുടെ നൌകകളെ ജലദേവതകളായി മാററുന്നു; എങ്കിലും ഞങ്ങൾ രുട്ടുലിയന്മാരെ സഹായിക്കുന്നത് കുററമാണല്ലെ? "ഏനിയാസ് ദൂരത്താണ" ല്ലെ—അയാൾ അവിടെയിരിക്കട്ടെ "ശാന്തമായ ഗൃഹങ്ങൾ" അല്ലെ? എന്നാലെന്തിന്നു യുദ്ധത്തിൽ തലയിടുന്നു? ഞാനാണോ ഈ ദുർഘടചരിത്രത്തിൽ നൂലാമാല തുടങ്ങിവെച്ചത്? അതോ ഒരു യവനപത്നിയായ ഹെലനെ അപഹരിച്ച് ശാന്തിക്കു ഭംഗം വരുത്തിയ ആ മനുഷ്യനാണോ? ഞാനയാൾക്കു ആയുധങ്ങൾ കൊടുത്തുവോ? മന്മഥൻെറ (ക്യൂപ്പിഡ്) അമ്പുകളിൽനിന്ന് സമരബാണങ്ങൾ തൊടുത്തു വിടുവിച്ചതു ഞാനാണോ? നിൻെറ മകനെപ്പററി ഭയപ്പെടേണ്ടത് അന്നായിരുന്നു. ഇപ്പോൾ ആവലാതിയും ശകാരവും കൊണ്ടു വരുവാൻ വൈകിപ്പോയി!" അവൾ ഇങ്ങനെ പറഞ്ഞപ്പോൾ ദേവന്മാർ മൃദുസ്വരത്തിൽ ശരിയെന്നു മൂളി. ചിലർ ആദ്യത്തെ വക്താവിന്നും, ചിലർ രണ്ടാമത്തേവൾക്കും പിന്തുണ നല്കി മൂളി. അതു കേട്ടാൽ, വരാൻപോകുന്ന ചണ്ഡവാതത്തെപ്പററി മുന്നറിയിപ്പു നല്കാൻ പോകുന്ന വനമർമ്മരമാണോ എന്നു തോന്നും. പക്ഷെ സർവ്വശക്തൻ ആ സദസ്സിനെ നിശ്ശബ്ദമാക്കിക്കൊണ്ട്, ഭൂമിയെ വിറപ്പിച്ചുകൊണ്ട് വായു, സമുദ്രം ഇവയുൾക്കൊള്ളുന്ന അഖിലചരാചരങ്ങളെയും നിശ്ചലമാക്കിക്കൊണ്ട് സഗൌരവം പറഞ്ഞു: "കേൾക്കുക! പഠിക്കുക! ഇററലിയും ട്രോയും തമ്മിൽ ഇണക്കമില്ലാത്ത നിരന്തരപിണക്കമാണെന്നതിനാൽ ഇന്നു

ഞാൻ പ്രത്യക്ഷമായി ഒരു പക്ഷത്തോടും കൂറു കാണിക്കുന്നില്ല. ഓരോരുത്തനും അവനവൻ ചെയ്യുന്നതു ചെയ്തിട്ട് അതിന്റെ ഫലം അനുഭവിക്കട്ടെ! ജൂപ്പിറ്റർ എല്ലാവരുടേയും തുല്യനിലയിലുള്ള സ്വാമിയാണ്. വിധിപോലെ സംഭവിക്കട്ടെ." അദ്ദേഹം മഹത്തായ സിംഹാസനത്തിൽ നന്നുത്ഥാനം ചെയ്തു. ദേവന്മാർ അദ്ദേഹത്തെ മണിമാളികയുടെ മുററത്തു കൊണ്ടുവന്നാക്കി.

ഇതു സംഭവിച്ചിരുന്ന സമയത്തെല്ലാം ഭൂമിയിൽ സമരാഗ്നി കത്തിക്കാളുകയായിരുന്നു. എല്ലാ പടിവാതില്ക്കലും ട്രോജന്മാരെ വൈരീസംഘം പൊറുതിമുട്ടിക്കുന്നുണ്ടായിരുന്നു. ട്രോജൻ വീരന്മാർ അന്തസ്സോടെ പോരാടി. വീനസ്സിന്റെ, അഭിമാനനക്ഷത്രമായ ഓമനപ്പുത്രൻ, കനകത്തിൽ പിടിപ്പിച്ച വൈരക്കല്ലുമാതിരി വിളങ്ങി. പകൽ കഴിയാറായി. ശിബിരത്തെ ശത്രുക്കൾക്കു കൈക്കലാക്കാൻ കഴിഞ്ഞില്ല. ക്ഷീണിതരായ ട്രോജന്മാർ വാൾ, അസ്ത്രം, തീക്കൊള്ളി, പാറക്കഷ്ണം, കയ്യിൽ കിട്ടിയതൊക്കെ, ഇവകൊണ്ട് പാളയത്തെ കാക്കാൻ തുനിഞ്ഞു. രാത്രി സമാഗതമായി. അപ്പോൾ ഏന്നിയാസ് നദിയിൽ തുഴഞ്ഞു വരികയായിരുന്നു ലിഡിയൻ രാജാവുമായി സഖ്യം ചെയ്യുവാൻ ഏനിയാസ്സിനു വലിയ ക്ലേശ ഉണ്ടായിരുന്നില്ല രാജാവ്, വിദൂരരാജ്യത്തു നിന്നു വന്ന നേതാവിനെ വേർതിരിച്ചറിഞ്ഞ് അയാളുടെ നേതൃത്വത്തിൽ തങ്ങളുടെ സേനയെ ഏല്പിച്ചു. അവർ വീണ്ടും പുറപ്പെട്ടു ഏനിയാസ്സിന്റെ പത്തേമ്മാരികൾ ആദ്യം സഞ്ചരിച്ച വഴി കാണിച്ചു. ആ വീരൻ യുദ്ധത്തിനു വേണ്ടുന്ന പ്രവൃത്തിപദ്ധതി ആസൂത്രണം ചെയ്യുകയായിരുന്നു. പല്ലാസ് അരികെ നില്ക്കുന്നുണ്ട്. പടനായകന്മാരുടേയും

അവരുടെ ആറാക്കാരേയും വഹിച്ചുകൊണ്ട് മുപ്പത് നൌകകറം പിന്നിലുണ്ട്. അവരിൽ പലരും പ്രതാപികളും ശൂരന്മാരും ആണ്.

ശശാങ്കൻ ആകാശമദ്ധ്യത്തിൽ വിളങ്ങി. ഏനിയാസ്സ് അമരത്തട്ടിലിരുപ്പാണ്. നിദ്രാദേവി അവനിൽ പ്രസാദിച്ചിട്ടില്ല. അയാറം വെള്ളത്തിലേക്കു നോക്കിക്കൊണ്ടിരിക്കെ, സുന്ദരികളുടെ ഒരു സംഘം അവൻെറ അരികിലേക്കു നീന്തിവരുന്നതുകണ്ടു. ദേവീപ്രസാദത്താൽ നൌകകറം മാറി ജലദേവതകളായി ചമഞ്ഞില്ലെ, അവരായിരുന്നു പ്രത്യക്ഷപ്പെട്ടതു്. ഓരോ നൌകയും ഓരോ ഗന്ധർവ്വകന്യകയായിട്ടുണ്ട്. അവർ ദൂരെനിന്നു അവരുടെ മന്നനെ കണ്ടിരുന്നു അതിനാൽ അദ്ദേഹത്തിന്നരികെ വന്നു. അവർ ജലത്തിൽ നൃത്തം വെക്കുന്നുണ്ടോ എന്നു തോന്നത്തക്കവണ്ണം ചലനങ്ങളുണ്ടാക്കി ഏനിയാസിൻെറ കപ്പലിന്നു ചുററും വന്നു വളഞ്ഞു. അതിൽ അതിസുന്ദരിയും കുളകണ്ഠിയുമായ ഒരുവറം കപ്പലിലെ വക്കു വലതു കൈകൊണ്ടു പിടിച്ച് മാർവ്വിടത്തോളം ഉയരുകയും ഇടതു കൈകൊണ്ട് ജലത്തിൽ തുഴയുകയും ചെയ്തിട്ട് പറഞ്ഞു: "ദേവവംശജനായ ഏനിയാസ്സ്! നീ ഉറങ്ങുകയാണോ? ഉണരുക: വേഗം പോവുക. ഇതു ഞങ്ങളാണ്! ഒരിക്കൽ ഈഡാമലകളിലെ പൈൻമരങ്ങളായി ജീവിച്ച്, നിങ്ങളുടെ കപ്പൽസംഘത്തിലെ നൌകകളായി, ഒടുവിൽ സാഗരകന്യകകളായി ഞങ്ങറം! ഞങ്ങറം നിങ്ങളുടെ നങ്കൂരക്കമ്പകളെ മുറിച്ച് ടേണസ്സിൽനിന്നു രക്ഷപ്രാപിച്ചു, ഇപ്പോറം നിങ്ങളെ തിരഞ്ഞു എത്തിയിരിക്കുകയാകുന്നു. ദേവമാതാവാണ് ഞങ്ങറംക്കീ അനുഗ്രഹം നല്കി ഞങ്ങളെ ആകൃതി മാററി

യത്ത്. പക്ഷെ ഈ സമയത്ത് അസ്കാനിയസ് യുദ്ധത്തിൽ കുടുങ്ങിയിരിക്കുകയാണ്. അയാൾക്കു ചുററുപാടും കുന്തങ്ങളും അമ്പുകളും പറക്കുകയാണ്. ടേണസ്സ് നിങ്ങളുടെ താവളത്തെ സൈന്യത്തിൽനിന്നു ആട്ടിപ്പുറത്താക്കാൻ ശ്രമിക്കുകയാകുന്നു. ക്ഷണം ആകട്ടെ കൂട്ടുകാരെ ആയുധപാണികളാക്കുക! ഞങ്ങളെ വിശ്വസിക്കുക. നാളെത്തന്നെ പ്രഭാതസൂര്യൻ കുന്നു മൂടിക്കിടക്കുന്ന വൈരികളുടെ പിണങ്ങളുടെ മീതെ കൺ മിഴിക്കട്ടെ." അങ്ങിനെ പറഞ്ഞു അവർ വിട്ടുപോയി. പക്ഷെ പോവുന്നതിനുമുമ്പു വഞ്ചിക്കു വലിയൊരു ഉന്തു കൊടുത്തു. അതു തട്ടി അതു വളരെ വേഗത്തിൽ പാഞ്ഞു. മററു വഞ്ചികളും അതിനെ പിന്തുടന്നു. പ്രഭാതമാവുമ്പോഴെക്കുമവകൾ അവരുടെ താവളം കാണുമാറായി. ഏനിയാസ്സ് തൻെറ വാമഹസ്തത്തെ ആകാശത്തിലേക്കുയത്തി. അതിൽ വൾക്കനുണ്ടാക്കിയ ലോഹപ്പരിച കിടന്നു തിളങ്ങി. കുടുക്കപ്പെട്ട ട്രോജന്മാർ ഇതു കണ്ടു് ആപ്പുവിളി മുഴക്കി. ആദ്യം ഇതെന്തുകൊണ്ടാണെന്നു ടേണസ്സിന്നു മനസ്സിലായില്ല. പക്ഷെ തിരിഞ്ഞുനോക്കിയപ്പോൾ നദി കപ്പലുകളെക്കൊണ്ടു നിറഞ്ഞിരിക്കുന്നതായി കണ്ടു. ഒന്നാമത്തേതിൽ, വല്ല ധൂമകേതുവിനേയും പോലെ, പരിചയിൽനിന്നും ഉഷ്ണീഷത്തിൽനിന്നും പ്രകാശകന്ദളങ്ങൾ ചിതറിക്കൊണ്ടു് ഏനിയാസ്സ് നില്പുണ്ടായിരുന്നു.

---

## പല്ലാസ് മരിക്കുന്നു

ടേണസ്സിന്നു കുലുക്കമുണ്ടായില്ല. പക്ഷേ, ഏതു സംഘത്തെ ഈ പുതിയ ശത്രുവിന്നെതിരായി നയിക്കണമെന്നും, ഏതിനെക്കൊണ്ട് ശിബിരം വളയണമെന്നും, അയാൾക്കു തീരുമാനിക്കേണ്ടതുണ്ടായിരുന്നു. സമയം സ്വല്പമേ ഉള്ളു. ഏനിയാസ്സ് ഝടതിയിൽ കരയിലേക്കുള്ള പാതാറു പിടിപ്പിച്ചു. ഭടന്മാർ കരയ്ക്കിറങ്ങുകയായിരുന്നു. ആർക്കേഡിയൻ സംഘത്തിന്റെ തലവൻ അത്ര താമസത്തിന്നുകൂടി ഇടവരുത്തിയില്ല. അയാൾ തിരമാലകളധികം വന്നടിക്കാത്ത ഒരു സ്ഥലംനോക്കി വഞ്ചിയടുപ്പിക്കുകയും, മററുള്ളവരോട് അങ്ങിനെ ചെയ്യാൻ ആജ്ഞാപിക്കുകയുംചെയ്തു. തന്റെ വഞ്ചിയൊഴികെ മററെല്ലാം ഭദ്രമായി കരയ്ക്കണഞ്ഞു. പക്ഷേ തന്റേതു ആഴമില്ലാത്ത മണൽത്തട്ടിൽ ഉറച്ചുനിന്നു. ഓളങ്ങൾ അതിനെ അടിച്ചു രണ്ടു കഷ്ണങ്ങളാക്കി. നാവികർ വെള്ളത്തിൽവീണു പിടക്കേണ്ടിവന്നു.

ഈ സമയത്തിനുള്ളിൽ ലേററിൻകാർ അണിനിരന്ന് പോരിന്നു തുനിഞ്ഞു. രണ്ടു ഭേരികളിലേയും കാഹളങ്ങളും ഉച്ചധ്വനി മുഴക്കി. ഏനിയാസ്സിൻെറ നേതൃത്വത്തിലുള്ള സംഘം മരണം വിളമ്പിയുംകൊണ്ടു മുന്നോക്കം പാഞ്ഞു. അനവധി വീരന്മാർ ചത്തൊടുങ്ങി— അവരിൽ അധികംപേരും ഏനിയാസിൻെറ കയ്യാൽതന്നെ മരണപ്പെട്ടവരായിരുന്നു. കുതിരപ്പുറത്തു യുദ്ധം ചെയ്യാൻ തക്കവണ്ണം രണഭൂമി സമവിതാനമായിരുന്നില്ല; നടന്നു യുദ്ധം ചെയ്യാൻ അവരൊട്ടു പരിചയിച്ചിട്ടുമില്ല. അതിനാൽ വഴിയെ അവരുടെ അണി ഭിന്നിക്കുവാൻ തുടങ്ങി. പല്ലാസ് അവരുടെ ഇടയിൽ ചാടി വീണു രണാഹ്വാനം നല്കിയും, മംഗളാശംസ ചെയ്തും, പ്രോത്സാഹിപ്പിച്ചും, തൻെറ മാതൃക കാണിച്ചുകൊടുത്തും അരികളെ അരിഞ്ഞുവീഴ്ത്താൻ ഉത്തേജനം നല്കി. അയാറു ലാസസ്, ഹിസ്ബേ, സ്റ്റെനിയസ്, ആച്ചിമോലസ്, ലാറിഡിസ്, തിംബർ, റോട്ടസ്, ഈലസ് എന്നിവരെയെല്ലാം വധിച്ചു. അദ്ദേഹത്തിൻെറ രണാഹ്വാനം കേട്ട് ആർക്കേഡിയന്മാരെല്ലാം വീണ്ടും അണിനിരന്നു, അവരുടെ സ്വാമിയുടെ അരികെനിന്നു, അന്തസ്സോടെ പൊരുതി, പോയ്പ്പോയതെല്ലാം വീണ്ടെടുത്തു.

ടേണസ്സ് ഇതു കേട്ട് തൻെറ രഥത്തിൽ ഓടിയെത്തി. സംഭവിക്കുന്നതെല്ലാം കണ്ടു് അയാറു അനുയായികളോട് പിരുക്കളായി ഓടരുതെന്നു പറഞ്ഞു. "ഇതെൻെറ ഭാരമാണ്. തനിയെ ഞാൻ പല്ലാസിനോടു പൊരുതിക്കൊള്ളാം. അവൻെറ അച്ഛൻ ഇതു കാണാൻ ഇവിടെ ഉണ്ടായിരിക്കേണ്ടിയിരുന്നു!" പല്ലാസ് ഇതു കേട്ടു. എതിരാളികൾ ടേണസ്സിന്നു വഴി മാറിക്കൊടുക്കുന്നതു കണ്ടിട്ട്

പറഞ്ഞു: "അധികം താമസിയാതെ ഒരു വീരൻെറ വധമോ, ഒരു വീരമൃത്യുവോ എനിക്കു കീർത്തി നല്കും. ഇവ രണ്ടിലേതായാലും എൻെറ അച്ഛൻ പുഞ്ചിരി തൂകയേ ഉള്ളു. വീരവാദം മുഴക്കാതെ!" അയാൾ തൻെറ കാരണവരായ ആൻസിഡിസിനെ പ്രാർത്ഥിച്ചു. വാനവലോകത്തിരുന്ന അയാൾക്കു പൊങ്ങിവന്ന ഒരു ദീർഘശ്വാസം ഒതുക്കുവാൻ കഴിഞ്ഞില്ല. ജൌ ഇതറിഞ്ഞു പറഞ്ഞു: "മനുഷ്യന് ദീർഘായുസ്സ് നല്കീട്ടില്ല. കീർത്തിയാണതിനെ ദീർഘിപ്പിച്ചു നില നിർത്തുന്നത്. ട്രോയ് നഗരത്തിനു പുറമുള്ള യുദ്ധത്തിൽ അനവധി വീരന്മാർ മരണം പ്രാപിച്ചു. എൻെറ മകനായ സാർപ്പിഡോൺപോലും മൃത്യുവിനു കീഴടങ്ങി. എനിക്കും, അയാളുടെ പിതാവിനുംകൂടി, അവൻെറ മേൽ പതിക്കുന്ന ഖഡ്ഗത്തെ തടുക്കുവാൻ കഴിഞ്ഞില്ല. ഇപ്പോൾ ടേണസ്സ് കൂടി മൃത്യുവിൻെറ വക്കത്താണ് നില്ക്കുന്നത്. അവൻെറ അന്ത്യശ്വാസം വളരെ താമസിക്കാതെ സംഭവിക്കും."

ആ മുഹൂർത്തത്തിൽ പല്ലാസ് കുന്തമെറിഞ്ഞു. അതു ടേണസ്സിനു കൊണ്ടു; കവചത്തെത്തുളച്ച് ചുമലിനെ സ്പർശിച്ചു. പക്ഷെ വീണ്ടും യുദ്ധത്തിന്നായി വാൾ ഊരുവാൻ ശ്രമിച്ചപ്പോൾ ടേണസ് തൻെറ കുന്തത്തെ ഓങ്ങിയെറിഞ്ഞു. അതു ഉന്നം പിഴക്കാതെ കവചത്തേയും, വസ്ത്രത്തേയും തുളച്ച് മാറ്റിടത്തിലൂടെ ഹൃദയത്തിൽ കടന്നു. പല്ലാസ് അതിനെ പിടിച്ച് പറിച്ചെടുത്തു; ഒരു ക്ഷണത്തിൽ ആയുധത്തോടുകൂടി ജീവനും പുറത്തുവന്നു. അവൻ കമിഴ്ന്നു വീണു: മേലണിഞ്ഞ കവചഫലകങ്ങൾ ചിലമ്പിച്ചു. മരണം അവനെ കൊണ്ടുപോയി. ടേണസ് അവൻെറ ദേഹത്തിന്മേൽ നിന്നു് ആർക്കേഡിയന്മാരോട്

വിളിച്ചുപറഞ്ഞു: "നോക്കു! അച്ഛൻ അർഹിക്കുന്ന രീതിയിൽ തന്നെ മകനെ മടക്കിത്തരുന്നു. ഒരു പ്രേതഗേഹത്തിലെ കീർത്തിയോ,- ഒരു ശവപ്പെട്ടിയിലെ ശാന്തിയോ ആണ് ഞാൻ നല്കുന്നതു്. ഏനിയാസിന്നു നല്കുന്ന സ്വാഗതം അത്ര വിലകുറഞ്ഞതാവാൻ പാടില്ലല്ലോ!" ഇടത്തെക്കാൽ പിണത്തിൽ ചവുട്ടി വെച്ചുകൊണ്ടു് അയാൾ കലാസൌഭഗം തികഞ്ഞ അവൻെറ അരപ്പട്ട പറിച്ചെടുത്തു. മനുഷ്യൻ സ്വതവേ സൌഭാഗ്യം വരുമ്പോൾ തന്നു് മിതത്വമുള്ള സന്തോഷം നിയന്ത്രിക്കാൻ അശക്തനും, ഭാഗ്യദോഷങ്ങളെപ്പററി വകവെക്കാത്തവനും ആണല്ലോ—പല്ലാസിനെ എന്തു ചെയ്തും രക്ഷിക്കേണ്ടതായിരുന്നു; താൻ പിടിച്ചെടുത്ത ഈ കൌതുകവസ്തുവിനെ വെറുക്കേണ്ടതായിരുന്നു എന്നൊക്കെ ആന്തരമായിട്ടു് ആഗ്രഹിക്കുന്ന ഒരു കാലം വരുന്നേ ഉള്ളു. പരേതൻെറ കൂട്ടാളികൾ പിണത്തെ ഒരു വമ്പിച്ച പരിചയിൽ കിടത്തി. അതിനെ അച്ഛൻെറ അരികെ എത്തിക്കുവാൻ യത്നിച്ചു. അതു വലിയ സന്താപത്തിന്നും, അതിലുമധികം കീർത്തിക്കും ഇടയാക്കുന്ന ഒന്നായിരുന്നു.

വെറും കിംവദന്തിയല്ല, നിശ്ചിതരൂപത്തിലുള്ള ഈ വാർത്തയും, തൻെറ സംഘത്തിന്നു പരാജയം പിണഞ്ഞേക്കാമെന്ന വാർത്തയും, ഏനിയാസ്സിൻെറ ചെവിയിലെത്തി. കഴിഞ്ഞുപോയ മൂന്നു സുദിനങ്ങളുടെ സ്മരണ— പല്ലാസും, ഏവാണ്ടറും തന്നെ ആദ്യമായി സസന്തോഷം സ്വാഗതം ചെയ്ത സംഭവപരമ്പരയുടെ സ്മരണ—അയാളിൽ ഉദിച്ചു. അയാൾക്കു കരുണാലേശമില്ലാതായി. വെറും നിഷ്ഠുരപ്രതിക്രിയ ചെയ്യേണമെന്ന മോഹം മനസ്സിൽ മുഴുത്തു; ആദ്യമായി അയാൾ എട്ടു ചെറുപ്പക്കാരെ

തോല്പിച്ച് തടവുകാരാക്കി പിടിച്ചു. അവരുടെ രക്തത്തെ പല്ലാസിൻെറ ആത്മാവിന്നു ശ്രുതി ചെയ്യുന്നതുവരെ ജീവനോടെ സൂക്ഷിക്കാൻ ചട്ടം ചെയ്തു. പിന്നത്തെ പ്രതിയോഗിയുടെ നേരെ കുന്തമെറിഞ്ഞപ്പോൾ അയാൾ കുനിഞ്ഞു നിലം പററി സാഷ്ടാംഗം നമസ്കാരം ചെയ്തു. തന്നിൽ ദയ ഉണ്ടാകണമെന്നും വലിയൊരു തുക മറുപണമായി നല്കാമെന്നും പറഞ്ഞു: "ട്രോയിന്നു് വിജയം കിട്ടിയെന്നു തീരുമാനപ്പെടുത്തുന്നതിന്നു് എൻെറ മൃത്യു ആവശ്യമില്ലല്ലോ." അൻകിസെസ്സിൻെറ ആത്മാവിനേയും, ആസ്കാനിയസ്സിൻെറ ജീവനേയും ഓർമ്മപ്പെടുത്തി ആ ഭീരു ഏനിയാസിനോട് ജീവദാനത്തിന്നപേക്ഷിച്ചു. പക്ഷെ ഏനിയാസിൻെറ മറുപടി ഇതായിരുന്നു: "നിൻെറ മറുപടി നിൻെറ മക്കളെ വീണ്ടെടുക്കട്ടെ. പല്ലാസിനെ വധിച്ചതുകൊണ്ടു്, ഞാനല്ല, ടേണസ്സാണ് അങ്ങിനത്തെ യുദ്ധവ്യവസ്ഥകളെ നശിപ്പിച്ചതു്. ഇതാ അസ്കാനിയസ്സും, അൻകിസെസ്സും നല്കുന്ന സമാധാനം." അവനെ അയാൾ വെട്ടി നിലത്തുവീഴ്ത്തി. അങ്ങിനെ അനവധി മഹാരഥന്മാരുടെ പിണങ്ങളെ രണഭൂമിയിൽ ചിന്നിച്ചിതറിക്കൊണ്ടു്, ആ ട്രോജൻവീരൻ പ്രചണ്ഡമാരുതനെപ്പോലെ അവിടെയെങ്ങും സഞ്ചരിച്ചു്, മരണവും ഭീതിയും പരക്കെ വിതറി. ശിബിരത്തിൽ കുടുങ്ങിയ കൂട്ടാളികളും, പടിതുറന്നു പുറത്തുവന്നു യുദ്ധത്തിൽ ചേർന്നു.

## ശത്രുവിൻെറ പ്രഥമ പരാജയം

വാനത്തിലിരിക്കുന്ന സർവ്വശക്തൻ ജൂണോവിനോടു പറഞ്ഞു: "പ്രിയതമേ! വീനസ്സിൻെറ ശക്തിയാലാണ്, അവരുടെ ഹസ്തബലമോ, ഹൃദയധൈര്യമോ അല്ല." ആ ദേവി വിനമ്രയായി പറഞ്ഞു: "പ്രാണപതേ! എൻെറ സന്തപ്തഹൃദയത്തെ എന്തിന്നു വീണ്ടും ദുഃഖനാരാചത്താൽ തുളയ്ക്കുന്നു. അങ്ങയെന്നെ ഇനിയും സ്നേഹിക്കുന്നുണ്ടെങ്കിൽ, ടേണസ്സിനെ ഭദ്രമായി രണക്ഷേത്രത്തിൽനിന്ന് മടക്കിക്കൊണ്ടുവരികയെന്ന ഒരു അഭീഷ്ടം സാധിപ്പിച്ചു തരുമോ? എന്നാൽ അവനങ്ങിനെ മരിച്ചോട്ടെ, പക്ഷെ അയാളും രക്തബന്ധമുള്ളവനാണല്ലോ; അങ്ങയുടെ ദേവാലയങ്ങളിലേക്ക് അനേകം കാഴ്ചവസ്തുക്കൾ അയാളും സമർപ്പിച്ചില്ലേ?"

സ്വർഗ്ഗപിതാവ് സമഗ്രമായി പ്രതിവചിച്ചു: "നിൻെറ വീരന്നു, ആയുസ്സ് സ്വല്പംകൂടി ;നീണ്ടുപോകണമെ

ന്നാണ്—ഞാൻ പറഞ്ഞതു് നല്ലവണ്ണം ധരിക്കുമെങ്കിൽ—നിൻെറ ആഗ്രഹമെങ്കിൽ—നിൻെറ അഭിമതംപോലെ ആയ്ക്കൊള്ളട്ടെ. പക്ഷെ അതിലും കവിഞ്ഞ ഒരാശനി പുലത്തുന്നുണ്ടെങ്കിൽ, യുദ്ധത്തിൻെറ പരിണാമം മാറിക്കാണണമെന്നു് ആഗ്രഹിക്കുന്നുവെങ്കിൽ അതു കേവലം വിഡ്ഢിത്തമായ ഒരു പ്രതീക്ഷയാണ്.

ജൂണോ—(കരഞ്ഞുകൊണ്ടു്) അങ്ങയുടെ നാവു തടയുന്നുവെങ്കിലും, ഹൃദയം അതിനു അനുകൂലമാവുന്നുവെങ്കിൽ! എൻെറ മനസ്സിന്നു ഈ അന്ത്യത്തെപ്പററിയറിയാം. പക്ഷെ അതൊന്നു കളവായിപ്പോയിയെന്നും, നിങ്ങൾ ആരംഭിച്ചു കഴിഞ്ഞ ഇതിന്നു് ഒരു ശുഭാവസാനം നല്കാൻ തിരുമാനിച്ചുവെന്നും—അതിന്നു നിങ്ങൾക്കു കഴിയുമല്ലോ—വന്നാൽ!

അതു പറഞ്ഞവസാനിക്കുന്നതിന്നു മുമ്പുതന്നെ അവൾ എഴുന്നേററു ശരവേഗത്തിൽ സ്വർഗ്ഗത്തിൽനിന്നു ഭൂമിയിലേക്കെത്തി. ഒരു കൊടുങ്കാററാണ് അവളുടെ ആഗമനത്തിൻെറ മുന്നോടിയായി വന്നതു്. അവൾ ഇറങ്ങിയതു് രണ്ടു സേനകളുടേയും മദ്ധ്യത്തിലായിരുന്നു. അവിടെനിന്നു്, മേഘങ്ങളെക്കൊണ്ടു് ഒരു മായാഎന്നിയാസിനെ അവൾ സൃഷ്ടിച്ചു. അതു വെറും പൊള്ളയായ ബിംബം മാത്രമായിരുന്നു. അതിന്നു കരുത്തില്ല; പക്ഷെ ആയുധപാണിയാണെന്ന സംശയം ജനിപ്പിച്ചേക്കും. ഒച്ച എനിയാസിനെപ്പോലെതന്നെ. മരണം കഴിഞ്ഞാൽ വന്നുകൂടുന്ന ഒരു പ്രേതത്തെപ്പോലെയോ, സ്വപ്നത്തിൽ പേടിയുണ്ടാക്കുന്ന ചില തമോസത്വങ്ങളെപ്പോലെയോ ആയിരുന്നു അതു്. അതു ട്രോജൻ അണിയുടെ മുന്നിൽവന്നു് പുച്ഛിച്ചു് ശകാരിക്കുകയും, ആയുധ

ങ്ങളിളക്കി പേടി കാട്ടുകയുംചെയ്തു. ടേണസ് അതിൻെറ മുമ്പിൽ ബദ്ധപ്പെട്ടുവന്നു. അതു പിന്തിരിഞ്ഞു് ഓടി. അപ്പോഠം വ്യാജമായ പ്രതീക്ഷകൊണ്ടും, അതിൽനിന്നു ണ്ടായ അമിതാനന്ദംകൊണ്ടും ഉന്മത്തനായി ടേണസ് പരിഹസിച്ചുകൊണ്ടു് അതിൻെറ പിന്നാലെ ഓടി. സഖ്യ കക്ഷികളുടെ നൌകകഠംനിന്ന സ്ഥലത്തേക്കു ആ ഭൂതം പലായനംചെയ്യുകയും, അവയിലൊന്നിൻെറ പാതാറി ന്മേൽകൂടെ കപ്പലിലൊളിക്കാനെന്നുള്ള ഉദ്ദേശ്യത്തോ ടെന്നപോലെ ഉള്ളിലേക്കുചെന്നു് അദൃശ്യമാവുകയും ചെയ്തു. ടേണസ്സും പിന്നിൽചെന്നു. അപ്പോഠം വന്ന റാണി നങ്കൂരക്കമ്പയെ മുറിച്ചുവിട്ടു. കപ്പൽ കടലിൻെറ വേലിയിറക്കത്തിൽ കടലിലേക്കു സഞ്ചരിച്ചു. അപ്പോഠം ആ ഭൂതം വായുമണ്ഡലത്തിലുയൎന്നു അവിടത്തെ മഞ്ഞി ലും ഇരുട്ടിലും അദൃശ്യയായി. ഏനിയാസ്, തിരിഞ്ഞു കൊണ്ടിരിക്കെത്തന്നെ, ടേണസ്സിനെ കപ്പൽ അധികമ ധികം ദൂരെ കൊണ്ടുപോയി. തനിക്കു ഇങ്ങിനെ രക്ഷ കിട്ടിയതിന്നു ലവലേശം കൃതജ്ഞതയില്ലാതെ ടേണസ് തൻെറ കൂട്ടുകാരെ വിട്ടതിലുള്ള അതീവ നിരാശതയോടെ ഭ്രാന്തു പുലമ്പിക്കൊണ്ടിരുന്നു; കാററിനേയും, ജൌവ്വിനേ യും പഴിച്ചു. തൻെറ അവമാനം വെറും തമോമയമായി ത്തോന്നിയതിനാൽ അയാഠം കഠാരികൊണ്ടു് ആത്മഹത്യ ചെയ്യാൻ ശ്രമിച്ചു. കടലിൽ ചാടി കരയിലേക്കു നീ ന്താനും ഉദ്ദേശിച്ചു പക്ഷെ ജൂണോവിൻെറ ദിവ്യശക്തി അതിനെ തടഞ്ഞു. ഒടുവിൽ കാററും കോളും ചേൎന്നു് കപ്പലിനെ അവൻെറ രാജ്യത്തു കൊണ്ടുവന്നണച്ചു.

---

## മെസ്സെൻഷ്യസ് മരിക്കുന്നു

അതിന്നിടയിൽ യുദ്ധം തിരുതകൃതിയായി നടക്കുന്നുണ്ടായിരുന്നു. ടേണസ്സില്ലാതിരിക്കെ, പകരം സേനാനായകസ്ഥാനം വഹിച്ചത് മെസ്സെൻഷ്യസ് ആയിരുന്നു. അനുസരണക്കേടു കാണിക്കുന്ന പ്രജകളാൽ പരിത്യക്തനായിട്ടുകൂടി അയാൾ ഭയങ്കരമായ ക്ഷമ കാണിച്ച് സഹിച്ചു. പക്ഷെ അവക്കാക്കും അരികെ വരാൻ ധൈര്യമുണ്ടായില്ല. അയാളുടെ ഖഡ്ഗത്തിന്നെതിരായി ഖഡ്ഗപ്രയോഗം നടത്താനും ആരും മുതിന്നില്ല. അവർ ദൂരെനിന്നു കുന്തങ്ങൾ എറിഞ്ഞു. പക്ഷെ, അവയുടെ മുന തൻെറ പരിചയിൽ തറച്ചപ്പോൾ അയാൾ അവയെ കുലുക്കി ത്തെറിപ്പിച്ചു. എന്നിരിക്കിലും ചില വീരന്മാർ അവസാനം അയാളോട്ട് ഇടയാതിരുന്നില്ല. അവക്കു അതിന്നു കഠിനശിക്ഷയും ലഭിച്ചു. സമരദേവതയായ മാർസ് ഇരുചേരികൾക്കും മരണം സമമായി വീതിച്ചു കൊടുത്തു. വാനവലോകത്തു നിന്ന് ദേവതമാർ മനുഷ്യൻെറ നിഷ്ഫല

ഭേഷ്യത്തെക്കണ്ടു് കരുണയാണ്. അവന്റെ വേദന കണ്ടു് ആർദ്രചിത്തരായി വീനസ് ഒരിടത്തു്, മററൊരിടത്തു് ജൂണോ—അവരങ്ങിനേയിരുന്നു കണ്ണിമയ്ക്കാതെ നോക്കുകയാണ്. രണക്ഷേത്രത്തിൽ മത്സരേഷ്യാകോപങ്ങൾ നടമാടി.

ഒടുവിൽ ഏനിയാസും മെസ്സെൻഷ്യസ്സും അടുത്തുകൂടി അവസാന സംഘട്ടനത്തിന്നു തെയ്യാറായി. മനസ്സുകൊണ്ടു് ദൂരം ഗണിച്ച കുന്തമോങ്ങുമ്പോൾ മെസ്സെൻഷ്യസ്സ് ആലോചിക്കുകയാണ്: "ഇപ്പോൾ എന്റെ ബാഹുവീര്യവും, എന്റെ കുന്തവും എന്നെ സഹായിക്കട്ടെ. എന്റെ മകനെ, നിനക്കീ കടൽക്കള്ളന്റെ ആയുധങ്ങൾ പിടിച്ചെടുത്തു സമ്മാനിക്കാം" എന്നിട്ടു് അയാൾ കുന്തമെറിഞ്ഞു. അതു ലക്ഷ്യത്തിന്നു തറയ്ക്കാതെ അടുത്തിരുന്ന ഒരാളുടെ മീതെ കൊണ്ടു. പിന്നെ ഏനിയാസ് നല്ല ഉന്നം വെച്ചുതന്നെ കുന്തമെറിഞ്ഞു. അതു എതിരാളിയുടെ പരിചയിലൂടെ അരക്കെട്ടിനു ചെന്നു തറച്ചു. വാളൂരി, ഏനിയാസ് ശത്രുവിന്നു നേരെ ചാടി. എന്നാൽ ലാസസ് തന്റെ അച്ഛൻ പിൻവാങ്ങി വീഴാൻ ഭാവിക്കുന്നതും, ഏനിയാസ് പിന്തുടരുന്നതും കണ്ടു് ഇടയിൽ ചാടിവീണു. അപ്രതീക്ഷിതമായ നിലയിൽ അയാൾ ശത്രുവിന്റെ വാളിന്റെ പ്രഹരം തടഞ്ഞു. ഏനിയാസ് നിന്നുപോയി. ലാസസ്സിന്റെ കൂട്ടുകാർ ആർപ്പുവിളികളോടുകൂടി യുവനേതാവിനെ പിന്താങ്ങുവാനെത്തി. തന്നെ തടസ്സപ്പെടുത്തുന്ന കൈകളേതാണെന്നു ധരിച്ച ഏനിയാസ് പറഞ്ഞു: "കുട്ടി! നിനക്കാവതിലും വെച്ച കൂടുതലായ പ്രവൃത്തി എടുക്കുമോ? വിഡ്ഢി! നിന്റെ അഭിമാനം നിന്നെ വഞ്ചിക്കുന്നു." എന്തായാലും ലാസസ് മടങ്ങിയില്ല.' ഒടുവിൽ ഏനിയാസ് ഖഡ്ഗപ്രയോഗം

നടത്തി. ഹൃദയത്തിൽ തന്നെ മുറിയേററ് വെറും മരത്തടിപോലെ ആ യുവവീരൻ വീണു. അന്നേരത്തുപോലും, വിളത്ത ആ മുഖവും, മരണസൂചകമായ അന്ത്യനോട്ടവും കണ്ടു് ഏനിയാസിന്നു അച്ഛനോടുള്ള തൻെറ സ്വന്തം സ്നേഹം ഓമ്മ വന്നു. എന്നിട്ടു് ശരീരത്തിന്നരികെ നിന്നു പറഞ്ഞു: "ഹതഭാഗ്യനായ യുവാവേ! നിൻെറ ഈ ധീരതയ്ക്കും കീത്തിയ്ക്കും അടയാളമായി നന്മയിൽ പ്രതിപത്തിയുള്ള എനിക്കു തന്നെ എന്തു ചെയ്യാൻ കഴിയും! നീ നിൻെറ ആയുധങ്ങളെ സൂക്ഷിച്ചു വെച്ചോളൂ. നിൻെറ അച്ഛൻെറ കുടുംബത്തോടു ചേൻകൊൾക. ഏനിയാസാണ് നിന്നെ വധിച്ചതെന്ന പെരുമയെങ്കിലും നിണക്കിരുന്നോട്ടെ."

മെസ്സെൻഷിയസ്, യുദ്ധത്തിൽനിന്ന് സ്വല്പം വിരമിച്ച് വിശ്രമിക്കയായിരുന്നു. അപ്പോൾ ഏനിയാസ് ആജ്ഞാപിച്ച പ്രകാരം ഒരു നീണ്ട പരചയിന്മേൽ ലാസസ്സിൻെറ ശവശരീരത്തെ അവൻെറ ചങ്ങാതികൾ വഹിച്ചു കൊണ്ടുപോകുന്നതു കണ്ടു. എന്താണ് സംഭവിച്ചതെന്ന് ഒരൊററ നിമിഷത്തിൽ അയാൾക്കു മനസ്സിലായി. ശോകോന്മത്തനായി അയാൾ തൻെറ മകൻെറ മരണത്തിന്നും തൻെറ പ്രജകൾ രാജദ്രോഹം ചെയ്തതിന്നും കുററം തന്നിൽതന്നെ ചുമത്തി പഴിക്കുവാൻ തുടങ്ങി: "അവരുടെ പ്രതികാരത്തിന്നിരയാകേണ്ടതു് എൻെറ ജീവനായിരുന്നു. അങ്ങിനെ എൻെറ ജീവനെ കൊടുത്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു! പക്ഷെ ഇപ്പോഴും ഞാൻ ജീവിച്ചിരിപ്പുണ്ടു്. എന്നാലും ഞാനിപ്പോൾ ജീവത്യാഗം ചെയ്യാം!" എന്നു പറഞ്ഞു അയാൾ അശ്വാരൂഢനായി കുതിരയോടു പറഞ്ഞു: "റേബസ്, നാം കുറേക്കാലം സഖാക്കളായിരുന്നല്ലോ—ഇപ്പോൾ ഒന്നുകിൽ നാം ലാസ

സ്സിൻെറ മരണത്തിന്നു പ്രതിക്രിയ ചെയ്യണം; അല്ലെങ്കിൽ രണ്ടുപേരും മരിക്കണം. കാരണം, ഞാൻ മരിച്ചുകഴിഞ്ഞാൽ നീ അപരിചിതന്മാരായ ഈ ട്രോജന്മാക്കു വഴങ്ങുമെന്നു തോന്നുന്നില്ല"

കൈകളിൽ കുന്തങ്ങളുമായി അയാറം ഏനിയാസിനെ ആക്രമിച്ചു. മൂന്നു പ്രാവശ്യം അയാറംക്കു ചുററും വട്ടം ചുററി, കുന്തമെറിഞ്ഞു. ആ മൂന്നു പ്രാവശ്യവും കുന്തങ്ങളെ തൻെറ സുശക്തമായ പരിചകൊണ്ട് അയാറം തട്ടിത്തു. ഒടുവിൽ അയാറം എറിഞ്ഞ കുന്തം കുതിരയുടെ നടുനെററിയ്ക്കു തറച്ചു. അതു പിന്നോക്കം വാങ്ങി, മുൻകാൽ പൊക്കി ചാടി, വാൽകൊണ്ടു വായുവിൽ പിടിച്ച് സവാരി ചെയ്യുന്ന ആളെ നിലത്തെറിഞ്ഞ് അയാളുടെ മീതെ വീണു പിടഞ്ഞു മരിച്ചു. ഏനിയാസ് നഗ്നകൃപാണവുംകൊണ്ട് ഉടൻ ചാടിയെത്തി: "ഇപ്പോഴെന്തായി നീയും, നിൻെറ ഭയങ്കരപരാക്രമവും!" അപ്പോറം അയാറം പറഞ്ഞു: "എന്തിന്നു പരിഹാസം? എന്നെ വധിച്ചോളൂ! അതു പാപമൊന്നുമല്ല. ലാസസ് മരിക്കുമ്പോറം നാം തമ്മിൽ സന്ധിയാകേണ്ടുന്നതിനെപ്പററി പറഞ്ഞില്ലല്ലോ. ഒരപേക്ഷ മാത്രം. പരാജിതന്ന് വല്ല ദാനവും അത്ഥിക്കാമെങ്കിൽ ഞാൻ ഇതു് ആവശ്യപ്പെടുന്നു. എൻെറ പ്രജകറം കഠിനമായ വെറുപ്പോടും കോപത്തോടും കൂടി ഞാൻ മരിക്കുന്നതു കാത്തുനില്ക്കുയാണ്. അവക്കു എൻെറ പിണത്തെ വിട്ടുകൊടുക്കരുതു്. എൻെറ ദേഹത്തെ പുത്രൻെറ ദേഹത്തോടുകൂടി സംസ്കരിക്കണേ!"

അതു പറഞ്ഞു തീന്നതും ഏനിയാസിൻെറ ഖഡ്ഗപ്രയോഗവും ഒന്നിച്ചു കഴിഞ്ഞു. മരണം അയാളെ സ്വീകരിച്ചു.

## അച്ഛനും മകനും

ആ ദിവസം അങ്ങിനെ കഴിഞ്ഞു. പിറേറന്നു പ്രഭാതത്തിൽ ഏനിയാസ് രണ്ടു കാര്യത്തിന്നായി പുറപ്പെട്ടു. ആദ്യം അയാഠം മാർസിന്ന്—സമരാധിദേവതയ്ക്കു്—മൈസ്സൻഷിയസ്സിൻെറ ആയുധങ്ങളെ കാഴ്ചവെച്ചു. ഒരു കുന്നിൽ ഒരു തടിമരം നാട്ടി നിർത്തി; അതിൻെറ ശാഖകഠം മുറിച്ചു കളഞ്ഞു്, അതിന്നു ഉഷ്ണീഷവും കവചവും അണിയിച്ചു. അതിന്മേൽ പരിചകളും, കുന്തങ്ങളും, ഈട്ടികളും, വാളുകളും തൂക്കി. പടനായകന്മാർ അയാഠംക്കു ചുററും നിരന്നുനിന്നു. അവരോട് അയാഠം പറഞ്ഞു: "നോക്കൂ, ഏററവും വിഷമമായ പ്രവൃത്തി ചെയ്തുകഴിഞ്ഞു. ശേഷമുള്ള സംഗതികളിൽ ഒട്ടും ഭീതി വേണ്ട. ഇനി നാം പോകുന്നതു് ലേററിയം നഗരത്തിലേക്കു, അതിൻെറ രാജാവിൻെറ അരികത്തേക്കാണ്. എല്ലാം സജ്ജമാക്കണം. ശുഭപ്രതീക്ഷയോടും, ഉശിരോടുംകൂടി യുദ്ധം തുടരണം. ദൈവം

നമ്മോട് മുന്നോട്ടു നീങ്ങണമെന്നു പറയുമ്പോൾ നാം നീങ്ങാതെ അമാന്തിച്ചു എന്നു വരാൻ പാടില്ല. അതിന്നിടയിൽ മൃതരായവരെ സംബന്ധിച്ച് സർവ്വവിധ ശേഷക്രിയകളും ചെയ്യുക. അവരുടെ മരണത്താലാണല്ലോ നമുക്കൊരു പുതിയ രാജ്യം കരഗതമായത്. പ്രത്യേകിച്ച് പല്ലാസിനെ സംബന്ധിച്ച് എന്തു പറയട്ടെ—അയാളെ എവാണ്ടറുടെ നാട്ടിലേക്കയക്കുക.''

അയാൾ ഒന്നാമതായി പല്ലാസ് കിടന്നിരുന്ന വീട്ടിൻെറ മുററത്തു വന്നു. ആ യുവാവിൻെറ അച്ഛൻെറ ഭൃത്യനും പിന്നീട് പുത്രൻെറ അംഗരക്ഷകനായി നിയമിതനുമായ അസോയ്ടിസ് അവിടെ കാവലുണ്ടായിരുന്നു. ഏനിയാസ് പ്രവേശിച്ച് നിശ്ചലയായി കിടക്കുന്ന പിണത്തേയും അതിൻെറ വിളത്ത മുഖത്തേയും, കുന്തം കുത്തിത്തറച്ച മാർവ്വിടത്തേയും കൺപൂട്ടാതെ നോക്കിനിന്നു. പിന്നെ പല്ലാസിനോടെന്നപോലെ പറഞ്ഞു: ''ഹതഭാഗ്യനായ ബാലകാ! ഭാഗ്യത്തിന്ന് നീയെൻെറ കയ്യിൽ കിട്ടിയത് അത്ര സമ്മതമല്ലെന്നു തോന്നുന്നു. ഞാൻ എവാണ്ടറോടു നല്ല ശുഭകാർയ്യങ്ങളാണ് വാഗ്ദാനം ചെയ്തത്. ഇപ്പോൾ അദ്ദേഹം ഒരു പക്ഷെ, ഈ ദാരുണാവസ്ഥയറിയാതെ, മിത്ഥ്യാപ്രതീക്ഷകളാൽ വഞ്ചിതനായി, പരദേവതമാക്കു പൂജകൾ സമർപ്പിക്കുന്നുണ്ടാവും. നാമോ, നിഷ്ഫലമായ അശ്രുധാര ചൊരിഞ്ഞ്, ഇതാ ഈ ദേഹത്തെ, ദേവന്മാർക്കുകൂടി ഒരു സഹായം ചെയ്വാൻ കഴിയാത്ത ഈ ദേഹത്തെ—ഇതാ എടുത്തുകൊണ്ടു പോകയായി. എന്നാൽ എവാണ്ടറേ, ഒന്നു പറയാം! ഒരു ഭീരുവെയോ, ലജ്ജയാലവനതമാകേണ്ടുന്ന വ്രണങ്ങളേയോ, നിങ്ങൾക്കു കാണേണ്ടിവരില്ല. അവമാനിതനായ ഒരു മകനെയോർത്ത്

നിങ്ങൾക്കു മനമുരുകി മരിക്കേണ്ടി വരികയുമില്ല. അഹോ! ഇപ്പോൾ അസ്റ്റാനിയസ്സിന്നും, ഇററലിക്കും എത്ര ശക്തമായ സഹായഹസ്തങ്ങളാണ് നഷ്ടപ്പെട്ടുപോയത്!"

പല്ലാസിന്റെ പ്രേതമൊന്നിച്ച് ആയിരം ആളുകൾ കൂടി പോകണമെന്നും, എവാണ്ടെറുടെ വ്യസനപ്രകടനത്തിൽ എല്ലാവരും പങ്കുചേരണമെന്നും ഏനിയാസ് നിർദ്ദേശിച്ചു. മററുള്ളവർ ചില്ലകൾ പിണച്ച് ഒരു പാടയും അതിന്നൊരു മേലാപ്പും ഉണ്ടാക്കി. ഏനിയാസ് രണ്ടു ഉടയാടകൾ കൊണ്ടുവന്നു. അയാളിൽ പ്രേമമഗ്നയായ ഡീഡോ റാണി കാർത്തേജിൽ വെച്ചു സന്തോഷപൂർവ്വം നെയ്തുതീർത്തതും തങ്കക്കസവും പട്ടും ചേർത്തതുമായിരുന്നു ആ പുടവകൾ. അതിൽ ഒന്നിനു പ്രേതത്തിന്റെ മീതേ പുതച്ചു. മററൊന്നിൽ യുദ്ധഭൂമിയിൽനിന്നെടുത്ത അമൂല്യമായ കാഴ്ചവസ്തുക്കൾ പൊതിഞ്ഞു. അവയെ ഘോഷയാത്രയിൽ ഒന്നിച്ചു കൊണ്ടുപോകണമെന്ന ആജ്ഞ നല്കി. കൂടെ, ബലികഴിക്കാൻ വേണ്ടി തടവുകാരാക്കി പിടിച്ച യുവാക്കന്മാരേയും, റുട്ടലിയൻ പടയിലെ വധിക്കപ്പെട്ട യോധാക്കളുടെ പേർ അങ്കിതമായതും, അവരുടെ ആയുധസാമഗ്രികൾ ഉറപ്പിച്ചതുമായ കൂററൻ മരത്തടികളും കൊണ്ടു ചെല്ലണമെന്നു പറഞ്ഞു. പിന്നാലെ അസേറ്റിസ്, അതിന്റെ പിന്നാലെ ശത്രുക്കളുടെ രക്തക്കറയുള്ള പല്ലാസിന്റെ രഥം, അവന്റെ കുന്തം, ഉഷ്ണീഷം എന്നിവയും കൊണ്ടുപോകപ്പെട്ടു. അതിന്റെ പിന്നിൽ ആർക്കേഡിയൻ പടയാളികളും, അതിന്റേയും പിന്നിലായി ആയുധങ്ങൾ പിന്നോക്കം തിരിച്ചു പിടിച്ച ട്രോജന്മാരും! ഈ ഘോഷയാത്ര പതുക്കെ നീങ്ങിപ്പോകുന്നത് അയാൾ കണ്ടു! അപ്പോൾ അയാൾ സന്തോപോഷ്മളമായ ബാഷ്പം പൊഴിച്ച് ഇ

ത്രമാത്രം പറഞ്ഞു: "യുദ്ധത്തിന്റെ നിഷ്ഠുരണവീധി മററു വ്യസനങ്ങളിലേക്കു ഞങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നു. പല്ലാസ്! നീ സർവ്വദാ വിജയിച്ചാലും. നിന്നോടു എന്നന്നേക്കുമായി വിടവാങ്ങുന്നു."

ഇതിന്നിടയിൽ, ലേററിയത്തിൽ നിന്നു സമാധാന കാംക്ഷയെ സൂചിപ്പിച്ചുകൊണ്ട് ഒരു ദൂതസംഘം വന്നിരുന്നു. യുദ്ധഭൂമിയിൽ ചിതറിക്കിടന്നിരുന്ന പിണങ്ങളെ ഒന്നിച്ചു ചേർത്താനും മറവു ചെയ്യാനും അനുവാദവും ഇടയും വേണമെന്നായിരുന്നു അവരുടെ സന്ദേശസാരം. മതശാസനപ്രകാരമുള്ള എല്ലാ പുണ്യകർമ്മങ്ങളിലും ശ്രദ്ധ ചെലുത്തുന്ന ഏനിയാസ് മനഃപൂർവ്വം അതിന്നു സമ്മതം നല്കി. എന്നിട്ടു പറഞ്ഞു: "ലോറിന്മാരെ! നിങ്ങളെക്കൊണ്ടാണ് എന്റെ സഖ്യസൌഹൃദങ്ങൾ നിരസിക്കപ്പെട്ടത്? എനിക്കു പരേതരോടു മാത്രമല്ല, ജീവിച്ചിരിക്കുന്നവരോടും ശാന്തിയും സമാധാനവും വേണമെന്നാണല്ലോ ആഗ്രഹം! ഞാനല്ല, നിവൃത്തിയില്ലായ്മയാണ് എന്നെ ഇങ്ങോട്ട് ആനയിച്ചത്. ഞാൻ യുദ്ധമാരംഭിച്ചില്ലല്ലോ—നിങ്ങളുടെ മന്നനാണ് എന്നെയുപേക്ഷിച്ച് ടേണസ്സിനെ വരിച്ചത്. ന്യായപ്രകാരമാണെങ്കിൽ ഞാനും ടേണസ്സുമായി ഒരു ദ്വന്ദ്വയുദ്ധം മതിയായിരുന്നു. അതിൽ ഈശ്വരൻ സമ്മതിച്ചതാരെയോ അവൻ ജീവിച്ചിരുന്നാൽ മതിയായിരുന്നു. പൊയ്ക്കൊള്ളൂ! ശവസംസ്കാരകർമ്മങ്ങൾ നടത്തിക്കൊള്ളൂ."

ടേണസ്സിന്റെ വൈരിയും ദൂതസംഘത്തിന്റെ തലവനുമായ ഡ്രേൻസസ് പറഞ്ഞു: "ട്രോയിലെ മഹാരഥാ! നിങ്ങളുടെ ധീരതയോ, ഭക്തിയോ മുമ്പിട്ടു നില്ക്കുന്നത്? ഞങ്ങളീസന്ദേശത്തെ നഗരത്തിലേക്കു വഹിക്കു

ന്നതാണ്. വല്ല തരവും ഉണ്ടെങ്കിൽ താങ്കളും ഞങ്ങളുടെ ഭൂപതിയും തമ്മിൽ ഒരു സന്ധിയുണ്ടാക്കുവാൻ യത്നിക്കാം. ടേണസ്സിന്നു ഇഷ്ടമുള്ള ഇടത്തു് സഖാക്കളെ കണ്ടുപിടിച്ചു കൊള്ളട്ടെ. നിങ്ങൾക്കു വിധിപ്രകാരം ലഭിച്ച നഗരത്തെ ഞങ്ങൾ നിർമ്മിക്കാം. ഭിത്തികൾ കെട്ടാനുള്ള ശിലകളെ ഞങ്ങളുടെ മുതുകത്തു ചുമക്കാം." അവർ പന്ത്രണ്ടു ദിവസത്തേക്കു നിലനില്ക്കുന്ന ഒരു സന്ധി നിർദ്ദേശിച്ചു. ഇരു ചേരികളിലേയും ആൾക്കാർ വിറകു ശേഖരിച്ചു് ചിത തയ്യാറാക്കുകയും, പിണങ്ങളുടെ ശവസംസ്ഥാരകർമ്മങ്ങൾ നടത്തുകയും ചെയ്തു.

അവിടെ വിദൂരദേശത്തു് പല്ലാസിൻെറ പ്രേതഘോഷയാത്ര അവൻെറ നഗരിയിലെത്തി. അവർ വരുന്നുണ്ടെന്ന കിംവദന്തി അതിന്നു മുമ്പുതന്നെ നഗരമെത്തിയിരുന്നു. അതിനാൽ പതിവിൻപടി ആക്കേഡിയന്മാർ അവരെ സ്വീകരിക്കുവാൻ കൂട്ടം കൊണ്ടുവന്നു. പ്രവേശനദ്വാരത്തിന്നു മുൻവശത്തും പാതയുടെ ഇരുവശത്തും പ്രഭാരേഖയെക്കൊണ്ടു നാട പിടിപ്പിച്ചതുപോലെ തോന്നി. ട്രോജൻ അകമ്പടിസംഘം പട്ടണത്തിന്നുള്ളിലേക്കു പ്രവേശിച്ചു. അവിടെയാകട്ടെ സ്ത്രീകൾ വിലപിക്കുകയായിരുന്നു. ആ മിശ്രസംഘം എത്തുന്നതിന്നു മുമ്പുതന്നെ എവാണ്ടർ അവരുടെ മദ്ധ്യത്തിലേയ്ക്കു കുതിച്ചോടി വന്നു. പാട ചുമന്നവർ നിന്നു; പതുക്കെ അതിനെ അവിടെ വെച്ചു. മന്നവൻ മകൻെറ പിണത്തിന്നു മീതെ വീണുരുണ്ടു. പക്ഷെ വഴിയെ അയാൾ എഴുന്നേല്ക്കുകയും, മകനോടെന്നപോലെ സ്വല്പനേരം പരിതാപോദ്ദീപ്തമായ ഭാഷയിൽ സംസാരിച്ചശേഷം ട്രോജൻ അകമ്പടിക്കാരോട് ഇങ്ങിനെ പറയുകയും ചെയ്തു: "നിങ്ങളെ ഞാൻ കുററ

പ്പെടുത്തുന്നില്ല. നിങ്ങളുടെ രാജാവിനേയും പഴിക്കുന്നില്ല. പോവുക. പക്ഷെ, ഈ സന്ദേശം അദ്ദേഹത്തിന്നെത്തിക്കുക. ഞാനിപ്പോഠം ജീവിച്ചിരിക്കുന്നതു തന്നെ നിങ്ങളെച്ചൊല്ലിയാണ്. നിങ്ങഠംക്കു എന്നോടും, എൻെറ പുത്രനോടും ഒരു ബാദ്ധ്യതയുണ്ടു്. അതു ടേണസ്സിൻെറ ജീവനാണ്. നിങ്ങളുടെ യോഗ്യതയും സൌഭാഗ്യവും ഒന്നിച്ചു ചേൎന്നാൽക്കൂടി ഞാനിതു കിട്ടണമെന്നേ ആശിക്കുന്നുള്ളു. എനിക്കു ജീവിതത്തിൽ മററു സന്തോഷങ്ങഠം വേണമെന്നാവശ്യപ്പെടാനില്ല. അതു പാപമായിത്തീരും പക്ഷെ പാതാളലോകത്തു ചെന്ന് എൻെറ പുത്രനുമായി കണ്ടുമുട്ടുമ്പോഠം, ഈ വാൎത്തയും കൊണ്ടുചെല്ലണമെന്നുണ്ടു്."

അങ്ങിനെ ഇവിടെയും, അവിടേയും, സൂൎയ്യൻ ഉച്ചസ്ഥനായി അസ്തംഗതനാകുന്നതുവരെ കണ്ണീരൊഴുക്കും, വിലാപങ്ങളും തന്നെയായിരുന്നു. ആകാശത്തേക്കു വിലാപശബ്ദങ്ങളും, ശവസംസ്കാരധൂമവും ഒരുപോലെ പൊങ്ങി. ഓരോരുത്തരും അവരുടെ പരമ്പരാഗതമായ സമ്പ്രദായപ്രകാരം തൻെറ ബന്ധുവിൻെറ പിണത്തെ ചിതയിലേക്കു വഹിച്ചുകൊണ്ടുപോയി. പക്ഷെ ചിത ആളിക്കത്തുവാൻ തുടങ്ങിയപ്പോഠം രാത്രിയായിക്കഴിഞ്ഞു. സംസ്കാരക്രിയകഠം മൂന്നുദിവസം നീണ്ടുനിന്നു. മൂന്നാംദിവസാവസാനം അവർ കൂടിക്കിടന്ന ചിതാഭസ്മത്തെ തട്ടിനിരത്തുകയും വെന്ത എല്ലുകളെ മണ്ണിട്ടു മൂടുകയും ചെയ്തു. ലോറിനിസ്സിൻെറ നഗരത്തിലായിരുന്നു ഏററവും കടുത്ത ദുഃഖം. ടേണസ്സിന്നു വിരോധമായ അനേകം പ്രതിഷേധപ്രലപനങ്ങളും നടന്നു; യുദ്ധത്തെയും അതിനുത്തരവാദിയായി ടേണസ്സിനേയും പലരും ശപിച്ചു. ഇററലിയി

ലെ സർവ്വാധിപനാണെന്നു അവകാശം പുറപ്പെട്ടവിക്കുന്ന ആ ടേണസ് വാഠംകൊണ്ടുള്ള ദ്വന്ദ്വയുദ്ധത്തിൽ ജയാപജയങ്ങഠംകൊണ്ടു തീരുമാനം വരുത്താൻ സമ്മതിക്കേണ്ടതായിരുന്നു. ഡ്രേൻസസ് അവരെ കൂടുതൽ കരയുന്നതിന്നു പ്രേരിപ്പിച്ചു ഏനിയാസ് സമരാഹ്വാനംചെയ്യുന്നതു് ടേണസ്സിനെ മാത്രമാണെന്നു് അയാഠം പറഞ്ഞു പരത്തി. ഇതൊക്കെ സമ്മതിച്ചാലും അപ്പോഴും ടേണസ്സിന്റെ പക്ഷത്തിൽ കുറെപ്പേർ ഉണ്ടായിരുന്നു. രാജ്ഞി അയാളുടെ ചേരിയിലാണെന്നതാണു് അയാഠംക്കു മറെറാരു വലിയ രക്ഷ. വ്യക്തമാക്കിക്കഴിഞ്ഞ തന്റെ കരബലവും അതിന്നു താങ്ങായി നിലകൊണ്ടു. ഇങ്ങിനെ മത്സരം നടന്നുകൊണ്ടിരിക്കുന്നതിന്നിടയിൽ യവനരാജാവായ ഡയോമീഡിന്റെ അരികിലേക്കു, തരമുള്ളപക്ഷം അദ്ദേഹത്തിന്റെ സഹായം വാങ്ങണമെന്നുദ്ദേശിച്ചയച്ച ദൂതസംഘം മടങ്ങിവന്നു. അദ്ദേഹം ഒന്നും ചെയ്യുകയില്ലെന്നു് അവർ മറുപടി കൊണ്ടുവന്നു. തിരുമുൽകാഴ്ചകഠംക്കോ, അത്ഥനകഠംക്കോ ഫലമുണ്ടായില്ല. അന്തരാന്തര വ്യസനംകൊണ്ടു ഞെരുങ്ങിക്കൊണ്ടും, ഏനിയാസിന്നു ഈശ്വരസഹായമുണ്ടെന്നു തീച്ചയാക്കിക്കൊണ്ടും ലെററിനസ് പൌരപ്രമുഖരുടെ ഒരു യോഗം വിളിച്ചുകൂട്ടി. അവർ മാളികയിലേക്കു ബദ്ധപ്പെട്ടു ചെന്നു. അവരുടെ ഇടയിൽ മനസ്സമധാനമില്ലാത്ത ലെററിനസ് സിംഹാസനാരൂഢനായി—അദ്ദേഹം രാജദൂതരിൽ പ്രമാണിയോടു് സംസാരിക്കുവാനാവശ്യപ്പെട്ടു. വെനുലസ് എന്ന നാമനാമധേയമുള്ള ദൂതമുഖ്യൻ യോഗമദ്ധ്യത്തിൽ ഇങ്ങിനെ സാരംവരുമാറു് പ്രസംഗിച്ചു: "എററിയോലാ നാട്ടിന്റെ തലസ്ഥാനമായ ആപ്പ്പി എന്ന നഗരത്തിലാണു് ഡയോമീഡ് വാഴുന്നതു്. അവിടെ ഞങ്ങഠം ചെന്നു. ഞങ്ങഠം

അദ്ദേഹത്തോട് അഭ്യർത്ഥിച്ചു. അദ്ദേഹം ഞങ്ങൾക്കു പറയുവാനുള്ളതു മുഴുവനും കേട്ടു ഇങ്ങിനെ മറുപടി നല്കി: "ലേററിയത്തിലെ പ്രജകളേ! സേററണിന്റെ വംശജന്മാരായ നിങ്ങൾ എന്തു നിർഭാഗ്യംകൊണ്ടാണ് ഇത്തരമൊരു യുദ്ധത്തിൽ ചേരുന്നത്. പുണ്യമായ ട്രോയ്നഗരത്തെ ആക്രമിച്ച ഞങ്ങളെല്ലാംതന്നെ—അവിടെ യുദ്ധത്തിൽ മരിച്ചവരെപ്പററി ഞാൻ പറയുന്നില്ല—അവരുടെ പാപത്തിന്ന് ദയനീയമായ വിധത്തിൽ പ്രായശ്ചിത്തം ചെയ്തിരിക്കുന്നു. അവരിൽ ചിലരുടെ ദുരന്തദുഃഖം കണ്ടാൽ പ്രയമിന്നുകൂടി അലിവുതോന്നും. മിനിലോസ് നാട്ടിൽനിന്നു നിഷ്കാസിതനായി. അയാൾ നാടില്ലാതെ ചുററിത്തിരിയുകയാണ്. യൂലീസിസ്സിന്നു എററ്നാ പർവ്വതത്തിനേയും സൈക്ലോപ്പുകളേയും കണ്ടു് അവയോടെതിരിടേണ്ടിവന്നു. അനവധി രാജാക്കന്മാർ മടങ്ങിവരുമ്പോഴെക്ക് താന്താങ്ങളുടെ രാജ്യം നശിച്ചതായി കണ്ടു. അഗമെമ്നോൺ സ്വന്തം പത്നിയുടെ കൈകൊണ്ടു് കുത്തേററ് സ്വന്തം വീട്ടിൽ വെച്ചു മരിച്ചു; അദ്ദേഹം ഏഷ്യയെ വെന്നുവെങ്കിലും ഒരു വ്യഭിചാരിണി അദ്ദേഹത്തെ കൊന്നു. ഞാനെന്റെ നാട്ടിനേയും, ഞാൻ കാണാൻ കൊതിക്കുന്ന പ്രേയസിയേയും കാണരുതെന്ന് ആകാശത്തിൽനിന്ന് മുന്നറിയിപ്പു കിട്ടിയിരിക്കുന്നു. എന്റെ സഖാക്കളോ, വെറും പ്രതികാരത്താൽ പക്ഷികളായി മാറി പറന്നുകൊണ്ടു തിരിയുകയാണ്. ഞാനെന്റെ ഉന്മത്തഖഡ്ഗംകൊണ്ടു് പ്രഹരിച്ച് വീനസ്സിന്റെ വലത്തെ കയ്യിന്ന് വ്രണമേല്പിക്കയാൽ എന്റെ വിധിയും, അതിലൊട്ടും കുറവില്ലാത്ത ഒന്നായി. ഇല്ല, വാസ്തവമായും ഇല്ല. എന്നെ ഇത്തരത്തിലുള്ള യുദ്ധങ്ങളിലേക്കു വലിച്ചിഴക്കരുതു്. ട്രോയ് നഗരത്തിന്റെ

തകച്ച്യശ്ശേഷം ഞാൻ ട്രോജന്മാൎക്കെതിരായി യുദ്ധം തുടൎന്നിട്ടില്ല. ഞാൻ ആ പഴയ വ്യഥകളിൽ സന്തോഷം കൈക്കൊള്ളുകയോ, അവയെ സ്മരിക്കുകയോ ചെയ്യുന്നില്ല. എനിക്കു നല്ലാനുദ്ദേശിച്ചു കൊണ്ടുവന്ന തിരുമുൽക്കാഴ്ചകൾ ഏനിയാസിന്നു നല്കുക. ഞങ്ങളും ഏനിയാസിനോട് കയ്യോടുകയ്യായി യുദ്ധം ചെയ്തിട്ടുണ്ട്. ഒരു രാക്ഷസന്റെ വലുപ്പവും, ചണ്ഡമാരുതശക്തിയുള്ള കുന്തവും അദ്ദേഹത്തിന്നുണ്ടായിരുന്നു, അദ്ദേഹത്തെ അറിയുന്ന ഞങ്ങൾ പറയുമ്പോൾ വിശ്വസിക്കുക, ഇഡാമലകൾക്കരികെ അദ്ദേഹത്തെപ്പോലെ രണ്ടുപേർകൂടി ജാതരായിരുന്നുവെങ്കിൽ ട്രോയ് ഇപ്പോൾ ഗ്രീസിനെ എതിൎക്കുമായിരുന്നു. ഹെക്ടരും, ഏനിയാസും മാത്രമാണ് ട്രോയിന്റെ തകൎച്ചയെ ദീൎഘവൎഷങ്ങളോളം നീട്ടിക്കൊണ്ടുപോയത്. രണ്ടുപേരും മഹാത്മാക്കളും, മഹാ യോദ്ധാക്കളും ആണ്. പക്ഷെ, ഈ ആൾ ഭക്തൻകൂടിയാണ്. നിങ്ങൾ അയാളുമായി യഥാസാദ്ധ്യം സന്ധിചെയ്യുക—പക്ഷെ നിങ്ങളുടെ ആയുധങ്ങൾ അയാളുടേതുമായി ഇടയാതിരിക്കാൻ കരുതൽ വേണേ. "ഇതായിരുന്നു ഡയോമീഡിന്റെ ഉത്തരം". എന്നു വെനുലസ് പറഞ്ഞവസാനിപ്പിച്ചു ഉടനെ ലേററിന്മാരുടെ ഇടയിൽ ഒരു മൎമ്മര രവമുണ്ടായി രാജാവ് കഴിഞ്ഞ കഥയെ സമഗ്രമായി പറഞ്ഞവസാനിപ്പിച്ച ശേഷം യുദ്ധം ദുരുപദിഷ്ടമായോയെന്നും ദുൎമ്മതത്തോടുകൂടിയാണാരംഭിച്ചതെന്നും പറഞ്ഞു. ഒന്നു തീൎച്ചയാണ്. ധീരതയില്ലെന്നു ആരും അവരെ പഴിക്കുകയില്ല. ചെയ്യുവാൻ സാദ്ധ്യമുള്ളതെല്ലാം ചെയ്തിരിക്കുന്നു. ആക്രമികൾ, ഇററലിയിൽതന്നെ കഴിഞ്ഞുകൂടുവാനാണാഗ്രഹിക്കുന്നതെങ്കിൽ അവൎക്കു തന്റെ നാട്ടിലൊരു ഭാഗം കൊടുത്തുകളയാം. എന്നാൽ എല്ലാവൎക്കും സമാധാനമായി. ഇരി

ക്കാമല്ലോ—പക്ഷെ അവർ മടങ്ങുവാനാഗ്രഹിക്കുന്നതെങ്കിൽ, അവക്കു വേണ്ടുന്ന കപ്പലുകാം—എത്ര വേണമോ അത്ര, ഏതു തരത്തിലുള്ളതു വേണോ ആ തരത്തിലുള്ളത് ഉണ്ടാക്കി ദാനം ചെയ്തു കളയാം. ശത്രുക്കാംക്ക് ഈ സന്ദേശം അയക്കാം. നേതാക്കന്മാർ ദൂതന്മാരായി ഈ സന്ദേശം സമപ്പിക്കണം." അഭിപ്രായപ്രകടനം വല്ലവക്കും ഉണ്ടെങ്കിൽ അതു നടക്കുന്നോട്ടെയെന്ന അത്ഥത്തിൽ അദ്ദേഹം നിത്തി. ഡ്രാൻസസ് എഴുന്നേററു നിന്നു—ഒരു ധനികനും, നല്ല പ്രാസംഗികനും, യുദ്ധത്തിൽ കരുതലോടെ മാത്രം പ്രവേശിക്കുന്നവനും, പ്രവേശിച്ചു കഴിഞ്ഞാൽ നല്ല പരാക്രമം പ്രദശിപ്പിക്കുന്നവനുമായിരുന്നു അയാാം. അദ്ദേഹം കക്ശസ്വരത്തിൽ പറഞ്ഞു: "ഞങ്ങളുടെ ഭാഗധേയമെന്തെന്ന് ഞങ്ങാംക്കെല്ലാവക്കും അറിയാം പക്ഷെ ഞങ്ങാംക്കതിനെപ്പററി സംസാരിക്കാൻ ധൈര്യമില്ല. അവൻ സമ്മതിക്കേണമല്ലോ! അവന്റെ വഴിപിഴച്ച നയവും, ദുരാത്മാവും ആണല്ലോ ഇന്നത്തെ തീരാത്ത ദുരിതത്തിന്നു കാരണം. അയാാം ഭീഷണിപ്പെടുത്തിക്കോട്ടെ—അതുകൊണ്ടെന്താ? ഞാൻ സംസാരിക്കുകതന്നെ ചെയ്യും. അല്ലയോ രാജതിലകമേ! ട്രോജന്മാരുടെ അരികിലേക്കു നിങ്ങളുടെ കുമാരിയെ അയക്കുക. സന്ധിക്കു അതൊരു നിബ്ബന്ധവ്യവസ്ഥയായിരിക്കും. പക്ഷെ അതു പറയാൻ പാടില്ലാത്തവിധം, അത്രയധികം അയാളെ പേടിക്കുന്നുവെങ്കിൽ, അയാളോട്ട് ഞങ്ങളുടെ അവകാശങ്ങളെപ്പററി ഞങ്ങാം അത്ഥിക്കട്ടെ. ലേററിന്മാക്ക് ഈ ആപത്തു വലിച്ചുചേക്കാൻ തക്കവണ്ണം നിങ്ങളുടെ നാട്ടുകാരെ എന്തിന്നു അപകടത്തിലാക്കുന്നു. അല്ലയോ ടേണസ്, ഞങ്ങാംക്ക് സമാധാനമാണ് ആവശ്യം. സമാധാനവും, അതിന്നാവശ്യമായ ഈ വിവാഹവും! ഞാൻ—എന്നെ നിങ്ങാം നി

ങ്ങളുടെ ശത്രുവായിക്കരുതുന്നുവെങ്കിലും,—നിങ്ങളുടെ കാലു പിടിക്കുന്നു. ദയ വിചാരിക്കുക. നിങ്ങൾ പരാജിതനായി! പിന്നെന്താ, വഴങ്ങിയേക്കൂ! അതല്ല, ഒരു പത്നിയും, സ്ത്രീധനമായി മണിമാളികയും വേണമെന്നുണ്ടെങ്കിൽ ധൈര്യസമേതം ശത്രുവോടെതിരിടൂ! നിങ്ങൾക്കൊരു രാജകീയപരിണയം നടക്കാൻ നിസ്സാരന്മാരായ ഞങ്ങളിൽ പലരും മരിക്കണമോ? നിങ്ങൾ തന്നെ ഭാരം വഹിച്ചോളൂ! നിങ്ങൾക്കു ധൈര്യമുണ്ടെങ്കിൽ, നിങ്ങളുടെ പേർ ചൊല്ലി പോരിനു വിളിക്കുന്ന ആ ആൾക്കു മുമ്പിൽ ശൂരതയോടെ നിൽക്കൂ!"

കടുത്ത കോപത്താൽ മുരണ്ടുകൊണ്ട് ടേണസ് പരിഹാസവും പുച്ഛവും, പോർവിളിയും കോരിവർഷിച്ചു. ഡ്രൻസസ്സിനെ പുച്ഛത്തോടെ നോക്കി അയാൾ രാജാവിൻെറ നേർക്കു തിരിഞ്ഞു പറഞ്ഞു: "ഒരു തോൽവി കൊണ്ടു മാത്രം യുദ്ധത്തിൻെറ അവസാനം കണ്ടുവെന്നു നിനയ്ക്കുന്നുവെങ്കിൽ, സമാധാനം വേണമെന്ന് അർത്ഥിച്ചുകൊണ്ട് അടങ്ങിയേക്കണം. പക്ഷെ, വല്ല ഉയിരും അടങ്ങിയിരിപ്പുണ്ടെങ്കിൽ ഒന്നുകൂടി പൊരുതിനോക്കണം. ഡയോമീഡ് വയ്യെന്നു പറഞ്ഞു. ശരി, ബാക്കിയുള്ളവർ ഇപ്പോഴും ഇല്ലേ, ഇനിയും സഖ്യം ചെയ്തു ചിലരെ തന്നു ചേരിയിൽ ചേർത്തുകൂടെ? അതല്ല അവർ ദ്വന്ദ്വയുദ്ധത്തിനു വിളിക്കുകയാണെങ്കിൽ, അതിനെപ്പററി ഭീരുവാകാൻ തക്കവണ്ണം, രണജയം അറിയാത്തവനൊന്നുമല്ല ഞാൻ. ഞാനെൻെറ ജീവിതത്തെ നിങ്ങൾക്കെല്ലാവർക്കും വേണ്ടിയും, എൻെറ വധുവിൻെറ പിതാവിനു വേണ്ടിയും ഉഴിഞ്ഞു വെച്ചിരിക്കുന്നു. ഏനിയാസ് എന്നെ മാത്രമാണോ പോരിനു വിളിക്കുന്നത്? അയാൾ എന്നെ വിളിക്കണമെന്നു തന്നെയാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്നാൽ

ഡ്രെൻസസ്സിനു് ഈശ്വരകോപമേല്ക്കുകയും, യുദ്ധജയത്തിൽ നിന്നു കിട്ടുന്ന കീർത്തിയും അഭിമാനവും ലഭിക്കുകയും വേണ്ടല്ലോ—”

ഇങ്ങിനെ അവർ സംസാരിച്ചുകൊണ്ടിരിക്കെ, ഏനിയാസ് തന്റെ താവളത്തിൽ നിന്നു പുറത്തിറങ്ങിയെന്നും, ടൈബർനദീതീരത്തിലൂടെ അണിനിരന്നു യുദ്ധത്തിന്നു വരുന്നുണ്ടെന്നും കേട്ടു. ഉടനെ ഒരു വലിയ ബഹളമുണ്ടായി. യുവാക്കന്മാർ ആയുധങ്ങൾക്കു വേണ്ടി മുറവിളികൂട്ടി. വൃദ്ധന്മാർ കരയുകയും പിറുപിറുക്കുകയും ചെയ്തു. ടേണസ് ഈ അവസരത്തെ ഉചിതരീതിയിൽ ഉപയോഗപ്പെടുത്തി: “പൌരന്മാരേ, അരികൾ നഗരത്തെ ആക്രമിക്കുമ്പോൾ നിങ്ങളിവിടെ ശാന്തിയെ പ്രശംസിച്ചുകൊണ്ടിരിക്കയാണോ?” അയാൾ സഭാമണ്ഡപത്തിൽ നിന്നു പുറത്തേക്കോടി, പടത്തലവന്മാർക്കു അതിദ്രുതം ആജ്ഞ കൊടുത്തു. വേഗത്തിൽ താനും കവചമണിഞ്ഞു് പടയ്ക്കൊരുങ്ങി. ലേററിനസ് തന്റെ ദുർവ്വിധിയെ പഴിച്ചു: പുരുഷന്മാരെല്ലാം നഗരഭിത്തികളിലേക്കോടി ഒടുവിലത്തെ യത്നത്തിന്നുള്ള ആഹ്വാനത്താൽ എല്ലാവരും വെളിയിലേക്കു ചാടി. രാജ്ഞിയും പ്രായം ചെന്ന സ്ത്രീകളും പല്ലാസിന്റെ കാവുകളിലേക്കു തൊഴാൻ പോയി. അവരുടെ കൂടെ ഇത്രയധികം വഴക്കിന്നു കാരണമായ ലവീനയേയും കൂട്ടിക്കൊണ്ടു പോയി.

കവചിതഗാത്രനായി, സർവ്വവിധേനയും രണസന്നദ്ധനായ, ടേണസ്, മാളികയിൽനിന്നു പുറത്തേക്കു വന്നു് നഗരവാതിലിനോടടുത്തപ്പോൾ അശ്വാരൂഢയായി കേമില്ലയെ കണ്ടു. അവളുടെ പിന്നിൽ അവളുടെ അശ്വസേനയും ഉണ്ടായിരുന്നു. നേതാവ് താഴെ ഇറങ്ങുന്നതു കണ്ടു്

അവരും ഇറങ്ങി. അവറ പറഞ്ഞു: "ധീരക്ക അവരവരെത്തന്നെ വിശ്വസിക്കാമെങ്കിൽ, ഞാൻ പറയാം എനിയാസിൻെറ അശ്വസൈന്യത്തോടെതിരിടാന് ഞാൻ മതിയെന്ന്! ആദ്യത്തെ അപകടത്തോട്ട് മല്ലിടുവാൻ എനിക്കനുവാദം നല്ലുക, നിങ്ങറ പട്ടണത്തിന്നരികെ കാവൽപ്പടയുടെ നേതൃത്വം വഹിച്ച് അതിനെ രക്ഷിക്കുക."

ടേണസ്—"ഇററലിയുടെ കീർത്തിസ്സംഭമായ കന്യകേ! ഞാനെങ്ങിനെ കൃതജ്ഞത പറയട്ടെ! നിങ്ങളാണെങ്കിൽ സർവ്വ പ്രശംസയ്ക്കും ഉപരിയാണല്ലോ. എനിയാസ് തൻെറ അശ്വസൈന്യത്തെ മൈതാനത്തിലൂടെ കടന്നു ചെല്ലാൻ തക്കവണ്ണമാണ് അയച്ചിരിക്കുന്നതു്. അയാറ സൈന്യത്തിൻെറ കാലാറ വിഭാഗവുമായി മലയിലെ ഒരു വഴിയിലൂടെയാണ് പട്ടണത്തിലേക്കു വരുന്നതു്. അവനെ ഒരു കെണിയിൽ കുടുക്കുവാന് ഞാൻ അങ്ങോട്ടു ചെല്ലുകയാണ്. നീ മൈതാനത്തിലൂടെ വരുന്ന അശ്വസേനയെ എതിർക്കുക. മെസ്സാപ്പസിനേയും, ലെററിൻ സൈന്യവിഭാഗത്തേയും, ടൈബറിൽനിന്നുവരുന്ന സൈന്യത്തേയും നിൻെറകൂടെ അയക്കാം. നീ അവരുടെ നായകത്വം വഹിക്കുക."

അയാറ അവളിൽനിന്നു വിട വാങ്ങി തൻെറ സൈന്യവിഭാഗത്തെ മലയിലേക്കു നയിച്ചു. കുന്നുകളിൽ നിഗൂഢമായതും, ഒരു പാമ്പിൻെറ ദേഹംപോലെ വളഞ്ഞതുമായ ഒരു താഴ്വരയുണ്ടു്. അതിനെ വൃക്ഷങ്ങളും പാറക്കൂട്ടങ്ങളും മറയ്ക്കുന്നു. ഒരു ഇടുങ്ങിയ വഴിയാണ് അതിലേക്കു നയിക്കുന്നതു്. അതിനു മുകളിൽ ഒരു മൈതാനമുണ്ടു്. ഇതിന്നിരുവശത്തുനിന്നും യുദ്ധം ചെയ്യാം. താഴെ, താഴ്വരയിലുള്ളവരെ കുന്തംകൊണ്ടും, പാറക്കല്ലു

കൊണ്ടും എതിർക്കാനും സൌകര്യമുണ്ടു്. ടേണസ് അവിടെപ്പോയി കാടുകളിൽ പതിയിരുന്നു.

അതിന്നിടയിൽ വാനവലോകത്തു ഡയാന എന്ന ദേവി തൻെറ തോഴിമാരിലൊരാളായ ഓപ്പിസ്സിനെ അരികെ വിളിച്ചു പറഞ്ഞു: "കേമില്ല രണത്തിന്നൊരുങ്ങിയിരിക്കുന്നു. ഞാൻ അത്യധികം സ്നേഹിക്കുന്ന അവൾ അടരാടുന്നതു് വ്യർത്ഥമായിട്ടാകുന്നു. ഈ സ്നേഹം പുതുതല്ല. കാരണം, അവളുടെ അച്ഛൻ സ്വാതന്ത്ര്യം കാംക്ഷിച്ച്, അവിടെ നാടുവാഴുന്ന മന്നൻെറ സ്വേച്ഛാപ്രഭുത്വം സഹിക്കവെയ്യാതെ അവിടെനിന്നു പോയപ്പോൾ അവൻെറ മാറ്വിടത്തോടണച്ച് ശിശുവായ കേമില്ലയെയും കൊണ്ടുപോയതാണ്. അമാസെനസ്സ് എന്ന നദിയുടെ വക്കത്തുവെച്ച് അവരുടെ സഞ്ചാരത്തിന്നു വിഘ്നംവന്നു. ശക്തിമത്തായ മഴ നിമിത്തം ആ പുഴയിൽ പ്രവാഹമുണ്ടായിരുന്നു. കടുത്ത നിരാശയിൽ അയാൾ പൊങ്ങുമരത്തിൻെറ തോലുകൾകൊണ്ടു് ഒരു പെട്ടിമാതിരി ഉറയുണ്ടാക്കി ശിശുവിനെ അതിൽ കിടത്തി കെട്ടിയുറപ്പിച്ച് തൻെറ കുന്തത്തിൻെറ മദ്ധ്യത്തിൽ ബന്ധിച്ചു. പിന്നെ കുന്തത്തിനെ എനിക്കായി നേർന്നുവിട്ടും, രക്ഷയ്ക്കു എന്നെ പ്രാർത്ഥിച്ചും അയാൾ കുന്തമെറിയുകയും അതു് അങ്ങേക്കരയിൽ മണ്ണിൽവന്നു തറയ്ക്കുകയുംചെയ്തു. അയാൾ നദിയിൽ ക്ലേശലെന്യേ ചാടി മറുകരയിലെത്തി. കുട്ടിയെ കേടുകൂടാതെ എടുത്തു. അതിന്നുശേഷം അയാളുടെ ജീവിതം ഏകാന്തമായി—മേൽപുരപോലും ഇല്ലാത്ത കുന്നുകളിലാണ്. കേമിലയെ കുതിരപ്പാൽ കൊടുത്താണ് വളർത്തിയതു്. നടക്കാൻ തുടങ്ങിയ വഴിയെതന്നെ അവൾക്കു കുന്തവും ഈട്ടിയും

പ്രയോഗിക്കാൻ പഠിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് സകല സമരമുറകളിലും പയററി വിദഗ്ദ്ധയായ കന്യകയായിരിക്കുകയാണ് അവൾ. അവൾ ഈ യുദ്ധത്തിൽനിന്നകന്ന് ജീവിക്കുവാൻ ഭാവിച്ചാലെത്ര നന്ന്. പക്ഷെ അതല്ല വിധി; അതു സാദ്ധ്യമല്ല. അതിനാൽ നീ പോയി എന്റെ അമ്പും തൂണീരവും എടുക്കു. ആരോ ഒരാൾ അവളുടെ നേരെവിട്ട ശരീരത്തിൽ മുറിയുണ്ടാക്കുന്നുവോ, അവനുള്ള പ്രായശ്ചിത്തം അവന്റെ ജീവരക്തം തന്നെയാണ്. അന്നേരം ഞാൻതന്നെ അവളെ അവളുടെ പിതൃഭൂമിയിലേക്കു കൊണ്ടുചെന്നോളാം."

ട്രോജൻ മുന്നണി സംഘം സംഘമായി നഗരഭിത്തികളോടടുക്കുകയായിരുന്നു. കേമില്ല അവളുടെ ഉപനായകന്മാരോടുകൂടി അവരെ എതിർത്തു. ആദ്യത്തെ ആക്രമണത്തിൽ ലേററിൻ അണി ചിതറി. അണി നിരക്കുവാൻ സാദ്ധ്യമാകാതെ പട്ടണത്തിലേക്കുതന്നെ സവാരിചെയ്തു മടങ്ങി. ട്രോജന്മാർ ചുററുകെയെത്തുകയും ചെയ്തു. ഇങ്ങിനെ ഓടിപ്പോകുന്ന സംഘം രണ്ടുപ്രാവശ്യം തിരിഞ്ഞു, ശക്തിയോടെ എതിർത്തു. ഈ രണ്ടുപ്രാവശ്യവും മുന്നണിയിൽ വന്ന ട്രോജൻ സൈന്യം പിൻവാങ്ങി പ്രധാന സൈന്യത്തോട് ചേരേണ്ടിവന്നു. പക്ഷെ, പിന്നെയും ലേററിന്മാർ പിന്തിരിഞ്ഞോടി. മൂന്നാം തവണ അവർ ഒന്നുകൂടി ഉറച്ചു നിന്നു. നില്ക്കുമ്പോഴും, മടങ്ങുമ്പോഴുമൊക്കെ കേമില്ല ഭയങ്കരമായി യുദ്ധം ചെയ്തിരുന്നു. അവളുടെ തൂണീരം അവളുടെ മുതുകത്തു തൂങ്ങുന്നു. അമേസോൺ സമ്പ്രദായപ്രകാരം മാറ്വിടത്തിലൊരു പാൾപം അവൾ നഗ്നമായിട്ടിട്ടുണ്ട്. അവളുടെ ഏററവും വിശ്വസ്തസഖികളായ ലാറീനാ, ടല്ലാ, ടാർപിയാ ഇവർ മൂന്നുപേരും അ

രികെയുണ്ടു്. ട്രോയിലെ മഹാരഥന്മാർ അവളുടെ ആക്രമണത്തിൽ വീണുകൊണ്ടിരുന്നു.

ഒരിക്കൽ അവളുടെ മാർഗ്ഗത്തിൽ ആനസ്സിൻെറ വീരപുത്രൻ വന്നു. അയാളും നടന്നു വരികയായിരുന്നു. അവൻ പേടിയുണ്ടായിരുന്നിട്ടും ഇങ്ങിനെ വിളിച്ചുപറഞ്ഞു: “ഓ! ഇവിടെ വലിയ പരാക്രമപ്രദർശനമാണല്ലോ—നിങ്ങളുടെ കുതിരയെ വിശ്വസിക്കുകയോ! നിങ്ങൾ താഴത്തിറങ്ങി എന്നോടു മല്ലിടുകയാണെങ്കിൽ, ഗർവ്വിന്നുള്ള പ്രായശ്ചിത്തം ചെയ്യുന്നതു് ആരായിരിക്കുമെന്നു കാണാമായിരുന്നു.” അവർ രോഷാകുലയായി താഴെ ചാടി അവന്നു മുമ്പിൽതന്നെ നിന്നു. പക്ഷേ അവൾ താഴെ ചാടിയപ്പോൾ അവൻ വീണ്ടും അശ്വാരോഹണം ചെയ്തു, രക്ഷപ്രാപിക്കാമെന്നു കരുതി കുതിരയെ ഓടിച്ചു. ഈ വഞ്ചന അവളെ വല്ലാതെ ദേഷ്യപ്പെടുത്തി. അവൾ ശരവേഗത്തിൽ പാഞ്ഞു് കുതിരയുടെ മുന്നിൽ ചെന്നു് അതിൻെറ കടിഞ്ഞാൺ പിടിച്ചു. അവളും അവനും നേക്കുനേരെ യുദ്ധത്തിലേപ്പെട്ടു. ഉടനെ എളുപ്പത്തിൽ അവൾ അവൻെറ കഥ കഴിച്ചു.

ഈ വലിയ തിക്കിന്നും തിരക്കിന്നുമിടയിൽ അവൾ, തന്നെ സൂക്ഷിച്ചുനോക്കി ചുററിച്ചുററി നിന്നിരുന്ന ഒരു വൈരിയെ മാത്രം കണ്ടില്ല. യുവാവായ ആറൺസ് ആയിരുന്നു അയാൾ. അവൾ അടുത്തെത്താനുള്ള ഓരോ പഴുതും പാർത്തിരിക്കയായിരുന്നു അയാൾ. അവൻെറ കയ്യിലൊ കുന്തം തെയ്യാറാക്കി പിടിച്ചിരുന്നു. പക്ഷേ യുദ്ധത്തിൻെറ വേഗതയും തിരക്കും നിമിത്തം തടസ്സം സംഭവിച്ചിരിക്കയായിരുന്നു. സംഗതിവശാൽ കേമിലയുടെ ദൃഷ്ടി ഒരു പുരോഹിതൻെറമീതെ പതിഞ്ഞു. അയാൾ അന്തസ്സു

ള്ള കവചമണിഞ്ഞ് അന്തസ്സുള്ള ഒരു കുതിരയുടെ പുറത്ത് സവാരി ചെയ്തിരുന്നു. സ്വർണ്ണക്കസവും, വില്ലീസുമാണ് വസ്ത്രം. കേമില അയാളെ കണ്ടു. അയാളുടെ കവചത്തെ തന്റെ വല്ല കാവുകളിലും തൂക്കാമെന്ന മോഹം കൊണ്ടോ, നായാട്ടിന്നായി കാട്ടിലേക്കു ചെല്ലുന്ന അവസരങ്ങളിൽ തനിക്കുതന്നെ ഒരുപക്ഷെ ധരിക്കാമെന്നുവെച്ചിട്ടോ, അവൾ അയാളുടെ പിന്നാലെ ചെന്നു. ആറൺസ് തനിക്കു സുവർണ്ണാവസരം ലഭിച്ചതായി കണ്ടു. അയാൾ അപ്പോളോവിനോട് പ്രാർത്ഥിച്ചു: “അപ്പോളോ! ഈ കന്യക ഈ കുന്തത്തിന്നിരയാകണമേ! എനിക്കവളിൽനിന്നു ഒന്നും പിടിച്ചെടുക്കേണ്ട; ഒരു കാഴ്ചദ്രവ്യവും വേണ്ട; അവളുടെ മരണവും എന്റെ നാട്ടിലേക്കു ഭദ്രമായി മടക്കവും മാത്രം പ്രദാനം ചെയ്താൽ മതി.”

അപ്പോളോ ഈ പ്രാർത്ഥന കേട്ടു. ഒരംശം നിറവേറ്റി. മറ്റേ അംശം അഗണ്യമാക്കി. തന്റെ ലക്ഷ്യത്തിൽ മാത്രം ശ്രദ്ധവെച്ച കേമില അയാൾ ഇങ്ങോട്ടയച്ച അസ്ത്രത്തെ വിഗണിച്ചു. എന്നാൽ ആ കുന്തം അവളുടെ നെഞ്ഞത്തു തറയ്ക്കുകയും, അവൾ നിലം പതിക്കയും ചെയ്തു. അവളുടെ സഖിമാർ അവളെ താങ്ങിയെടുക്കാൻ വെമ്പൽകൊണ്ടു. ആറൺസ് പേടിച്ചും സന്തോഷിച്ചും ഓടി ജനക്കൂട്ടത്തിലൊളിച്ചു. തന്റെ ജീവൻ ചോർന്നു പോകുന്നതായി അറിഞ്ഞ കേമില അക്കയുടെ അരികെ തന്റെ തല തിരിച്ചിട്ട് കിതച്ചുംകൊണ്ട് പറഞ്ഞു. “അക്കാ! എന്നാൽ സാദ്ധ്യമായതു ഞാൻ ചെയ്തുകഴിഞ്ഞു. ഇതാ ഇപ്പോൾ എല്ലാം അന്ധകാരമയമാകുന്നു. ടേണസ്സിന്റെ അരികെ പോയി എന്റെ സ്ഥാനത്തുവന്നു ട്രോജന്മാരിൽനിന്നു നഗരത്തെ രക്ഷിക്കാൻ പറയൂ. ഞാൻ

വിടവാങ്ങുന്നു." മരണത്തിൻെറ തണുപ്പ് അവളെ ബാധിച്ചു; അവഠം ദേഹത്തിൻെറ ഭാരത്തിൽനിന്നു ക്രമേണ മുക്തയായി; അവളുടെ ആയുധങ്ങഠം പിടിവിട്ടു വീണുപോയി; അവളുടെ ജീവൻ ഒരു തേങ്ങൽപോലെ പ്രേതലോകത്തേക്കു പറന്നു. പക്ഷെ ചുററുപാടുമായി ഒരു വലിയ ബഹളംതന്നെയുണ്ടായി. ട്രോയിലേയും, ആർക്കേഡിയയിലേയും എല്ലാ സേനാവിഭാഗങ്ങളും ശത്രുക്കളുടെ നേരെ ഒരു സംയുക്താക്രമണം നടത്തി.

ഓപ്പിസ് മാത്രം കുന്നിന്മുകളിൽനിന്നു നോക്കിയിരുന്നു. കേമില വീഴുന്നതു അവഠം കണ്ടു. അവഠംക്കു വേണ്ടി വിലപിച്ചു. ആറൺസ് താൻ ചെയ്ത കൃത്യത്തെസ്സംബന്ധിച്ച് ഗർവ്വിഷ്ഠനായിത്തീരുന്നതു കണ്ടു "വാ" എന്ന് അവഠം പറഞ്ഞു. "ഇവിടെ വാ! നിനക്കുള്ളസമ്മാനം ഇവിടെയുണ്ട്. നിങ്ങളെപ്പോലെയുള്ളവർ ഡയാനയുടെ അസ്ത്രങ്ങഠംകൊണ്ടു ഹതരാവണമോ?" അവഠം ആവനാഴിയിൽനിന്നു ഒരമ്പു ഊരിയെടുത്തു അതിനെ തൊടുത്ത്, അമ്പിനെ കാതോളം വലിച്ച് ശരം പ്രയോഗിച്ചു. ആറൺസ് ചെറുഞാണൊലിയും, വായുവിൽ ഒരു മൂളൽ ശബ്ദവും കേട്ടു. ഉടനെ നെഞ്ഞത്തു അമ്പു തറയ്ക്കുന്നതു് അനുഭവപ്പെട്ടു. അവൻ കിതച്ചുകൊണ്ട് വീണു. അവൻെറ അശ്രദ്ധയുള്ള സഹാക്കഠം അവനെ അവിടെ വെടിഞ്ഞു. ഓപ്പിസ് ചിറകു വിടർത്തി ഒലിംപസ്സിലേക്കു പറക്കുകയും ചെയ്തു.

പക്ഷെ കേമില്ലയുടെ അശ്വസേന, പടനായകന്മാരുംകൂടെ രക്ഷക്കായി കോട്ടയുടെ ഉള്ളിലേക്കു പലായനം ചെയ്തു. ഓടുന്നവരും, ഓടിക്കുന്നവരും കൂടികലർന്ന ഒരു ജനക്കൂട്ടം പടികളുടെ അരികെയെത്തി. എല്ലാ

വരും ഉള്ളിലേക്കു കടക്കുവാൻ ശ്രമിച്ചു. പക്ഷെ ചിലർ കോട്ടവാതിലുകൾ അടയ്ക്കുന്നതിൽ ശ്രദ്ധ കാണിച്ചു. അതിനാൽ അലകണക്കെ പൊങ്ങിവരുന്ന കൂട്ടക്കൊല വാതുക്കൽ നടന്നു. ലേററിൻ പടയാളികൾ പുറത്തു പെട്ടുപോയി. മാത്രമല്ല ആ വാതിലുകളിലേക്കും, ഭിത്തികളിലേക്കും കുതിച്ചു ചെന്നപ്പോൾ കാവൽക്കാർ ഉള്ളിൽനിന്നു അവരെ ചെറുത്തു. ആക്രമികളാണെന്നു ഭയപ്പെടുന്നവരും, സ്വരാജ്യത്തെ അതിരില്ലാതെ സ്നേഹിക്കുന്നവരും, കേമില്ലയെപ്പോലെ വീരസ്വർഗ്ഗം വരിക്കുവാൻ ആഗ്രഹമുള്ളവരും ആയ സ്ത്രീകൾകൂടി മതിലിന്മുകളിൽനിന്നു അവരെ എതിർത്തു.

അതിന്നിടയിൽ അക്കാ ടേണസ്സിനെ മലയിലെ കാട്ടുകളിൽ വെച്ചു കണ്ടെത്തി, വാർത്ത മുഴുവനും പറഞ്ഞു ധരിപ്പിച്ചു. വോൾഷിയന്മാരുടെ പാലായനം, കേമില്ലയുടെ മരണം, ട്രോജന്മാരുടെ ഓടിക്കൽ, പടിക്കൽവരെ എത്തിയ വിജയശ്രീലാളിതരായ ട്രോജൻ പടയുടെ സ്ഥിതി, മതിലുകളിലെ ഭയപ്പാട്—ഇതെല്ലാം. അതിനാൽ എത്രതന്നെ കോപം വന്നുവെങ്കിലും, അയാൾ കാട്ടുകളിൽനിന്നു പിൻവാങ്ങുവാനും, നഗരത്തിലേക്കു മടങ്ങാനും നിർബ്ബന്ധനായി. അയാൾ അങ്ങിനെ ചെയ്തവഴിയെ ഏനിയാസ് താഴ്വരയിൽ പ്രവേശിക്കയും, അവിടെ നിരോധിക്കാൻ ആരുമില്ലായ്കയാൽ, കടന്നു മൈതാനത്തിലെത്തുകയും ചെയ്തു. ഇപ്പോൾ രണ്ടു സേനകളും തമ്മിൽ വലിയ ദൂരം ഉണ്ടായിരുന്നില്ല. രണ്ടും പട്ടണത്തിന്നരികിലേക്കു വന്നു. ഏതാണ്ടു് അതേ സമയത്തു് മൈതാനിയ്ക്കുമീതേ ധൂമപടലം പൊങ്ങുന്നതും, സൈന്യം അണിനിരന്നതും ഏനിയാസ് കണ്ടു. പാദവിന്യാസവും, ഖുരപാതന

ശബ്ദവും കൊണ്ടു് ടേണസ്സിനും ഏനിയാസ് അടുത്തെത്തിയെന്നു മനസ്സിലായി. അവർ അപ്പോഠം തന്നെ പരസ്പരം എതിക്കമായിരുന്നു. പക്ഷെ പകൽ ഏതാണ്ടു് അവസാനിച്ചു കഴിഞ്ഞു. സൂര്യൻ അസ്തമിച്ചുപോയി. അതിനാൽ പടയാളികഠം പട്ടണത്തിന്നു മുമ്പാകെ വെവ്വേറെ പാളയങ്ങളുണ്ടാക്കി താമസിച്ചു. നേരെ എതിരേയുള്ള രക്ഷാവേലികഠംക്ക പിന്നിൽനിന്നു അവർ പരസ്പരം നോക്കി.

# സന്ധിനിർദ്ദേശം

ടേണസ്സ് നഗരത്തിലേക്കു വന്നു. എല്ലാ ജനങ്ങളും അയാളെ നോക്കുകയാണ്. വേണമെങ്കിൽ ദ്വന്ദ്വയുദ്ധം ചെയ്യാമെന്നു പറഞ്ഞു വല്ലോ, അതിന്നു തയ്യാറുണ്ടോ എന്നു പ്രതീക്ഷിച്ചിട്ടാണ്. ഗർവ്വം, കോപം, ധൈര്യം, ഇവ മൂന്നുംകൂടി അയാളുടെ ഹൃദയത്തിൽ എരിഞ്ഞു. അയാൾ ശരവേഗത്തിൽ മാളികയിലേക്കെത്തി രാജാവോടു പറഞ്ഞു: "ഞാൻ കാലവിളംബം വരുത്തുന്നില്ല. ഈ ട്രോജൻ പേടിക്കൊടലന്മാർ പറഞ്ഞ വാക്കിൽനിന്നു വ്യതിചലിക്കുവാൻ കാരണമൊന്നും കാണുന്നില്ല. ഞാൻ പോകുന്നു. താങ്കൾ, താങ്കളുടെ സാന്നിദ്ധ്യംകൊണ്ടു സന്ധിവ്യവസ്ഥ ചെയ്യുന്നതു പാവനമാക്കിയാലും. ഒന്നുകിൽ ഈ ട്രോജന്മാരെ ഞാൻ ഏഷ്യയിലേക്കു പിടിച്ചുതള്ളും. അല്ലെങ്കിൽ ഏനിയാസ് ജേതാവായി ഈ നാടു ഭരിച്ചോട്ടെ, ലേവിനിയ അയാളുടെ റാണിയായ്ക്കൊള്ളട്ടെ."

ലേററിനസ്സ് ശാന്തഹൃദയനായി പ്രതിവചിച്ചു: "നല്ലതുതന്നെ: നിങ്ങൾക്കു മുന്നും പിന്നും നോക്കാത്തവിധത്തിലുള്ള ധീരതയാണ്. പക്ഷെ എന്നെസ്സംബന്ധിച്ചേടത്തോളം ഞാൻ ജാഗ്രൂകനായി, മുൻകരുതലോടെയിരിക്കണം. നിങ്ങൾക്കു നഗരങ്ങളും, വിശാലഭൂസ്ഥലങ്ങളും ഉണ്ട്. എനിക്കു സന്മനസ്സും, സ്വത്തും ഉണ്ട്. ലേററിയം നാട്ടിലും പരിസരങ്ങളിലും കുലീനകളായ തരുണികൾക്കു പഞ്ഞമില്ല. ഞാനിക്കാര്യം തുറന്നു പറയുന്നതിൽ നിങ്ങളെന്നോട്ട് മര്യാദകേടാണെന്ന് നിനച്ചു മുഷിയരുത്. ഈ വാക്കുകൾ സ്വീകരിക്കുകയും ആലോചിക്കുകയും ചെയ്യു. ഈശ്വരവചനങ്ങളും, ജ്യോതിഷന്മാരുടെ വാക്കുകളും എന്നെ, എൻെറ പുത്രിയെ ഇന്നാട്ടിലെ കാമുകന്മാക്കു വിവാഹം ചെയ്തുകൊടുക്കുന്നതിന്നെ തടഞ്ഞിട്ടുണ്ട്. എന്നിട്ടും, നാം തമ്മിലുള്ള ബന്ധുതയും, എനിക്കു നിങ്ങളോടുള്ള കൂറും, എൻെറ റാണിയുടെ തപ്താശ്രുക്കളും ആണ് വിവാഹത്തിന്നു വിലങ്ങടിച്ചു നിന്നതു്. അതിനാൽ ഞാൻ പ്രതിജ്ഞാലംഘനം തന്നെ ചെയ്തുപോയി. അതിന്നെത്തുടന്നെന്തുണ്ടായി എന്നു നോക്കുക—നാം രണ്ടുതവണ പരാജിതരായി—ടൈബർ നദിയുടെ ജലംപോലും നമ്മുടെ രക്തത്താൽ ചൂടുപിടിച്ചിരിക്കുന്നു. നമ്മുടെ അസ്ഥികൾ യുദ്ധമൈതാനത്തിൽ ചിന്തിച്ചിതറി ദ്രവിക്കുയാണ്. എന്തൊരു ഭ്രാന്തത്തരമാണവിടെ നടക്കുന്നതു്? ടേണസ് ജീവിച്ചിരിക്കുമ്പോൾ തന്നെ യുദ്ധം നിത്താൻ സാദ്ധ്യമല്ലാതിരിക്കെ, അയാൾ മരിച്ചാൽ ആരാണ് സന്ധിക്കു സമ്മതിക്കുക. നിങ്ങൾ എൻെറ കുമാരിയുടെ പാണിഗ്രഹണത്തിന്നു അർത്ഥിക്കുന്ന അതേ സമയത്തു് ഞാൻ നിങ്ങളെ മരണഗഹ്വരത്തിലേക്കയക്കുമ്പോൾ ഇറേറലിയൻ ജനത എന്തു വിചാരിക്കും?"

രാജാവിനു ടേണസ്സിൻെറ കോപം ശമിപ്പിക്കാൻ കഴിഞ്ഞില്ല. സംസാരിക്കുവാൻ കഷ്ടിച്ച വാക്കു കിട്ടിയപ്പോൾ അയാൾ പറഞ്ഞു: "മരണമാണ് അന്തിമഫലമെന്നു തന്നെയിരുന്നാലും ഞാൻ എൻെറ മാനത്തെ കാക്കട്ടെ, എൻെറ ഖഡ്ഗവും രക്തം ചിന്തുകയില്ലേ? അവൻെറ മാതാവായ ദേവത ദൂരെയായിരിക്കും. അവൾക്കു, അവൻ പരാജിതനായി പലായനം ചെയ്യുമ്പോൾ അവനെ ഒരു മേഘത്തിനുള്ളിൽ ഒളിപ്പിച്ചിരുത്തുവാനോ, തന്നെത്തന്നെ നിഴലുകളിൽ ഒളിക്കുവാനോ കഴിയുകയില്ല."

റാണി അയാളെ പിടിച്ചുനിർത്തി പറഞ്ഞു: "നീ മാത്രമാണ് ഞങ്ങളുടെ ആശ! ഞങ്ങളുടെ സാമ്രാജ്യവും. ഇതാ പതനോന്മുഖമായ ഞങ്ങളുടെ രാജകുടുംബവും നിന്നിലാണ് സ്ഥിതി ചെയ്യുന്നത്. ഈ യുദ്ധത്തിൽ നീ എല്ലാം പണയം വെക്കരുത്. നീ മരിച്ചാൽ ഞാനും മരിക്കും. ഒരു തടവുകാരിയായി പിടിക്കപ്പെട്ട് ആ നിലയിൽ എൻെറ കുമാരിയെ ഏനിയാസ് വിവാഹം ചെയ്യുന്നതു കാണാൻ ഞാൻ ഇഷ്ടപ്പെടുന്നേയില്ല."

അരികെ നിന്നിരുന്ന ലേവീനിയ അമ്മ പറയുന്നതു കേട്ട് ലജ്ജാവനതമുഖിയാവുകയും കരയുകയും ചെയ്തു. ദന്തത്തിൽ ചുവപ്പു ചായം കയററിയപോലെയുള്ള തിളക്കത്തോടെ അവൾ അങ്ങിനെ നിന്നു. ടേണസ്സ് അവളിലൊന്നു കണ്ണോടിച്ചു. വികാരങ്ങൾ കത്തിക്കാളി. അയാൾ പറകയാണ്: "അമ്മേ! കരയുകയോ! അരുത്! എൻെറ വിധിയെ നിർത്തിവെക്കാൻ എനിക്കാവില്ല. രാജദൂതാ! ഇതാ വിദേശിയും രാജദ്രോഹിയുമായ ആ താന്തോന്നിയുടെ അരികിലേക്കു ഈ സന്ദേശമെത്തിക്കുക. നാളെ

സൈന്യങ്ങൾ ശാന്തമായിരിക്കട്ടെ; യുദ്ധത്തിന്റെ പരിണാമം ഞങ്ങൾ രണ്ടു പേരുടെ പരാക്രമം കൊണ്ടുതന്നെ നിർണ്ണയിക്കാം. ലവിനയുടെ വരൻ ആരെന്നു് ആഹവരംഗം തെളിയിക്കട്ടെ."

അയാൾ മാളികയിലേക്കു കടന്നുചെന്നു. വാതായനങ്ങളിൽക്കൂടെ സൈന്യസന്നാഹത്തെ എത്തിനോക്കി—അവന്റെ അശ്വങ്ങൾ, രഥങ്ങൾ, അവന്റെ മാർച്ചട്ട, പരിച, ഉഷ്ണീഷം, ഖഡ്ഗം—വൾക്കൻ പണിചെയ്തു തന്റെ അച്ഛനു സമ്മാനിച്ച ഖഡ്ഗം. അയാൾ കുന്തമെടുത്തു് ഒന്നു ഓങ്ങിനോക്കി. അതിന്റെ സഹായത്താൽ ശത്രുവിനെ കുത്തി വീഴ്ത്തണമെന്നും, അവന്റെ മാർച്ചട്ട അടത്തിയെടുക്കണമെന്നും, കോതിയൊതുക്കി ചുരുളുകളാക്കി പരിമളദ്രവ്യം പുരട്ടിയ തലമുടിയെ ധൂളിധൂസരമാക്കണമെന്നും അയാൾ പ്രാർത്ഥിച്ചു. അയാൾക്കു ഉന്മാദബാധയുണ്ടായതുപോലെ തോന്നി. മുഖത്തുനിന്നു് അഗ്നിസ്ഫുലിംഗങ്ങൾ പറക്കുന്നതായും അനുഭവപ്പെട്ടു. യുദ്ധത്തിന്റെ പൂർവ്വപീഠികയായി നിലത്തു പാദാഘാതം ചെയ്യുകയും, കൊമ്പു കുലുക്കുകയും മുക്രയിടുകയും ചെയ്യുന്ന ഒരു ക്രൂരൻ കാളയെപ്പോലെയായി അയാൾ. അതിന്നിടയിൽ ഏനിയാസ് തന്റെ ശിബിരത്തിനുള്ളിരു, ഈ സന്ധി, യുദ്ധത്തിന്നൊരു വിരാമമിടുമെന്ന സന്തോഷത്തോടെ ഭാവിയുദ്ധത്തിനു ഒരുക്കൂട്ടുകയായിരുന്നു—സ്നേഹിതർ ചുററുപാടും ഉൽക്കണ്ഠാകുലരായി നിൽപ്പുണ്ടു്. അസ്കാനിയസ്സ് ചില അവ്യക്തമായ പേടികളോടെ വ്യാകുലപ്പെട്ടു നില്ക്കുന്നു. അവരോടെല്ലാം ഏനിയാസ് വിധിയുടെ നിശ്ചിതരൂപത്തിലുള്ള അലംഘനീയതയെപ്പററി പറഞ്ഞു. സന്ധിവ്യവസ്ഥകൾ വിശദീകരിച്ചുകൊണ്ടുള്ള സ

ന്ദേശവുമായി. അദ്ദേഹം ദൂതന്മാരെ ലോറിനസ് മന്ന
ന്റെ അരികിലേക്കു് അയച്ചു.

സായാഹ്നമായി. ഇരു ചേരികളും ദ്വന്ദ്വയുദ്ധത്തി
ന്നു വട്ടം കൂട്ടി. അവർ യുദ്ധഭൂമി അളന്നു തിട്ടപ്പെടുത്തി. ഓരോരുത്തരും താന്താങ്ങൾ പൂജിക്കുന്ന ദേവതകൾക്കു ഹോമകുണ്ഡങ്ങളുണ്ടാക്കി. മററുള്ളവർ പൂജാപീഠങ്ങളും, പൂജാദ്രവ്യങ്ങളും സമാഹരിച്ചു. വഴിയെ രണ്ടു സൈന്യങ്ങളും അണിനിരന്നു അവരവക്കു നിയോഗിച്ച സ്ഥാനങ്ങളിൽ സ്ഥലം പിടിച്ചു. രണ്ടു ചേരിയിലേയും പടത്തലവന്മാരെ അവർ ധരിച്ചിരുന്ന ചുവന്ന വില്ലീസ്, സ്വർണ്ണക്കസവുകൾ ഇവ കൊണ്ടു് വേർതിരിച്ചറിയാമായിരുന്നു. ഓരോ യോദ്ധാവും നിശ്ചിതസ്ഥലത്തെത്തിയ ഉടനെ നിലത്തു കുന്തം തറച്ചു. അതിന്മേൽ പരിച ചാരിവെച്ചു. വയസ്സന്മാരും, വനിതമാരും, ആയുധമണിയാത്തവരും, ഭിത്തികളിന്മേലും, വാതിലിന്മുകളിലും, പുരകളുടെ മേല്പുരയിലും തിങ്ങിക്കൂടി. ആൽബൻ എന്ന പേരിനാൽ ഇന്നറിയപ്പെടുന്ന ഒരു കുന്നിന്മീതെ ജൂണോ ദേവത നിന്നിരുന്നു. ആ ദേവി ടേണസ്സിന്റെ സഹോദരിയായ ജതുർണ്ണയെ അരികെ വിളിച്ചു. ജൌ, അവൾക്കു ദേവപദവി നല്കി, സരസ്സുകളുടേയും, മർമ്മരനിസ്വനം ചാർത്തി വളഞ്ഞു പുളഞ്ഞൊഴുകുന്ന ആറുകളുടേയും അധീശയാക്കീട്ടുണ്ടായിരുന്നു. "ഗന്ധവ്വകന്യകേ! കല്ലോലിനീ ലാവണ്യതിലകമേ! ഓമനേ! ഞാൻ നിനക്കു എത്ര ആത്മാർത്ഥമായിട്ടാണു് ജൌവ്വിന്റെ പ്രീതിയും, സ്വർഗ്ഗത്തിൽ ഒരു സ്ഥാനവും നേടിത്തന്നിരിക്കുന്നതെന്നു നിനക്കറിയാം. എന്നാലിപ്പോൾ നിന്റെ ദുഃഖത്തെ നീയറിഞ്ഞോ, അതിന്നു എന്നെ കുററപ്പെടുത്തുകയും

അരുത്. വിധിയും ഭാഗ്യവും അനുകൂലമായപ്പോഴൊക്കെ ഞാൻ ടേണസ്സിനേയും, അയാളുടെ നഗരത്തേയും കാത്തു രക്ഷിച്ചിരുന്നു. എനിക്കു ഈ ദ്വന്ദ്വയുദ്ധത്തെയോ, സന്ധിയെയോ നോക്കിപ്പൊറുക്കാനാവുന്നില്ല നിൻെറ സഹോദരനായിക്കൊണ്ടു നിനക്കു വല്ലതും ചെയ്യാൻ കഴിയുമെങ്കിൽ ചെയ്യുക; അതു നിൻെറ ന്യായമായ കർത്തവ്യമാണ്. ഒരു പക്ഷെ ദുരിതമനുഭവിക്കുന്നവർക്ക് ഒരു നല്ല ഭാഗധേയമുണ്ടായിക്കൂടെന്നു വരില്ലല്ലോ"—അവൾ സംസാരം നിർത്തിയ വഴിയെ ജതുണ്ണ പൊട്ടിക്കരഞ്ഞു ദീനദീനം വിലപിക്കാൻ തുടങ്ങിയപ്പോൾ ജൂണോ തടഞ്ഞു; "കരയാനുള്ള സമയമല്ലാ ഇത്; ഒരു വഴി കാണാൻ കഴിയുമെങ്കിൽ സഹോദരനെ മൃത്യുവിൽനിന്നു രക്ഷിക്കുക. അതല്ല സാദ്ധ്യമാണെങ്കിൽ സന്ധിലംഘനം ചെയ്യിച്ച് യുദ്ധം വീണ്ടും ചെയ്യുമാറാക്കുക. ഞാൻ ഈ കൃത്യത്തിൽ നിണക്കു പിന്തുണയായിട്ടുണ്ട്."

രാജാക്കന്മാരുടെ വരവായി: നാലു കുതിരകൾ പൂട്ടിയ ഒരു രഥത്തിൽ ലേററിനസ് എഴുന്നള്ളി. ദ്വാദശപങ്ക്തികളുള്ള ഒരു കിരീടമാണ്, അയാൾ ധരിച്ചിരുന്നത്. സൂര്യവംശജാതനാണെന്നു സൂചിപ്പിക്കാനായിരുന്നു അത്. രണ്ടു ശ്വേതാശ്വങ്ങളെ പൂട്ടിയ രഥത്തിൽ, പരന്നു മൂർച്ചയുള്ള രണ്ടു കുന്തങ്ങൾ ചുഴററിക്കൊണ്ട് ടേണസ് ആഗതനായി. റോമൻകാരുടെ ആദിപിതാവായ എനിയാസ് ദൈവീക കവചങ്ങളിണിഞ്ഞ്, നക്ഷത്രാങ്കിതമായ പരിച വഹിച്ച്, അസ്കാനിയസ്സിനെ ഒരുമിച്ചുകൂട്ടിക്കൊണ്ടുവന്നു. "ശുഭവേസ്ത്രാലങ്കാരച്ചേലോടു"കൂടിയ പുരോഹിതന്മാർ പുണ്യാഹം തെളിക്കുകയും, ഹോമങ്ങൾ തയ്യാറാക്കുകയും ചെയ്യുമ്പോൾ, രാജാക്കന്മാർ

വന്നുകൊണ്ടേയിരുന്നു. പൂജാപീഠങ്ങൾക്കുമുമ്പാകെ ഏനിയാസ് നഗരകൃപാണത്തോടുകൂടി ശപഥംചെയ്തു:

"ധരണീസൂര്യന്മാർ സാക്ഷിയായ്ക്കൊള്ളട്ടെ; സർവ്വശക്തനായ ജൌവ്വും, കരുണാനിധിയായ ജൂണോ മാതാവും സാക്ഷ്യം വഹിക്കട്ടെ; സമരദേവത, സാക്ഷിയായ്ക്കൊള്ളട്ടെ, പുണ്യസ്രോതസ്സുകളിലും നദികളിലും, ഉന്നതപർവ്വതങ്ങളിലും, നീലിമകോലുന്ന അഗാധ ജലാശയങ്ങളിലും കുടികൊള്ളുന്ന എല്ലാ ശക്തികളെച്ചൊല്ലിയും ഞാൻ ആണയിടുന്നു: ടേണസ്സാണ് ജയിക്കുന്നതെങ്കിൽ പരാജിതർ ഏവാണ്ടരുടെ നഗരത്തിലേക്കു മടങ്ങിക്കൊള്ളുമെന്നു സമ്മതിക്കുന്നുവെന്ന്. അസ്കാനിയസ്സ് നിങ്ങളുടെ മൈതാനങ്ങളെ ഉപേക്ഷിച്ചു പൊയ്ക്കൊള്ളും; ഏനിയാസിൻെറ കൂട്ടക്കാർ നിങ്ങൾക്കെതിരായി ഒരിക്കലും ആയുധമെടുക്കുകയില്ല. പക്ഷെ, ഞാൻ പ്രതീക്ഷിക്കുംപോലെ, ഈശ്വരശക്തി അതിനെ സ്ഥിരപ്പെടുത്തുന്നുണ്ട്—ജയം എനിക്കാണെങ്കിൽ, ഇററലി ട്രോയിൻെറ അധീനത്തിലാവണമെന്നോ, ഇററലിയിലെ മന്നവൻ എനിക്കു കീഴടങ്ങണമെന്നോ പറയുകയില്ല. പരസ്പരം കീഴടങ്ങാത്ത രണ്ടു ജനതയും ശാന്തിയോടും, സമാധാനത്തോടും അവരവരുടെ നിയമങ്ങൾക്കു വിധേയമായി വാണുകൊള്ളും. ഞാൻ പൂജിക്കേണ്ടുന്ന ദേവതമാരേയും, പൂജാരീതികളേയും വിധിക്കുമെന്നു മാത്രമേയുള്ളു. എൻെറ പിതാവായ ലേററിനസ്സിന്നു പതിവിൻപടി രാജസ്ഥാനം ഉണ്ടാവും. ട്രോജന്മാർതന്നെ എനിക്കു, ഞങ്ങളുടെ നഗരം നിർമ്മിച്ചുകൊള്ളും. ലേവിനിയ അതിന്നു് അവളുടെ പേർ കൊടുത്തുകൊള്ളട്ടെ."

ലെററിനസ്സ് ആകാശത്തേക്കു മുഖം തിരിച്ച് ദക്ഷിണഹസ്തം നീട്ടിക്കൊണ്ട് വഴിയെ പറഞ്ഞു: "അതേ ദൈവതങ്ങളെത്തന്നെ ഞാനും സാക്ഷി നിത്തുന്നു. കമ്മസാക്ഷികളായ സൂൎയ്യനക്ഷത്രങ്ങളേ, ധരണീസാഗരങ്ങളേ, നിങ്ങളെക്കുറിച്ചും സവ്വശക്തനെക്കുറിച്ചും ഞാൻ ആണയിടുന്നു; ഞാനിതാ പൂജാപീഠങ്ങളെ സ്പശിച്ചും, അജ്ഞാതശക്തികളെ സ്മരിച്ചും സത്യം ചെയ്യുന്നു, ഇററാലിയന്മാർ തമ്മിലുള്ള ഈ സഖ്യത്തിന്ന് എന്തുതന്നെ സംഭവിച്ചാലും, ഒരു സമയത്തും ലംഘനം വരാതിരിക്കട്ടെ. ഒരു ശക്തിയും, അതിന്നു സാഗരഭൂമികളെ തമ്മിൽ കലത്തിക്കൊള്ളട്ടെ, നരകസ്വഗ്ഗങ്ങളെ തമ്മിൽ കൂട്ടിക്കുഴയ്ക്കട്ടെ, എൻെറ ഈ ഉറപ്പിനെ ഇളക്കാതിരിക്കട്ടെ. വൃക്ഷത്തിൽനിന്നു മുറിച്ചെടുത്തു, ഉഴിഞ്ഞു, വെട്ടപ്പാക്കി വിദഗ്ദ്ധശില്പികൾ കാടിൽ കരകൌശലത്തോടെ പൊതിഞ്ഞു സൂക്ഷിച്ചിട്ടുള്ള ഈ ചെങ്കോലിന്ന് തളിരും, ചില്ലയും മുളപ്പിക്കാൻ എന്തുമാത്രം അസാദ്ധ്യമാണോ അത്രമാത്രം അസാദ്ധ്യമായിരിക്കും എൻെറ ഈ തീപ്പിനെ ഇളക്കുവാൻ."

ഇങ്ങിനെ നിരവധി നേതാക്കന്മാരുടെ സമക്ഷം അവർ സന്ധിയെ സ്ഥിരപ്പെടുത്തി. പുരോഹിതന്മാർ ഹോമങ്ങൾ നടത്തി. ഹോമകുണ്ഡത്തിൽ ആഹുതിദ്രവ്യങ്ങൾ കുമ്പാരമായിക്കൂടി.

# സന്ധിലംഘനം

എന്നിരിക്കിലും, ഈ യുദ്ധം തുല്യബലമുള്ളവർ തമ്മിലല്ല എന്നു തദ്ദേശീയർക്കു മുമ്പുതന്നെ തോന്നിയിരുന്നു. എതിരാളികളെ നോക്കുംതോറും അവരുടെ അഭിപ്രായം സ്ഥിരപ്പെട്ടുവന്നു. ടേണസ് പൂജാപീഠത്തിന്നരികെ വരുന്നതും പ്രാർത്ഥിക്കുന്നതും അവർ കണ്ടു. അയാൾ കാലടിയൊച്ച ഒതുക്കി നടന്നു. കവിളുകൾ വിളർത്തിരുന്നു. ജുതുർണ്ണയ്ക്കു, അവരുടെ മനസ്സിനെ പ്രക്ഷുബ്ധമാക്കുന്ന സംഗതികൾ മനസ്സിലായി. അവൾ ഉടനെ കാർമേസ് എന്നൊരാളുടെ രൂപമെടുത്തു—ഇയ്യാൾ ഒരു വലിയ കുലീനനും, യുദ്ധപ്രവീണനും ആയിരുന്നു. അയാൾ തദ്ദേശീയരുടെ അണികളിൽച്ചെന്നു നിഗൂഢമായി ഇങ്ങിനെ മന്ത്രിച്ചു: "അല്ലയോ സഖാക്കളെ, നാം ആശിക്കുന്നതെല്ലാം ഈ ദ്വന്ദ്വയുദ്ധത്തിന്റെ ജയാപജയങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്നതു് ലജ്ജാകരമല്ലേ? എണ്ണത്തിലോ, ഗുണത്തിലോ, അവരേക്കാളും എളിയ നിലയാണോ

നാം? ട്രോയ്, ആർക്കേഡിയ, എട്രൂറിയ എന്നീ മൂന്നു ജില്ലക്കാർ അവനെ തുലച്ചേ ഇരിക്കൂ എന്നു ശപഥം ചെയ്യുന്നു. പക്ഷെ, ഇക്കാണുന്ന നമ്മളിൽ പാതിപേർ യുദ്ധത്തിനു ചെന്നാൽ തന്നെ ആളോടാളു നില്ക്കുവാൻ അത്ര പേർ അവിടെയുണ്ടായിരിക്കുകയില്ല. മരണത്തിനു ബദ്ധകങ്കണനായിരിക്കുന്ന ടേണസ് വീരസ്വർഗ്ഗം പ്രാപിക്കും; അനവധി വക്ത്രങ്ങളിൽ നിന്ന് പ്രശംസ പൊങ്ങിവരും. പക്ഷെ ഇപ്പോഴും ഒന്നും ചെയ്യാതെ നോക്കിക്കൊണ്ടിരിക്കുന്ന നമ്മൾക്ക് നമ്മുടെ രാജ്യം നഷ്ടപ്പെടുകയും നമ്മെ ജേതാക്കളും, ഉദ്ധതന്മാരുമായ വൈരികൾ ചവുട്ടിത്തേക്കുകയും ചെയ്യും.”

അയാളുടെ (വേഷം മാറിയ അവളുടെ) വാക്കുകൾ അവരിൽ ഒരു മാററം വരുത്തി. ലേററിന്മാർക്കും അതനുഭവപ്പെട്ടു. ശാന്തിയും സമാധാനവും പുലർന്നു കാണണമെന്ന് എത്രയധികം കൊതിച്ചുവെന്ന് അവർ മറന്നു. ഇപ്പോൾ സമരം വേണമെന്നും, ടേണസ്സിൻെറ പേരിൽ കരുണ വേണമെന്നുമാണ് അവർക്കു തോന്നുന്നത്. ജതുർണ്ണ വളരെ വേഗത്തിൽ ഒരു ശുഭശകുനം പ്രത്യക്ഷമാക്കി. ജൌവിൻെറ വാഹനമായ ഒരു പൊൻഗരുഡൻ ഒരു ഹംസത്തെ പിന്തുടരുന്നത് അവർ കണ്ടു. പെട്ടെന്ന് അതു താഴെ പറന്നു വീണ് ഒരു രാജഹംസത്തെ തൂക്കിക്കൊണ്ടു പോയി. അപ്പോൾ എല്ലാ പക്ഷികളും കൂടി ചേക്കലക്കുകയും, ചിറകടിക്കുകയും ചെയ്ത് ഗരുഡനെ എതിർത്തു. ഒടുവിൽ അവയുടെ എതിർപ്പുകൊണ്ടും ഇരയുടെ ഭാരംകൊണ്ടും ഗരുഡൻ അതിനെ അവിടെ ഇട്ടേച്ച് കാറിന്നിടയിൽ മറഞ്ഞു.

വട്ടലിയന്മാർ ഇതു കണ്ടു് സന്തോഷാധിക്യത്താൽ ആർപ്പു വിളിച്ചു. അതിലൊരാഠം—ഒരു തുരപ്പൻ—പറഞ്ഞു: "ഇതാണു് ഞാൻ കാത്തുകൊണ്ടിരിക്കുന്ന നിമിത്തം! ദൈവേംഗിതം കണ്ടു മനസ്സിലാക്കി ഞാൻ സ്വീകരിക്കുന്നു. ഞാൻ നയിക്കാം. അത്യാർത്തിയുള്ള ഈ വിദേശീയൻ ആട്ടിയോടിക്കുന്ന പക്ഷികളെപ്പോലെയുള്ള നിങ്ങഠം എൻെറ കൂടെ വരുവിൻ! അയാഠം നാം കണ്ട ഗരുഡനെപ്പോലെ പിന്തിരിഞ്ഞു് ഓടിപ്പോവും. ഇപ്പോഠം ഐക്യമനസ്സായിരിക്കുക! ഇപ്പോഠം പിന്നിപ്പു സംത്യജിച്ചു് ഒരേ അണിയിൽനിന്നു് നമ്മുടെ രാജനെ രക്ഷിക്കാൻ യുദ്ധം ചെയ്യൂ." അവൻ മുന്നോക്കം ചാടി കുന്തമെറിഞ്ഞു. അതിൻെറ ചീററം വായുവിനെ ഭേദിച്ചു് സൈന്യത്തിന്നിടയിൽ വലിയ കോളിളക്കമുണ്ടാക്കി. ആ കുന്തം ആർക്കേഡിയക്കാരായ ഒമ്പതു സഹോദരന്മാരുടെ ഒരു സംഘം ഉണ്ടായിരുന്നതിൽ ഒരുത്തനെ കൊന്നുവീഴ്ത്തി. ഉടനെത്തന്നെ വ്യസനാംഗതരായി കുന്തം ധരിച്ച ചിലർ, ഖഡ്ഗപാണികളായ ചിലർ, അയാളുടെ സഹോദരന്മാർ എന്നിവർ അന്ധന്മാരെപ്പോലെ മുന്നോക്കം പാഞ്ഞു. അവരുടെ നേരെ എതിരാളികഠം അണിയണിയായി വന്നു. അവക്കെതിരെ ട്രോജന്മാരും, ആർക്കേഡിയരും വന്നു. കുന്തങ്ങളുടെ കൊട്ടങ്കാററുതന്നെ ഉണ്ടായി. ഇരുമ്പുമഴ പെയ്യുന്നുവോ എന്നു തോന്നി. ഹോമവും, പൂജാപീഠവും, അഗ്നികുണ്ഡങ്ങളും, തീർത്ഥപാത്രങ്ങളും തട്ടി ദൂരെയെറിയപ്പെട്ടു. ലേററിനസ് തന്നെ പലായനം ചെയ്തു. സമാധാനലംഘനമുണ്ടായേടത്തുനിന്നു് പരാജിതരായ ദേവവിഗ്രഹങ്ങളേയും എടുത്തു് അയാഠം ഓടി.

ഒന്നാമത്തെ പ്രഹരങ്ങളും അവയേററു് ഒന്നാമത്തെ കൂട്ടം പടയാളികളും വീണപ്പോഠം തലയിൽ ഉഷ്ണീ

ഷമില്ലാതെ, കവചങ്ങളും ധരിക്കാതെ ഏനിയാസ് തന്റെ കൂട്ടുകാരോട് പറഞ്ഞു: "എന്താണ് നിങ്ങൾ ചെയ്യുന്നത്! അടങ്ങിയിരിക്കൂ! സന്ധി ചെയ്തിരിക്കുന്നു. എനിക്കു, എനിക്കു, മാത്രമേ യുദ്ധം ചെയ്യാൻ അവകാശമുള്ളൂ. എനിക്കു വഴി മാറിത്തരിൻ, അതു പ്രകാരം തന്നെ ടേണസ് നരബലിയാകാൻ പോവുകയാണ്." അയാൾ സംസാരിച്ചുകൊണ്ടിരിക്കെ ഒരു അസ്ത്രം പറന്നുവന്ന് അയാൾക്കു ഏററു. അതെങ്ങിനെ വന്നു; കാററത്തു പറന്നതോ, ശത്രുസംഘം എയ്തതോ എന്നൊന്നും ആരും പറഞ്ഞില്ല. "ഞാനാണ് ശരം തൊടുത്തതെ"ന്നു പറഞ്ഞ് അഭിമാനം കൊള്ളുവാൻ ആരും ഉണ്ടായിരുന്നില്ല.

സ്വല്പനേരത്തേക്കു രാജകുമാരൻ അണിയിൽനിന്നു പിൻവാങ്ങേണ്ടതായിവന്നു. ടേണസ് അതു കണ്ടു. ഒരു പൈശാചികാശ അവന്റെ ഹൃദയത്തിൽ തങ്ങി. അയാൾ ആയുധംധരിച്ചു തേരിൽച്ചാടിക്കയറി ലഗാൻ പിടിച്ചു.

അങ്ങിനെ തീവ്രഭയങ്കരതയോടുകൂടി, എല്ലാവിധ ക്രൂരമായ കാഴ്ചകളോടുകൂടി രണം രണ്ടാമതും തുടങ്ങി. അതിന്നിടയിൽ അസ്ഥാനിയസ്സിനാലും, മററു ചില സുഹൃത്തുക്കളാലും നീതനായി ഏനിയാസ് ശിബിരത്തിലേക്കു വന്നു. അവർ അയാളുടെ അരികെ വൈദ്യവിശാരദനായിരുന്ന അയാപ്പിക്സിനെ കൊണ്ടുവന്നു. അപ്പോളോ, പണ്ടൊരിക്കൽ ഈ വൈദ്യന് തന്റെ സകലശക്തികളും, ചികിത്സാസംഹാരപ്രവചനശക്തികളെല്ലാം—ദാനം ചെയ്തിരുന്നു. പക്ഷെ അയാൾക്കു മരുന്നുകളുടേയും, ഔഷധികളുടേയും ജ്ഞാനംമാത്രം മതിയെന്നും, താൻ ഒതുങ്ങിയ രീതിയിൽ ജീവിതം നയിക്കുവാനാണാഗ്രഹിക്കുന്ന

തെന്നും പറഞ്ഞു. ഈ ജ്ഞാനശ്ലാഘകൊണ്ടു, അയാറം തന്റെ രോഗിയായ അച്ഛനെ ചികിത്സിച്ചു സുഖപ്പെടുത്താമെന്നാണ് ആഗ്രഹിച്ചത്. അയാപ്പിക്സ് അമ്പു പറിച്ചെടുക്കുവാനും അതിൽ വിരോപണൌഷധം പുരട്ടാനും പരിശ്രമിച്ചു. പക്ഷെ, പരിശ്രമം വ്യത്ഥമായി—അവനു ഉരുക്കുമുന പറിച്ചുനീക്കുവാൻ കഴിഞ്ഞില്ല. ഈശ്വരൻ ഒട്ടു സഹായവും ഉപദേശവും നല്കിയതുമില്ല. മൈതാനിയിൽനിന്നു രണകോലാഹലം ഉയൎന്നുവരുന്നതു അവരുടെ ചെവിയിൽ പതിച്ചു. അപകടം അടുത്തെത്തിയെന്നു അവർ ഉറച്ചു. അശ്വാരൂഢന്മാർ ശിബിരത്തിലേക്കു വരുന്നു, അമ്പുകൾ കൂടാരത്തോളം എത്തിപ്പോയി. അപ്പോറം വീനസ് ക്രീററ് ദ്വീപിൽ നിന്ന് ഒരു ഒറാമൂലിക പറിച്ചുകൊണ്ടു വന്നു. ഒരു മൂടൽമഞ്ഞിനെ ആവരണമാക്കി അവർ രോഗിക്കരികെ വരികയും അവിടെയുള്ള ഒരു രജതചഷകത്തിലെ വെള്ളത്തിൽ അതിനെ കശക്കി മുക്കുകയും ചെയ്തു. മാത്രമല്ല, അതിൽ അമൃതു കലത്തുകയും, സുഗന്ധദ്രവ്യം ചേൎത്തുകയും ചെയ്തു. ഇതൊന്നുമറിയാതെ തന്നെ അയാപ്പിക്സ് ആ വെള്ളമെടുത്ത് വ്രണം കഴുകി. ഉടനെ വേദന ശമിച്ചു: രക്തസ്രാവം നിലച്ചു; അമ്പു പുറത്തേക്കെടുക്കുവാൻ സാധിച്ചു. അയാപ്പിക്സ് വിളിച്ചുപറഞ്ഞു: “ഈ ചികിത്സ മനുഷ്യൻ ചെയ്തതല്ല; ഞാനല്ല നിന്നെ സഹായിച്ചത്. എന്നിലും ഉപരിയായി ഒരു ദേവൻ പരിശ്രമിക്കുന്നുണ്ട്. നീ മഹൽകൃത്യങ്ങറം ചെയ്യണമെന്നു ഉദ്ദേശിച്ചാണ് നിന്റെ വ്രണവിരോപണം ചെയ്തിരിക്കുന്നത്.” വീണ്ടും ആയുധപാണിയായപ്പോറം എനിയാസ് തന്റെ പുത്രനെ പുണൎന്നുകൊണ്ട് ഇങ്ങിനെ പറഞ്ഞു: “എന്റെ അനുഭവങ്ങളിൽനിന്നു നീ പഠിക്കുക. ശിബിരങ്ങളിൽ ദുരിതം സഹി

കുവാനും, രണക്ഷേത്രത്തിൽ ധീരതയോടെ പൊരുതുവാനും, നിനക്കു എന്നേക്കാൾ ഭാഗ്യമുള്ള ഭാവിയാണ്. ഇന്നു നിൻെറ ഇളയ മേനിയെ ഞാൻ കാത്തു രക്ഷിക്കാം. യുദ്ധത്തിൽ വിജയകീൎത്തി നേടാം. നീ പ്രായംചെന്നു യുദ്ധക്ഷേത്രത്തിലേക്കു ചെല്ലുമ്പോൾ, എൻെറ യോഗ്യതയെ നീ സ്മരിക്കണം; നിൻെറ ജന്മാവകാശത്തെ സ്ഥിരമാക്കണം: ഹെക്ടരുടെ മരുമകനും, ഏനിയാസിൻെറ മകനുമാണ് നീയെന്നു തെളിയിച്ചു കാണിക്കണം!"

അയാൾ ശിബരത്തിൽനിന്നു കുതിച്ചോടി. അനുയായികൾ പിന്തുടൎന്നു. ശിബിരം ശൂന്യമായി. അയാളെക്കണ്ടപ്പോൾ ശത്രുനിരയിൽ ഭയപ്പാടാകുന്ന തടിയില്ലാതട്ടിയപോലെയായി. ജലദേവതയായ ജതൂൎണ്ണ ആഗമസ്വരംകേട്ടു പേടിച്ചുരണ്ടു ഓടിപ്പോയി. ആപ്പു വിളിച്ചുകൊണ്ട് അയാൾ വന്നു. ചിന്നിച്ചിതറിയ ട്രോജന്മാർ വീണ്ടും അണിചേൎന്നു അവർ ശക്തിയായ ആക്രമണം നടത്തി. പടനായകന്മാർ എതിൎസംഘനേതാക്കന്മാരെ പ്രഹരിച്ചുവീഴ്ത്തി. അവിടെ ആദ്യം കുന്തപ്രയോഗം നടത്തിയ ടൊലൂമ്നിയസ് മറിഞ്ഞുവീണു. വൈരികളുടെ അണിമുറിഞ്ഞു; അവർ പിൻവാങ്ങാൻ തുടങ്ങി. മൈതാനത്തിന്മീതെ ധൂളീപടലം തുങ്ങിത്തൂങ്ങി നിന്നു പക്ഷെ, ഓടിപ്പോകുന്നവനെയോ, ശരണാഗതനെയോ, ഹനിക്കുവാൻ ഏനീയാസ് തുനിഞ്ഞില്ല. ആ ജനക്കൂട്ടത്തിന്നിടയിൽ അയാൾ ടേണസ്സിനെ—അയാളെ മാത്രം തിരഞ്ഞു നടന്നു.

പേടികൊണ്ടു് പരിഭ്രാന്തയായി ജതൂൎണ്ണ സഹോദരൻെറ രഥത്തിൽ ചാടിക്കയറി. അവൾ സാരഥിയെ താഴെത്തള്ളിയിട്ടു് അയാളുടെ വേഷം കൈക്കൊണ്ടു. പി

ന്നെ അവർ ശത്രുക്കളുടെ ഇടയിലൂടെ രഥം തെളിച്ചു. ടേണസ്സിന്റെ പരാക്രമം മാത്രം പ്രദർശിപ്പിച്ചും, അപമൃത്യുകളുടെ ഉള്ളടത്തുനിന്ന് അവനെ രക്ഷിച്ചും അവർ രഥം നിയന്ത്രിച്ചു. ഏനിയാസ് അവനെ കണ്ടു, അവന്റെ പിന്നാലെ ഓടി ഉറക്കെ വിളിച്ചു. പക്ഷെ അയാൾ വേഗതയിൽ ഓടിയതനുസരിച്ച്; കൂടുതൽ വേഗത്തിൽ സാരഥി തേർ തെളിച്ചു. ഒടുവിൽ ഏനിയാസ് ആ ഓട്ടം പിടിക്കുക തല്ക്കാലം വേണ്ടെന്നുവെച്ചു. അശ്വങ്ങളും, രഥവും ഓടിപ്പോകുന്നത് സകോപം ഒരല്പിട നോക്കിനിന്നശേഷം, അയാൾ പ്രധാന യുദ്ധരംഗത്തിലേക്ക് തിരിച്ചുവന്ന് ആരംഭേദമെന്നിയേ വെട്ടിവീഴ്ത്തുവാൻ തുടങ്ങി.

രണ്ടു രാഷ്ട്രങ്ങളുമായുള്ള ദീർഘകാലസന്ധി ഇങ്ങിനെയുള്ള രണോന്മാദത്തിൽക്കൂടിയാവണമെന്നാണോ ഈശ്വരാ അങ്ങയുടെ അഭിമതം? ഇരു ചേരിയിലും ആ മഹാരഥന്മാർ മരണം വിതറി. പക്ഷെ ഏനിയാസ് സഞ്ചരിക്കുന്നേടത്ത്, അമ്മയുടെ പ്രേരണയാൽ ഒരു നവീനചിന്തയ്ക്കധീനനായി. അണിമുറിഞ്ഞ വിടവിലൂടെ നഗരം ശാന്തമായും, ഉപദ്രവമേല്ക്കാതെയും സ്ഥിതിചെയ്യുന്നത് അദ്ദേഹം കണ്ടു. അതിനെ കൂടുതൽ ഭയങ്കരമാക്കണമെന്ന ചിന്ത അവനിലുദിച്ചു. അയാൾ ഉപനായകന്മാരെ വിളിച്ചു ഒരിടത്തു കൂട്ടി, അല്പം ഉയർന്ന ഒരു കുന്നിൽ നിന്ന് അവരോട് പറഞ്ഞു: "ഞാൻ പറയുന്നതു ശ്രദ്ധവെച്ചു കേൾക്കുക. ജൗ നമ്മുടേ കൂടെയാണ്. ഇന്നവർ കീഴടങ്ങുകയും, നാം ജേതാക്കളെന്ന സമ്മതിച്ചു നമ്മുടെ ആജ്ഞയനുസരിക്കുകയും ചെയ്തില്ലെങ്കിൽ ഞാൻ നഗരമാകെ ചുട്ടു ഭസ്മമാക്കും. അവർ ഇങ്ങോട്ടുവന്നു വീണ്ടും യുദ്ധം ചെയ്യുന്നതുവരെ കാത്തുനില്ക്കണമെന്നുണ്ടോ? ഈ

ശപ്തമായ യുദ്ധത്തിന്റെ ആദിമൂലം ഈ സ്ഥലംതന്നെ
യാണ്. ചൂട്ടുകൾ കൊണ്ടുവരിക. നാം സ്വീകരിച്ച ആ
സന്ധിയെ അഗ്നി വീണ്ടെടുത്തു തരട്ടെ."

അയാൾ പറഞ്ഞതു അവർ അനുസരിച്ചു. ഒരു മഴ
വിൻതലപോലെ അവർ നഗരഭിത്തികളെ ആക്രമിച്ചു.
പെട്ടെന്നു കോണി ചാരിവെച്ച് ചൂട്ടുകളുമായി അവർ
കയറി, ചില സംഘങ്ങൾ വാതിലുകളിൽ എതിർപ്പു നട
ത്തി. അവിടെനിന്നവരെ വെട്ടിവീഴ്ത്തി. മററുള്ളവർ ഭി
ത്തികൾക്കു മീതെക്കൂടി കുന്തമെറിഞ്ഞു നാശം വരുത്തി.
ഏനിയാസ്, തന്റെ കൈ മേലോട്ടുയർത്തി, തങ്ങളെ
രണ്ടുപ്രാവശ്യവും ലേററിന്മാർ വഞ്ചിക്കയാണുണ്ടായതെ
ന്നതിന്നു ഈശ്വരൻ സാക്ഷിയാണെന്നു പറഞ്ഞു. പട്ട
ണത്തിന്നുള്ളിലോ അന്തഃഛിദ്രവും ലഹളയും. ഒരു കൂട്ടർ
ട്രോജന്മാർക്കു വാതിൽ തുറന്നുകൊടുക്കണമെന്നു പറഞ്ഞു
രാജാവിനെത്തന്നെ കോട്ടവാതിലുകളിലേക്കു വലിച്ചു
കൊണ്ടുപോന്നു. മറെറാരു കൂട്ടർ ചെറുക്കണമെന്നും,
ധീരതയോടെ പൊരുതണമെന്നും പറഞ്ഞു. ഈ അരാജ
കത്വത്തിന്നിടയിൽ നിർഭാഗ്യാതിരേകത്തിന്റെ ഒരു കഠി
നാഘാതം കൂടി ആ പട്ടണത്തിന്നേല്ക്കേണ്ടിവന്നു. കോട്ട
മതിലിന്മേൽ ശത്രുക്കൾ ആക്രമിക്കുന്നതും, ചൂട്ടുകളെരിച്ച്
പുരകളുടെ മീതെ എറിയുന്നതും റാണിക്കു മുകളിലുനിന്നു
കാണാമായിരുന്നു. പക്ഷെ റൂട്ടലിയന്മാരുടെ സംഘം
യുദ്ധം ചെയ്യുന്നത് അവൾക്കു കാണാൻ കഴിഞ്ഞില്ല.
ടേണസ് യുദ്ധരംഗത്തിൽ മരിച്ചുകഴിഞ്ഞിട്ടുണ്ടായിരിക്കു
മെന്നു അവർ നിനച്ചു. അവരുടെ കഠിനവ്യഥ മനസ്സി
നെ ബാധിക്കാൻ തുടങ്ങി. അവൾ ഉന്മാദിനിയായി കര
യുവാൻ തുടങ്ങി; ഈ കഷ്ടപ്പാടുകൾക്കെല്ലാം, പാപത്തി
ന്നെല്ലാം നിദാനം താനാണെന്നു പറഞ്ഞു കൂക്കിവിളിച്ചു.

അവളുടെ അരുണനിറമായ ഉത്തരീയത്തിൽനിന്നു ഒരു കഷ്ണം ചീന്തിയെടുത്തു് അതിനാൽ ഒരു ഉത്തരത്തിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്തു. മററു സ്ത്രീകൾ ഇതു കണ്ടെത്തിയപ്പോൾ വിലാപത്താൽ മാളിക മുഴക്കി. ലേവിനിയ അമ്മയുടെ മരണമോർത്തു് അശ്രുധാര ചൊരിഞ്ഞു. ലേററിനസ്സാകട്ടെ, പത്നിയുടെ വിയോഗവും, പട്ടണത്തിൻെറ നാശവും നിമിത്തം ഹൃദയം പൊട്ടി, ഉടുപ്പു കീറിപ്പറിക്കാനും, തലമുടിയുടെ വെള്ളിയിഴകളിൽ പൂഴി വാരിയിടാനും തുടങ്ങി.

---

## ടേണസ് ഹതനായി

ടേണസ് രണരംഗത്തിൻെറ അതിർത്തിയിൽമാത്രം സഞ്ചരിച്ച് ഒററപ്പെട്ടുപോകുന്നവരെമാത്രം സംഹരിക്കുകയായിരുന്നു. പക്ഷെ, ക്രമേണ ഉത്സാഹം കുറയുന്നതായും, രഥത്തിൻെറ വിജയകരമായ ഗതിക്കനുസരിച്ച് പരാക്രമം കാണിക്കാൻ സാധിക്കാതെവരുന്നതായും അവനു അനുഭവപ്പെട്ടു. നാശോന്മുഖമായ ആ നഗരത്തിൽനിന്ന് ഒരു ദീനരോദനം ചെവിയിൽ തുളഞ്ഞുകയറി. അജ്ഞാതമായ ഒരു ഭയം അവനെ പിടികൂടി. കടിഞ്ഞാൺ പിടിച്ചുനിർത്താൻപറഞ്ഞിട്ട് അയാഠം ചോദിച്ചു: "എന്താണാ ശബ്ദം?" അപ്പോഴും സാരഥിയുടെ രൂപത്തിലുള്ള സോദരി പറഞ്ഞു: "ടേണസ്, ഇതാ നമ്മുടെ സമുചിതസ്ഥാനം; മററുള്ളവർ പട്ടണത്തെ രക്ഷിച്ചോട്ടെ. ഏനിയാസ് പൂർണ്ണസേനാശക്തിയോടെ ഇററലിക്കാരെ എതിർക്കുന്നു. പക്ഷെ ഇവിടെയും അതിൽനിന്നൊട്ടും കുറയാത്ത നാശനഷ്ടങ്ങഠം വരുത്താൻ നമുക്കു കഴി

യും. യുദ്ധമവസാനിക്കുമ്പോഠം നിൻെറ കീൎത്തിയും, നീ കൊന്നവരുടെ സംഖ്യയും അവൻറത്രതന്നെ മഹത്താ യിരിക്കും.”

ടേണസ്:—സഹോദരീ! ഞാൻ നിങ്ങളെ അപ്പോ ഴെ വേർതിരിച്ചറിഞ്ഞിരിക്കുന്നു. ആദ്യം സന്ധിലംഘന ത്തിന്നു ഹേതുഭൂതയായപ്പോഠം—യുദ്ധത്തിൽച്ചേരുവാൻ നിങ്ങഠം ആദ്യം മുതിൎന്നപ്പോഠം—ഇപ്പോഴും നിങ്ങളുടെ ദിവ്യത്വം അത്ര തീക്ഷ്ണമായിത്തന്നെ ജ്വലിക്കുന്നു. പ ക്ഷെ ദേവപദവിയിൽനിന്ന് ഈ കൃത്യം ചെയ്യുന്നതിന്ന് വരാനായി ആർ നിങ്ങളോടു പറഞ്ഞു? നിങ്ങളുടെ സോദ രൻെറ മരണം കാണണമെന്നു നിങ്ങഠം ആഗ്രഹിച്ചുവോ? ഇപ്പോഠം ഞാനെന്തു ചെയ്യണമെന്നാണ് നിങ്ങളുടെ അഭിമതം? ഇനി ഏതൊരു രക്ഷാസ്ഥാനം കിട്ടുമെന്നാ ണ് ആശ? എൻെറ സഖാക്കഠം മരിക്കുന്നതു് ഞാൻ കണ്ടിരിക്കുന്നു. ഇനി അവരുടെ വീടും തകൎന്നു മണ്ണടി യുന്നതു് കാണണമോ? അതൊന്നല്ലേ ബാക്കിയുള്ളു? ടേണസ് തോററു പാലായനം ചെയ്യുന്നതു കാണണമോ? മരിക്കുന്നതു അത്ര കട്ടപ്പമാണോ? പാതാളത്തിലെ ദേവ ന്മാരേ! എന്നിൽ കരുണ കാണിക്കുക. ദേവലോകത്തി ലെനിക്കു രക്ഷയില്ലാതായി. ഞാനിനു വരുന്നതു് കൃത കൃത്യനായി, കീൎത്തിക്കു കളങ്കംവരാതെ എൻെറ പുരാത നന്മാൎക്ക് അവമാനഹേതുവാകാതെയാണ്.”

അയാഠം പറഞ്ഞവസാനിച്ചപ്പോഴെക്ക് രണരംഗ ത്തിൽനിന്ന് മുഖം മുഴുവൻ രക്തമണിഞ്ഞു്, കുതിരയുടെ വായിൽനിന്ന് നുര പൊങ്ങിച്ച് ഒരാഠം ഓടിയെത്തി. “ടേണസ്സ്! ഞങ്ങളെ സഹായിക്കുക. നിങ്ങളാണ് ഞങ്ങളുടെ ഏകാശ. ഏനിയാസ് നഗരത്തിലെ പുരക

ളെയെല്ലാം ചുട്ടെരിക്കുമെന്നു ശപഥം ചെയ്യുന്നു. ചില പുരയിടങ്ങൾ കത്തിക്കഴിഞ്ഞു. ഞങ്ങളുടെ ആശ മുഴുവനും നിങ്ങളിലാണ്. ലേററിനസ് സംശയിക്കാൻ തുടങ്ങിയിരിക്കുന്നു. രാജ്ഞിയോ, സ്വകൃത്യംകൊണ്ടുതന്നെ പരലോകം പ്രാപിച്ചു. ആക്രമണം തടുത്തുനില്ക്കുന്നത് മെസ്സാപ്പസ്, ആററിനാസ് എന്ന രണ്ടു നേതാക്കളാണ്. നിങ്ങളാണെങ്കിലോ ഇവിടെ ഒഴിഞ്ഞ മൈതാനിയിൽ ഒരു ഒഴിഞ്ഞ രഥത്തിൽ സവാരിചെയ്യുന്നു!"

ഈ അഭ്യർത്ഥന കേട്ട് ടേണസ്സിൻെറ ആത്മാവ് വികാരതരളിതമായി. ലജ്ജ, ആധി, കോപം, ധൈര്യം ഇവ ചേർന്ന മിശ്രവികാരം അയാളെ അധീനനാക്കി. വെറും വികാരപാരമ്യംകൊണ്ട് തെല്ലിടനേരത്തേക്കു അയാൾ അന്ധനായി. അതിൽനിന്നു വിമുക്തനായി ദൃഷ്ടി പട്ടണത്തിലേക്കു തിരിച്ചപ്പോൾ, അവിടെ ഒരു ഗോപുരത്തിൽനിന്ന് അഗ്നിശിഖ പൊങ്ങിവരുന്നത് കണ്ടു. അയാൾ പറഞ്ഞു: "സോദരി, വിധി, നമുക്കു തടുക്കാനാവതല്ലാത്ത ശക്തിയിൽ വലയം ചെയ്തിരിക്കുന്നു. പുതിയ വിളംബങ്ങൾ ഉണ്ടാക്കാൻ ഇനി ശ്രമിക്കരുത്. നിഷ്ഠുരനിയതി നമ്മെ നയിക്കട്ടെ. മരണത്തിലെന്തു തന്നെ കാക്ശ്യമിരുപ്പുണ്ടെങ്കിലും, എനിക്കു ഒന്നു മാത്രമേ ബാക്കിയുള്ളു. ഏനിയാസിനോടു മല്ലിടുക; മരിക്കുക. ഇനിമേൽ ഒരിക്കലും എന്നെ അപമാനത്തിൽ കാണുകയില്ല."

അയാൾ രഥത്തിൽനിന്നു ചാടി. നഗരത്തിലേക്ക്, യുദ്ധകോലാഹലത്തിലേക്ക് ഓടി. പടയാളികളുടെ അണികളെ അയാൾ മുറിച്ചു കടന്നു. തിരക്കു ഏററവും അ

ധികമായിരുന്ന ഭിത്തികൾക്ക നേരെ താഴെ എത്തി അലറി: "റട്ടലിയന്മാരെ മതി: ലേററിന്മാരെ മതി! എല്ലാ ഭാഗ്യവും കൈക്കൊള്ളവാൻ ഇതാ ഞാനുണ്ട് ഇവിടെ. സന്ധിലംഘനം ചെയ്ത പാപത്തിന്ന് പ്രായശ്ചിത്തം ഞാനാണു ചെയ്യേണ്ടതെന്നത് ന്യായമാണ്; എന്റെ കരവാൾ അത് തീർച്ചയാക്കട്ടെ."

എനിയാസ് ഈ ശബ്ദം കേട്ട് ഭിത്തികളിന്മേലുള്ള എതിർക്കൽ നിർത്തി അങ്ങോട്ട പാഞ്ഞു. സന്തോഷംകൊണ്ടു തുള്ളുന്ന ഹൃദയത്തോടുകൂടി അയാൾ ത്വരിതഗമനം ചെയ്തു. ഞെട്ടിത്തരിച്ചുപോയ രണ്ടു സേനകൾ ഒഴിവാക്കിക്കൊടുത്ത സ്ഥലത്ത് അവർ ദ്വന്ദ്വയുദ്ധത്തിന്ന് ഒരുമ്പെട്ടു. ആദ്യം തെല്ലു ദൂരത്തുനിന്നു അവർ കുന്തമെറിഞ്ഞു. പിന്നീട് നഗ്നകൃപാണങ്ങളെടുത്ത് അടുത്തു മുട്ടി. ജൌ ആദ്യം തുലാസ്സിൽ അവരുടെ രണ്ടുപേരുടേയും തട്ടുകൾ സമനിലയിൽ നില്ക്കുന്നതു കണ്ടു. അദ്ദേഹമാണല്ലൊ ഒരു തട്ടിൽ തൂക്കം കൂട്ടി വിധിയെന്തെന്നു നിശ്ചയിക്കാൻ.

ടേണസ്സിന്നു നിർഭാഗ്യമുദിച്ചു. അയാൾ നല്ലപോലെ ഓങ്ങി ചാടിയൊരു പ്രഹരം കൊടുത്തു. വാളിന്റെ അലക് മുറിഞ്ഞുപോകയും പിടി മാത്രം ബാക്കിയാവുകയും ചെയ്തു. അതിവേഗത്തിൽ അയാൾ പിന്നോക്കം രക്ഷക്കായി ഓടിത്തുടങ്ങി. രഥത്തിൽനിന്നു താഴെച്ചാടിയപ്പോൾ ഒരു പ്രമാദം ഹേതുവാൽ തന്റെ ഖഡ്ഗത്തിന്നു പകരം സാരഥിയുടെ ഖഡ്ഗമെടുത്തുവെന്നാണ് പറയപ്പെടുന്നത്. ആ വാൾ വൾക്കനുണ്ടാക്കിയ പരിചയോടേററ് മുറിഞ്ഞു തുണ്ടായിപ്പോയി. അങ്ങിനെ ടേണസ് രണ്ടു ട്രോജൻ സൈന്യനിരകൾക്കും, നഗരത്തിന്റെ

ഭിത്തി, എതിരായ കൎദ്ദമപ്രദേശം എന്നിവയ്ക്കു ഇടയിൽ കുടുങ്ങി, ഓടിത്തുടങ്ങി. ഏനിയാസ് പിന്നാലെയും.

ആദ്യത്തെ കുന്തപ്രയോഗത്തിൽ ഏനിയാസിൻെറ കുന്തം ഒരു വൃക്ഷത്തിൻെറ കുററിയിന്മേൽ തറച്ചുപോയിരുന്നു. ടേണസ്സിൻെറ പിന്നിലോടി അയാളെ വാൾപ്പയററിനു നിബ്ബന്ധിക്കാൻ തരമില്ലാതെ വരുന്നുവെന്നു കണ്ടപ്പോൾ ഏനിയാസ് കുന്തം പറിച്ചെടുക്കാൻ പരിശ്രമിച്ചു. പക്ഷെ ആ വൃക്ഷം വനദേവതയായ ഫാണസ്സിന്നു നേൎന്നുവിട്ടതാണെന്നറിഞ്ഞ ടേണസ് ഇങ്ങിനെ പ്രാൎത്ഥിച്ചു: "ദേവി! ദയയുണ്ടാകണേ! ധരണീമാതാവേ! അതിനെ കൊടുക്കരുതേ!" അവർ സഹായിച്ചതിനാൽ കുന്തം എളുപ്പത്തിൽ എടുക്കാൻ കഴിയുന്നില്ലെന്നു് ഏനിയാസു് കണ്ടു. അങ്ങിനെ അതിൽ വലിച്ചുകൊണ്ടിരുന്നപ്പോൾ ജുതൂൎണ്ണം സാരഥിയുടെ വേഷത്തിൽത്തന്നെ വന്നു് അയാൾക്കു അയാളുടെ വാൾ തിരികെ കൊടുത്തു. വീനസ് ഇതു കണ്ടു. ആ ഗന്ധൎവ്വകന്യകയ്ക്കുള്ള സ്വാതന്ത്ര്യം ഓൎത്തു് താൻ തന്നെ കുററിയിൽനിന്നു കുന്തം പിടുങ്ങിയെടുത്തു. രണ്ടു കൂട്ടരും ഇങ്ങിനെ വീണ്ടും ആയുധപാണികളായി. രണ്ടുകൂട്ടരും പരസ്പരം അഭിമുഖമായി നിന്നു.

അതിന്നിടയിൽ, ഒരു മേഘത്തിൽ മറഞ്ഞിരുന്നു് ഈ സമരമൊക്കെ നോക്കിയിരുന്ന ജൂണോവിനോടു് സൎവ്വശക്തനായ ജൌ പറഞ്ഞു: "പ്രിയതമേ! ഇനിയെന്താണു് ബാക്കി? ഏനിയാസിന്നു അമരത്വം വിധിച്ചിട്ടുണ്ടെന്നു അറിയുകയില്ലേ? ഇനിയെന്തു ചെയ്യണമെന്നാണു് ആശ? ടേണസ്സിന്നു ഖഡ്ഗം മടക്കിക്കൊടുക്കേണ്ടിയിരുന്നുവോ? എൻെറ അഭ്യൎത്ഥനയ്ക്കു സമ്മതം മൂളുക. ഈ വ്യസന മഹാതിമിരത്തിൽ ഇനിയും ഉഴലാതിരിക്കു! അന്ത്യം

സമീപിച്ചു. കരയിലും, കടലിലും, ട്രോജന്മാരെ നീ ആവു ന്നത്ര ദ്രോഹിച്ചു; നീ ഒരു സമരം സൃഷ്ടിച്ചു; ഒരു വിവാഹത്തെ വഷളാക്കി. ഇനിയും അധികം യതിക്കരുതെന്നു് നാം കല്പിക്കുന്നു"

ആ ദേവി മറുപടിയായി പറഞ്ഞു: "അങ്ങയുടെ ഇച്ഛയെ മാത്രം മാനിച്ചായിരുന്നില്ലെങ്കിൽ ഞാനിപ്പോഠം ഭൂമിയിൽച്ചെന്നു് അവിടെ യുദ്ധരംഗത്തിലായിരിക്കും. ജുതുണ്ണയെ പ്രേരിപ്പിച്ചതു ഞാൻ തന്നെയെന്നു് സമ്മതിച്ചു. അങ്ങിനെതന്നെയാകട്ടെ—ഞാൻ അനുസരിക്കാം. ഞാൻ മത്സരം നിത്തുന്നു. സമാധാനം സ്ഥാപിതമായാൽ, വിവാഹം അതിനെ തിട്ടപ്പെടുത്തുമ്പോഠം, രണ്ടു വഗ്ഗങ്ങളും മിത്രങ്ങളായാൽ, ലേററിന്മാർ അവരുടെ വഗ്ഗനാമവും, ഭാഷയും വേഷവും ഉപേക്ഷിക്കണമെന്നു് നിർബ്ബന്ധിക്കരുതു്. ഒരു ലേററിയം അവിടെ ബാക്കിയിരിക്കട്ടെ—ഇററലിക്കാരുടെ ധീരതകൊണ്ടു് റോം ശക്തിയാജ്ജിക്കട്ടെ. ട്രോയ് മൃതിപ്പെട്ട, അതു അതിൻെറ പേരോടുകൂടി എന്നെന്നേക്കുമായി നശിക്കട്ടെ."

സവ്വശക്തൻ പുഞ്ചിരിതൂകീട്ടു് പറഞ്ഞു: "ദേവീ! എന്തു കഠിനമാണു് നിങ്ങളുടെ ദേഷ്യം! പക്ഷെ ഞാൻ സമ്മതിച്ചു കളയാം! നിൻെറ ഇഷ്ടം മാതിരി ആകട്ടെ. ഞാൻതന്നെ ആ പുതിയ സന്ധിയുടെ ചടങ്ങുകളേതെന്നു വിധിക്കാം. ഞാനവക്കു ഒരു ഭാഷ കൊടുക്കാം. അവരെല്ലാവരും ലേററിന്മാരാകട്ടെ—മററാരും ഭക്തിയിൽ, നിന്നോടുള്ള ഭക്തിയിൽ—അവരെ അതിശയിക്കാതിരിക്കട്ടെ." ജൂണോ, അതുകേട്ടു്, അനുസരിച്ചു്, തൻെറ അഭിപ്രായം മാററി.

ജഗൽപിതാവ് ജതൂണ്ണയെ അവളുടെ സഹോദര നിൽനിന്നു പിൻവാങ്ങുന്നതിന്നു നിർബ്ബന്ധിക്കുവാൻ തീച്ച്യാക്കി. അതിന്നായി അയാറം അവസരസേവകരായ ഫ്യൂറിസിലൊരാളെ ഭൂമിക്കയച്ചു. അവറം ഉടനെ വായുമണ്ഡലത്തിലൂടെ പറക്കുകയും, രണ്ടു സേനകളുടേയും മദ്ധ്യത്തിലെത്തിയപ്പോറം തൻെറ വേഷം മാററി ഒരു വേഷം കൈക്കൊള്ളുകയുംചെയ്തു. അതു് ടേണസ്സിൻെറ മുമ്പിൽ അങ്ങോട്ടും ഇങ്ങോട്ടും പറന്നു. ചിറകുകൊണ്ട് അയാളുടെ പരിചയിലടിച്ചു. ഒരു അഭ്രതപൂവ്വമായ വിറയൽ അയാറംക്കു പിടിപെട്ടു. ഒരു ഭയങ്കരമായ പേടിയും. ജതൂണ്ണയ്ക്കു ഈ നിമിത്തത്തിൻെറ അത്ഥം മനസ്സിലായി; അവറം നിരാശതയിൽ ഉറക്കെരയുവാൻ തുടങ്ങി. "എനിക്കു ജൌവ്വിൻെറ വാക്കുകറം അറിയാം. അഹോ! അദ്ദേഹം എന്തിനാണിനിക്ക് അമരത്വമേകീയതു്? ഞാൻ മനുഷ്യനാണെങ്കിൽ, സോദരാ, എനിക്കു നിങ്ങളുടെക്കൂടെ മരിക്കാമായിരുന്നു. നിങ്ങളെക്കൂടാതെ എനിക്കു ജീവിതത്തിലെന്തു സന്തോഷമാണുള്ളതു്? എന്നെ സ്വീകരിക്കാൻ തക്കവണ്ണം ധരിത്രി അത്ര ആഴത്തിൽ എങ്ങിനെ വളരും? ദേവിയായ ഞാൻ പാതാളലോകത്തിലേയ്ക്കു യാത്രചെയ്യുമോ?" ഇങ്ങിനെ പറഞ്ഞ് അവറം അവളുടെ ചാരവണ്ണമായ ഉത്തരീയത്തിൽ മൂടുകയും കരഞ്ഞുകൊണ്ടു് ദിവ്യശരീരത്തെ നദിയിലെറിയുകയുംചെയ്തു.

:

കുന്തം ചുഴററിക്കൊണ്ടു് ഏനിയാസ് പറഞ്ഞു "ടേണസ്സ്! ഇനി നീ എന്തുപായത്തായലാണ് കാലവിളംബം ചെയ്യിക്കുക? നീ എന്തു രൂപത്തിൽ മാറും? നീ ഉച്ചത്തിലുള്ള നക്ഷത്രത്തിലേക്കുയരുമോ? ഭൂഗർഭത്തിലേക്കു താഴുമോ? ,ടേണസ്—ഞാൻ നിന്നെയല്ല പേടിക്കുന്നതു്.

ദേവന്മാരേയും, ജൌവ്വിൻെറ ശത്രുതയേയും ഞാൻ ഭയപ്പെടുന്നു.''

നിരാശയുടെ അത്യഗാധതയിലെത്തി അയാഠം ഒരു വലിയ പാറക്കഷ്ണം പൊക്കിയെടുത്തു. ഇന്നത്തെ പന്ത്രണ്ടാഠം വിചാരിച്ചാൽ അതിനെ പൊക്കുവാൻപോലും കഴികയില്ല. അയാഠം മുന്നോക്കം ഓടി അതിനെയെറിഞ്ഞു. പക്ഷെ ഓടിയപ്പോഠം അയാളുടെ മുട്ടുകഠം വിറച്ചു. രക്തം തണുത്തു. പാറ ലാക്കുതെററി വെറുതെ നിലത്തുവീണു. ഇപ്പോഠം മത്സരേർഷ്യാകോപങ്ങഠം അവനെ വലയ്ക്കുവാൻ തുടങ്ങി. അയാഠം നിസ്സഹായനായി; ആശ വെടിഞ്ഞു, ചുററും നോക്കിസംശയിച്ചു. ആഗതമാവുന്ന മരണത്തെയോർത്തു വിറച്ചു.

ഏനിയാസ് ഭാരിച്ച കുന്തം അവൻെറ നേക്കെറിഞ്ഞു. അതു പരിചയേയും, ഉടുപ്പിനേയും തുളച്ച് തുടയിൽ തറച്ചുകേറി. കാലിന്നു ബലംചോരാതെ ടേണസ് നിലത്തുവീണു. സ്വപക്ഷക്കാർ വ്യസനത്താൽ ഞരങ്ങി. മലയും കാടുകളും അതിനെ മാറെറാലിയാൽ ദൂരെ വ്യാപിപ്പിച്ചു. ടേണസ്സ് തൻെറ മീതെ നില്ക്കുന്ന ഏനിയാസിനെ നോക്കി: ''എനിക്കു അഹ്തയുള്ളതു സ്വീകരിക്കാൻ ഞാൻ മടിക്കുന്നില്ല. നിൻെറ ഭാഗ്യത്തെ ഉപയോഗപ്പെടുത്തിക്കൊള്ളു. പക്ഷെ നിങ്ങഠംക്കു അൻകിസെസ് എന്നപോലെ എനിക്കുമൊരു പിതാവുണ്ട്. അയാളുടെ മനോവേദനേ നിന്നെ തരളഹൃദയനാക്കുമെങ്കിൽ, എൻെറ ഉയിരററ പിണത്തെ അദ്ദേഹത്തിന്നെത്തിച്ചു കൊടുക്കുക. നിങ്ങഠം ജേതാവായി. ഈ കൈകഠം പരാജയസൂചനയായി നീട്ടുന്നതു് ഇററലിക്കാർ കണ്ടുകഴിഞ്ഞല്ലോ: ലെവീനീയ നിങ്ങളുടെയാണ്: വെറുപ്പ് അവസാനിക്കട്ടെ.''

ഏന്നിയാസ് കവചിതഗാത്രനായി അവിടെനിന്ന് ഇതു കേട്ടു; സംശയിച്ചു. ടേണസ്സിൻെറ വാക്കുകൾ അയാളെ സംശയത്തിൽ ഉന്തിവിടുകയായിരുന്നു. പക്ഷേ ഉടനെ തന്നെ ടേണസ് ധരിച്ചിരുന്ന പല്ലാസിൻെറ അരപ്പട്ടയിൽ അവൻെറ ദൃഷ്ടി പതിഞ്ഞു. അതു കണ്ട വഴിയെ വ്യസനവും ദ്വേഷ്യവും ഇടകലന്ന് വന്ന് അവൻ പറഞ്ഞു: "നീയോ—നീയോ! എൻെറ സുഹൃത്തിൽനിന്ന് അപഹരിച്ച ആഭരണങ്ങളിഞ്ഞ നീയോ എന്നിൽ നിന്നു രക്ഷ പ്രാപിക്കുന്നത്! ഈ മുറി പല്ലാസ് നല്കുന്നതാണ്; അപരാധിയായ നിൻെറ രക്തം ചിന്തുന്നത് പല്ലാസാണ്." അങ്ങിനെ പറഞ്ഞുകൊണ്ടു് അവൻ വാൾ തറച്ചു കയററി; ആ തണുത്ത ദേഹം വഴങ്ങിക്കൊടുത്തു: കോപകലുഷിതമായ ആ ദേഹം പ്രേതലോകത്തേക്കു നടകൊണ്ടു.

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. M 900 Acc. No. 81826

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M900
APP-R

81826

ആഴുക്കുട്ടലെന്നാൽ ചി
റോം ശ്യനിത്യനാ.

KOTTAYAM PUBLIC LIBRARY

Call No M 900 Acc. No 81826

Author [illegible]

Title ഹോരാ ശാസ്ത്രം.

Indic Digital Archive Foundation

gpura.org